# വിജയപഥം

## പത്താംതരം അധികപഠനസാമഗ്രി

## സാമൂഹ്യശാസ്ത്രം

*തയ്യാറാക്കിയത് :*


**DISTRICT INSTITUTE OF EDUCATION AND TRAINING (DIET)**
PALAKKAD - P.O. ANAKKARA - 679 551
Phone : 0466 2254201
E-mail : dietpalakkad@gmail.com
Website : www.dietpalakkad.org

# ആമുഖം

കഴിഞ്ഞ ഏതാനും വർഷങ്ങളായി എസ്.എസ്.എൽ.സി. പരീക്ഷയിൽ സാമൂഹ്യശാസ്ത്രത്തിൽ ഉപരിപഠനത്തിന് അർഹത നേടാനാകാതെ പോകുന്നവരുടെ എണ്ണം മറ്റു വിഷയങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഇത് മറികടക്കുന്നതിനായി മുൻവർഷങ്ങളിലായി നിരവധി പരിപാടികൾ ഡയറ്റ് ഏറ്റെടുത്ത് നടത്തിവരികയാണ്. ESTEEM (Enhancing Social Science Teaching Efficiency Through Electronic Media) DVD, esteempalakkad ബ്ലോഗ്, വിദൂര വിദ്യാഭ്യാസ പരിശീലനം [SALT - Social Science Advanced Learning Tool] തുടങ്ങിയവയുടെ കൃത്യമായ ഉപയോഗത്തിലൂടെ സോഷ്യൽ സയൻസ് ക്ലാസ്മുറികളെ കൂടുതൽ ആകർഷകവും അർത്ഥപൂർണവുമാക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

വരുംകാലങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന എല്ലാ കുട്ടികളെയും വിജയിപ്പിക്കുന്നതോടൊപ്പം സാമൂഹ്യശാസ്ത്രത്തിൽ ഉയർന്ന ഗ്രേഡുമാണ് **'വിജയപഥ'** ത്തിലൂടെ ലക്ഷ്യമിടുന്നത്. സാമൂഹ്യശാസ്ത്രത്തിൽ D+ൽ എത്താൻ പ്രയാസപ്പെടുന്ന വിദ്യാർത്ഥികൾക്കായി എല്ലാ പാഠഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരസൂചികയും അടങ്ങിയ വർക്ക്ഷീറ്റുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചിട്ടയായ പരിശീലന പ്രവർത്തനങ്ങൾ, വിവിധ നിലവാരക്കാരായ വിദ്യാർത്ഥികൾക്കായി അധ്യാപകർ ഏറ്റെടുത്തുകൊണ്ട് ഈ ലക്ഷ്യം നിറവേറ്റണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നമ്മുടെ ജില്ലയ്ക്കും അഭിമാനകരമായ വിജയം ഉറപ്പാക്കാം.

*ഏവർക്കും വിജയാശംസകൾ....*

**കെ.പ്രഭാകരൻ**
**പ്രിൻസിപ്പാൾ**
ഡയറ്റ് പാലക്കാട്

***Co-ordinator***

**T.M. Safeena Beegom**
Lecturer, DIET Palakkad

***Team Members***

1. **E.C. Mohanan** (HSA)
   GHSS Kottayi
2. **C. Mohanadasan**
   GVHSS Cherpulasseri
3. **Jayaprakash. T.** (HSA)
   CBKM GHSS Puthupariyaram.
4. **K. Sasidharan** (HSA)
   ASRAM, HS, Malampuzha
5. **A. Ramachandran**
   MNKMGHSS Pulappatta
6. **Mohammed Iqbal** (HSA SS)
   GHS Koppam
7. **Prakash Manikandan** (HSA SS)
   PTMYHSS Edappalam
8. **Manoj** (HSA SS)
   GHSS Pattambi
9. **Kripal Raj** (HSA SS)
   VIMHS Vadavannur

# വിജയപഥം

## പത്താംതരം അധികപഠനസാമഗ്രി

# സാമൂഹ്യശാസ്ത്രം

## യൂണിറ്റ് – 1

# അന്തരീക്ഷത്തിലെ പ്രതിഭാസങ്ങൾ

**പ്രധാന ആശയങ്ങൾ**

- അന്തരീക്ഷമർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ.
- ആഗോള മർദ്ദമേഖലകൾ രൂപപ്പെടാനുള്ള കാരണങ്ങൾ, മർദ്ദമേഖലകളുടെ സ്ഥാന മാറ്റം.
- അന്തരീക്ഷമർദ്ദവും കാറ്റുകളും.
- ആർദ്രത – ആർദ്രതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ.
- ഘനീകരണം – വിവിധ രൂപങ്ങൾ.
- വിവിധതരം മേഘങ്ങൾ
- വർഷണം – വിവിധ രൂപങ്ങൾ
- മഴ വിവിധതരം

ഭൂമിയിലേക്ക് വരുന്ന സൗരവികിരണം പൂർണമായും ഭൗമോപരിതലത്തിൽ എത്തുന്നില്ലായെന്നും സൗരവികിരണങ്ങൾ ഭൂമിയുടെ ഉപരിതലം സ്വീകരിക്കുകയും ഭൗമവികിരണങ്ങൾ അന്തരീക്ഷത്തെ ചൂടുപിടിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയകൾ ചർച്ചചെയ്യാനും വിശദീകരിക്കാനും ക്ലാസിൽ കുട്ടികൾക്ക് അവസരം നൽകുന്നു.



ചിത്രത്തെ അടിസ്ഥാനമാക്കി താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് കൂടി ഉത്തരം കണ്ടെത്തട്ടെ.

- ചിത്രത്തിലെ ഭൗമവികിരണവും, സൗരവികിരണവും ഏത് തരംഗരൂപത്തിലാണ് കടന്നുപോകുന്നത്?
- ഭൗമോപരിതലം ആഗിരണംചെയ്യുന്ന സൂര്യാതപനം എത്ര ശതമാനമാണ്?
- മേഘങ്ങളും പൊടിപടലങ്ങളും എത്ര ശതമാനം ആഗിരണം ചെയ്യുന്നു?
- പ്രതിഫലനത്തിന് വിധേയമാകുന്നത് എത്ര ശതമാനം?

**പ്രവർത്തനം : 1**



നിരീക്ഷിച്ച് വർക്ക്ഷീറ്റ് പൂർത്തിയാക്കുക.

| **സൗരവികിരണം** | **ശതമാനം** |
|---|---|
| ..........................(A) | 35 |
| മേഘങ്ങളും പൊടിപടലങ്ങളും ആഗിരണം ചെയ്യുന്നു | ........................(B) |
| ..........................(C) | 51 |
| ആകെ സൗരവികിരണം | 100% |
| **ഭൗമവികിരണം** | **ശതമാനം** |
| മേഘങ്ങളും പൊടിപടലങ്ങളും ആഗിരണം ചെയ്യുന്നു. | ........................(D) |
| ..........................(E) | 17 |
| ആകെ ഭൗമവികിരണം | ........................(F) |
| ഭൗമോപരിതലത്തിലേക്ക് എത്തിച്ചേരുന്ന സൗരവികിരണം | ........................(G) |
| **ആകെ** | **100%** |

**സൂചിക:**

A - അന്തരീക്ഷം പ്രതിഫലിപ്പിക്കുന്നു.
B - 14%
C - ഭൗമോപരിതലം ആഗിരണം ചെയ്യുന്നു.
D - 34%
E - നേരിട്ട് ശൂന്യാകാശത്തിലേക്ക് പോകുന്നു.
F - 51%
G - 49%

**പ്രവർത്തനം : 2**

പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിൽ A, B കോളങ്ങളിൽ ക്രമപ്പെടുത്തി എഴുതുക.

മർദ്ദം, രസബാരോമീറ്റർ, മർദ്ദത്തിന്റെ ഏകകം, മർദ്ദം കുറവ്, ഒരേ മർദ്ദമുള്ള പ്രദേശം, വായുവിന്റെ ഭാരം, മർദ്ദം അളക്കാൻ, ഉച്ചമർദ്ദം, ഐസോബാർ, ഹക്ടോപാസ്ക്കൽ, മർദ്ദം കൂടുതൽ, ന്യൂനമർദ്ദം.

| A | B |
|---|---|
| വായുവിന്റെ ഭാരം | മർദ്ദം |
| .... | .... |
| .... | .... |
| .... | .... |
| .... | .... |
| .... | .... |

**പ്രവർത്തനം : 3**

ഉയർന്ന പ്രദേശങ്ങളിലേക്ക് യാത്രചെയ്യുമ്പോൾ നമ്മുടെ ശരീരത്തിന് ചില അസ്വസ്ഥതകൾ ഉണ്ടാകുന്നത് അന്തരീക്ഷമർദ്ദത്തിലുണ്ടാകുന്ന വ്യത്യാസങ്ങളാലാണ് എന്ന് ടീച്ചർ പറഞ്ഞു. ഏതെല്ലാം ഘടകങ്ങൾ എങ്ങനെയാണ് ഇതിന് കാരണമാകുന്നത് എന്ന് വിശദീകരിക്കുക.

- താപം (താപവും മർദ്ദവും വിപരീതാനുപാതത്തിലാണ്)
- പ്രദേശത്തിന്റെ ഉയരം (ഉയരം കൂടുന്നതിനനുസരിച്ച് മർദ്ദം കുറയുന്നു)
- ആർദ്രത (ആർദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ മർദ്ദം കുറയുന്നു)

**പ്രവർത്തനം : 4**

സൂര്യന്റെ അയനമാറ്റം മർദ്ദമേഖലകൾക്ക് മാറ്റമുണ്ടാക്കുന്നതെങ്ങനെ? ചുവടെ തന്നിട്ടുള്ള ചിത്രങ്ങൾ നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കുക.




| മാസം | മർദ്ദമേഖലകൾ യഥാർത്ഥ സ്ഥാനത്ത് | മർദ്ദമേഖലകൾ വടക്കോട്ട് നീങ്ങുന്നു | മർദ്ദമേഖലകൾ തെക്കോട്ട് നീങ്ങുന്നു |
|---|---|---|---|
| മാർച്ച് | ✓ | | |
| ജൂൺ | | ✓ | |
| സെപ്തംബർ | ✓ | | |
| ഡിസംബർ | | | ✓ |

| കാറ്റുകൾ | ദിശ ഉത്തരാർദ്ധ ഗോളത്തിൽ | ദിശ ദക്ഷിണാർദ്ധ ഗോളത്തിൽ |
|---|---|---|
| വാണിജ്യവാതങ്ങൾ | വടക്കു-കിഴക്ക് | തെക്കു-കിഴക്ക് |
| പശ്ചിമവാതങ്ങൾ | | |
| ധ്രുവീയവാതങ്ങൾ | | |

**ഉത്തരസൂചിക**

പശ്ചിമവാതം : തെക്ക് - പടിഞ്ഞാറ് - വടക്ക് - പടിഞ്ഞാറ്

ധ്രുവീയവാതം : കിഴക്കുനിന്ന്, കിഴക്കുനിന്ന്

- ഇന്ത്യയിൽ അനുഭവപ്പെടുന്ന മൺസൂൺകാറ്റുകൾ ഏതെല്ലാം?

**ഉത്തരസൂചിക**

തെക്ക് - പടിഞ്ഞാറൻ മൺസൂൺ, വടക്ക് - കിഴക്കൻ മൺസൂൺ

## പ്രവർത്തനം : 5



- ആഗോളമർദ്ദമേഖലകളുടെ ചിത്രം നിരീക്ഷിച്ച് താഴെ പട്ടികയിലേക്ക് അവയുടെ സ്ഥാനം, മർദ്ദസ്വഭാവം, അവയുടെ രൂപീകരണ സാഹചര്യങ്ങൾ എന്നിവ പൂർത്തിയാക്കുക.

## ഉത്തരസൂചിക

| മർദ്ദമേഖലകൾ | സ്ഥാനം | മർദ്ദസ്വഭാവം | മർദ്ദമേഖലയുടെ രൂപീകരണ കാരണം |
|---|---|---|---|
| 1. മധ്യരേഖാ ന്യൂനമർദ്ദമേഖല | ഭൂമധ്യരേഖയുടെ ഇരുവശത്തും $5^0$ വരെ | ന്യൂനമർദ്ദം | ഉയർന്ന അളവിൽ സൂര്യപ്രകാശം ലഭിക്കുന്നു. |
| 2. ഉപോഷ്ണ ഉച്ചമർദ്ദമേഖല (ഉത്തരാർദ്ധഗോളം) | ഉത്തരാർദ്ധഗോളത്തിലെ $30^0$ അക്ഷാംശത്തിൽ | ഉച്ചമർദ്ദം | ഭൂമധ്യരേഖാഭാഗത്തുനിന്നും ഉയർന്ന വായു സാന്ദ്രത കൂടി താഴ്ന്നിറങ്ങിയതിനാൽ. |
| 3. ഉപോഷ്ണ ഉച്ചമർദ്ദമേഖല (ദക്ഷിണാർദ്ധഗോളം) | ദക്ഷിണാർദ്ധ ഗോളത്തിൽ $60^0$ പ്രദേശത്ത് | ഉച്ചമർദ്ദം | ഭൂമധ്യരേഖാഭാഗത്തുനിന്നും ഉയർന്ന വായു സാന്ദ്രത കൂടി താഴ്ന്നിറങ്ങിയതിനാൽ. |
| 4. ഉപധ്രുവിയ ന്യൂനമർദ്ദ മേഖല (ഉത്തരാർദ്ധഗോളം) | ഉത്തരാദ്ധഗോളത്തിൽ $60^0$ പ്രദേശത്ത് | ന്യൂനമർദ്ദം | ശക്തമായ കോറിയോലിസ് പ്രഭാവത്തിൽ ധ്രുവിയ വാതം ചുഴറ്റി എറിയപ്പെടുന്നു. |
| 5. ഉപധ്രുവിയ ന്യൂനമർദ്ദ മേഖല ദക്ഷിണാർദ്ധഗോളം | ദക്ഷിണാർദ്ധഗോളത്തിൽ $60^0$ പ്രദേശം | ന്യൂനമർദ്ദം | ശക്തമായ കോറിയോലിസ് പ്രഭാവത്തിൽ ധ്രുവിയ വാതം ചുഴറ്റി എറിയപ്പെടുന്നു. |
| 6. ധ്രുവീയ ഉച്ചമർദ്ദമേഖല (ഉത്തരാർദ്ധഗോളം) | ഉത്തരധ്രുവത്തിൽ $90^0$ ഭാഗത്ത് | ഉച്ചമർദ്ദം | ധ്രുവപ്രദേശത്ത് സൂര്യപ്രകാശം കുറവായതിനാൽ തണുപ്പായിരിക്കും. |
| 7. ധ്രുവീയ ഉച്ചമർദ്ദമേഖല (ദക്ഷിണാർദ്ധഗോളം) | ദക്ഷിണ ധ്രുവത്തിൽ $90^0$ ഭാഗത്ത് | ഉച്ചമർദ്ദം | ധ്രുവപ്രദേശത്ത് സൂര്യപ്രകാശം കുറവായതിനാൽ തണുപ്പായിരിക്കും. |

## പ്രവർത്തനം – 6

ചിത്ര വിശകലനത്തിലൂടെ കരകാറ്റും കടൽകാറ്റും താരതമ്യം ചെയ്യുന്നതിന് കരയും കടലും അസന്തുലിതമായി ചൂടുപിടിക്കുകയും തണുക്കുകയും ചെയ്യുന്നു.

ഇതിനോടു ബന്ധപ്പെട്ട ചില ചോദ്യങ്ങൾ ടീച്ചർ നൽകുന്നു.

- പകൽ സമയത്ത് കരയാണോ, കടലാണോ ആദ്യം ചൂടുപിടിക്കുന്നത്?
- രാത്രികാലങ്ങളിൽ കരയാണോ, കടലാണോ ആദ്യം തണുക്കുന്നത്?







ചിത്രം നിരീക്ഷിച്ച് കരക്കാറ്റും കടൽക്കാറ്റും രൂപംകൊള്ളുന്നതിനുള്ള കാരണങ്ങൾ രണ്ട് ഗ്രൂപ്പായി ചർച്ചചെയ്യുന്നു. തുടർന്ന് കുട്ടികൾ കരക്കാറ്റും കടൽകാറ്റും താരതമ്യംചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു.

## പ്രവർത്തനം – 7

ചിത്രം നിരീക്ഷിച്ച് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




a) ഇത് ഏത് അസ്ഥിരവാതത്തിനെ സൂചിപ്പിക്കുന്നു?

b) ഏത് അർദ്ധഗോളത്തിലാണ് വീശുന്നത്?

**ഉത്തരസൂചിക:**

- പ്രതിചക്രവാതം
- ഉത്തരാർദ്ധഗോളം

### പ്രവർത്തനം - 8

A കോളത്തിന് അനുയോജ്യമായവ B കോളത്തിൽനിന്ന് എടുത്തെഴുതുക.

| A | B |
|---|---|
| ◆ പ്രഭാതങ്ങളിൽ പുൽകൊടികളിൽ കാണപ്പെടുന്ന ജലകണം | തുഷാരം |
| ◆ ജലാശയങ്ങൾക്ക് മുകളിൽ ഘനീഭവിച്ച് രൂപംകൊള്ളുന്നു. | മൂടൽമഞ്ഞ് |
| ◆ പർവ്വതപ്രദേശങ്ങളിൽ ഘനീഭവിച്ച് രൂപംകൊള്ളുന്നു. | നേർത്ത മൂടൽമഞ്ഞ് |

### പ്രവർത്തനം - 9

വിവിധതരം മേഘങ്ങളും അവയുടെ സവിശേഷതകളും തിരിച്ചറിയുന്നതിന്.




നൽകിയിട്ടുള്ള ചിത്രത്തിൽ മധ്യഭാഗത്ത് മേഘങ്ങളുടെ പേരും ചുറ്റും അവയുടെ സവിശേഷതകളും കൊടുത്തിരിക്കുന്നു.

**ഉത്തരസൂചിക:**

(a) സ്ട്രാറ്റസ് കാണപ്പെടുന്നു.

(b) ക്യുമുലസ്

(c) വെളുത്ത നിറത്തിൽ തൂവൽകെട്ടുപോലെ കാണപ്പെടുന്നു.

(d) ചാരനിറത്തിലോ, കറുപ്പുനിറത്തിലോ ഉള്ള മേഘങ്ങൾ

### പ്രവർത്തനം – 10

ഘനീകരണത്തിന്റെ ഫലമായി വലിപ്പമേറിയ ജലകണികകൾക്ക് അന്തരീക്ഷത്തിൽ തങ്ങിനിൽക്കാൻ കഴിയാതെ ഭൂമിയിലേക്കു പതിക്കുന്ന പ്രതിഭാസത്തെയല്ലോ മഴ എന്നു പറയുന്നത് – രൂപംകൊള്ളുന്നതിന്റെ അടിസ്ഥാനത്തിൽ മഴയെ എത്രയായി തരംതിരിക്കുന്നു? അവയേതെല്ലാം? ഓരോന്നും രൂപംകൊള്ളുന്നതെങ്ങനെയെന്നും അവയുടെ സവിശേഷതകളും എഴുതുക.

**ഉത്തരസൂചിക:**

സംവഹനവൃഷ്ടി, ശൈലവൃഷ്ടി, ചക്രവാതവൃഷ്ടി, ഓരോന്നിന്റേയും രൂപീകരണവും സവിശേഷതകളും എഴുതണം.

1. **സംവഹനസൃഷ്ടി**
   - ഭൗമോപരിതലത്തിലെ വായു ചൂടുപിടിച്ച് മുകളിലേക്ക് ഉയരുന്നു. അതോടൊപ്പം നീരാവിയും ഉയരുന്നു. ഉയരത്തിൽവച്ച് ഘനീഭവിച്ച് തണുത്ത് മഴയായി പെയ്യുന്നു.
   - ഉച്ചയ്ക്കുശേഷം ഇടിമിന്നലോടുകൂടിയ മഴയായി പെയ്യുന്നതിനാൽ ഈ മഴയെ ഉച്ചലിതവൃഷ്ടി എന്നും വിളിക്കുന്നു. ഭൂമധ്യരേഖാഭാഗത്ത് സാധാരണമാണ്.

2. **ശൈലവൃഷ്ടി**
   - കടലിൽനിന്നും വരുന്ന നീരാവിപൂരിതവായു പർവ്വതങ്ങളിൽ തട്ടി ഉയരുന്നു. അവിടെനിന്നും ഘനീഭവിച്ച് പർവ്വതച്ചെരുവിൽ മഴയായി പെയ്യുന്നു.
   - കാറ്റിന് അഭിമുഖമായ ഭാഗത്ത് പർവ്വതച്ചെരുവിൽ മഴ ലഭിക്കുകയും കാറ്റിന് പ്രതിമുഖമായ മറുഭാഗത്ത് മഴ ലഭിക്കുന്നില്ലാത്തതിനാൽ മഴ നിഴൽപ്രദേശമാണ്.

3. **ചക്രവാതവൃഷ്ടി**
   - ചക്രവാതങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്നു. ചക്രവാതങ്ങളുടെ മധ്യഭാഗത്ത് ഉഷ്ണവായുവും ശീതവായുവും കൂട്ടിമുട്ടി ഉഷ്ണവായു ഉയരുകയും അവിടെവെച്ച് തണുത്ത് മഴയായി പെയ്യുകയും ചെയ്യുന്നതാണ് ചക്രവാതവൃഷ്ടി.




## പ്രവർത്തനം – 11

ചിത്രം നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കുക.

| | | | |
|---|---|---|---|
| 1. | ചിത്രത്തിൽ എ, ബി, സി, ഡി ഇവ ഏതെന്ന് കണ്ടെത്തുക. | ചക്രവാതം<br>എ, ബി | പ്രതിചക്രവാതം<br>സി, ഡി |
| 2. | കേന്ദ്രത്തിൽ അനുഭവപ്പെടുന്നത് | ന്യൂനമർദ്ദം | ഉച്ചമർദ്ദം |
| 3. | ചുറ്റുപാടും അനുഭവപ്പെടുന്നത് | ഉച്ചമർദ്ദം | ന്യൂനമർദ്ദം |
| 4. | വായു പ്രവഹിക്കുന്നത് | കേന്ദ്രത്തിലേക്ക് | ചുറ്റിലേക്ക് |
| 5. | ദിശ ഉത്തരാർദ്ധഗോളത്തിൽ | എതിർഘടികാരദിശ | ഘടികാര ദിശ |
| 6. | ദിശ ദക്ഷിണാർദ്ധഗോളത്തിൽ | ഘടികാരദിശ | എതിർഘടികാരദിശ |

## പ്രവർത്തനം - 12

പ്രാദേശിക വാതങ്ങളെ പട്ടികപ്പെടുത്തുക.

| കാറ്റിന്റെ പേര് | വീശുന്ന കാലം | വീശുന്ന പ്രദേശം | സ്വഭാവം |
|---|---|---|---|
| ലൂ | മെയ്, ജൂൺ | ഇന്ത്യയിലെ ഉത്തരമഹാസമതലം | വരണ്ട ഉഷ്ണക്കാറ്റ് |
| ചിനൂക്ക് | ശൈത്യകാലം | വടക്കെ അമേരിക്കയിലെ റോക്കീസിന്റെ കിഴക്കേ ചരിവ് | വരണ്ട ഉഷ്ണക്കാറ്റ് |
| മിസ്ട്രൽ | | യൂറോപ്പിലെ ആൽപ്സിന്റെ തെക്കേ ചരിവിൽ | ശീതക്കാറ്റ് |
| ഫൊൻ | | ആൽപ്സിന്റെ വടക്കെ ചരിവിൽ | വരണ്ട ഉഷ്ണക്കാറ്റ് |

## പ്രവർത്തനം - 13

താഴെ പറയുന്ന സന്ദർഭങ്ങളിൽ ബാഷ്പീകരണത്തോത് കൂടുമോ കുറയുമോ കണ്ടെത്തുക.

- കൂടുതൽ ജല ലഭ്യതയുള്ള പ്രദേശം
- ഉയർന്ന താപനിലയുള്ള പ്രദേശം
- ഈർപ്പമുള്ള വായു

**ഉത്തരസൂചിക**

ജല ലഭ്യത കൂടുതലുള്ള പ്രദേശം - ബാഷ്പീകരണം കൂടുന്നു - ഉയർന്ന താപനിലയുള്ള പ്രദേശം - ബാഷ്പീകരണം കൂടുന്നു - ഈർപ്പമുള്ള വായു - ബാഷ്പീകരണം കുറഞ്ഞ തോതിൽ.

## പ്രവർത്തനം – 14

ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| a) | ഒരു നിശ്ചിത താപനിലയിലുള്ള വായുവിന് ഉൾക്കൊള്ളാൻ കഴിയുന്ന നീരാവിയുടെ അളവ് | ആപേക്ഷിക ആർദ്രത |
| b) | വായു നീരാവി പൂരിതമാകുമ്പോഴുള്ള താപനില | പൂരിതാങ്കം |
| c) | അന്തരീക്ഷത്തിലെ നീരാവി ജലകണങ്ങളായി മാറുന്ന പ്രക്രിയ | ഹിമാങ്കം |
| d) | നിശ്ചിത ഊഷ്മാവിൽ വായുവിന് ഉൾക്കൊള്ളാൻ കഴിയുന്ന നീരാവിയുടെ അളവും ആ സമയത്ത് വായുവിൽ ഉള്ള നീരാവിയുടെ അളവും തമ്മിലുള്ള അനുപാതം. | ഘനീകരണം |

**ഉത്തരസൂചിക**

a) പൂരിതാങ്കം b) ഹിമാങ്കം c) ഘനീകരണം d) ആപേക്ഷിക ആർദ്രത

## പ്രവർത്തനം – 15

A) പ്രഭാതങ്ങളിൽ പുൽക്കൊടികളിൽ കാണപ്പെടുന്ന ജലകണം

B) ജലാശയങ്ങളുടെ മുകളിൽ നേർത്ത നീരാവി ഘനീഭവിച്ച്

C) പർവ്വത പ്രദേശങ്ങളിൽ നീരാവി ഘനീഭവിച്ച് രൂപംകൊള്ളുന്നു.

D) ഉയർന്നു പൊങ്ങുന്ന വായു സൂക്ഷ്മധൂളികളിൽ ഘനീഭവിക്കുന്നു.

1) തുഷാരം

2) നേർത്ത മൂടൽമഞ്ഞ്

3) മൂടൽമഞ്ഞ്

4) മേഘം

**ഉത്തരസൂചിക**

ചേരുംപടി ചേർക്കുക

എ – 1 ബി – 3

സി – 2 ഡി – 4

## പ്രവർത്തനം – 16

സംവഹനവൃഷ്ടി ഭൂമദ്ധ്യരേഖാ പ്രദേശത്ത് സർവ്വസാധാരണമാണ്. എന്തുകൊണ്ട്?

**ഉത്തരസൂചിക**

- നീരാവിനിറഞ്ഞ വായു ചൂടുപിടിച്ച് ഉയർന്നുപൊങ്ങുന്നു.
- ഇത് ഉയരങ്ങളിൽവെച്ച് തണുത്ത് ഘനീഭവിച്ച് മഴയായി പെയ്യുന്നു.
- വായു ചൂടുപിടിച്ചുയരുന്നത് ഭൂമദ്ധ്യരേഖ പ്രദേശത്ത് സാധാരണമാണ്.
- കേരളം ഭൂമദ്ധ്യരേഖയ്ക്ക് സമീപമായതുകൊണ്ട് സംവഹനവൃഷ്ടി ഉണ്ടാകാറുണ്ട്.

## പ്രവർത്തനം – 17

തെക്കുപടിഞ്ഞാറൻ മൺസൂൺ കേരളത്തിൽ ശക്തമായ മഴപെയ്യിക്കുന്നു. എന്നാൽ തൊട്ടടുത്ത തമിഴ്നാട്ടിൽ കാര്യമായ മഴകിട്ടുന്നില്ല. കാരണമെന്ത്?

**ഉത്തരസൂചിക**

- തെക്കുപടിഞ്ഞാറൻ ദിശയിൽനിന്നാണ് കാറ്റുവീശുന്നത്.
- സമുദ്രോപരിതലത്തിലൂടെ വരുന്ന ഈ കാറ്റിൽ ധാരാളം നീരാവിയുണ്ടാവും.
- ഈ കാറ്റിനെ കേരളത്തിന്റെ അതിർത്തിയിൽ പശ്ചിമഘട്ടം തടയുന്നു.
- കാറ്റിന് പ്രതിമുഖമായ കിഴക്കൻ ഭാഗത്താണ് തമിഴ്നാട്. അവിടെ മഴനിഴൽ പ്രദേശമായിരിക്കുന്നു.

## പ്രവർത്തനം – 18

അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും ചക്രവാതം രൂപംകൊള്ളുന്നു. ഇവയിൽ ഏതായിരിക്കും ഇന്ത്യയുടെ തീരത്ത് വൻ നാശം ഉണ്ടാക്കുക. എന്തുകൊണ്ട്?

**ഉത്തരസൂചിക**

- ഇന്ത്യ ഉത്തരാർധഗോളത്തിലാണ്.
- ഉത്തരാർധഗോളത്തിൽ കാറ്റിന്റെ സഞ്ചാരദിശയുടെ വ്യതിയാനം വലത്തോട്ടാണ്.
- ചക്രവാതങ്ങൾ ഉത്തരാർദ്ധഗോളത്തിൽ എതിർഘടികാരദിശയിൽ.
- ബംഗാൾ ഉൾക്കടലിലെ ചക്രവാതങ്ങൾ ഇന്ത്യയുടെ കിഴക്കൻ തീരത്തേക്ക് നീങ്ങും.
- ഇന്ത്യയുടെ കിഴക്കൻതീരത്ത് അവ കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാക്കും.
- അറബിക്കടലിൽ രൂപംകൊള്ളുന്ന കാറ്റ് പടിഞ്ഞാറോട്ട് നീങ്ങും.
- അതുകൊണ്ട് അവ ഇന്ത്യയുടെ തീരത്ത് കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുകയില്ല.

## പ്രവർത്തനം – 19

ആഗോളമർദ്ദമേഖലകളെക്കുറിച്ച് കുറിപ്പ് എഴുതുക.

a) ആഗോള മർദ്ദമേഖല എന്നാൽ എന്ത്?
b) അവയുടെ പേര്?
c) അക്ഷാംശ സ്ഥാനം?

d) മർദ്ദസ്വഭാവം

e) മർദ്ദമേഖല രൂപീകരണത്തിനുള്ള കാരണം

**ഉത്തരസൂചിക**

**a) ആഗോള മർദ്ദമേഖല:-** ഭൂമിയിൽ ചില നിശ്ചിത അക്ഷാംശങ്ങൾക്കിടയിൽ ഒരേ മർദ്ദമാണ് അനുഭവപ്പെടുന്നത്. ഈ അക്ഷാംശ മേഖലകളെ ആഗോള മർദ്ദമേഖലകൾ എന്നു വിളിക്കുന്നു.

**b) i) മധ്യരേഖാ ന്യൂനമർദ്ദമേഖല**

ii) ഉപോഷ്ണ ഉച്ച മർദ്ദമേഖല (ഉത്തരാർദ്ധഗോളം)

iii) ഉപധ്രുവീയ ന്യൂനമർദ്ദമേഖല (ഉത്തരാർദ്ധഗോളം)

iv) ധ്രുവീയ ഉച്ചമർദ്ദമേഖല (ഉത്തരാർദ്ധഗോളം)

v) ഉപോഷ്ണ ഉച്ചമർദ്ദമേഖല (ദക്ഷിണാർദ്ധഗോളം)

vi) ഉപധ്രുവീയ ന്യൂനമർദ്ദമേഖല (ദക്ഷിണാർദ്ധഗോളം)

vii) ധ്രുവീയ ഉച്ചമർദ്ദമേഖല (ദക്ഷിണാർദ്ധഗോളം)

**c) അക്ഷാംശ സ്ഥാനം**

i) ഭൂമധ്യരേഖയ്ക്ക് ഇരുവശവും 5 ഡിഗ്രി മുതൽ 10 ഡിഗ്രി വരെ മധ്യരേഖാ ന്യൂന മർദ്ദമേഖല.

ii) 30 ഡിഗ്രി വടക്കും 30 ഡിഗ്രി തെക്കും കേന്ദ്രീകരിച്ച് ഉപോഷ്ണ ഉച്ചമർദ്ദമേഖല.

iii) 60 ഡിഗ്രി വടക്കും തെക്കും കേന്ദ്രീകരിച്ച് ഉപധ്രുവീയ ന്യൂനമർദ്ദമേഖല.

iv) 90 ഡിഗ്രി വടക്കം 90 ഡിഗ്രി തെക്കും ധ്രുവീയ ഉച്ചമർദ്ദമേഖല.

**d) മർദ്ദസ്വഭാവം**

i) മധ്യരേഖ ന്യൂനമർദ്ദമേഖല - ന്യൂനമർദ്ദം

ii) ഉപോഷ്ണ ഉച്ചമർദ്ദമേഖല - ഉച്ചമർദ്ദം

iii) ഉപധ്രുവീയ ന്യൂനമർദ്ദമേഖല - ന്യൂനമർദ്ദം

iv) ധ്രുവീയ ഉച്ചമർദ്ദമേഖല - ഉച്ചമർദ്ദം

**e) മർദ്ദമേഖലാ രൂപീകരണം**

i) മധ്യരേഖാ പ്രദേശത്ത് വർദ്ധിച്ച ചൂടുകാരണം വായു ചൂടുപിടിച്ച് വികസിച്ച് മുകളിലേക്ക് ഉയരുന്നു.

ii) ഉപോഷ്ണ ഉച്ചമർദ്ദമേഖല :- ഭൂമധ്യരേഖാ പ്രദേശത്തുനിന്നും ചൂടുപിടിച്ച് ഉയരുന്ന വായു ഈ മേഖലയിൽ തണുത്തിറങ്ങി കേന്ദ്രീകരിക്കുന്നു.

iii) ഉപധ്രുവീയ ന്യൂനമർദ്ദമേഖല:- ശക്തമായ കോറിയോലിസ് പ്രഭാവത്തിന്റെ ഫലമായി ധ്രുവപ്രദേശത്തുനിന്നും വീശുന്ന കാറ്റ് ചുഴറ്റി മാറ്റപ്പെടുന്നു.

iv) ധ്രുവീയ ഉച്ചമർദ്ദമേഖല:- താപം ഏറ്റവും കുറച്ച് ലഭിക്കുന്ന ധ്രുവങ്ങളിൽ തണുപ്പ് കൂടുതലാണ്. അത് ധ്രുവീയ ഉച്ചമർദ്ദമേഖല രൂപംകൊള്ളുന്നു.

## പ്രവർത്തനം – 20

സ്ഥിരവാതങ്ങളെന്നാലെന്ത്? അവ എത്രവിധം? അവ ഓരോന്നിന്റേയും സവിശേഷതകൾ എഴുതുക?

**സ്ഥിരവാതങ്ങൾ**

a) വർഷം മുഴുവൻ നിശ്ചിത മർദ്ദമേഖലകൾക്കിടയിൽ ഒരേ ദിശയിൽ സ്ഥിരമായി വീശുന്ന കാറ്റുകൾ.

b) മൂന്നുതരം സ്ഥിരവാതങ്ങൾ.

1. വാണിജ്യവാതങ്ങൾ
2. പശ്ചിമവാതങ്ങൾ
3. ധ്രുവീയ വാതങ്ങൾ

**സവിശേഷതകൾ**

1. **വാണിജ്യവാതങ്ങൾ**

- ഉപോഷ്ണ ഉച്ചമർദ്ദമേഖലകളിൽനിന്നും ഭൂമധ്യരേഖാ ന്യൂനമർദ്ദമേഖലയിലേക്ക് വീശുന്നു.
- $30^0$N $30^0$S ൽനിന്നും പൂജ്യം ഡിഗ്രി ഭൂമധ്യരേഖ പ്രദേശത്തേക്ക് വീശുന്നു.
- വർഷം മുഴുവൻ ഒരേ ദിശയിൽ വീശുന്നു.
- കോറിയോലിസ് പ്രഭാവം കാരണം ദിശാവ്യതിയാനം ഉണ്ടാകുന്നു.
- ഉത്തരാർദ്ധ ഗോളത്തിൽ വടക്കുകിഴക്കൻ വാണിജ്യവാതമായും ദക്ഷിണാർദ്ധ ഗോളത്തിൽ തെക്കുകിഴക്കൻ വാണിജ്യവാതമായും വീശുന്നു.
- സമുദ്രങ്ങളിൽനിന്നും വഹിച്ചുകൊണ്ടു വരുന്ന നീരാവി വൻകരകളുടെ കിഴക്കുഭാഗത്ത് നല്ല മഴയ്ക്കു കാരണമാകുന്നു.
- പടിഞ്ഞാറോട്ട് പോകുന്തോറും നീരാവി കുറയുന്നതിനാൽ മഴ ലഭിക്കുന്നില്ല.
- അതുകൊണ്ട് വൻകരകളുടെ പടിഞ്ഞാറ് ഭാഗത്ത് ഉഷ്ണമരുഭൂമികൾ രൂപംകൊള്ളുന്നതിന് കാരണമാകുന്നു.

2. **പശ്ചിമവാതങ്ങൾ**

- ഉപോഷ്ണ ഉച്ചമർദ്ദ മേഖലയിൽനിന്നും ഉപധ്രുവീയ ന്യൂനമർദ്ദമേഖലകളിലേക്ക് വീശുന്നു. $30^0$N $30^0$S ൽ നിന്നും $60^0$N $60^0$S ലേക്കു വീശുന്നു.
- ഉത്തരാർദ്ധഗോളത്തിൽ തെക്കുപടിഞ്ഞാറൻ ദിശയിൽനിന്നും ദക്ഷിണാർദ്ദ ഗോളത്തിൽ വടക്കുപടിഞ്ഞാറ് ദിശയിൽനിന്നു വീശുന്നു.
- ദക്ഷിണാർദ്ദ ഗോളത്തിൽ വിസ്തൃതങ്ങളായ സമുദ്രങ്ങളായതിനാൽ കാറ്റിന് ശക്തി കൂടുതലാണ്.

- അതുകൊണ്ട് ദക്ഷിണാർദ്ദ ഗോളത്തിൽ വീശുന്ന പശ്ചിമവാതങ്ങളെ റോറിംഗ് ഫോർട്ടീസ്, ഫ്യൂറിയസ് ഫിഫ്റ്റീസ്, സ്ക്രീമിംഗ് സിക്സ്റ്റീസ് എന്നിങ്ങനെ നാവികർ വിളിക്കുന്നു.

3. **ധ്രുവീയ വാതങ്ങൾ**

- ധ്രുവീയ ഉച്ചമർദ്ദമേഖലകളിൽനിന്നും ഉപധ്രുവീയ ന്യൂനമർദ്ദമേഖലകളിലേക്ക് വീശുന്നു.
- $90^0$N $90^0$S എന്നീ അക്ഷാംശങ്ങളിൽനിന്നും $60^0$N $60^0$S ലേക്കു വീശുന്നു.
- ധ്രുവീയ വാതങ്ങൾ ഉപധ്രുവീയ ന്യൂനമർദ്ദമേഖലകളിലെത്തുമ്പോൾ നേർകിഴക്കുനിന്നും വീശുന്നതായി തോന്നുന്നു. അതുകൊണ്ട് ഇവയെ ധ്രുവീയ പൂർവ്വീയ വാതങ്ങൾ എന്നു വിളിക്കുന്നു.
- അതിശക്തവും ശൈത്യമേറിയതുമായ കാറ്റുകളാണ്.

**പ്രവർത്തനം - 21**

മൺസൂൺ കാറ്റുകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**ഉത്തരസൂചിക**

- ഋതുക്കൾ എന്നർത്ഥമുള്ള 'മൗസിം' എന്ന അറബി പദത്തിൽനിന്നാണ് മൺസൂൺ എന്ന വാക്കുണ്ടായത്.
- ദക്ഷിണേഷ്യ, ദക്ഷിണപൂർവ്വേഷ്യ, ആസ്ത്രേലിയ, പൂർവ്വാഫ്രിക്ക എന്നിവിടങ്ങളിലാണ് മൺസൂൺ കാറ്റ് വീശുന്നത്.

**തെക്കുപടിഞ്ഞാറൻ മൺസൂൺ**

- സമുദ്രത്തെക്കാൾ വേഗത്തിൽ കര ചൂടുപിടിക്കുന്നതിനാൽ വേനൽക്കാലത്ത് കരയിൽ ന്യൂനമർദ്ദവും സമുദ്രത്തിൽ ഉച്ചമർദ്ദവുമായിരിക്കും.
- തെക്കുകിഴക്കൻ ഏഷ്യ വൻകരയിൽ വേനൽക്കാലത്ത് ന്യൂനമർദ്ദവും ഇന്ത്യാ മഹാസമുദ്രത്തിൽ ഉച്ചമർദ്ദവും ആയിരിക്കും.
- ദക്ഷിണാർദ്ധ ഗോളത്തിൽ തെക്കുകിഴക്ക് ദിശയിൽനിന്നും വീശുന്ന കാറ്റ് ഭൂമധ്യരേഖ കടന്ന് ഉത്തരാർദ്ധ ഗോളത്തിൽ പ്രവേശിക്കുന്നു.
- കൊറിയോലിസ് പ്രഭാവം കാരണം ദിശവ്യതിയാനമുണ്ടാകുന്നു. ഇതാണ് തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റായി വീശുന്നത്.
- ധാരാളം നീരാവി വഹിച്ചുകൊണ്ടുവരുന്നു.
- കരയിലെ ന്യൂനമർദ്ദ ഭാഗത്തേക്ക് കാറ്റ് വലിച്ചടുപ്പിക്കുന്നു.
- അതിനാൽ തെക്കുപടിഞ്ഞാറൻ മൺസൂൺ ഇന്ത്യയിൽ നല്ല മഴയ്ക്ക് കാരണമാകുന്നു.

**വടക്കുകിഴക്കൻ മൺസൂൺ**

- ശൈത്യകാലത്ത് സൂര്യൻ ദക്ഷിണാർദ്ധഗോളത്തിലായിരിക്കും. ഉത്തരാർദ്ധഗോളത്തിലെ കര തണുക്കുന്നു.
- കരയിൽ ഉച്ചമർദ്ദവും സമുദ്രത്തിൽ ന്യൂനമർദ്ദവുമായിരിക്കും.
- അപ്പോൾ കരയിലെ ഉച്ചമർദ്ദമേഖലയിൽനിന്നും സമുദ്രത്തിലെ ന്യൂനമർദ്ദ മേഖലയിലേക്ക് കാറ്റ് വീശുന്നു. ഇതാണ് വടക്കുകിഴക്കൻ മൺസൂൺ.
- ഇത് ഇന്ത്യയുടെ കിഴക്കൻതീരങ്ങളിൽ നല്ല മഴയ്ക്ക് കാരണമാകുന്നു.
- ആന്ധ്രപ്രദേശ്, തമിഴ്നാട്, കർണ്ണാടക, കേരളം എന്നിവിടങ്ങളിലും മഴ ലഭിക്കുന്നു.

❖ ❖ ❖

## യൂണിറ്റ് – 2

# ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതങ്ങൾ

### പ്രധാന ആശയങ്ങൾ

- ഭൂമിയെക്കുറിച്ച് മനസ്സിലാക്കുന്നതിന് പണ്ടുതുടങ്ങി പല പരമ്പരാഗത മാർഗങ്ങളും ഉപയോഗിച്ചിരുന്നു.
- വിദൂരസംവേദനം, ഭൂവിവരവ്യവസ്ഥ, ജി.പി.എസ്. തുടങ്ങിയ ന്യൂതന സാങ്കേതികവിദ്യകൾ ഭൂമിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനത്തിനും ഇപ്പോൾ ഉപയോഗിക്കുന്നു.
- സ്പർശബന്ധം കൂടാതെ ഭൗമോപരിതലത്തിലെ, വിവരങ്ങൾ, പ്രതിഭാസങ്ങൾ എന്നിവയെക്കുറിച്ച് ഒരു സംവേദക ഉപകരണം വഴി വിവരശേഖരണം നടത്തുന്ന പ്രവർത്തനമാണ് വിദൂരസംവേദനം.
- ഭൂതല ഛായാഗ്രഹണം, ആകാശിയ വിദൂര സംവേദനം, ഉപഗ്രഹ വിദൂരസംവേദനം എന്നീ മൂന്നുവിധം മാർഗ്ഗങ്ങളുണ്ട്.
- ആകാശീയ ചിത്രങ്ങൾ 60% ഓവർലാപ്പോടുകൂടിയാണ് എടുക്കുന്നത്. ഇങ്ങനെ എടുക്കുന്ന ചിത്രങ്ങൾ സ്റ്റീരിയോസ്കോപ്പിലൂടെ വീക്ഷിച്ചാൽ ത്രിമാനദൃശ്യം ലഭിക്കുന്നു.
- ആകാശീയ വിദൂരസംവേദനത്തിന് പരിമിതികളുണ്ട്. ഉപഗ്രഹ വിദൂരസംവേദനത്തിലൂടെ കഴിയും.
- ഉപഗ്രഹ വിദൂരസംവേദനത്തിന് സ്രോതസ്സായി ഉപയോഗിക്കുന്നത് വൈദ്യുതകാന്തിക വികിരണമാണ്. ഭൗമോപരിതല വസ്തുക്കൾ വൈദ്യുതകാന്തിക വികിരണത്തെ പ്രതിഫലിപ്പിക്കുന്നത് വ്യത്യസ്ത അളവിലാണ്.
- കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ച് ശേഖരിച്ച വിവരങ്ങളെ വിശകലനം ചെയ്യാൻ കഴിയും. ഓവർലേ വിശകലനം, ശൃംഖലാ വിശകലനം ആവൃത്തി വിശകലനം എന്നീ വിശകലന സാധ്യതകൾ ഇതിനായി ഉപയോഗിക്കുന്നു.

### പ്രവർത്തനം – 1

വിനോദയാത്രയ്ക്കും മറ്റും പോകുമ്പോൾ നാം വിവിധ കാഴ്ചകൾ ക്യാമറയിൽ പകർത്താറുണ്ട്. ഇത്തരത്തിന്റെ ഭൂതലത്തിലെ വിവരങ്ങളെ സ്പർശബന്ധം കൂടാതെ പകർത്തുന്നതാണ് വിദൂരസംവേദനം. സംവേദന ഉപകരണത്തിന്റെ സ്ഥാനത്തിനാണ് ഫ്ളാറ്റ്ഫോം എന്നുപറയുന്നത്. ഫ്ളാറ്റുഫോം എവിടെ ഉറപ്പിച്ചിരിക്കുന്നു എന്നടിസ്ഥാനത്തിൽ വിദൂരസംവേദനത്തെ മൂന്നാക്കി തിരിക്കാം. ബലൂണുകൾ, വിമാനങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവയിലെല്ലാം സെൻസറുകൾ സ്ഥാപിക്കാം. ഇതുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| സംവേദനരീതി | പ്ലാറ്റുഫോമിന്റെ സ്ഥാനം | പരിമിതികൾ | സവിശേഷതകൾ |
|---|---|---|---|
| ഭൂതല ഛായാഗ്രഹണം | • ഭൂതലം (ക്യാമറ) (ഉയരമുള്ള പ്രദേശം) | • ചെറിയ പ്രദേശത്തെ വിവരങ്ങൾ ലഭ്യമാകൂ. | • വ്യക്തത കുറയും<br>• ചെറിയ പ്രദേശം മാത്രം<br>• ദ്വിമാന ദൃശ്യം |
| ആകാശീയ വിദൂര സംവേദനം | • ബലൂണുകൾ വിമാനം (ക്യാമറകൾ) | • വിമാനത്തിന്റെ കുലുക്കം<br>• പറന്നുയരാനുള്ള സ്ഥലം<br>• ഇന്ധനം നിറയ്ക്കാനും ഇറക്കാനും<br>• ചെലവേറിയത്.<br>• ചെറിയ പ്രദേശത്തിന്റെ വിവശേഖരണം മാത്രം സാധ്യമാകുകയുള്ളൂ. | • വിസ്തൃതി കുറഞ്ഞ പ്രദേശത്തിന്റെ വിവരശേഖരണം.<br>• ആവശ്യമനുസരിച്ചുള്ള പ്രദേശത്തിന്റെ വിവരശേഖരണം സാധ്യമാണ്.<br>• വ്യക്തതയോടെ ചിത്രീകരിക്കാം.<br>• 60% ഓവർലാപ്പോടുകൂടി ചിത്രീകരിക്കുന്നു. |
| ഉപഗ്രഹ വിദൂര സംവേദനം | • കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ച സെൻസറുകൾ (ഭൂസ്ഥിര ഉപഗ്രഹങ്ങളും സൗരസ്ഥിര ഉപഗ്രഹങ്ങളും)<br>• സ്കാനറുകൾ ഉപയോഗിക്കുന്നു. | • ചെലവേറിയ മാർഗം.<br>• സ്കാനറുകൾ ഉപയോഗിച്ച് സംവേദനം നടത്തണം. | **ഭൂസ്ഥിര ഉപഗ്രഹണം**<br>• 36000 km വരെ ഉയരത്തിൽ ഭൂമിയോടൊപ്പം ഭ്രമണം ചെയ്ത് ഒരു പ്രദേശത്തിന്റെ സ്ഥിരമായി വിവരശേഖരണം.<br>• ഭൂമിയുടെ കൂടുതൽ പ്രദേശങ്ങൾ നിരീക്ഷണ പരിധിയാണ്.<br>**സൗരസ്ഥിര ഉപഗ്രഹം**<br>• 800-900 km ഉയരത്തിൽ ഭ്രമണംചെയ്യുന്നു.<br>• നിശ്ചിതസമയം ഇടവിട്ട് ധ്രുവങ്ങളിലൂടെ ഭൂമിയെ ചുറ്റുന്നു.<br>• ഒരു പ്രദേശത്തിന്റെ ആവർത്തിച്ചുള്ള ചിത്രീകരണം നടത്താം. |

## പ്രവർത്തനം - 2

വിദൂര സംവേദനത്തിൽ വിവരങ്ങൾ പകർത്താനായി ഉപയോഗിക്കുന്ന ഉപകരണമാണ് സംവേദകം (സെൻസർ). വിവരങ്ങൾ പകർത്തുന്നതിന് ഒരു ഊർജ്ജം ആവശ്യമാണ്. വൈദ്യുതകാന്തിക വികിരണം ഉൾക്കൊള്ളുന്ന സൂര്യപ്രകാശം, അല്ലെങ്കിൽ കൃത്രിമ പ്രകാശ സ്രോതസ്സാണ് ഇതിനായി ഉപയോഗിക്കുന്നത്. പ്രകാശം ഉപരിതല വസ്തുക്കളിൽ തട്ടി പ്രതിഫലിക്കുന്നതിന് അടിസ്ഥാനമാക്കിയാണ് സംവേദന പ്രക്രിയ സാധ്യമാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വിദൂരസംവേദനത്തെ എങ്ങനെ തരംതിരിച്ചിരിക്കുന്നു? വിശദമാക്കുക.

| പ്രത്യക്ഷ വിദൂര സംവേദനം | പരോക്ഷ വിദൂര സംവേദനം |
|---|---|
| കൃത്രിമ പ്രകാശസ്രോതസ്സിന്റെ സഹായത്തോടെ വിദൂര സംവദനം നടത്തുന്നതാണ് പ്രത്യക്ഷ വിദൂര സംവേദനം.<br>***ഉദാഹരണം :*** ക്യാമറ ഉപയോഗിച്ച് ചിത്രീകരിക്കുമ്പോൾ ക്യാമറ സംവേദകമായും ഫ്ളാഷ് ലൈറ്റ് കൃത്രിമ പ്രകാശവുമാണ്. | സൂര്യപ്രകാശത്തിന്റെ സഹായത്താൽ വിദൂര സംവേദനം നടത്തുന്നതിനാണ് പരോക്ഷ വിദൂര സംവേദനമെന്ന് പറയുന്നത്. സൂര്യപ്രകാശം വസ്തുക്കളിൽ തട്ടി പ്രതിഫലിപ്പിക്കുന്ന ഊർജ്ജത്തെ ഉപയോഗിക്കുന്നു.<br>***ഉദാഹരണം :*** ഉപഗ്രഹങ്ങളിൽ ഉപയോഗിക്കുന്ന സ്കാനറുകൾ. |

- സ്പെക്ട്രൽ സിഗ്നേച്ചർ, സ്പെഷ്യൽ റസല്യൂഷൻ ഇവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

### സ്പെക്ട്രൽ സിഗ്നേച്ചർ

ഭൗമോപരിതലത്തിലെ ഓരോ വസ്തുവും പ്രതിഫലിപ്പിക്കുന്ന വൈദ്യുതകാന്തിക വികിരണത്തിന്റെ അളവിനെയാണ് ഇതു സൂചിപ്പിക്കുന്നത്. വസ്തുക്കളുടെ ഭൗതിക സ്വഭാവം വ്യത്യസ്തമായതുകൊണ്ട് പ്രതിപലിപ്പിക്കുന്ന ഊർജ്ജത്തിന്റെ അളവിൽ ഏറ്റക്കുറച്ചിൽ ഉണ്ടാവും.

### സ്പേഷ്യൽ റസല്യൂഷൻ

ഒരു സെൻസറിന് വേർതിരിച്ചറിയാൻ കഴിയുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലുപ്പമാണ് സ്പേഷ്യൽ റസല്യൂഷൻ. ഒരു ഉപഗ്രഹചിത്രത്തിന് 1 മീറ്റർ സ്പേഷ്യൽ റസല്യൂഷൻ എന്നുപറഞ്ഞാൽ 1 മീറ്റർ, നീളവും 1 മീറ്റർ വീതിയും ഉള്ള ഭൂതല വസ്തുവിനെ പ്രതിഫലിപ്പിക്കാൻ കഴിയും എന്നാണ്.

### പ്രവർത്തനം - 3

വനം, ഭൗമപരിസ്ഥിതിപഠനം, ജലവിഭവപഠനം, ഭൂവിനിയോഗപഠനം, മത്സ്യവിഭവ പഠനം എന്നീ മേഖലകളിൽ വിദൂരസംവേദന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളും വകുപ്പുകളും ഏതെന്ന് കണ്ടെത്തുക.

**ഉത്തരസൂചിക**

| | | |
|---|---|---|
| KFRI | - | വനം |
| CESS | - | ഭൗമപരിസ്ഥിതി |
| CWRDM | - | ജലവിഭവ പഠനം |
| CMFRI | - | മത്സ്യവിഭവപഠനം |

### പ്രവർത്തനം - 4

വിദൂരസംവേദനത്തിന് ഇന്ന് ധാരാളം സാധ്യതകൾ നിലവിലുണ്ട്. ഇതിനോട് ബന്ധപ്പെട്ട ഒരു ചാർട്ട് ചുവടെ നൽകുന്നു. ചാർട്ട് പൂർത്തീകരിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.




**ഉത്തരസൂചന**

A. സമുദ്രപര്യവേഷണം B. വനപരിപാലനം C. ഭൂസർവ്വെ

D. ധാതുസമ്പത്ത് കണ്ടെത്തുന്നതിന് E. വരൾച്ച, വെള്ളപ്പൊക്കം കണ്ടെത്തൽ

F. കൃഷിസ്ഥലം കണ്ടെത്തൽ

### പ്രവർത്തനം - 5

ഭൂവിവരവ്യവസ്ഥയുടെ വിശകലന സാധ്യതകളുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് ചുവടെ നൽകിയിട്ടുള്ളത്. അനുയോജ്യമായ വിശകലന സാധ്യതകളും അവയുടെ സവിശേഷതകളും കണ്ടെത്തുക.

a. അപകടനിരക്ക് കുറഞ്ഞ സുരക്ഷിതമായ റോഡ് കണ്ടെത്താൻ കഴിയുന്നു.

b. നിലവിലുള്ള റോഡ് വീതികൂട്ടുമ്പോൾ ഉണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തുന്നു.

c. ഒരുസ്ഥലത്ത് വ്യത്യസ്ത കാലഘട്ടങ്ങളിൽ ഭൂവിനിയോഗത്തിൽ വന്ന മാറ്റം മനസ്സിലാക്കുന്നതിന്.

**ഉത്തരസൂചിക**

a. ശൃംഖലാ വിശകലനം

b. ആവൃത്തി വിശകലനം

c. ഓവർലേ വിശകലനം

## പ്രവർത്തനം – 6

സ്ഥാനീയ വിവരങ്ങളേയും അവയുടെ വിശേഷണങ്ങളേയും ശേഖരിക്കുന്നതിനും വീണ്ടെടുക്കുന്നതിനും വിശകലനം നടത്തുന്നതിനും ഭൂപടങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ എന്നിവയിലൂടെ അവയെ പ്രദർശിപ്പിക്കുന്നതിനും ഉള്ള ഒരു കമ്പ്യൂട്ടറധിഷ്ഠിത വിവരസഞ്ചയമാണ് ഭൂവിവരവ്യവസ്ഥ.

ഭൂവിവരവ്യവസ്ഥയുടെ ഉപയോഗങ്ങൾ ലിസ്റ്റുചെയ്യുക.

- വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന്.
- സ്ഥാനിയ വിവരങ്ങളിൽനിന്നും ആവശ്യമായ വിവരങ്ങൾ വേർതിരിച്ചെടുക്കുന്നതിന്.
- വിവരങ്ങളുടെ സ്ഥാനീയ ബന്ധങ്ങൾ വിശകലനം ചെയ്യുന്നതിന്.
- ഭൂതല വിവരങ്ങളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന്.
- പ്രത്യേക ആവശ്യങ്ങൾക്ക് ഗ്രാഫുകൾ, പട്ടികകൾ, ഭൂപടങ്ങൾ, ഗ്രാഫുകൾ തയ്യാറാക്കുന്നതിന്.
- വേഗത്തിലും കാലാനുസൃതമായും വിവരങ്ങൾ കൂട്ടിചേർക്കുന്നതിന്.

## പ്രവർത്തനം – 7

താഴെ പറയുന്നവയെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

1. ആവൃത്തി വിശകലനം
2. ശൃംഖലാ വിശകലനം
3. ഓവർലേ വിശകലനം

**ഉത്തരസൂചന**

**1. ആവൃത്തി വിശകലനം**

ഒരു ബിന്ദുവിന് ചുറ്റും വൃത്താകൃതിയിലോ അല്ലെങ്കിൽ രേഖീയ സവിശേഷതകളെ ചുറ്റി ഇടനാഴിപോലെയൊ, മേഖല സൃഷ്ടിച്ച് വിശകലനംചെയ്യുന്ന ഭൂവിവര വ്യവസ്ഥയുടെ വിശകലനമാണിത്.

ഉദാഹരണം : റോഡ്, വിമാനത്താവളം തുടങ്ങിയവ നിർമ്മിക്കുമ്പോൾ എത്രയൊക്കെ പ്രദേശത്തെ ഏറ്റെടുക്കണം, ഒഴിവാക്കണം എന്നെല്ലാം കണ്ടെത്താം.

2. **ശൃംഖലാ വിശകലനം**

ഭൂപടത്തിലെ രേഖീയ വിഷയങ്ങളെ മാത്രമെടുത്ത് ശൃംഖലയാക്കി വിശകലനം ചെയ്യുന്നു. ഉദാഹരണത്തിന് റോഡു തടസ്സപ്പെടുന്ന സന്ദർഭത്തിലും മറ്റും ഏറ്റവും എളുപ്പവും തിരക്കുകുറഞ്ഞതുമായ റോഡു കണ്ടെത്താൻ ഈ വിശകലനം സഹായിക്കുന്നു.

3. **ഓവർലേ വിശകലനം**

ഒരു പ്രദേശത്തിന്റെ ഭൗമോപരിതല സവിശേഷതകളുടെ ബന്ധം അവയിലുണ്ടാകുന്ന മാറ്റം എന്നിവയെക്കുറിച്ച് വിശകലനം നടത്തി ഭൂവിനിയോഗത്തിലെ മാറ്റം നഗരത്തിന്റെ വികസനം തുടങ്ങിയ വിശകലനം ചെയ്യുന്ന രീതിയാണിത്.

**പ്രവർത്തനം - 8**

ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റത്തെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

**ഉത്തരസൂചന :**

- ഭൗമോപരിതലവസ്തുക്കളുടെ സ്ഥാനം കണ്ടുപിടിക്കാൻ ഉപയോഗിക്കാം.
- 20000-20200 വരെ Km ഉയരത്തിലുള്ള 24 ഉപഗ്രഹങ്ങളുടെ ശ്രേണിയുപയോഗിച്ച് സ്ഥാനനിർണയം നടത്തി പ്രവർത്തിക്കുന്നു.
- കൃത്രിമ ഉപഗ്രഹങ്ങളിൽനിന്നുള്ള സിഗ്നലുകൾ ഉപയോഗിച്ച് GPSൽ അക്ഷാംശം, രേഖാംശം, സമയം, ഉയരം എന്നിവ കൃത്യമായി കണ്ടെത്തി വിവരങ്ങൾ പ്രദർശിപ്പിക്കുന്നു.
- സ്ഥാനം നിർണയിക്കുന്നതിനുള്ള ഉപകരണം ഉപയോഗിക്കുന്നു.

❖ ❖ ❖

## യൂണിറ്റ് – 3

# വൻകരകൾ

**പ്രവർത്തനം – 1**

വൻകരകളുടെ പൊതു സവിശേഷതകൾ ഉൾപ്പെടുത്തി വർക്ക്ഷീറ്റ് പൂർത്തിയാക്കൽ.




ചിത്രം 3.1-ലോകഭൂപടം

| വൻകര | അക്ഷാംശം | രേഖാംശം | അർദ്ധഗോളം | സമുദ്ര ഭാഗങ്ങൾ | കടന്നു പോകുന്ന പ്രധാന അക്ഷാംശ രേഖ |
|---|---|---|---|---|---|
| ഏഷ്യ | $10^0 11^1$തെക്ക് $81^0 12^1$വടക്ക് | $26^0$E -$169^0 40^1$W | ഉത്തരാർദ്ധ ഗോളം | പസഫിക് സമുദ്രം ഇന്ത്യൻ മഹാസമുദ്രം | $23½^0$ - N $66½^0$ - N |
| യൂറോപ്പ് | $34^0 51^1$N $81^0 47^1$N | $24^0 33^1$പടിഞ്ഞാറ് $60^0 02^1$കിഴക്ക് | ഉത്തരാർദ്ധ ഗോളം | അറ്റ്ലാന്റിക് ഇന്ത്യൻ മഹാസമുദ്രം | ആർട്ടിക് വൃത്തം |
| ആഫ്രിക്ക | $34^0 51^1$S- $37^0 31^1$N | $25^0 11^1$W - $51^0 24^1$E | ഉത്തരാർദ്ധ ഗോളം ദക്ഷിണാർദ്ധ ഗോളം | അറ്റ്ലാന്റിക് ഇന്ത്യൻ മഹാസമുദ്രം | $23½^0$ - N $23½^0$ - S |
| അന്റാർട്ടിക്ക | .... | ...... | ...... | തെക്കൻ സമുദ്രം | അന്റാർട്ടിക് വൃത്തം |

**പ്രവർത്തനം - 2**

ഏഷ്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ചില ഘടകങ്ങൾ ചുവടെ നൽകിയിരിക്കുന്നു. വിട്ടുപോയവ കൂട്ടിച്ചേർക്കുക.

- ഭൂഖണ്ഡത്തിന്റെ സ്ഥാനം
- വിസ്തൃതി
- സമുദ്രനിരപ്പിൽനിന്നുള്ള ഉയരം
- പർവ്വതങ്ങളുടെ സ്ഥാനം
- മൺസൂണിന്റെ ഗതി
- ..........................................

വൻകരകളും അവയിലൂടെ കടന്നുപോകുന്ന അക്ഷാംശരേഖകളും ഏതെല്ലാം?

| | | |
|---|---|---|
| ഏഷ്യ | - | ഭൂമധ്യരേഖ, ഉത്തരായനരേഖ, ആർട്ടിക് വൃത്തം |
| യൂറോപ്പ് | - | ആർട്ടിക് വൃത്തം |
| ആഫ്രിക്ക | - | ഭൂമധ്യരേഖ, ഉത്തരായനരേഖ, ദക്ഷിണായനരേഖ |
| അന്റാർട്ടിക്ക | - | അന്റാർട്ടിക് വൃത്തം |

**പ്രവർത്തനം - 3**

ഏഷ്യയിലെ കാലാവസ്ഥാ മേഖലകളും നൈപുണികളും സസ്യജാലങ്ങളും തമ്മിൽ അനുയോജ്യമായവ കൂട്ടിചേർക്കുക.

| | |
|---|---|
| ♦ ഭൂമദ്ധ്യരേഖാ കാലാവസ്ഥ | ♦ തേക്ക്, ചന്ദനം, വിപ്പൻ, മുള |
| ♦ മൺസൂൺ കാലാവസ്ഥ | ♦ മുന്തിരി, ഒലിവ്, ഓറഞ്ച് തുടങ്ങിയവ |
| ♦ മരുദ്ര കാലാവസ്ഥ | ♦ റബ്ബർ, മഹാഗണി, ഈട്ടി |
| ♦ തരു മാതൃകയിലുള്ള കാലാവസ്ഥ | ♦ പുൽച്ചെടികൾ, കള്ളിമുൾ ചെടികൾ |
| ♦ മെഡിറ്ററേനിയൻ കാലാവസ്ഥ | ♦ പയർവർഗ്ഗങ്ങൾ |

**പ്രവർത്തനം - 4**

ഏഷ്യയെ വൈവിധ്യങ്ങളുടെ ഭൂഖണ്ഡം എന്ന് വിശേഷിപ്പിക്കാൻ കാരണമായ ഏതെങ്കിലും നാല് കാര്യങ്ങൾ എഴുതി സമർത്ഥിക്കുക.

**സൂചകങ്ങൾ**

- ♦ ഭൂപ്രകൃതി
- ♦ കാലാവസ്ഥ
- ♦ സസ്യജാലങ്ങൾ
- ♦ ജനസംഖ്യാ വിതരണം

**പ്രവർത്തനം – 5**

യൂറോപ്പിലെ കാലാവസ്ഥാ സവിശേഷതകളും അവ അനുഭവപ്പെടുന്ന പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു പട്ടിക തയ്യാറാക്കുക.

| മേഖലകൾ | കാലാവസ്ഥാ സവിശേഷതകൾ | അനുഭവപ്പെടുന്ന പ്രദേശങ്ങൾ |
|---|---|---|
| ♦ പടിഞ്ഞാറൻ യൂറോപ്യൻ കാലാവസ്ഥ | | |
| ♦ വൻകര കാലാവസ്ഥ | | |
| ♦ മെഡിറ്ററേനിയൻ കാലാവസ്ഥ | | |
| ♦ ടൈഗ | | |
| ♦ തുന്ദ്ര | | |

വൻകരകളുമായി ബന്ധപ്പെട്ട പട്ടിക A, B, C യോജിപ്പിക്കുക.

| A | B | C |
|---|---|---|
| 1. ഏഷ്യ | A. ഏറ്റവും കൂടുതൽ മരുഭൂമി | E. വെളുത്ത മരുഭൂമി |
| 2. യൂറോപ്പ് | B. ഏറ്റവും വലിയ വൻകര | F. ഇരുണ്ട ഭൂഖണ്ഡം |
| 3. ആഫ്രിക്ക | C. ഏറ്റവും തണുപ്പുള്ള വൻകര | G. ഉത്തരാർദ്ധഗോളത്തിൽ |
| 4. അന്റാർട്ടിക്ക | D. ഉഷ്ണ മരുഭൂമികളില്ലാത്ത വൻകര | H. പാമീർക്കെട്ട് |

**ഉത്തരസൂചിക**

1. B - H
2. D - G
3. A - F
4. C - E

**പ്രവർത്തനം – 6**

ആഫ്രിക്കയുടെ ഭൂപ്രകൃതി വിഭവങ്ങളെ എത്രയായി തിരിച്ചിട്ടുണ്ട്. അവയ്ക്ക് ഓരോന്നിനും ഉദാഹരണങ്ങൾ എഴുതുക.

- ♦ പീഠഭൂമികൾ ഉദാ:
- ♦ .......................... ഉദാ:
- ♦ .......................... ഉദാ:
- ♦ .......................... ഉദാ:

**പ്രവർത്തനം – 7**

'ഇരുണ്ട ഭൂഖണ്ഡം' എന്നറിയപ്പെട്ടിരുന്ന ആഫ്രിക്കയിൽ വിവിധ ഇനം ധാതുക്കളുടെ കണ്ടെത്തൽ ആ ഭൂഖണ്ഡത്തിന്റെ മുഖഛായതന്നെ മാറ്റുന്നതിന് കാരണമായി. ഏതെല്ലാം ധാതുക്കളാണ് പ്രധാനമായും ആഫ്രിക്കയിൽ ഇന്ന് ഖനനം ചെയ്തെടുക്കുന്നത്? വിവരം തയ്യാറാക്കുക.

**പ്രവർത്തനം – 8**

സ്ഥിരമായി മനുഷ്യവാസമില്ലാത്ത ഭൂഖണ്ഡമായ അന്റാർട്ടിക്കയിൽ മനുഷ്യന്റെ ശ്രദ്ധ കൂടുതൽ പതിയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം? ചെറുവിവരണം തയ്യാറാക്കുക.

- സമുദ്ര വിഭവങ്ങൾ
- ധാതുക്കളുടെ ശേഖരം
- മത്സ്യസമ്പത്ത്
- കൽക്കരി നിക്ഷേപം
- വിനോദസഞ്ചാര പ്രാധാന്യം

**പ്രവർത്തനം – 9**

ഇന്ത്യയുടെ അന്റാർട്ടിക്കാ പര്യവേഷണം ആരംഭിക്കുന്നത് 1979 മുതലാണ്. ഇതിനു ശേഷം അന്റാർട്ടിക്കയിൽ ഇന്ത്യ എത്ര ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്? അവയുടെ പേരുകൾ കണ്ടെത്തുക.

(3) ദക്ഷിണ ഗംഗോത്രി

മൈത്രി

...............

**പ്രവർത്തനം – 10**

മറ്റു വൻകരകളിൽനിന്നും വ്യത്യസ്ഥമായി അന്റാർട്ടിക്കയിലെ ജീവജാലങ്ങളുടെ പ്രത്യേകതകൾ ഏവ?

- അതിശൈത്യത്തെ അതിജീവിക്കാനുള്ള കഴിവ്.
- സസ്യപ്ലവകങ്ങളുടെ സാന്നിദ്ധ്യം.
- പ്രകാശസംശ്ലേഷണത്തിന് സാധ്യമല്ല.

**പ്രവർത്തനം – 11**

മെഡിറ്ററേനിയൻ, തുന്ദ്ര കാലാവസ്ഥയും അവയിലെ സസ്യജാലങ്ങളും താരതമ്യം ചെയ്യുക.

**ഉത്തരസൂചിക**

മെഡിറ്ററേനിയൻ കാലാവസ്ഥ മിതമായ ചൂടും മിതമായ തണുപ്പും അനുഭവപ്പെടുന്നു. മിതമായ മഴക്കാലവും വരണ്ട വേനലുമാണ്. മുന്തിരി, ഒലിവ് തുടങ്ങിയ പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്നു. തുന്ദ്രാകാലാവസ്ഥയിൽ തണുപ്പുകൂടിയതും വർഷംമുഴുവൻ മഞ്ഞുകൂടിയതുമാണ്. തണുപ്പിനെ അതിജീവിക്കുന്ന പായലും പുല്ലുകളും മാത്രമാണ് വളരുക.

**പ്രവർത്തനം - 12**

വൻകരകളും അവയിലെ പർവ്വതങ്ങൾ, നദികൾ, മരുഭൂമികൾ എന്നിവ പട്ടികയാക്കുക.

| വൻകര | പർവ്വതങ്ങൾ | നദികൾ | മരുഭൂമികൾ |
|---|---|---|---|
| ഏഷ്യ | ♦ ഹിമാലയം<br>♦ ഹിന്ദുകുഷ്<br>♦ കുൻലുൻ<br>♦ അൾത്തീൻ<br>♦ അരക്കൻയോമ | ♦ സിന്ധു<br>♦ ഗംഗ ♦ ബ്രഹ്മപുത്ര<br>♦ മഹാനദി<br>♦ ഗോദാവരി<br>♦ കൃഷ്ണ<br>♦ യൂഫ്രട്ടീസ്<br>♦ ജോർദാൻ<br>♦ മെക്കാങ്ങ് | ♦ ഗോബി<br>♦ താർ<br>♦ അറേബ്യൻ |
| യൂറോപ്പ് | ♦ യൂറാൾ<br>♦ ആൽപ്സ്<br>♦ കാക്കസസ്<br>♦ ബാൽക്കൻ<br>♦ സ്കാന്റിനേവിയൻ | ♦ വോൾഗാ<br>♦ യൂറാൾ<br>♦ എൽബ്<br>♦ ഡാന്യൂബ്<br>♦ റൈൻ<br>♦ പോ | |
| ആഫ്രിക്ക | ♦ അറ്റ്ലസ്<br>♦ കെനിയ<br>♦ റുവൻസാരി | ♦ നൈൽ<br>♦ സാംബസി<br>♦ കോംഗോ<br>♦ ഓറഞ്ച്<br>♦ നൈഗർ | ♦ സഹാറ<br>♦ കലഹാരി<br>♦ നബീബ് |

❖ ❖ ❖

## യൂണിറ്റ് – 4
# ഇന്ത്യ – ഭൗതിക ഭൂമിശാസ്ത്രം

**പ്രധാനാശായങ്ങൾ**

- ഇന്ത്യ അക്ഷാംശ സ്ഥാനം : $8^0$ 4" S - $37^0$6" N വരേയും
  രേഖാംശ സ്ഥാനം : $68^0$ 7" E - $97^0$ 25" E വരേയും
  വ്യാപിച്ചുകിടക്കുന്നു.

  വിസ്തീർണ്ണം - 3287782 ച.കി.മീറ്ററാണ്.

- ഭൗമോപരിതല സവിശേഷതകളുടെ അടിസ്ഥാനത്തിൽ **ഉത്തരപർവ്വതമേഖല, ഉത്തരമഹാസമതലം, ഉപദ്വീപിയ പീഠഭൂമി, തീരപ്രദേശങ്ങളും ദ്വീപുകളും** എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.
- ഉത്തരപർവ്വതമേഖലയെ ആ മേഖലയിൽ സ്ഥിതിചെയ്യുന്ന പർവ്വത നിരകളുടെ അടിസ്ഥാനത്തിൽ **ഹിമാലയൻ നിരകൾ, ട്രാൻസ് ഹിമാലയൻ, കിഴക്കൻ മല നിരകൾ** (പൂർവ്വാചൽ) എന്നിങ്ങനെ മൂന്നാക്കി തിരിക്കാം.
- ഉത്തരമഹാസമതലം രൂപപ്പെട്ടിട്ടുള്ളത് **സിന്ധു, ഗംഗ, ബ്രഹ്മപുത്ര** എന്നീ മൂന്ന് നദികളും അവയുടെ പോഷകനദികളും വഹിച്ചുകൊണ്ടുവരുന്ന അവസാദങ്ങൾ നിക്ഷേപിച്ചാണ്.
- **പഞ്ചാബ് – ഹരിയാന സമതലം, മരുസ്ഥലി-ബംഗാർ സമതലം, ഗംഗാസമതലം, ബ്രഹ്മപുത്ര താഴ്വര** എന്നിങ്ങനെ ഉത്തരമഹാസമതലത്തെ നാലായി തിരിക്കാം.
- ഉപദ്വീപിയ പീഠഭൂമി വളരെയധികം പഴക്കമുള്ള ഭൂവിഭാഗമാണ്.
- ഉപദ്വീപിയ പീഠഭൂമിയിൽ ഉൾപ്പെടുന്ന പ്രധാന ഭൂവിഭാഗങ്ങളാണ് **ആരവല്ലി പർവ്വതനിര, മാൾവാ പീഠഭൂമി, വിന്ധ്യ-ശത്പുര പർവ്വതനിര, ഛോട്ടാ നാഗ്പൂർ, പീഠഭൂമി, ഡക്കാൻ പീഠഭൂമി, പശ്ചിമഘട്ടം, പൂർവ്വഘട്ടം, കത്തിയാവാർ – കച്ച് ഉപദ്വീപ്...**
- തീരപ്രദേശവും ദ്വീപുകളും എന്ന ഭൂവിഭാഗത്തിൽ ഗുജറാത്തിലെ റാൻ ഓഫ് കച്ച് മുതൽ ഗംഗാ-ബ്രഹ്മപുത്ര ഡെൽറ്റ വരെ ഉള്ള ഭാഗം ഉൾപ്പെടുന്നു.
- ഇവയെ **കിഴക്കൻതീരമെന്നും പടിഞ്ഞാറൻതീരമെന്നും** രണ്ടായി തരംതിരിക്കാം.

**ഇന്ത്യയുടെ സ്ഥാനം അക്ഷാംശ രേഖാംശ സ്ഥാനം എന്നിവയിൽ ധാരണ നേടുന്നതിന്.**

**പ്രവർത്തനം – 1**

അധ്യായം 4-ൽ ചിത്രം 4-1, 4-2 എന്നീ ഭൂപടങ്ങൾ വിശകലനംചെയ്ത് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക. ഇന്ത്യയുടെ അക്ഷാംശ രേഖാംശ സ്ഥാനം.






**Ans:**

| | |
|---|---|
| അക്ഷാംശം | ഉത്തര അക്ഷാംശം $8^0 4'$ നും $37^0 6'$ നും ഇടയിൽ |
| രേഖാംശം | പൂർവ്വ രേഖാംശം $68^0 7'$ നും $97^0 25'$ നും ഇടയിൽ |

ഇന്ത്യയുടെ മൊത്തം വിസ്തീർണ്ണം.

***Ans:*** 32,87782 ച.കി.മീ.

ഇന്ത്യയുടെ വടക്കുമുതൽ തെക്കുവരെയും കിഴക്കുമുതൽ പടിഞ്ഞാറുവരേയും ഉള്ള നീളം.

***Ans:*** വടക്കുമുതൽ തെക്കുവരേയുള്ള നീളം 3214 കി.മീ. കിഴക്ക് മുതൽ പടിഞ്ഞാറുവരെയുള്ള നീളം 2933 കി.മീ.

ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശരേഖയും അത് കടന്നുപോകുന്ന സംസ്ഥാനങ്ങളും.

***Ans:*** ഉത്തരായനരേഖ 23$^{0}$30’ - N.

ഉത്തരായനരേഖ കടന്നുപോകുന്ന സംസ്ഥാനങ്ങൾ:-

***Ans:*** ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഘഢ്, ജാർഖണ്ഡ്, പശ്ചിമബംഗാൾ, ത്രിപുര, മിസോറാം.

**ഉത്തരപർവ്വതമേഖലയിലെ പ്രധാന പർവ്വതനിരകൾ, കൊടുമുടികൾ എന്നിവയെക്കുറിച്ച് ധാരണനേടുന്നതിന്.**

**പ്രവർത്തനം - 2**

ഉത്തരപർവ്വതമേഖലയിലെ പ്രധാന പർവ്വതങ്ങൾ കൊടുമുടികൾ എന്നിവ ഉൾക്കൊള്ളിച്ച് ഒരു ഫ്ളോചാർട്ട് തയ്യാറാക്കുക.




**ഉത്തരമഹാസമതലത്തിന്റെ പ്രാധാന്യം ഇന്ത്യാചരിത്രത്തിൽ എന്ന ആശയം പ്രകടമാക്കുന്ന പ്രവർത്തനം.**

**പ്രവർത്തനം - 3**

ഭൂപടം 4 - 3 നിരീക്ഷിച്ച് ഉത്തരമഹാസമതലത്തെക്കുറിച്ച് കുറിപ്പ് എഴുതുക.




ചിത്രം 4 - 3

***Ans :***

1. വളരെയേറെ ഫലപുഷ്ടിയുള്ള ഈ സമതലപ്രദേശങ്ങളിൽനിന്നാണ് ഇന്ത്യയിൽ ഏറ്റവുമധികം ഭക്ഷ്യധാന്യങ്ങളും കരിമ്പും ഉത്പാദിപ്പിക്കുന്നത്.
2. അനേകം നഗരങ്ങളും വ്യവസായകേന്ദ്രങ്ങളും സ്ഥിതിചെയ്യുന്ന ഈ മേഖല ലോകത്തിലെ ജനസാന്ദ്രതയേറിയ മേഖലകളിൽ ഒന്നാണ്.
3. റോഡ് – റെയിൽ എന്നീ ഗതാഗതമാർഗ്ഗങ്ങളുടെ നല്ലൊരു ശൃംഖല ഇവിടെയാണ്.

**ഉപദ്വീപീയ പീഠഭൂമിയിലെ ഭൂവിഭാഗങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.**

**പ്രവർത്തനം – 4**

ടെക്സ്റ്റ് പേജ് No. 69 ൽ ചിത്രം 4 - 7 പരിശോധിച്ച് ഉപദ്വീപീയ പീഠഭൂമി മേഖലയിൽ ഉൾപ്പെടുന്ന 9 പ്രധാന ഭൂവിഭാഗങ്ങൾ ഏതെല്ലാമാണ് എന്ന് കണ്ടെത്തുക.

**ചിത്രം 4 - 7**




***Ans :***
1. ആരവല്ലി പർവ്വതനിര.
2. മാൾവാ പീഠഭൂമി
3. വിന്ധ്യാപർവ്വതനിര
4. സത്പുര പർവ്വതനിര
5. ഛോട്ടാ നാഗ്പൂർ
6. പശ്ചിമഘട്ടം
7. പൂർവ്വഘട്ടം
8. ഡക്കാൻ പീഠഭൂമി
9. കത്തിയവാർ, കച്ച് ഉപദ്വീപ്

**കിഴക്കൻ തീരസമതലങ്ങളേയും പടിഞ്ഞാറൻ തീരസമതലങ്ങളേക്കുറിച്ച് ധാരണ നേടുന്നതിന്.**

**പ്രവർത്തനം - 5**

ഇന്ത്യയുടെ കിഴക്കൻ തീരപ്രദേശങ്ങളുടേയും പടിഞ്ഞാറൻ തീരപ്രദേശങ്ങളുടേയും 3 വീതം സവിശേഷതകൾ എഴുതുക.

| കിഴക്കൻ തീരസമതലം | പടിഞ്ഞാറൻ തീരസമതലം |
|---|---|
| 1. സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ വ്യാപിച്ചിരിക്കുന്നു. | 1. റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ വ്യാപിച്ചിരിക്കുന്നു. |
| 2. പൂർവ്വഘട്ടത്തിനും ബംഗാൾ ഉൾക്കടലിനും ഇടയിൽ സ്ഥിതചെയ്യുന്നു. | 2. പശ്ചിമഘട്ടത്തിനും അറബിക്കടലിനുമിടയിൽ സ്ഥിതിചെയ്യുന്നു. |
| 3. താരതമ്യേന വീതികൂടിയ ഈ താരസമതലത്തിന് 80 മുതൽ 160 കി.മീ വരെ വീതിയാണ്. | 3. ഏകദേശം 64 കി.മീ. വീതിയുള്ള ഇടുങ്ങിയ തീരസമതലം. |

**ഇന്ത്യയിലെ പരമ്പരാഗത ഋതുക്കളെക്കുറിച്ച് ധാരണ നേടുന്നതിന്.**

**പ്രവർത്തനം - 6**

ഇന്ത്യയിൽ അനുഭവപ്പെടുന്ന ഋതുക്കൾ (അവയുടെ പേരുകൾ) അവ അനുഭവപ്പെടുന്ന മാസങ്ങൾ എന്നിവ പട്ടികയിൽപ്പെടുത്തുക.

| ഋതുക്കൾ | മാസങ്ങൾ |
|---|---|
| 1. വസന്തം | മാർച്ച് - ഏപ്രിൽ |
| 2. ഗ്രീഷ്മം | മെയ് - ജൂൺ |
| 3. വർഷം | ജൂലൈ - ആഗസ്റ്റ് |
| 4. ശരത്ത് | സെപ്റ്റംബർ - ഒക്ടോബർ |
| 5. ഹേമന്തം | നവംബർ - ഡിസംബർ |
| 6. ശിശിരം | ജനുവരി - ഫെബ്രുവരി |

**ഇന്ത്യയുടെ കാലാവസ്ഥയിൽ ഹിമാലയപർവ്വതത്തിന്റെ സ്വാധീനം, അതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്.**

**പ്രവർത്തനം - 7**

ഹിമാലയ പർവ്വത നിരകൾ ഇന്ത്യൻ കാലാവസ്ഥയെ സ്വാധീനിക്കുന്നതെങ്ങനെ? കുറിപ്പ് തയ്യാറാക്കുക.

***Ans :*** ഹിമാലയപർവ്വതം ഇന്ത്യയുടെ വടക്കുഭാഗത്ത് ഒരു കോട്ടപോലെ സ്ഥിതിചെയ്യുന്നു. ഉത്തര ഏഷ്യൻ പ്രദേശങ്ങളിൽനിന്നു വീശുന്ന ശീതക്കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ അതിശൈത്യത്തിൽനിന്നും സംരക്ഷിക്കുന്നു. മാത്രമല്ല, ഇന്ത്യ ഉപഭൂഖണ്ഡത്തെ മുഴുവനും മൺസൂണുകളുടെ സ്വാധീനത്തിലാക്കുന്നത് ഹിമാലയമാണ്.

**ഇന്ത്യയുടെ ഭൗതിക സവിശേഷതകൾ എന്ന ആശയം മനസ്സിലാക്കുന്നതിന്.**

**പ്രവർത്തനം – 8**

ചുവടെ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് ചേരുംപടി ചേർക്കുക.

ഉത്തരപർവ്വതമേഖല, ഉത്തരമഹാസമതലം, ഉപദ്വീപീയ പീഠഭൂമി, തീരസമതലങ്ങളും, ദ്വീപുകളും ജയന്തിയ, ചരുസ്ഥലി, കത്തിയവാർ, കൊങ്കൺ, സസ്ക്കർ, ഖാദർ, ആനമുടി, ഗൾഫ് ഓഫ് മന്നാർ.

***Ans :***

| A | B | C |
|---|---|---|
| 1. ഉത്തരപർവ്വതമേഖല | ജയന്തിയ | സസ്ക്കർ |
| 2. ഉത്തരമഹാസമതലം | ചരുസ്ഥലി | ഖാദർ |
| 3. ഉപദ്വീപീയ പീഠഭൂമി | കത്തിയവാർ | ആനമുടി |
| 4. തീരസമതലങ്ങളും ദ്വീപുകളും | കൊങ്കൺ | ഗൾഫ് ഓഫ് മന്നാർ |

**ഇന്ത്യയുടെ കാണപ്പെടുന്ന മണ്ണിനങ്ങളുടെ പ്രത്യേകതകളെക്കുറിച്ച് ധാരണ നേടുന്നതിന്.**

**പ്രവർത്തനം – 9**

ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങളിൽനിന്നും അവ ഏതിനം മണ്ണെന്ന് കണ്ടെത്തി പേരെഴുതുക.

1. ജൈവാംശം ധാരാളമായി കാണപ്പെടുന്ന മണ്ണ്.
2. നദീതീരങ്ങളിലും ഡെൽറ്റാ പ്രദേശങ്ങളിലും കാണപ്പെടുന്ന മണ്ണ്.
3. ലവണാംശം കൂടുതലുള്ള മണ്ണ്.
4. ലാവാ ശിലകൾക്ക് അപക്ഷയം സംഭവിച്ച് രൂപംകൊള്ളുന്ന മണ്ണ്.
5. ഇരുമ്പിന്റെ അംശം കൂടുതലുള്ള മണ്ണ്.

***Ans :***

1. പർവ്വതമണ്ണ് 2. എക്കൽമണ്ണ് 3. മരുഭൂമിമണ്ണ് 4. കറുത്തമണ്ണ്
5. ചെമ്മണ്ണ്

**ഇന്ത്യയുടെ ഭാഗമായ ദ്വീപുകളുടെ സവിശേഷതകളെക്കുറിച്ച് ധാരണ നേടുന്നതിന്.**

**പ്രവർത്തനം - 10**

ആൻഡമാൻ നിക്കോബാർ ദ്വീപുകളുടേയും ലക്ഷദ്വീപിന്റെയും സവിശേഷതകൾ പട്ടികയിൽപ്പെടുത്തുക.

| ആൻഡമാൻ നിക്കോബാർ ദ്വീപുകൾ | ലക്ഷദ്വീകൾ |
|---|---|
| 1. ഇവ ബംഗാൾ ഉൾക്കടലിൽ സ്ഥിതിചെയ്യുന്നു. (കിഴക്ക്)<br>2. ഉൾക്കടൽ ദ്വീപുകൾ എന്ന് അറിയപ്പെടുന്നു.<br>3. ഏകദേശം 200 ദ്വീപുകൾ ഉൾപ്പെടുന്നു.<br>4. ഈ ദ്വീപ് സമൂഹത്തിൽ ഭൂരിഭാഗം ദ്വീപുകളിലും ജനവാസമില്ല.<br>5. ഇന്ത്യയിലെ ഏക അഗ്നിപർവ്വതം ബാരൽ സ്ഥിതിചെയ്യുന്നു. | 1. ഇവ അറബിക്കടലിൽ സ്ഥിതിചെയ്യുന്നു. (പടിഞ്ഞാറ്)<br>2. പവിഴ ദ്വീപുകളാണ്.<br>3. 36 ദ്വീപുകളാണ് ഈ ദ്വീപ് സമൂഹത്തിലുള്ളത്.<br>4. 10 ദ്വീപുകളിലെ ജനവാസമുള്ളൂ.<br>5. ഇവിടെ അഗ്നിപർവ്വതങ്ങൾ ഇല്ല. |

**പ്രവർത്തനം - 11**

ഇന്ത്യയിലെ വിവിധ ഭൂപ്രകൃതി വിഭാഗങ്ങളിലെ മണ്ണിനങ്ങളും കാർഷികവിളകളും പട്ടികപ്പെടുത്തുക.

**ഉത്തരസൂചന:**

| ഭൂപ്രകൃതി വിഭാഗം | മണ്ണിനങ്ങൾ | കൃഷി |
|---|---|---|
| ഉത്തരപർവ്വതമേഖല | പർവ്വത മണ്ണ്<br>ചുവന്നമണ്ണ്<br>ലാറ്ററൈറ്റ് മണ്ണ് | ബാർലി, ഗോതമ്പ്, ചോളം, തേയില<br>ആപ്പിൾ, കാപ്പി, സുഗന്ധദ്രവ്യങ്ങൾ |
| ഉത്തരമഹാസമതലം | എക്കൽമണ്ണ്<br>മരുഭൂമി മണ്ണ് | നെല്ല്, കരിമ്പ്, ഗോതമ്പ്, പുകയില,<br>എണ്ണക്കുരുക്കൾ |
| ഉപദ്വീപീയ പീഠഭൂമി | കറുത്തമണ്ണ്<br>(പരുത്തി കരിമണ്ണ്) | നെല്ല്, റാഗി, പുകയില, പച്ചക്കറികൾ,<br>നിലക്കടല |
| തീരദേശം | ചെങ്കൽമണ്ണ്<br>ലാറ്ററൈറ്റ്<br>ചുവന്നമണ്ണ് | തേയില, കാപ്പി, റബ്ബർ, തെങ്ങ്, കശുമാവ്<br>കമുക് |

## പ്രവർത്തനം – 12

നദികളുടെ ഉത്ഭവത്തിന്റെ അടിസ്ഥാനത്തിൽ നദികളെ രണ്ടായി തരംതിരിക്കാം. അവ യേതെല്ലാം?

| ഹിമാലയൻ നദികൾ | ഉപദ്വീപിയ നദികൾ |
|---|---|
| സിന്ധു, ഗംഗ, ബ്രഹ്മപുത്ര | മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി, താപ്തി |

## പ്രവർത്തനം – 13

ഹിമാലയൻ നദികളുടെ ഉത്ഭവം, പോഷകനദികൾ, ഒഴുകുന്ന സംസ്ഥാനങ്ങൾ, എത്തിച്ചേരുന്ന സമുദ്രം എന്നിവയുൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക.

| നദി | ഉത്ഭവസ്ഥാനം | പോഷകനദി | സംസ്ഥാനങ്ങൾ | എത്തുന്ന സമുദ്രം |
|---|---|---|---|---|
| സിന്ധു | ടിബറ്റിലെ മാനസ സരോവർ തടാകത്തിനടുത്തുള്ള കൈലാസ പർവ്വതം | ഝലം, രവി, ചെനാബ്, ബിയാസ്, സത്‌ലജ് | ജമ്മു കാശ്മീർ | അറബിക്കടൽ |

| നദി | ഉത്ഭവസ്ഥാനം | പോഷകനദി | സംസ്ഥാനങ്ങൾ | എത്തുന്ന സമുദ്രം |
|---|---|---|---|---|
| ഗംഗ | ഗംഗോത്രി അളകാപുരി ഹിമാനി | യമുന, സോൺ കോസി, ഘാഗ്ര, ഗോമതി, സോൺകെൻ, ബേട്ടുവ, ചംബൽ | ഉത്തരാഞ്ചൽ, ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമബംഗാൾ, ഝാർഖണ്ഡ് | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | കൈലാസ പർവ്വതനിര കളിലെ ചെമയുങ്ങ്ദെങ്ങ് ഹിമാനി | ടിസ്ത, മാനസ്, ലൂഹിത്, സുവൻസിരി | അരുണാചൽ പ്രദേശ്, ആസാം | ബംഗാൾ ഉൾക്കടൽ |

**പ്രവർത്തനം – 14**

ഉപദ്വീപിയ നദികളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കൂ.

| നദി | ഉത്ഭവം | പോഷകനദികൾ | സംസ്ഥാനങ്ങൾ | എത്തുന്ന സമുദ്രം |
|---|---|---|---|---|
| മഹാനദി | മൈക്കലാമല നിരകൾ | ഇബ്, ടെൻ | മധ്യപ്രദേശ്, ഒറീസ, ഛത്തീസ്ഖഢ് | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം (നാസിക്) | ഇന്ദ്രാവതി, ശബരി | മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഛത്തീസ്ഖഢ് | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം മഹാബലേശ്വർ | ഭീമ, തുംഗഭദ്ര | മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടം, ബ്രഹ്മഗിരി കുന്നുകൾ | കബനി, അമരാവതി | കർണാടക, തമിഴ്നാട് | ബംഗാൾ ഉൾക്കടൽ |
| നർമ്മദ | മൈക്കലാമല നിരകൾ | ഹിരൺ ബഞ്ചൽ | ഛത്തീസ്ഖഢ്, മഹാരാഷ്ട്ര | അറബിക്കടൽ |
| താപ്തി | മുൾത്തായ് പീഠഭൂമി | ഭീനർ, ഗിർണ | മധ്യപ്രദേശ്, മഹാരാഷ്ട്ര | അറബിക്കടൽ |

ഹിമാലയൻ നദികളേയും ഉപദ്വീപിയ നദികളേയും അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ താരതമ്യംചെയ്യുക.

| ഹിമാലയൻ നദികൾ | ഉപദ്വീപിയ നദികൾ |
|---|---|
| ♦ നീളം കൂടുതൽ<br>♦ അതിവിസ്തൃതമായ വൃഷ്ടിപ്രദേശം<br>♦ മഴയിൽനിന്നും വേനൽക്കാലത്ത് മഞ്ഞുരുകിയും വെള്ളം ലഭിക്കുന്നു.<br>♦ വർഷം മുഴുവൻ ജലം ഒഴുക്കുണ്ട്.<br>♦ ജലസമ്പത്ത് കൂടുതൽ.<br>♦ പർവ്വതമേഖലയിൽ ആഴമേറിയ താഴ്‌വരകൾ സൃഷ്ടിക്കുന്നു.<br>♦ ഉൾനാടൻ ജലഗതാഗത സാധ്യത കൂടുതലാണ്.<br>♦ വിശാലമായ ഡൽറ്റകൾ സൃഷ്ടിക്കുന്നു. | ♦ നീളം കുറവ്<br>♦ വൃസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം.<br>♦ മഴയെ മാത്രം ആശ്രയിക്കുന്നു.<br>♦ വേനൽക്കാലത്ത് വറ്റിപ്പോകുന്നു.<br>♦ ജലസമ്പത്ത് താരതമ്യേനക്കുറവ്.<br>♦ ആഴമേറിയ താഴ്‌വരകൾ സൃഷ്ടിക്കുന്നില്ല.<br>♦ ജലഗതാഗത സാധ്യതക്കുറവ്.<br>♦ കിഴക്കോട്ടൊഴുകുന്നവ ഡൽറ്റകളും പടിഞ്ഞാറോട്ടുള്ളവ അഴിമുഖങ്ങളും സൃഷ്ടിക്കുന്നു. |

**പ്രവർത്തനം - 15**

പശ്ചിമഘട്ടത്തിന്റെ കിഴക്കൻ ചെരിവുകളിൽ മഴ തീരെ കുറയുകയും എന്നാൽ പടിഞ്ഞാറൻ ചെരിവുകളിൽ കനത്ത മഴ ലഭിക്കുകയും ചെയ്യുന്നു. തെക്കുപടിഞ്ഞാറൻ മൺസൂൺകാലത്തെ സവിശേഷതയാണ്. കാരണമെന്ത്? മഴയുടെ അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുന്ന മറ്റു കാരണങ്ങൾ ഏവ?

**ഉത്തരസൂചന:**

തെക്കുപടിഞ്ഞാറുനിന്നു വീശുന്ന (മൺസൂൺ) കാറ്റുകളെ പശ്ചിമഘട്ടം തടയുന്നതിനാൽ പടിഞ്ഞാറുഭാഗത്ത് ശക്തമായ മഴ ലഭിക്കുന്നു. എന്നാൽ കിഴക്കുഭാഗത്തെത്തുമ്പോൾ കാറ്റിന്റെ ഈർപ്പം കുറയുന്നതിനാൽ കിഴക്കുഭാഗത്ത് മഴ കുറയുന്നു.

- സമുദ്രസാമീപ്യം
- പർവ്വതങ്ങളുടെ സ്ഥാനം
- കാറ്റിന്റെ ദിശ

**പ്രവർത്തനം - 16**

തെക്കുപടിഞ്ഞാറൻകാറ്റിന്റെ ഉപശാഖകൾ ഏതെല്ലാം? അവ ഇന്ത്യയിലെ കാലാവസ്ഥയിൽ ചെലുത്തുന്ന സ്വാധീനമെന്ത്?

- അറേബ്യൻ ശാഖ - പടിഞ്ഞാറൻ തീരസംസ്ഥാനങ്ങളിൽ വ്യാപക മഴ പെയ്യിക്കുന്നു.
- ബംഗാൾ ഉൾക്കടൽ ശാഖ - കിഴക്കൻ തീരസമതലങ്ങൾ, ഉത്തരമഹാസമതല പ്രദേശങ്ങളിൽ മഴപെയ്യിക്കുന്നു.

**പ്രവർത്തനം - 17**

A കോളം B, C കോളങ്ങളുമായി യോജിപ്പിച്ചെഴുതുക.

| A | B | C |
|---|---|---|
| ശൈത്യകാലം | __A__ | പഞ്ചാബിൽ ശൈത്യകാലമഴ |
| ഉഷ്ണകാലം | മാംഗോഷവർ | __B__ |
| വടക്കുകിഴക്കൻ മൺസൂൺകാലം | __C__ | ഒക്ടോബർ ചൂട് |

A. പശ്ചിമ അസ്വസ്ഥത

B. കാൽ ബൈശാലി

C. മൺസൂണിന്റെ പിൻവാങ്ങൽ

18. ഭൂപടങ്ങൾ നിരീക്ഷിച്ച് ഇന്ത്യയിലെ നദികൾ, സംസ്ഥാനങ്ങൾ, പർവ്വതങ്ങൾ, പീഠഭൂമികൾ തുടങ്ങിയവ കണ്ടെത്തുമല്ലോ?





ഇന്ത്യ
സംസ്ഥാനങ്ങൾ
23½°N
23½°N
സൂചിക


ഇന്ത്യ
ഉപദ്വീപീയ പീഠഭൂമി
ആരവല്ലി പർവ്വതനിര
മാൾവ പീഠഭൂമി
കച്ച് ഉപദ്വീപ്
കത്തിയവാർ ഉപദ്വീപ്

**പ്രവർത്തനം – 19**

താഴെ തന്നിരിക്കുന്ന നദികളെ ഹിമാലയൻ നദികൾ, ഉപദ്വീപിയ നദികൾ എന്നിവയുടെ പോഷകനദികളായി തരംതിരിച്ച് പട്ടികയിലാക്കുക.

തിസ്ത, ഇബ്, മാനസ, തുംഗഭദ്ര, ബിയിസ്

ചിനാബ്, കബനി, ആഗർ

**ഉത്തരസൂചന:**

| ഹിമാലയൻ നദികളുടെ പോഷകനദികൾ | ഉപദ്വീപിയ നദികളുടെ പോഷകനദികൾ |
|---|---|
| തിസ്ത | ഇബ് |
| മാനസ് | തുംഗഭദ്ര |
| ബിയാസ് | കബനി |
| ചിനാബ് | ആഗർ |

**പ്രവർത്തനം – 20**

ഇന്ത്യയിലെ തീരസമതലങ്ങളുമായി ബന്ധപ്പെട്ട ഫ്ളോചാർട്ട് തയ്യാറാക്കുക.




❖ ❖ ❖

## യൂണിറ്റ് – 5

# ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം

### പ്രധാനാശായങ്ങൾ

- ഇന്ത്യയുടെ കാർഷികമേഖല വൈവിധ്യമാർന്നതാണ്.
- വിളകളെ ഖാരിഫ്, റാബി, സൈദ് എന്നിങ്ങനെ വർഗ്ഗീകരിച്ചിരിക്കുന്നു.
- വിളകളെ ഭക്ഷ്യവിള, നാണ്യവില, തോട്ടവിള എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.
- കൃഷിയധിഷ്ഠിതവും ധാതു അധിഷ്ഠിതവുമായ വ്യവസായങ്ങൾ ഇന്ത്യയിലുണ്ട്.
- വ്യവസായ വികസനത്തിൽ ഗതാഗത സൗകര്യങ്ങൾ പ്രധാന പങ്കുവഹിക്കുന്നു.
- വ്യവസായവൽക്കരണവും നഗരവൽക്കരണവും.

### ഉപ ആശായങ്ങൾ

**കാർഷിക കാലങ്ങൾ** →
ഖാരിഫ്
റാബി
സൈദ്

**ഭക്ഷ്യവിളകൾ** →
നെല്ല്
ഗോതമ്പ്
ചോളം

**നാണ്യവിളകൾ** →
പരുത്തി
ചണം
കരിമ്പ

**തോട്ടവിളകൾ** →
തേയില
കാപ്പി
റബ്ബർ

**വ്യവസായം** →
കൃഷി അധിഷ്ഠിതം - പരുത്തി, കരിമ്പ്
ധാതു അധിഷ്ഠിതം - ഇരുമ്പുരുക്ക്, രാസവ്യവസായം
വനവിഭവ അധിഷ്ഠിതം - തടി, പേപ്പർ
ഇലക്ട്രോണിക് വ്യവസായം - കമ്പ്യൂട്ടർ

**ഗതാഗതം** →

| | |
|---|---|
| റോഡ് | - ദേശീയപാത, സംസ്ഥാനപാത, ജില്ലാ റോഡുകൾ |
| റയിൽ | - |
| ജലഗതാഗതം | - ഉൾനാടൻ ജലഗതാഗതം, സമുദ്രഗതാഗതം |
| വ്യോമഗതാഗതം | - ദേശീയം, അന്തർദ്ദേശീയം |

**പ്രവർത്തനം – 1**

ഇന്ത്യയിലെ വിവിധ കാർഷിക കാലങ്ങൾ വ്യക്തമാക്കുന്ന പട്ടിക പൂർത്തിയാക്കുക.

| വിള | കാലം | ഉദാഹരണം |
|---|---|---|
| (a) ..................... | ജൂൺ മുതൽ സെപ്തംബർ വരെ | നെല്ല്, ചോളം, ചാവ, റാഗി, നിലക്കടല |
| റാബി | സെപ്തംബർ അവസാനം മുതൽ ഫെബ്രുവരി വരെ | (b) ................. |
| സൈദ് | (c) ..................... | പഴങ്ങളും പച്ചക്കറികളും |

(a) ഖാരിഫ്

(b) നോർത്ത് ഇന്ത്യ - ഗോതമ്പ്, കടല, ബാർലി, കടുക് etc.
സൗത്ത് ഇന്ത്യ - നിലക്കടല, ചാമ

(c) മാർച്ച് മുതൽ ജൂൺ വരെ

**പ്രവർത്തനം – 2**

വ്യവസായം ചില പ്രത്യേക സ്ഥലങ്ങളിൽ കേന്ദ്രീകരിക്കുവാനുള്ള കാരണം വിശകലനം ചെയ്യുക. നിങ്ങളുടെ പ്രദേശത്ത് ആരംഭിക്കുവാൻ കഴിയുന്ന ഒരു വ്യവസായത്തിന്റെ പേര് നിർദ്ദേശിക്കുക.

- അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- ഗതാഗത സൗകര്യങ്ങൾ
- മാനവവിഭവ (തൊഴിലാളി) ലഭ്യത
- അനുയോജ്യമായ ഭൂപ്രകൃതി
- വിപണി സൗകര്യം
- ഊർജ്ജ ലഭ്യത
- വാർത്താവിനിമയ സൗകര്യം
- അനുയോജ്യമായ കാലാവസ്ഥ

മേൽപറഞ്ഞ അനുകൂല സാഹചര്യങ്ങളും അസംസ്കൃത വസ്തുക്കളും വിപണിയും ലഭ്യമാകുന്ന പ്രദേശത്തിനനുയോജ്യമായ ഒരു വ്യവസായം നിർദ്ദേശിക്കുക.

**പ്രവർത്തനം – 3**

നെല്ലിന്റേയും ഗോതമ്പിന്റേയും കൃഷിക്ക് അനുയോജ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ പട്ടികപ്പെടുത്തുക.

| | നെല്ല് | ഗോതമ്പ് |
|---|---|---|
| ഊഷ്മാവ് | $24^0C$ | $10^0C$ - $20^0C$ |
| മഴ | 150 cm | 50 cm |
| മറ്റിനം | കളിമണ്ണ്, എക്കൽമണ്ണ് | നീർവാർച്ചയുള്ള ഫലഭൂയിഷ്ഠമായ മണ്ണ് |

**പ്രവർത്തനം – 4**

റോഡ്, റയിൽ ഗതാഗതത്തെ അപേക്ഷിച്ച് ജലഗതാഗതത്തിനുള്ള മേന്മകൾ എന്തെല്ലാം?

- വൻതോതിലുള്ള ചരക്കുനീക്കത്തിന് സഹായകം.
- വായുമലിനീകരണം, ശബ്ദമലിനീകരണം കുറവ്.
- നിർമ്മാണ – പുനരുദ്ധാരണ ചെലവ് കുറവ്.

**പ്രവർത്തനം – 5**

ഇന്ത്യയിലെ പഞ്ചസാര വ്യവസായ കേന്ദ്രങ്ങൾ കരിമ്പ് ഉൽപാദന മേഖലയ്ക്ക് സമീപമാണ് കാണപ്പെടുന്നത്. ഇതിനുള്ള കാരണം വിശകലനം ചെയ്യുക.

– കരിമ്പിൻതണ്ട് വിളവെടുത്താൽ ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ നീരെടുക്കണം – അല്ലാത്തപക്ഷം നീരിന്റെ അളവും സുക്രോസിന്റെ അളവും ഗണ്യമായി കുറയും.

**പ്രവർത്തനം – 6**

"വ്യവസായ വികസനത്തിൽ വിവിധ ഗതാഗതമാർഗ്ഗങ്ങളുടെ പങ്ക്" എന്ന വിഷയത്തിൽ ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.

- റോഡ് ശൃംഖലയും വ്യവസായ വികസനവും.
- റയിൽ ഗതാഗതവും ചരക്കുനീക്കവും.
- ജലഗതാഗതം – അന്താരാഷ്ട്ര വാണിജ്യ ജലപാതകൾ.
- തുറമുഖങ്ങളുടെ വ്യവസായ പ്രസക്തി.
- അന്താരാഷ്ട്ര വിമാനത്താവളങ്ങളും വ്യവസായ പുരോഗതിയും.

**പ്രവർത്തനം – 7**

കേരളത്തിൽ റയിൽഗതാഗതം ഇല്ലാത്ത ജില്ലകൾ ഏതെല്ലാം? അതിനുള്ള ഭൂമിശാസ്ത്രപരമായ കാരണങ്ങൾ എന്ത്?

ഇടുക്കി, വയനാട് – കുന്നുകളും മലകളും നിറഞ്ഞ പ്രദേശം.

റയിൽ ഗതാഗതത്തിന് നിരപ്പായ പ്രദേശമാണ് അനുയോജ്യം.

**പ്രവർത്തനം - 8**

കൃഷി അധിഷ്ഠിത വ്യവസായങ്ങൾ പ്രധാനമായും ഉത്തരമഹാസമതലപ്രദേശങ്ങളിലും ധാതു അധിഷ്ഠിത വ്യവസായങ്ങൾ ഉപദ്വീപീയ പീഠഭൂമിയിലും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. കാരണങ്ങൾ വിശകലനം ചെയ്യുക.

- കൃഷിയധിഷ്ഠിത വ്യവസായങ്ങളുടെ അസംസ്കൃത വസ്തുക്കൾ - പരുത്തി, ചണം, റബ്ബർ, കരിമ്പ് ലഭ്യമാകുന്നത് ഉത്തരമഹാസമതല പ്രദേശങ്ങളിലാണ്.
- ധാതുക്കൾ - ഇരുമ്പയിര്, കൽക്കരി, മാംഗനീസ്, ചുണ്ണാമ്പുകല്ല് തുടങ്ങിയവ പ്രധാനമായും ലഭിക്കുന്നത് ഉപദ്വിപീയ പീഠഭൂമിയിലമാണ്.

**പ്രവർത്തനം - 9**

ഇന്ത്യയിൽ റോഡ് ശൃംഖല കൂടുതലുള്ളത് ഏത് ഭൂപ്രകൃതി വിഭാഗങ്ങളിലാണ്? എന്തുകൊണ്ട്?

ഉത്തരമഹാസമതലം, തീരസമതലം, ഉപദ്വിപീയ പീഠഭൂമി.

റോഡ് നിർമ്മാണത്തിനും വികസനത്തിനും നിരപ്പാർന്ന സമതലങ്ങളും പീഠഭൂമികളുമാണ് അനുയോജ്യം.

**പ്രവർത്തനം - 10**

ഝാർഖണ്ഡിലെ ബൊക്കാറോ ഗ്രാമം ഒരിക്കൽ കാർഷിക ഗ്രാമമായിരുന്നു. ഇപ്പോൾ ആ ഗ്രാമം ഒരു ഇരുമ്പുരുക്കു വ്യവസായനഗരമായി മാറിയിരിക്കുന്നു. കാരണങ്ങൾ വിശകലനം ചെയ്യുക.

- കൽക്കരിനിക്ഷേപങ്ങളുടെ കണ്ടെത്തൽ
- ഇരുമ്പയിരിന്റെ സാന്നിധ്യം
- ചുണ്ണാമ്പുകല്ല്, ഡോളമൈറ്റ് എന്നീ അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- റോഡ് റയിൽ ഗതാഗതമാർഗ്ഗങ്ങളുടെ പുരോഗതി
- കൊൽക്കത്ത തുറമുഖ സൗകര്യം
- ജലവൈദ്യുതിയുടെ ലഭ്യത
- മാനവവിഭവ ലഭ്യത
- വാർത്താവിനിമയ സൗകര്യങ്ങൾ

**പ്രവർത്തനം - 11**

ഇന്ത്യയുടെ രൂപരേഖയിൽ തുറമുഖങ്ങൾ രേഖപ്പെടുതതുക.

എല്ലാ തുറമുഖങ്ങളും രേഖപ്പെടുത്തുവാൻ പരിശീലിപ്പിക്കണം.

- ആദ്യം പടിഞ്ഞാറ് ഭാഗത്തെ തുറമുഖങ്ങൾ പരിചയപ്പെടുത്തുക.
- ഏറ്റവും തെക്കേ അറ്റത്ത് തൂത്തുക്കുടി.
- കിഴക്കുഭാഗത്തുള്ളവയെ ക്രമത്തിൽ പരിചയപ്പെടുത്തുക.

പൊതുപരീക്ഷയ്ക്ക് സംസ്ഥാനങ്ങൾ രേഖപ്പെടുത്തിയ ഭൂപടമാണ് ലഭ്യമാവുക. അത്തരം ഭൂപടങ്ങളിൽതന്നെ അടയാളപ്പെടുത്തി പരിശീലിപ്പിക്കണം.

- ♦ മാർക്ക് ചെയ്ത് തുറമുഖത്തിന്റെ പേര് എഴുതുക.

ഇതേപോലെ റയിൽവേ സോണുകളുടെ ആസ്ഥാനങ്ങളും പരിചയപ്പെടുത്തുക.

## പ്രവർത്തനം - 12

വിവിധതരം റോഡുകളും അവയുടെ സവിശേഷതകളും പട്ടികപ്പെടുത്തുക.

| | |
|---|---|
| ദേശീയപാതകൾ : | ♦ സംസ്ഥാന-തലസ്ഥാനങ്ങൾ, വ്യവസായ നഗരങ്ങൾ, വാണിജ്യനഗരങ്ങൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്നു. |
| | ♦ നിർമ്മാണവും പുനരുദ്ധാരണവും കേന്ദ്രസർക്കാർ. |
| സംസ്ഥാനപാതകൾ : | ♦ സംസ്ഥാനത്തിന്റെ വിവിധ പാതകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. |
| | ♦ നിർമ്മാണവും നവീകരണവും സംസ്ഥാന സർക്കാർ. |
| ജില്ലാ റോഡുകൾ : | ♦ ജില്ലയിലെ വിവിധ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. |
| | ♦ ജില്ല, ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മാണവും പുനരുദ്ധാരണവും നടത്തുന്നു. |
| ഗ്രാമീണ റോഡുകൾ: | ♦ ടാറുചെയ്തതും ടാറു ചെയ്യാത്തതുമായ റോഡുകൾ ഉൾപ്പെടുന്നു. |
| | ♦ നിർമ്മാണവും പുനരുദ്ധാരണവും ഗ്രാമപഞ്ചായത്തുകൾ. |

13. ഭൂപടം നിരീക്ഷിച്ച് ഇന്ത്യയിലെ തുറമുഖങ്ങൾ, അവയുടെ സ്ഥാനം എന്നിവ കണ്ടെത്തുക.



## യൂണിറ്റ് – 6
# ഇന്ത്യ – മാനവിക ഭൂമിശാസ്ത്രം

### പ്രധാനാശായങ്ങൾ

- ജനസംഖ്യാ വിതരണം – കുടിയേറ്റം – വാസസ്ഥലങ്ങൾ – കേരള മാതൃക – നഗര വത്കരണം.

### ഉപ ആശായങ്ങൾ

- ജനസംഖ്യ – ജനസംഖ്യാ വിശകലനം – ജനസംഖ്യാ വിതരണം – ജനസാന്ദ്രത – ജന സംഖ്യാ വളർച്ച.

### ജനസംഖ്യയുടെ സവിശേഷതകൾ

സ്ത്രീപുരുഷ അനുപാതം – പ്രായഘടന – പങ്കാളിത്ത നിരക്ക് – ആശ്രയത്വനിരക്ക് – സാക്ഷരതാ നിരക്ക് – ആശ്രയത്വനിരക്ക് – സാക്ഷരതാനിരക്ക് – ആയുർദൈർഘ്യം – കുടി യേറ്റം കാരണങ്ങൾ – എമിഗ്രന്റ് – ഇമിഗ്രന്റ്.




### പ്രവർത്തനം / ചോദ്യം

1. ജനസംഖ്യാ വിശകലനത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക.
    - മൂല്യനിർണ്ണയ സൂചിക
    - മാനവശേഷിയുടെ ലഭ്യത അറിയാൻ
    - അടിസ്ഥാന ആവശ്യങ്ങൾ തിട്ടപ്പെടുത്താൻ

- ജനങ്ങൾക്കാവശ്യമായ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ആവശ്യം മനസ്സിലാക്കാൻ.
- ജനസംഖ്യാ വിശകലനത്തിന്.
- മറ്റു രാജ്യങ്ങളിലെ ജനസംഖ്യയുമായി താരതമ്യം ചെയ്യുന്നതിന്.
- ജനസംഖ്യാ നയം രൂപീകരിക്കുന്നതിന്.
- ജനസംഖ്യാ പ്രശ്നം തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനും.

2. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ജനസംഖ്യാ വിതരണം ഒരുപോലെയല്ല. ജനസംഖ്യാ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

   – കാലാവസ്ഥ, ഭൂപ്രകൃതി, ജലസേചന സൗകര്യങ്ങൾ, ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ, ധാതുക്കളുടെ നിക്ഷേപം, ജലലഭ്യത.

3. നഗരവത്കരണം, സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

   ചേരികളുടെ രൂപീകരണം – പരിസര മലിനീകരണം ജലക്ഷാമം, പകർച്ചവ്യാധികൾ – മാലിന്യപ്രശ്നം, വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ.

4. കുടിയേറ്റത്തിന്റെ അനന്തരഫലങ്ങൾ വിലയിരുത്തുക.

| ഗുണങ്ങൾ | ദോഷങ്ങൾ |
|---|---|
| സാംസ്കാരിക വിനിമയം<br>മനുഷ്യവിഭവത്തിന്റെ കൈമാറ്റം<br>ഭാഷയുടെ വിനിമയം, വളർച്ച<br>സാമ്പത്തിക വികസനം | തൊഴിലില്ലായ്മ<br>പാർപ്പിട പ്രശ്നങ്ങൾ<br>ചേരികളുടെ രൂപീകരണം<br>ജലക്ഷാമവും പകർച്ചവ്യാധിയും<br>ചേരികളുടെ രൂപീകരണം<br>ആരോഗ്യപ്രശ്നങ്ങൾ<br>മാലിന്യപ്രശ്നങ്ങൾ |

5. വാസസ്ഥലം രൂപപ്പെടുന്നതിന് സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്ന് പട്ടികപ്പെടുത്തുക.

   ഭൂപ്രകൃതി, ജലലഭ്യത, മണ്ണിന്റെ ഫലപുഷ്ടി, ഗതാഗത സൗകര്യങ്ങൾ, കാലാവസ്ഥ.

6. കേരളത്തിന്റെ ജനസംഖ്യാഘടനയുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

| ജനസംഖ്യാ ഘടന | ഇന്ത്യ | കേരളം |
|---|---|---|
| ജനനനിരക്ക് | 1000ന് 26 | 17.2 |
| മരണനിരക്ക് | 1000ന് 8.5 | 6.4 |
| ശിശുമരണനിരക്ക് | 1000ന് 68 | 14 |
| ആയുർദൈർഘ്യം | 65.4 | 71 |
| സാക്ഷരതാനിരക്ക് | 64.8% | 91% |
| ജനസംഖ്യാ വളർച്ച | 2.11% | 1.31% |
| സ്ത്രീപുരുഷ അനുപാതം | 1000ന് 933 | 1058 |

7. വിവിധതരം കുടിയേറ്റങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

അന്തർദ്ദേശീയ കുടിയേറ്റം - ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്കുള്ള കുടിയേറ്റം.
eg: മലയാളികൾ ഗൾഫ് നാടുകളിലേക്ക്.

അന്തർ സംസ്ഥാന കുടിയേറ്റം - രാജ്യത്തിനകത്തുതന്നെ വിവിധ സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റം.
eg: തമിഴ്നാട്ടിൽനിന്ന് തൊഴിലാളികൾ കേരളത്തിലേക്ക്.

തദ്ദേശീയ കുടിയേറ്റം - സംസ്ഥാനത്തിനകത്ത് ഒരു പ്രദേശത്തുനിന്ന് മറ്റൊരു പ്രദേശത്തേക്ക്.
eg: പാലക്കാട്ടുനിന്ന് തൃശ്ശൂരിലേക്ക്.

ദേശാന്തരഗമനം Emmigration - ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് കുടിയേറുന്നത്. (ഇന്ത്യയിൽനിന്ന് അമേരിക്കയിലേക്ക് കുടിയേറുന്നത്)

ദേശാന്തരാഗമനം Immigration - ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് വന്നുചേരുന്ന കുടിയേറ്റം. (ശ്രീലങ്കയിൽനിന്നും ഇന്ത്യയിലേക്ക് വന്നുചേരുന്നത്).

8. കുടിയേറ്റത്തിന്റെ കാരണങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

| നിർബന്ധിത ഘടകങ്ങൾ | ആകർഷിത ഘടകങ്ങൾ |
|---|---|
| യുദ്ധം | |
| പകർച്ചവ്യാധികൾ | മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ |
| പ്രകൃതിക്ഷോഭം | ആകർഷകമായ ജോലി |
| ദാരിദ്ര്യം | ഉയർന്ന ശമ്പളം |
| തൊഴിലില്ലായ്മ | തൊഴിലവസരങ്ങൾ |

9. ഇന്ത്യയിൽ ജനസംഖ്യാവളർച്ച ദ്രുതഗതിയിലാവുന്നതിനുള്ള കാരണങ്ങൾ - ഇതു മൂലം ഉണ്ടാവുന്ന സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ എന്നിവ വിശകലനം ചെയ്യുക.

ദാരിദ്ര്യം, നിരക്ഷരത, അന്ധവിശ്വാസങ്ങൾ, പ്രശ്നങ്ങൾ, ദാരിദ്ര്യം, തൊഴിലില്ലായ്മ, പാർപ്പിട പ്രശ്നം, ചേരികളുടെ ആവിർഭാവം, ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, പരിസര മലിനീകരണം, പട്ടിണി.

10. കേന്ദ്രീകൃത വാസസ്ഥലങ്ങൾ, വിസരിത വാസസ്ഥലങ്ങൾ എന്നിവയുടെ രൂപീകരണത്തിന് കാരണമാകുന്ന ഘടകങ്ങൾ എന്തെല്ലാമാണ്?

- മനുഷ്യവാസത്തിനനുകൂലമായ ഘടകങ്ങൾ ഉള്ള സ്ഥലത്ത് കേന്ദ്രീകൃത വാസസ്ഥലങ്ങൾ കാണപ്പെടുന്നു. ഉദാ: ഫലപുഷ്ടമായ മണ്ണ് ജലലഭ്യത, ഗതാഗത സൗകര്യം, നല്ല കാലാവസ്ഥ, അടിസ്ഥാന സൗകര്യങ്ങൾ etc.
- അനുകൂലമല്ലാത്ത ഘടകങ്ങൾ ഉള്ള സ്ഥലത്ത് വിസരിത വാസസ്ഥലങ്ങൾ കാണപ്പെടുന്നു.

11. നഗരവാസസ്ഥലങ്ങളെ വർഗ്ഗീകരിച്ചിരിക്കുന്നതെങ്ങനെയാണ്. വ്യക്തമാക്കുക.

**പട്ടണം** : ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള ചെറു പട്ടണങ്ങൾ.

**നഗരം** : ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ളതും സേവനമേഖലയ്ക്ക് കൂടുതൽ പ്രാധാന്യമുള്ളതുമായ പ്രദേശം.

**മെട്രോ പൊളിറ്റൻ നഗരം** : പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങൾ.

**മെഗലാപൊളിസ്** : അനേകം നഗരങ്ങൾ ഉൾക്കൊള്ളുന്ന ഒരു വൻ നഗര സമുച്ചയം.

12. നൽകുന്ന സേവനങ്ങളെ അടിസ്ഥാനമാക്കി താഴെ തന്നിരിക്കുന്ന നഗരങ്ങളെ തരംതിരിക്കുക.

(a) ഡൽഹി (b) ഭോപ്പാൽ (c) ജാംഷഡ്പൂർ (d) കോയമ്പത്തൂർ
(e) കണ്ട്ല (f) ആഗ്ര (g) കൊൽക്കത്ത (h) ചെന്നൈ (i) ജലന്ധർ
(j) മീററ്റ് (k) അലിഗഢ് (l) വാരണാസി (m) അമൃതസർ (n) തിരുപ്പതി
(o) മൂന്നാർ (p) ഊട്ടി

a, b ഭരണനഗരങ്ങൾ
c, d വ്യവസായ നഗരങ്ങൾ
e, f ഗതാഗത നഗരങ്ങൾ
g, h വാണിജ്യനഗരങ്ങൾ
i, j സുരക്ഷാ നഗരങ്ങൾ
k, l വിദ്യാഭ്യാസ നഗരങ്ങൾ

m, n  മത / സാംസ്കാരിക നഗരങ്ങൾ
o, p  സുഖവാസ നഗരങ്ങൾ

13. ഇന്ത്യയിലെ ദേശീയ ജനസംഖ്യാനയത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.

- ജനസംഖ്യാ വളർച്ച നിയന്ത്രിക്കുക.
- രാഷ്ട്രത്തിന്റെ സാമ്പത്തിക സാമൂഹിക പുരോഗതി ഉറപ്പുവരുത്തുക.
- കുടുംബാസൂത്രണത്തിനും കുടുംബക്ഷേമത്തിനും ആവശ്യമായ നടപടികൾ ജനങ്ങളിലെത്തിക്കുക.
- മുഴുവൻ പൗരന്മാർക്കും ആരോഗ്യവും.
- വിദ്യാഭ്യാസവും മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക.

14. ഒരുകൂട്ടം വാസസ്ഥലങ്ങളെ ഉയരത്തിൽനിന്നു വീക്ഷിക്കുമ്പോൾ അവയെ നമുക്ക് ഓരോന്നായി കാണുന്നതിനുപകരം അവയെല്ലാം ചേർന്ന് ഒരു പ്രത്യേക രൂപമാതൃക സൃഷ്ടിക്കുന്നതായി കാണാം. ഇത് പല ആകൃതിയിൽ രൂപംകൊണ്ടിരിക്കും. ഭൂപ്രകൃതി, ഗതാഗതം, ജലസ്രോതസുകൾ തുടങ്ങിയവയുടെ സ്വാധീനമാണ് വാസസ്ഥല മാതൃകകൾ തുടങ്ങിയവയുടെ സ്വാധീനമാണ് വാസസ്ഥല മാതൃകകൾ രൂപപ്പെടാൻ കാരണമാകുന്നത്. ഇത്തരം വാസസ്ഥല മാതൃകകൾ ഏതെല്ലാം?

- **രേഖീയ മാതൃക**

  റോഡുകൾക്കോ നദികൾക്കോ സമാന്തരമായി വരിവരിയായി ഇരുവശത്തു കാണുന്ന മാതൃക

- **വൃത്താകാര മാതൃക**

  ജലാശയത്തിനു ചുറ്റുമോ ആരാധനാലയത്തിനു ചുറ്റുമോ വൃത്താകൃതിയിൽ രൂപപ്പെട്ടത്.

- **ത്രികോണ മാതൃക**

  റോഡുകളോ, നദികളോ പരസ്പരം ഖണ്ഡിക്കുമ്പോൾ അവയ്ക്കിടയിലെ സ്ഥലത്തു രൂപപ്പെടുന്നവ.

- **നക്ഷത്ര മാതൃക**

  നിരവധി റോഡുകൾ ചേരുന്ന ഭാഗത്ത് രൂപപ്പെടുന്ന വാസസ്ഥലം.

❖ ❖ ❖

## യൂണിറ്റ് – 7
# ഒരൊറ്റ ഭൂമി

### പ്രധാനാശായങ്ങൾ

- ഭൂമിയിലെ ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥകൾ ചേർന്നതാണ് ജൈവമണ്ഡലം.
- ശിലാമണ്ഡലം, വായുമണ്ഡലം, ജലമണ്ഡലം എന്നിവ ഉൾപ്പെടുന്നതാണ് ജൈവമണ്ഡലം.
- ജൈവമണ്ഡലത്തിലെ ഓരോ ആവാസവ്യവസ്ഥയും ബയോമുകളാണ്.
- പ്രധാന ബയോമുകളാണ് വനങ്ങൾ, മരുഭൂമികൾ, പുൽമേടുകൾ, ജലാശയങ്ങൾ, ഉന്നതതടങ്ങൾ.
- അജൈവ അവസ്ഥയിലുള്ള ഭൂമിയെ ഭൗമമണ്ഡലം എന്നു വിളിക്കുന്നു.
- ഭൗമോപരിതലത്തലെ സമുദ്രങ്ങൾ, തടാകങ്ങൾ, നദികൾ, ഹിമാനികൾ എന്നീ ജല സ്രോതസുകൾ ഉൾപ്പെടുന്നതാണ് ജലമണ്ഡലം.
- ഭൂമിയെ ആവരണം ചെയ്തിരിക്കുന്ന വാതക പിണ്ഡമാണ് വായുമണ്ഡലം (അന്തരീക്ഷം).
- ഭൂവൽക്കം മുതൽ മാന്റിൽവരെയുള്ള ഭാഗമാണ് ശിലാമണ്ഡലം.
- ശിലാമണ്ഡലം, വായുമണ്ഡലം, ജലമണ്ഡലം ഇവയിൽ ഏതെങ്കിലും ഒന്നിൽ വരുത്തുന്ന മാറ്റങ്ങൾ ജൈവമണ്ഡലത്തെ ബാധിക്കുന്നു.
- മനുഷ്യന്റെ വിവിധ പ്രവർത്തനങ്ങൾ ജൈവമണ്ഡലത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്നു.

### പ്രവർത്തനം-1

ജൈവമണ്ഡലത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

- ജീവസാന്നിദ്ധ്യമുള്ള മണ്ഡലമാണ് ജൈവമണ്ഡലം.
- ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്നു.

### പ്രവർത്തനം-2

ജൈവമണ്ഡലത്തിലെ ഓരോ ആവാസവ്യവസ്ഥയും ബയോമുകളാണ്. താഴെ തന്നിരിക്കുന്ന വിവിധ ഉപഗ്രൂപ്പുകൾ പരിശോധിച്ച് ഏതു ബയോമിൽ ഉൾപ്പെടുന്നു എന്നു കണ്ടെത്തുക.

| | ഉത്തരസൂചിക |
|---|---|
| 1. ഉപോഷ്ണ മേഖലാവനങ്ങൾ | 1. വനങ്ങൾ |
| 2. ശൈത്യമരുഭൂമികൾ | 2. മരുഭൂമികൾ |

3. ഉഷ്ണമേഖലാ സാവന്ന
4. പുൽമേടുകൾ
5. ജലാശയങ്ങൾ
6. സമുദ്രങ്ങൾ
7. ഉന്നതതടങ്ങൾ
8. പർവ്വത ചരിവുകൾ

**പ്രവർത്തനം – 3**

മനുഷ്യന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ജലമണ്ഡലത്തിലെ ആവാസവ്യവസ്ഥയെ സ്വാധീനിക്കുന്നത്? വിശകലനം ചെയ്യുക.

**ഉത്തരസൂചന:**

- ഖരമാലിന്യങ്ങളുടെ നിക്ഷേപം
- മത്സ്യത്തിന്റെ അമിതചൂഷണം
- സമുദ്രങ്ങളിലെ മിസൈൽ പരീക്ഷണം
- ആണവ പരീക്ഷണം
- കപ്പലുകളിലെ ഇന്ധന ചോർച്ച
- വ്യവസായിക മാലിന്യങ്ങൾ നിക്ഷേപിക്കൽ
- .........................

**പ്രവർത്തനം – 4**

പവിഴപ്പുറ്റുകളെക്കുറിച്ചുള്ള പഠനത്തിൽ അവയുടെ നാശത്തെക്കുറിച്ച് ഭയാനകമായ കണ്ടെത്തലുകളാണ് ഉണ്ടായിട്ടുള്ളത്. കാർബൺഡയോക്സൈഡിന്റെ അളവ് കൂടുന്നത് പവിഴപ്പുറ്റുകളെ എങ്ങനെ ബാധിക്കുന്നു?

**ഉത്തര സൂചന:**

- അന്തരീക്ഷ കാർബൺഡയോക്സൈഡ് മഴവെള്ളവുമായി ചേർന്ന് കാർബോണിക് അമ്ലമായി മാറുന്നു.
- ഇത് സമുദ്രത്തിന്റെ അമ്ലത വർദ്ധിപ്പിക്കുന്നു.
- ഈ അമ്ലത പവിഴപ്പുറ്റുകൾ ബ്ലീച്ചിങ്ങിനു വിധേയമാക്കി ജീർണ്ണിക്കുന്നതിന് കാരണമാകുന്നു.

**പ്രവർത്തനം – 5**

ആഗോളതാപനംമൂലം സമുദ്രജല ഊഷ്മാവ് വർദ്ധനവിന് കാരണമാകുന്നു. ഇതുമൂലം ഉണ്ടാകുന്ന അനന്തരഫലങ്ങൾ എന്തെല്ലാം?

**ഉത്തരസൂചന:**

- സമുദ്രജലപ്രവാഹങ്ങളുടെ ഒഴുക്ക്, സ്വഭാവം എന്നിവയിൽ മാറ്റങ്ങളുണ്ടാകുന്നു.

- സമുദ്രജലപ്രവാഹങ്ങളുടെ ഒഴുക്ക്, സ്വഭാവം എന്നിവയിൽ മാറ്റങ്ങളുണ്ടാകുന്നു.
- ആർട്ടിക്, അന്റാർട്ടിക് മേഖലയിലെ മഞ്ഞുരുകി സമുദ്രജല നിരപ്പ് ഉയരാനിടയാകുന്നു. ഇതുമൂലം താഴ്ന്ന തീരങ്ങൾ വെള്ളത്തിനടിയിലാകുന്നു.
- തീരപ്രദേശത്തെ ആവാസവ്യവസ്ഥ തകരാനിടയാകുന്നു.

**പ്രവർത്തനം - 6**

വ്യവസായ നഗരങ്ങളായ ഷാങ്ങ്ഹായ്പോലുള്ള സ്ഥലങ്ങളിൽ വാഹന ഗതാഗതം ക്രമീകരിക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. എന്തുകൊണ്ടാണ് ഇത്തരമൊരു തീരുമാനമെടുക്കാൻ അവരെ പ്രേരിപ്പിച്ചത്?

**ഉത്തരസൂചിക:**

- വ്യവസായശാലകളിൽനിന്നും വാഹനങ്ങളിൽനിന്നും പുറത്തുവരുന്ന പുകയിൽ അടങ്ങിയിരിക്കുന്ന വാതകങ്ങൾ സൂര്യപ്രകാശത്താൽ രാസപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മൂടൽമഞ്ഞുപോലുള്ള പ്രതിഭാസം ഉണ്ടാകുന്നു.
- ഇതിനെ സ്മോഗ് എന്നു വിളിക്കുന്നു.
- സ്മോഗ് നഗരങ്ങളിലെ വാഹന ഗതാഗതത്തിനും ജനജീവിതത്തിനും തടസ്സമാകുന്നു.
- മാരകമായ ശ്വാസകോശരോഗങ്ങൾക്കും കാരണമാകുന്നു.

**പ്രവർത്തനം - 7**

- അമ്ല മഴയുണ്ടാകുന്നതെങ്ങനെ? ഇതുകൊണ്ടുള്ള ദോഷങ്ങൾ പട്ടികയാക്കുക ആവാസവ്യവസ്ഥയുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്ത്?

**ഉത്തരസൂചിക:**

- വ്യവസായശാലകളിൽനിന്നും അഗ്നിപർവ്വത സ്ഫോടനങ്ങളിൽനിന്നും പുറത്തുവരുന്ന സൾഫർ ഡയോക്സൈഡ് അന്തരീക്ഷത്തിലെത്തുന്നു.
- സൾഫർ ഡയോക്സൈഡ് മഴവെള്ളത്തിൽ ലയിച്ച് അമ്ലമഴയുണ്ടാകുന്നു.
- സസ്യാവരണം (വനങ്ങൾ) നശിക്കുന്നു.
- മനുഷ്യരുൾപ്പെടെ ജീവജാലങ്ങൾക്ക് മാരകരോഗങ്ങളും ജീവഹാനിയും ഉണ്ടാകുന്നു.
- ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്നു.

**പ്രവർത്തനം - 8**

ജൈവമണ്ഡലത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന മനുഷ്യന്റെ ഇടപെടലുകൾ കാരണമാകുന്നു. ചർച്ചാക്കുറിപ്പ് തയ്യാറാക്കുക.

**ഉത്തരസൂചിക:**

- വനനശീകരണം

- കുന്നിടിച്ചിൽ
- ഖനനപ്രവർത്തനങ്ങൾ
- വിഭവങ്ങളുടെ അമിതചൂഷണം
- അശാസ്ത്രീയ വികസന പ്രവർത്തനങ്ങൾ

**പ്രവർത്തനം - 9**

ജലസംരക്ഷണത്തിനുവേണ്ടി നിർമ്മിക്കുന്ന ഡാമുകൾ ബയോമുകളിൽ എന്തെല്ലാം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു?

**ഉത്തരസൂചിക:**

- നദികളുടെ ഒഴുക്ക് തടസ്സപ്പെടുന്നു.
- ജലത്തിന്റെ ഉപരിതല ഊഷ്മാവ് വർദ്ധിക്കുന്നതിനാൽ സൂക്ഷ്മജീവികൾ നശിക്കുന്നു.
- ജലാശയത്തിന് അടിഭാഗത്ത് സൂര്യപ്രകാശം ലഭിക്കാതെ സസ്യ-ജന്തുജാലങ്ങൾ നശിക്കുന്നു.
- എക്കൽനിക്ഷേപം ഇല്ലാതാവുന്നതോടെ അമിത രാസവളപ്രയോഗം നടത്തേണ്ടി വരുന്നു.
- ജലത്തിനടയിലാകുന്ന ജീവജാലങ്ങൾ ചീഞ്ഞളിഞ്ഞ് മീഥേൻ, കാർബൺ ഡയോക്സൈഡ് എന്നിവ അന്തരീക്ഷത്തിലേക്ക് വിടുന്നതിനാൽ ആഗോളതാപനം വർദ്ധിക്കുന്നു.

**പ്രവർത്തനം - 10**

പരിസ്ഥിതി സംരക്ഷണത്തിനും സംതുലിതാവസ്ഥയ്ക്കും വിഘാടകർ വഹിക്കുന്ന പങ്ക് വ്യക്തമാക്കുക.

**ഉത്തരസൂചന:**

- നശിച്ചുപോകുന്ന ജീവജാലങ്ങളുടെ സൂക്ഷ്മജീവികൾ വിഘടിപ്പിച്ച് മണ്ണിന്റെ ഭാഗമാകുന്നു.
- ഭൂവൽക്കത്തിലെ മൂലകങ്ങൾകൊണ്ടു നിർമ്മിക്കപ്പെടുന്ന ജീവജാലങ്ങളുടെ ഭാഗങ്ങൾ വീണ്ടും അജൈവലോകത്തിന്റെ ഭാഗമായി മാറുന്നു.
- ജൈവമണ്ഡലത്തിൽ ഇതുമൂലം പുതിയ വസ്തുക്കളോ, ഭാരക്കൂടുതലോ ഉണ്ടാകുന്നില്ല.

പ്രവർത്തനം – 11

ബയോമുകളെ അടിസ്ഥാനമാക്കി നൽകിയ ഫ്ളോചാർട്ട് പൂർത്തിയാക്കുക.




❖ ❖ ❖

# 8. വികസനവും സമൂഹവും

## പ്രധാന ആശയങ്ങൾ

- മുൻവർഷത്തേക്കാൾ രാജ്യത്തിന്റെ ഉൽപാദനത്തിലുണ്ടാവുന്ന വർദ്ധനവാണ് വളർച്ച.
- ജനങ്ങളുടെ വരുമാനത്തിലും ജീവിത ഗുണനിലവാരത്തിലും ഉണ്ടാകുന്ന ഉയർച്ചയാണ് വികസനം.
- ചില സൂചകങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ തരംതിരിക്കാനും താരതമ്യംചെയ്യാനും സാധിക്കും.
- ആദ്യകാലത്ത് പ്രതിശീർഷ വരുമാനവും പിന്നീട് ഭൗതിക ഗുണനിലവാര സൂചികയും ഇപ്പോൾ മാനവ വികസനസൂചികയുടേയും അടിസ്ഥാനത്തിലാണ് രാജ്യങ്ങളുടെ വികസനം കണക്കാക്കുന്നത്.
- പരിസ്ഥിതിക്ക് ദോഷംവരാതെയും, വരും തലമുറക്കായി വിഭവങ്ങൾ മാറ്റിവെച്ചുള്ള വികസനമാണ് സുസ്ഥിര വികസനം.
- സുസ്ഥിരവികസനത്തിന് വിഘാതമാവുന്ന നിരവധി പ്രവർത്തനങ്ങൾ നമ്മുക്കു ചുറ്റും നടന്നുവരുന്നു. ഇതിനെതിരെ സാമൂഹ്യഇടപെടൽ അനിവാര്യമാണ്.

## പ്രവർത്തനം - 1

താഴെ തന്നിരിക്കുന്നവയെ വികസനം, വളർച്ച എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുക.

(a) അരിയുടെ ഉൽപാദനം വർദ്ധിച്ചു.
(b) ദാരിദ്ര്യം കുറഞ്ഞു.
(c) സാക്ഷരത വർദ്ധിച്ചു.
(d) കാറുകളുടെ എണ്ണം കൂടി.
(e) വ്യാവസായിക വളർച്ച കൂടി.
(f) എല്ലാവർക്കും വീട് ലഭ്യമാക്കി.

***Answer key :***

- വികസനം - b, c, f വളർച്ച a, d, e

**വികസനം**

ജനങ്ങളുടെ വരുമാനത്തിലും ജീവിത ഗുണനിലവാരത്തിലുമുണ്ടാവുന്ന ഉയർച്ച.

**വളർച്ച**

മുൻവർഷത്തേക്കാൾ ഉൽപ്പാദനത്തിലുണ്ടാവുന്ന വർദ്ധനവ്.

**പ്രവർത്തനം – 2**

തരംതിരിച്ച് പട്ടികപ്പെടുത്തുക. (വികസനം, വളർച്ച)

(a) ജനങ്ങളുടെ വരുമാനത്തിലും ജീവിത ഗുണനിലവാരത്തിലും ഉണ്ടാവുന്ന ഉയർച്ച.

(b) രാജ്യത്തിന്റെ ഉൽപാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടാവുന്ന വർദ്ധനവ്.

(c) സാമ്പത്തികമായ പ്രക്രിയയാണ്.

(d) ഉൽപാദനം വർദ്ധിപ്പിച്ചും നീതിപൂർവ്വകമായി വിതരണംചെയ്തും സാധ്യമാക്കാം.

(e) ഒരേ സമയം സാമ്പത്തികവും സാമൂഹികവുമായ പ്രക്രിയ.

(f) ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള രാജ്യത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നു.

***Answer key :***

വികസനം : a, d, e   വളർച്ച  : b, c, f

**പ്രവർത്തനം – 3**

വികസനം നേടുന്നതിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ പട്ടികപ്പെടുത്തൂ.

- പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക.
- 
- 
- 

***Answer key :***

- പൊതുവിദ്യാഭ്യാസം
- പൊതുജനാരോഗ്യ സ്ഥാപനങ്ങൾ
- കുടുംബശ്രീ
- മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി
- ക്ഷേമ പെൻഷനുകൾ
- ക്ഷേമപദ്ധതികൾ

**പ്രവർത്തനം – 4**

പ്രതിശീർഷ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം രാജ്യങ്ങളുടെ വികസനം കണക്കാക്കുന്നതിന്റെ പരിമിതികൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

***Answer key :***

പ്രതിശീർഷവരുമാനം ശരാശരി വരുമാനമായതിനാൽ വരുമാന വിതരണത്തിലെ അസമത്വം കണ്ടെത്താൻ കഴിയില്ല.

ദേശീയവരുമാനം ജനങ്ങൾക്കിടയിൽ എങ്ങനെ വിതരണം ചെയ്തിരിക്കുന്നു എന്ന് കണ്ടെത്താൻ കഴിയില്ല.

**പ്രവർത്തനം – 5**

ഭൗതികഗുണനിലവാര സൂചിക മാനവവികസന സൂചിക എന്നിവയുടെ ഘടകങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| ഭൗതിക ഗുണനിലവാര സൂചിക | മാനവ വികസന സൂചിക |
|---|---|
| • അടിസ്ഥാന സാക്ഷരത | • പ്രതിശീർഷ വരുമാനം |
| • | • |
| • | • |
| • | • |

## *Answer key :*

**ഭൗതിക ഗുണനിലവാര സൂചക** : അടിസ്ഥാന സാക്ഷരത ശിശുമരണ നിരക്ക്, പ്രതീക്ഷിത ആയുർദൈർഘ്യം.

**മാനവവികസന സൂചിക** : പ്രതിശീർഷവരുമാനം, സാക്ഷരതവും മൊത്ത സ്കൂൾ പ്രവേശന നിരക്കും, പ്രതീക്ഷിത ആയുർദൈർഘ്യം.

**പ്രവർത്തനം – 6**

മാനവവികസന സൂചികയാണ് മെച്ചപ്പെട്ട വികസന സൂചികയായി കണക്കാക്കുന്നത്. ചർച്ചചെയത് കുറിപ്പ് തയ്യാറാക്കുക.

## *Answer key :*

ഭൗതികഗുണനിലവാര സൂചികയിൽ ജനങ്ങളുടെ വരുമാനത്തിന് പ്രാധാന്യം ഇല്ല. സാമൂഹിക ഘടകങ്ങൾ മത്രമേ പരിഗണിക്കുന്നുള്ളൂ. മാനവ വികസനസൂചികയിൽ വരുമാനത്തിനും സാമൂഹിക അവസ്ഥക്കും ഒരുപോലെ പ്രാധാന്യം നൽകുന്നു.

**പ്രവർത്തനം – 7**

ഇന്ത്യയുടെ മാനവവികസന റിപ്പോർട്ട് 2009.

| വർഷം | മാനവ വികസന മൂല്യം |
|---|---|
| 1990 | 0.489 |
| 1995 | 0.511 |
| 2000 | 0.566 |
| 2005 | 0.596 |
| 2006 | 0.604 |
| 2007 | 0.612 |

**പ്രവർത്തനം – 8**

മാനവ വികസനമൂല്യത്തിന്റെ അടിസ്ഥാനത്തിൽ (ഉയർന്ന-ഇടത്തരം-താഴ്ന്ന) പട്ടിക വിശകലനംചെയ്ത് നിഗമനങ്ങൾ എഴുതുക.

***Answer key :***

1. 1990ൽ ഇന്ത്യ താഴ്ന്ന മാനവവികസനം നേടിയ രാജ്യങ്ങളുടെ വിഭാഗത്തിലായിരുന്നു.
2. ഇന്ത്യയുടെ വളർച്ച പടിപടിയായി വർദ്ധിച്ചുവരികയാണ്.
3. 2007 വരേയും ഉയർന്ന മാനവ വികസനം നേടിയ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ എത്തിയിട്ടില്ല.

**പ്രവർത്തനം – 9**

സുസ്ഥിരവികസനത്തിന്റെ ലക്ഷ്യങ്ങൾ വർഗ്ഗീകരിച്ച് പട്ടികപ്പെടുത്തുക.

| | |
|---|---|
| സ്ഥിരത | ആരോഗ്യകരമായ പരിസ്ഥിതി |
| വളർച്ച | സാമൂഹ്യസഹവർത്തിത്വം |
| തുല്യത | പുന:സ്ഥാപിക്കാനാവാത്ത പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം |
| പങ്കാളിത്തം | സമൂഹചലനാത്മകത |
| കാര്യക്ഷമത | സാംസ്കാരിക സ്വത്വബോധം |

| സാമൂഹ്യലക്ഷ്യങ്ങൾ | സാമ്പത്തിക ലക്ഷ്യങ്ങൾ | പാരിസ്ഥിതിക ലക്ഷ്യങ്ങൾ |
|---|---|---|
| തുല്യത<br>•<br>•<br>ഉത്തരസൂചിക<br>സാമൂഹ്യലക്ഷ്യങ്ങൾ<br>സാമ്പത്തിക ലക്ഷ്യങ്ങൾ<br>പാരിസ്ഥിതിക ലക്ഷ്യങ്ങൾ | വളർച്ച<br>•<br>•<br>സാമൂഹ്യ ചലനാത്മക,<br>തുല്യത, പങ്കാളിത്തം,<br>വളർച്ച, കാര്യക്ഷമത,<br>ആരോഗ്യകരമായ<br>പരിസ്ഥിതി,<br>പ്രകൃതിവിഭവങ്ങളുടെ<br>സംരക്ഷണം | ആരോഗ്യകരമായ പരിസ്ഥിതി<br>•<br>•<br>സാംസ്കാരിക സ്വത്വം<br>സാമൂഹ്യ സഹവർത്തിത്വം<br>സ്ഥിരത<br>പുന:സ്ഥാപിക്കാനാവാത്ത<br>ഊർജ്ജം |

***പദസൂര്യൻ പൂർത്തിയാക്കുക.***



***Answer key :***

ആരോഗ്യകരമായ പരിസ്ഥിതി, പുനഃസ്ഥാപിക്കാനാവാത്ത വിഭവങ്ങളുടെ ശരിയായ ഉപയോഗം, സ്ഥിരത, തുല്യത, പങ്കാളിത്തം, വളർച്ച.

**പ്രവർത്തനം – 9**

താഴെ കൊടുത്തിരിക്കുന്നവയെ സുസ്ഥിര വികസനത്തിന് സഹായകമാവുന്നവ, വിഘാതമാവുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തുക.

(a) അമിത കീടനാശിനി ഉപയോഗം
(b) കുന്നിടിക്കൽ
(c) LED ബൾബുകളുടെ ഉപയോഗം
(e) അശ്രദ്ധമായ വൈദ്യുതി ഉപയോഗം
(f) വനനശീകരണം
(g) കാറ്റിൽനിന്ന് വൈദ്യുതി
(h) വയൽ നികത്തൽ
(i) മഴവെള്ള സംഭരണം
(j) പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കൽ
(k) ആണവനിലയങ്ങൾ സ്ഥാപിക്കൽ
(l) ജലം കരുതലോടെ ഉപയോഗിക്കൽ

***Answer key :***

സുസ്ഥിര വികസനത്തിന് വിഘാതമാവുന്നവ.

a, b, e, f, h, j, k

**പ്രവർത്തനം – 10**

നിങ്ങളുടെ പ്രദേശത്ത് ഇപ്പോൾ നടക്കുന്നതും സുസ്ഥിര വികസത്തിന് വിഘാതം നിൽക്കുന്നതുമായ ഏതെങ്കിലും ഒരു പ്രവർത്തനം കണ്ടെത്തുക. അത് എങ്ങനെ സുസ്ഥിര വികസനത്തിന് വിഘാതം നിൽക്കുന്നു എന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം – 11**

താഴെ തന്നിരിക്കുന്ന രാജ്യങ്ങളെ വികസ്വര രാജ്യങ്ങൾ വികസിത രാജ്യങ്ങൾ എന്നിങ്ങനെ പട്ടികപ്പെടുത്തി അങ്ങനെ അറിയപ്പെടാനുള്ള കാരണം വ്യക്തമാക്കുക.

- കാനഡ
- ഓസ്ട്രേലിയ
- സോമാലിയ
- പാക്കിസ്ഥാൻ
- ജപ്പാൻ
- ന്യൂസിലാന്റ്

***Answer key :***

വികസിതരാജ്യങ്ങൾ : കാനഡ, ഓസ്ട്രേലിയ, ജപ്പാൻ, ന്യൂസിലാന്റ്

വികസ്വരരാജ്യങ്ങൾ : സോമാലിയ, പാക്കിസ്ഥാൻ

| | | |
|---|---|---|
| വികസിതരാജ്യങ്ങൾ | : | ഉയർന്ന പ്രതിശീർഷ വരുമാനവും മെച്ചപ്പെട്ട ജീവിതനിലവാരവും പുലർത്തുന്ന രാജ്യങ്ങൾ. |
| വികസ്വര രാജ്യങ്ങൾ | : | കുറഞ്ഞ പ്രതിശീർഷ വരുമാനവും താഴ്ന്ന ജീവിതനിലവാരവും പുലർത്തുന്ന രാജ്യങ്ങൾ |

**പ്രവർത്തനം – 12**

സുസ്ഥിരവികസനം സംബന്ധിച്ച് മഹാത്മാഗാന്ധിയുടെയും മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെയും കാഴ്ചപ്പാടുകൾ വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

| | | |
|---|---|---|
| ഗാന്ധിജി | : | പ്രകൃതി വിഭവങ്ങൾ കരുതലോടെ ഉപയോഗിക്കണം. അത് നമ്മുടെ ആഗ്രഹങ്ങൾ നിറവേറ്റാനുള്ളതാണ്. അത്യാഗ്രഹങ്ങൾ നിറവേറ്റാനുള്ളതല്ല. |
| ഇന്ദിരാഗാന്ധി | : | വികസ്വരരാഷ്ട്രങ്ങളിലെ പരിസ്ഥിതി പ്രശ്നങ്ങൾ വികസനമില്ലായ്മയുടേതാണ്. വികസിതരാജ്യങ്ങളിൽ വികസനത്തിന്റെ പരിണിതഫലമായാണ് പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാവുന്നത്. |

**പ്രവർത്തനം – 13**

പരിസ്ഥിതി സംരക്ഷണത്തിനായി ഇന്ത്യയിൽ പ്രവർത്തിക്കുന്ന സംഘടനകൾ ഏതെല്ലാം?

***Answer key :***

വനം പരിസ്ഥിതി മന്ത്രാലയം.

മലിനീകരണ നിയന്ത്രണ ബോർഡ്.

❖ ❖ ❖

# 9. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ വിവിധ മേഖലകൾ

**പ്രധാന ആശയങ്ങൾ**

- പ്രാഥമിക മേഖല, ദ്വിതീയമേഖല, തൃതീയമേഖല എന്നിങ്ങനെ സമ്പദ്‌വ്യവസ്ഥയെ മൂന്ന് മേഖലകളായി തരംതിരിച്ചിരിക്കുന്നു.
- പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിലെ പ്രവർത്തനങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.
- മൂന്ന് മേഖലകളും മൊത്തം ദേശീയ ഉൽപ്പന്നത്തിലേക്ക് സംഭാവനചെയ്യുന്നു.
- ഓരോ മേഖലയിൽനിന്നും തൊഴിൽ ലഭ്യത ഉണ്ടാവുന്നു.
- ഉൽപാദനയൂണിറ്റുകളെ നിയന്ത്രണവും ഉടമസ്ഥാവകാശവും അനുസരിച്ച് പൊതുമേഖല, സ്വകാര്യമേഖല എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

**പ്രവർത്തനം - 1**

താഴെ കൊടുത്തിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ പട്ടികപ്പെടുത്തുക.

| |
|---|
| കച്ചവടം, പശുവളർത്തൽ, കെട്ടിടനിർമ്മാണം, കൃഷി, മത്സ്യബന്ധം, ബാങ്കിംഗ്, ബിസിനസ്സ്, വ്യവസായം, ഡ്രൈവിംഗ്, ഹോട്ടൽ, ടെലഫോൺ ബൂത്ത്, മരപ്പണി, മത്സ്യംവിൽപന, ആശുപത്രി |

***Answer key :***

| പ്രാഥമികം | ദ്വിതിയം | തൃതിയം |
|---|---|---|
| കൃഷി<br>മത്സ്യബന്ധനം<br>പശുവളർത്തൽ | കെട്ടിടനിർമ്മാണം<br>മരപ്പണി<br>വ്യവസായം | കച്ചവടം<br>ബിസിനസ്സ്<br>ഡ്രൈവിംഗ്<br>ഹോട്ടൽ<br>മത്സ്യംവിൽപന<br>ബാങ്കിംഗ്<br>ടെലഫോൺ ബൂത്ത്<br>ആശുപത്രി |

**പ്രവർത്തനം – 2**

A കോളത്തിന് അനുയോജ്യമായ സാമ്പത്തിക പ്രവർത്തനങ്ങൾ B, C കോളങ്ങളിൽനിന്ന് കണ്ടെത്തി എഴുതുക.

| A | B | C |
|---|---|---|
| പ്രാഥമിക മേഖല | ബാങ്കിംഗ് | മത്സ്യബന്ധനം |
| ദ്വിതിയ മേഖല | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും | വ്യവസായം |
| തൃതീയ മേഖല | കെട്ടിടനിർമ്മാണം | വിദ്യാഭ്യാസം |

***Answer key :***

| A | B | C |
|---|---|---|
| പ്രാഥമിക മേഖല | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും | മത്സ്യബന്ധനം |
| ദ്വിതീയ മേഖല | കെട്ടിടനിർമ്മാണം | വ്യവസായം |
| തൃതീയ മേഖല | ബാങ്കിംഗ് | വിദ്യാഭ്യാസം |

**പ്രവർത്തനം – 3**

വിട്ടുപോയവ പൂർത്തിയാക്കൂ.

**പ്രകൃതിയുമായി നേരിട്ട് നടക്കുന്ന പ്രവർത്തനങ്ങൾ** → **പ്രകൃതിയുമായി നേരിട്ട് നടക്കുന്ന പ്രവർത്തനങ്ങൾ**

........................................................
........................................................ → **ദ്വിതീയ മേഖല**

........................................................
........................................................ → **തൃതീയ മേഖല**

*Answer key :*

1. ഉൽപാദന മേഖല
2. വ്യവസായ പ്രക്രിയയിലൂടെ സാധനങ്ങൾ ഉൽപാദിപ്പിക്കുന്ന പ്രവർത്തനം.
3. മറ്റുള്ളവർക്ക് സേവനങ്ങൾ നൽകുന്ന പ്രവർത്തനങ്ങൾ.

**പ്രവർത്തനം – 4**

പഞ്ചസാര ഉൽപാദനവുമായി ബന്ധപ്പെട്ട് പ്രാഥമിക - ദ്വിതീയ - തൃതീയ മേഖലകളുടെ ബന്ധം കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.

**പഞ്ചസാര ഉൽപാദനം**

| പ്രാഥമികമേഖല | ദ്വിതിയ മേഖല | തൃതീയ മേഖല |
|---|---|---|
| കരിമ്പ് ഉൽപാദനം | (b) ............................ | (c) ............................<br>ഇൻഷ്വറൻസ് |

*Answer key :*

(b) വ്യവസായശാലയിൽ പഞ്ചസാര (c) ബാങ്കിംഗ്

**പ്രവർത്തനം – 5**

പരുത്തി കർഷകരുടെ പ്രവർത്തനങ്ങൾ തുണിവ്യവസായ യൂണിറ്റുകളേയും, വളംനിർമാണശാലയിലെ പ്രവർത്തനങ്ങൾ പരുത്തി കർഷകരേയും സഹായിക്കുന്നു. ഇത് താഴെപറയുന്ന ഏത് ബന്ധത്തേയാണ് സൂചിപ്പിക്കുന്നത്?

ദ്വിതീയമേഖല ↔ തൃതീയ മേഖല

ദ്വിതീയമേഖല ↔ പ്രാഥമിക മേഖല

തൃതീയമേഖല ↔ പ്രാഥമിക മേഖല

*Answer key :*

ദ്വിതീയമേഖല ↔ പ്രാഥമിക മേഖല

പ്രവർത്തനം – 6

**വിവിധ മേഖലകളിൽനിന്ന് GDP യിലേക്കുള്ള വിഹിതം**




ഗ്രാഫ് വിശകലനംചെയ്ത് അനുയോജ്യമായ 5 കണ്ടെത്തലുകൾ എഴുതുക.

***Answer key :***

1. തൃതീയ മേഖലയിൽനിന്നുള്ള വിഹിതമാണ് 2007-2008ൽ കേരളത്തിലേയും ഇന്ത്യയിലേയും ദേശീയ വരുമാനത്തിൽ കൂടുതൽ.
2. പ്രാഥമിക മേഖലയിൽനിന്നുള്ള വിഹിതം കുറവാണ്.
3. പ്രാഥമിക മേഖലയേക്കാളും കൂടുതൽ ദ്വിതീയ മേഖല സംഭാവന ചെയ്യുന്നു.
4. പ്രാഥമിക ദ്വിതീയ മേഖല വികസിക്കുമ്പോൾ സേവനങ്ങളുടെ ആവശ്യം കൂടിവരികയും ഇത് തൃതീയ മേഖലയുടെ വളർച്ചക്ക് കാരണമാവുകയും ചെയ്യുന്നു.
5. മൂന്ന് മേഖലകളുടെയും വളർച്ച പരസ്പരബന്ധിതമാണ്. ആനുപാതികമായ വളർച്ചയാണ് രാജ്യത്തിന് അഭികാമ്യം.

### പ്രവർത്തനം – 7

പട്ടിക വിശകലനംചെയ്ത് 5 കണ്ടെത്തലുകൾ എഴുതുക.

| മേഖല | ഇന്ത്യയിൽ തൊഴിൽലഭ്യതയുടെ ശതമാനം | | | |
|---|---|---|---|---|
| | **1973** | **1983** | **1993** | **2004-2005** |
| പ്രാഥമിക മേഖല | 74.4 | 69.9 | 64.9 | 56.5 |
| ദ്വിതീയ മേഖല | 10.8 | 13.3 | 14.2 | 18.7 |
| തൃതീയ മേഖല | 14.8 | 16.8 | 20.9 | 24.8 |

**Source : National Sample Survey**

## *Answer key :*

1. 1973 മുതൽ 2005 വരെ പ്രാഥമിക മേഖലയിലാണ് തൊഴിൽലഭ്യത കൂടുതൽ.
2. ഈ കാലഘട്ടത്തിൽ തൃതീയ മേഖലയിലെ തൊഴിൽലഭ്യത കൂടിവരുന്നു.
3. പ്രാഥമിക മേഖലയിലെ തൊഴിൽ ലഭ്യത കുറഞ്ഞ് വരികയാണ്.
4. ദ്വിതീയ മേഖലയിലും തൊഴിൽ ലഭ്യത കൂടിവരുന്നു.
5. പ്രാഥമിക മേഖലയിലെ ഉൽപാദനം വർദ്ധിക്കുകയും ആ മേഖലയുടെ ജനങ്ങളുടെ ആശ്രിതനിരക്ക് കുറയുകയും, ദ്വിതീയ, തൃതീയ മേഖലയിൽ ആശ്രയനിരക്ക് കൂടുകയും ചെയ്യുന്നത് സമ്പദ്‌വ്യവസ്ഥക്ക് ഗുണകരമാണ്.

### പ്രവർത്തനം – 8

താഴെ കൊടുത്തിരിക്കുന്ന തൊഴിലുകളെ സംഘടിത മേഖല, അസംഘടിത മേഖല എന്ന് തരംതിരിച്ചെഴുതുക.

| | |
|---|---|
| അധ്യാപകൻ | കെട്ടിടനിർമാണ തൊഴിലാളി |
| കർഷക തൊഴിലാളി | ചെറുകിട വ്യാപാര തൊഴിലാളി |
| | ബാങ്ക് ജീവനക്കാർ |
| ക്ലാർക്ക് | കുടിൽ വ്യവസായ തൊഴിലാളി |
| റയിൽവേ ജീവനക്കാർ | ബാർബർ തൊഴിലാളി |

## *Answer key :*

| | |
|---|---|
| സംഘടിതമേഖല | അധ്യാപകർ, ബാങ്ക് ജീവനക്കാർ, ക്ലാർക്ക്, റയിൽവേ തൊഴിലാളി |
| അസംഘടിതമേഖല | കർഷക തൊഴിലാളി, കെട്ടിടനിർമ്മാണ തൊഴിലാളി, ചെറുകിട വ്യാപാര തൊഴിലാളി, കുടിൽ വ്യവസായ തൊഴിലാളി, ബാർബർ തൊഴിലാളി. |

**പ്രവർത്തനം - 9**

അസംഘടിത മേഖലയെ അപേക്ഷിച്ച് സംഘടിതമേഖലയിലെ തൊഴിലാളികൾ എന്തെല്ലാം സൗകര്യങ്ങൾ ഉള്ളവരാണ്. ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

***Answer key :***

തൊഴിൽ സുരക്ഷ
നിയമാനുസൃത വേതനം
നിശ്ചിത ജോലിസമയം
അധികജോലിക്ക് പ്രത്യേക വേതനം
വേതനത്തോടുകൂടിയ അവധി പെൻഷൻ
പ്രസവം, മാരകരോഗം എന്നിവക്ക് പ്രത്യേക അവധി

**പ്രവർത്തനം - 10**

താഴെ കൊടുത്തിരിക്കുന്ന വ്യവസായശാലകളെ ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുക.

| | |
|---|---|
| കെൽട്രോൺ | ഹിന്ദുസ്ഥാൻ ലാറ്റക്സ് |
| ഹിന്ദുസ്ഥാൻ മോട്ടോർസ് | കൊച്ചിൻ റിഫൈനറി |
| FACT | അപ്പോളോ ടയേർസ് |
| ഇന്റഗ്രൽ കോച്ച് ഫാക്ടറി | VKC ചപ്പൽസ് |

***Answer key :***

| പൊതുമേഖലാ സ്ഥാപനങ്ങൾ | സ്വകാര്യമേഖലാ സ്ഥാപനങ്ങൾ |
|---|---|
| കെൽട്രോൺ<br>FACT<br>ഇന്റഗ്രൽ കോച്ച് ഫാക്ടറി<br>ഹിന്ദുസ്ഥാൻ ലാറ്റക്സ്<br>കൊച്ചിൻ റിഫൈനറി<br>അപ്പോളോ ടയേർസ് | ഹിന്ദുസ്ഥാൻ മോട്ടോർസ്<br>VKC ചപ്പൽസ് |

**പ്രവർത്തനം - 11**

സ്വകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനവും തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

***Answer key :***

സ്വകാര്യ സ്ഥാപനം - ലാഭം മാത്രം ലക്ഷ്യം

സർക്കാർ സ്ഥാപനം - ലാഭത്തോടൊപ്പം ജനങ്ങളുടെ ക്ഷേമവും ലക്ഷ്യമിടുന്നു.

ഡാം നിർമ്മാണം, റോഡ് വികസനം, ആശുപത്രികൾ എന്നിവ നിർമ്മിക്കുന്നു.

# 10. പണവും ധനകാര്യ സ്ഥാപനങ്ങളും

**പ്രധാന ആശയങ്ങൾ**

- ഒരു രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പണം നിർണായകമായ പങ്ക് വഹിക്കുന്നു.
- ഒരു സമ്പദ്‌വ്യവസ്ഥയിൽ വിവിധതരം ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.
- ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ വാണിജ്യബാങ്കുകൾ നല്ല പങ്ക് വഹിക്കുന്നുണ്ട്.
- കോർ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങി പല ആധുനിക സങ്കേതങ്ങളും ബാങ്കിംഗ് മേഖലയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.
- ഇന്ത്യയുടെ കേന്ദ്രബാങ്കാണ് റിസർവ്വ് ബാങ്ക്.
- ഇന്ത്യയിൽ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.
- സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് മൈക്രോ ഫിനാൻസ്.

**പ്രവർത്തനം - 1**

***പട്ടിക പൂർത്തിയാക്കുക. (ബാർട്ടർ സമ്പ്രദായം സംബന്ധിച്ച് ഒരു ലഘുവിവരണം നൽകുക)***

*ബാർട്ടർ സമ്പ്രദായത്തിന്റെ പരിമിതികൾ*

- സാധനങ്ങളുടെ മൂല്യം കണക്കാക്കുന്നതിലെ ബുദ്ധിമുട്ട്.
- 
- 
- 

***ഉത്തരസൂചിക :***

- നൽകുന്ന സധനത്തിനനുസരിച്ച് മൂല്യമുള്ള സാധനങ്ങൾ ലഭിക്കാത്ത അവസ്ഥ.
- ഇഷ്ടപ്പെടുന്ന സാധനങ്ങൾ ലഭിക്കാത്ത അവസ്ഥ.
- വാങ്ങുന്ന വസ്തുവിന്റെ മൂല്യവും നൽകുന്ന വസ്തുവിന്റെ മൂല്യവുമായി യോജിക്കാത്ത അവസ്ഥ.

**പ്രവർത്തനം - 2**

നിത്യജീവിതത്തിൽ പണം ഉപയോഗപ്പെടുത്തുന്ന ചില സന്ദർഭങ്ങൾ പരിചയപ്പെടുത്തുക (പാഠപുസ്തകത്തിലെ ഉദാഹരണങ്ങൾ) പണത്തിന്റെ ധർമ്മങ്ങൾ കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| പണത്തിന്റെ ധർമ്മങ്ങൾ |
|---|
| • വിനിമയ മാധ്യമം |
| • |
| • |

***ഉത്തരസൂചിക :***

വിനിമയമാധ്യമം (Medium of Exchange)

അളവിന്റെ ഏകകം (Measure of value)

മൂല്യശേഖരത്തിന്റെ ഏകകം (Store & Value)

കണക്കുസൂക്ഷിപ്പിന്റെ ഏകകം (Unit of account)

വിളംബിത കൊടുക്കലിന്റെ ഏകകം (Deferred payment) (ഭാവിയിൽ കൊടുക്കാമെന്നത്)

**പ്രവർത്തനം - 3**

ഫ്ളോചാർട്ടിന്റെ അടിസ്ഥാനത്തിൽ ചർച്ചചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുക.

ബാർട്ടർ സമ്പ്രദായം

↓

പണത്തിന്റെ ആവിർഭാവം

↓

പ്രാദേശിക പണമിടപാട് നടത്തുന്ന വ്യക്തികൾ

↓

പ്രാദേശിക പണമിടപാട് നടത്തുന്ന സ്ഥാപനങ്ങൾ

↓

ബാങ്ക്

***ഉത്തരസൂചിക :***

ബാർട്ടർ സമ്പ്രദായത്തിന്റെ പരിമിതികൾ - പണത്തിന്റെ ധർമ്മങ്ങൾ - പണത്തിന്റെ ആവശ്യകത - പണമിടപാട് നടത്തുന്ന വ്യക്തികളുടെ ആവിർഭാവം - പ്രാദേശിക പണമിടപാട് നടക്കുന്ന സ്ഥാപനങ്ങളായി വളർന്നുവന്നു. ബാങ്കുകളുടെ ആവിർഭാവം - ബാങ്കും സ്വകാര്യ ധനകാര്യസ്ഥാപനവും തമ്മിലുള്ള വ്യത്യാസങ്ങൾ.

**പ്രവർത്തനം - 4**

പട്ടിക പൂർത്തിയാക്കുക.

സ്വകാര്യ ധനകാര്യ സ്ഥാപനം - ബാങ്കുകൾ താരതമ്യംചെയ്യൽ.

| സ്വകാര്യ ധനകാര്യ സ്ഥാപനം | ബാങ്കുകൾ |
|---|---|
| • കൂടുതലും വായ്പയെടുക്കുന്നതിന്<br>•<br>•<br>• | • സാമ്പത്തിക പ്രവർത്തനങ്ങൾ കൂടുതൽ സൗകര്യം<br>•<br>• |

*ഉത്തരസൂചിക :*

## സ്വകാര്യ ധനകാര്യ സ്ഥാപനം

സാമ്പത്തിക പ്രവർത്തനങ്ങൾ സുതാര്യമല്ല, വായ്പക്ക് പലിശ കൂടുതൽ, ഇടപാടുകാരെ ചൂഷണം ചെയ്യുന്നു. എല്ലാവർക്കും സേവനം ലഭിക്കുന്നില്ല.

## ബാങ്കുകൾ

കൂടുതൽ ആളുകൾക്ക് സേവനം ലഭ്യമാവുന്നു. പലിശയുടേയും ചൂഷണത്തിന്റേയും അളവ് കുറവ്, ജനങ്ങളിൽ സമ്പാദ്യശീലം വർദ്ധിച്ചു. വായ്പയുടെ സാധ്യത സമ്പദ്‌വ്യവസ്ഥയുടെ വളർച്ചക്ക് സഹായകമായി. എല്ലാ വിഭാഗം ജനങ്ങൾക്കും സേവനം.

### പ്രവർത്തനം – 5

താഴെ കൊടുത്തിരിക്കുന്ന ബാങ്കുകളെ തരംതിരിച്ച് പട്ടികപ്പെടുത്തുക.

SBI, ഫെഡറൽ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, ദേനാ ബാങ്ക്, കനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, പോപ്പുലർ ഫിനാൻസ്, ഗോകുലം ഫിനാൻസ്, ഇന്ത്യൻ ബാങ്ക്, സഹകരണ അർബൻ ബാങ്ക്, കാത്തലിക്ക് സിറിയൻ ബാങ്ക്, പ്രാദേശിക സഹകരണ സംഘങ്ങൾ, കൊശമറ്റം.

*ഉത്തരസൂചിക :*

| വാണിജ്യ ബാങ്കുകൾ | | സഹകരണ ബാങ്കുകൾ | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ |
|---|---|---|---|
| പൊതുമേഖല | സ്വകാര്യമേഖല | | |
| എസ്.ബി.ഐ<br>എസ്.ബി.ടി.<br>കനറാ ബാങ്ക്<br>ഇന്ത്യൻ ബാങ്ക്<br>ദേനാ ബാങ്ക് | ഫെഡറൽ ബാങ്ക്<br>സൗത്ത് ഇന്ത്യൻ ബാങ്ക്<br>കാത്തലിക്ക് സിറിയൻ ബാങ്ക് | ജില്ലാ സഹകരണ ബാങ്ക്<br>പ്രാദേശിക സഹകരണ സംഘങ്ങൾ<br>സഹകരണ അർബൻ ബാങ്ക് | മുത്തൂറ്റ്<br>കൊശമറ്റം<br>പോപ്പുലർ<br>ഗോകുലം |

## പ്രവർത്തനം – 6

*ഫ്ളോചാർട്ട് പൂർത്തിയാക്കൂ.*




***ഉത്തരസൂചിക :***

(a) വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ മിച്ചമുള്ള തുക നിക്ഷേപിക്കാം. എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. കുറഞ്ഞ പലിശ ലഭിക്കും.

(b) പ്രചലിത നിക്ഷേപങ്ങൾ (Current Deposits)

(c) നിശ്ചിത കാലയളവിലേക്ക് നിക്ഷേപിക്കുന്നു. ഉയർന്ന പലിശ ലഭിക്കുന്നു. കാലാവധിക്കുശേഷമേ പിൻവലിക്കാൻ കഴിയൂ.

(d) ആവർത്തന നിക്ഷേപം (Recurring Deposits)

## പ്രവർത്തനം – 7

*പദസൂര്യൻ പൂർത്തിയാക്കൂ.*




***ഉത്തരസൂചിക :***

ക്രഡിറ്റ് കാർഡ്, മണി ട്രാൻസ്ഫർ, ലോക്കർ സൗകര്യം, ഇ-പേയ്മെന്റ്, ട്രെയിൻ വിമാന ടിക്കറ്റ് ബുക്കിംഗ്, ഇൻഷ്വറൻസ് അടക്കൽ, ടെലിഫോൺ ബിൽ അടയ്ക്കൽ, മൊബൈൽ റീചാർജിംഗ്.

**പ്രവർത്തനം - 8**

***ബാങ്കുകളുടെ ദേശസാൽക്കരണത്തിന് ഇടയായ സാഹചര്യം സംബന്ധിച്ച് ഒരു ചർച്ചാക്കുറിപ്പ് തയ്യാറാക്കുക.***

**ചർച്ചാ സൂചകങ്ങൾ**

- വാണിജ്യബാങ്കുകളുടെ ധനസഹായം വൻകിട വ്യവസായങ്ങൾക്കും സമ്പന്നവിഭാഗങ്ങൾക്കും മാത്രമായിരുന്നു.
- ചെറുകിട വ്യവസായങ്ങളുടെയും കാർഷിക മേഖലയുടെയും തകർച്ച.
- ബാങ്കുകളുടെ ലക്ഷ്യം സാമൂഹിക പുരോഗത കൂടിയാവണമെന്ന ബോധം.
- കാർഷിക ഗ്രാമീണ സമ്പദ് വ്യവസ്ഥയോടുള്ള അവഗണന ഒഴിവാക്കൽ.

**പ്രവർത്തനം - 9**

***ഫ്ളോചാർട്ട് പൂർത്തിയാക്കുക.***




***ഉത്തരസൂചിക :***

(A) ബാങ്കിന്റെ സേവനങ്ങൾ നൽകുന്നു. ചെക്ക് ഉപയോഗിച്ച് പണം പിൻവലിക്കാൻ കഴിയില്ല. ഡിമാന്റ് ഡ്രാഫ്റ്റ് നൽകുന്നില്ല.

(B) സ്വർണപണയത്തിന്മേൽ വായ്പ, വീടിന് വായ്പ, ഹയർ പർച്ചേസ് വായ്പ, ചിട്ടികൾ നടത്തൽ.

(C) ചെറുനിക്ഷേപകരിൽനിന്നും പണം സമാഹരിച്ച് ഓഹരി കമ്പോളത്തിലും മറ്റ് ആസ്തികളിലും നിക്ഷേപിക്കുന്നു.

(D) ചെറുകിട നിക്ഷേപകരിൽനിന്ന് പണം സമാഹരിച്ച് ഓഹരിക്കമ്പോളം, കടപ്പത്രങ്ങൾ, ഭൂമി ഇടപാട്, സ്വർണ്ണം തുടങ്ങിയവയിൽ നിക്ഷേപിച്ച് ലാഭനഷ്ടങ്ങൾ നിക്ഷേപകർക്ക് വീതിച്ച് നൽകുന്നു.

(E) വ്യക്തികളുടെ ജീവനും സ്വത്ത് വകകൾക്കും പരിരക്ഷ നൽകുന്ന സ്ഥാപനം.

(F) ആരോഗ്യ ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, വസ്തുവകകൾക്കുള്ള ഇൻഷ്വറൻസ്, അഷ്വറൻസ്.

**പ്രവർത്തനം – 10**

*ട്രീചാർട്ട് പൂർത്തിയാക്കൂ.*




***ഉത്തരസൂചിക :***

സമ്പാദ്യശീലം വളർത്തൽ, സ്വയംതൊഴിലിന് സഹായം പരസ്പര സഹായവും സഹകരണവും വളർത്തൽ സ്ത്രീശാക്തീകരണം.

പ്രവർത്തനം – 11

*പട്ടികപ്പെടുത്തുക.*

ബാങ്കിംഗ് രംഗത്തെ നൂതന പ്രവണതകൾ – ഇലക്ട്രോണിക് ബാങ്കിംഗ്, കോർ ബാങ്കിംഗ്.

***ഉത്തരസൂചിക :***

| ഇലക്ട്രോണിക് ബാങ്കിംഗ് | കോർ ബാങ്കിംഗ് |
|---|---|
| • കുറഞ്ഞ സമയത്തിനുള്ളിൽ ബാങ്കിംഗ് പ്രവർത്തനങ്ങൾ ചെയ്യാം.<br>• വീട്ടിലിരുന്ന് ലോകത്തെവിടെയും ബില്ലടയ്ക്കാൻ സാധിക്കുന്നു.<br>• ചെലവ് വളരെയേറെ കുറവ് | • ബാങ്കിന്റെ ശാഖകൾ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നു.<br>• ഏത് ശാഖയിൽനിന്നും മറ്റ് ശാഖയുടെ സേവനം ലഭ്യമാകുന്നു.<br>• ഉപഭോക്താക്കൾക്ക് സമയനഷ്ടമില്ല, കാത്തുനിൽക്കേണ്ടതില്ല. |

പ്രവർത്തനം – 12

***പദസൂര്യൻ പൂർത്തിയാക്കൂ. വിശദീകരണം നൽകൂ.***




***ഉത്തരസൂചിക :***

നോട്ട് അടിച്ചിറക്കൽ, ബാങ്കുകളുടെ ബാങ്ക്

ഗവൺമെന്റിന്റെ ഏജന്റ് ഉപദേഷ്ടാവ്, വായ്പാ – പണം പ്രദാനത്തിന്റെ നിയന്ത്രിക്കൽ

❖ ❖ ❖

# 11. ആഗോളവൽക്കരണം

### പഠനപ്രമേയം

- 1990-കൾക്കുശേഷം ഇന്ത്യയുടെ സാമ്പത്തികനയത്തിലുണ്ടായ മാറ്റം എങ്ങനെ ഉൽപ്പന്ന വിപണിയെ ബാധിച്ചു.
- ആഗോളവൽക്കരണം.
- ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ ഘടകങ്ങൾ.
- ആഗോളവൽക്കരണം - പശ്ചാത്തലം
- ഉദാരവൽക്കരണം
- സ്വകാര്യവൽക്കരണം
- വിദേശ മൂലധനം
- ബഹുരാഷ്ട്ര കമ്പനികൾ
- അന്താരാഷ്ട്ര സംഘടനകൾ
- ആഗോളവൽക്കരണം - ഇന്ത്യയിൽ

### പ്രവർത്തനം - 1

1990ന് മുമ്പും 1990ന് ശേഷവുമുള്ള ഇന്ത്യയുടെ ഉൽപ്പന്ന വിപണി താരതമ്യംചെയ്യുക.

| 1990 മുമ്പ് | 1990നുശേഷം |
|---|---|
| • ഉപഭോഗവസ്തുക്കൾ തദ്ദേശ കമ്പനികളിൽ ഉൽപ്പാദിപ്പിച്ചു.<br>• മൂലധന നിക്ഷേപം നടത്തുന്നതിന് നിയന്ത്രണം.<br>• ഇറക്കുമതി ചുങ്കം നൽകുക.<br>• ഇറക്കുമതി നിരുത്സാഹപ്പെടുത്തി ആഭ്യന്തര വ്യവസായം സംരക്ഷിക്കപ്പെട്ടു.<br>• ഇറക്കുമതി ബദൽ സാമ്പത്തികനയം സ്വീകരിച്ചു. | • വിദേശ കമ്പനികളുടെ ഉൽപ്പന്നങ്ങൾ കമ്പോളത്തിൽ യഥേഷ്ടം ലഭിക്കുന്നു.<br>• മൂലധന നിക്ഷേപം വിദേശകമ്പനികൾ നേരിട്ട് നടത്തുന്നു.<br>• ഇറക്കുമതി ചുങ്കം കുറച്ചു.<br>• വിദേശസാങ്കേതികവിദ്യ സ്വീകരിക്കുന്നതിനുള്ള നിയന്ത്രണം എടുത്തുകളഞ്ഞു.<br>• പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ വൽക്കരിക്കപ്പെട്ടു.<br>• കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്ന നയം. |

### പ്രവർത്തനം – 2

1990ന് ശേഷം ഇന്ത്യയുടെ സാമ്പത്തികനയത്തിലുണ്ടായ മാറ്റം എന്തൊക്കെയാണ്? കണ്ടെത്തുക.

### ഉത്തരസൂചിക

- സ്വകാര്യവൽക്കരണം
- ഇറക്കുമതി ഉദാരവൽക്കരണം.
- കയറ്റുമതിയിലൂന്നിയ സാമ്പത്തിക നയം
- വിദേശ മൂലധന നിക്ഷേപം നിയന്ത്രണം എടുത്തുകളഞ്ഞു.
- ഉൽപ്പന്ന വിപണിയിൽ വിദേശകമ്പനികളുടെ കടന്നുകയറ്റം.
- എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കമ്പോളമാണെന്ന ചിന്താഗതി.

### പ്രവർത്തനം – 3

സാമ്പത്തികനയത്തിലുണ്ടായ മാറ്റങ്ങൾ ജനങ്ങളുടെ ജീവിതത്തെ എങ്ങനെ സ്വാധീനിച്ചു?

### ഉത്തരസൂചിക

- കർഷകരുടെ പ്രശ്നങ്ങൾ വർദ്ധിച്ചു.
- സ്വദേശി വ്യവസായങ്ങളുടെ തകർച്ച.
- വിദേശ മൂലധന നിക്ഷേപ വർദ്ധനവ്.
- തൊഴിൽമേഖലയിലെ വർദ്ധനവ്.

### പ്രവർത്തനം – 4

ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ ഘടകങ്ങൾ ഒരു പദസൂര്യനിലൂടെ ചിത്രീകരിക്കുക.

### ഉത്തരസൂചിക



## പ്രവർത്തനം – 5

താഴെ പറയുന്ന വസ്തുതകൾ അതാതു പ്രക്രിയയുമായി ബന്ധപ്പെടുത്തുക.

## ഉത്തരസൂചിക

- ഒരു സമ്പദ്‌വ്യവസ്ഥയുടെ പ്രവർത്തനത്തിലുള്ള സർക്കാർ നിയന്ത്രണങ്ങളും ഇടപെടലുകളും പരിമിതപ്പെടുത്തുന്നത് ***ഉദാരവത്ക്കരണം.***
- ഒരു രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പൊതുമേഖലയുടെ പങ്കാളിത്തം കുറയുകയും സ്വകാര്യമേഖലയുടെ പങ്കാളിത്തം കൂട്ടുകയും ചെയ്യുക. ***സ്വകാര്യവൽക്കരണം.***
- മുതലാളിത്ത രാജ്യങ്ങൾ സാമ്പത്തിക പ്രവർത്തനത്തിലുള്ള സർക്കാർ നിയന്ത്രണം പരമാവധി കുറയ്ക്കുകയും വ്യക്തികൾക്കം സ്വകാര്യ സ്ഥാപനങ്ങൾക്കും പരമാവധി സ്വാതന്ത്ര്യം നൽകുകയും ചെയ്തത് ലെസേ ഫെയർ പോളിസി.

## പ്രവർത്തനം – 6

ഉദാരവൽക്കരണം താഴെ പറയുന്ന രംഗങ്ങളിൽ എത്രത്തോളം അഭിലഷണീയമാണ്?

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, പൊതുവിതരണം.

## ഉത്തരസൂചിക

- വിദ്യാഭ്യാസ ആരോഗ്യ സേവനങ്ങൾ
  (സൗജന്യ വിദ്യാഭ്യാസം, സൗജന്യ ആരോഗ്യപരിപാലനം എന്നിവ ലഭ്യമല്ലാതാകുന്നു)
- സാമൂഹ്യ സുരക്ഷാ പദ്ധതികൾ
  അസന്തുലിതമായ സാമ്പത്തിക വിതരണം – ജീവിക്കാനുള്ള അവകാശ നിഷേധം.
- പൊതു വിതരണ സമ്പ്രദായം
  (കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ ലഭ്യമല്ല).

## പ്രവർത്തനം – 7

ആഗോളവൽക്കരണത്തെ തുടർന്നുണ്ടായ വിദേശനിക്ഷേപത്തിന്റെ സവിശേഷത ഒരു ഫ്ളോചാർട്ടിലൂടെ അവതരിപ്പിക്കുക.

## ഉത്തരസൂചിക

**വിദേശ നിക്ഷേപം**

**പ്രത്യക്ഷ വിദേശ നിക്ഷേപം**

മറ്റൊരു രാജ്യത്തെ വ്യവസായം കൃഷി, ഊർജ്ജം എന്നിവയിൽ നിക്ഷേപിക്കുന്നു.

**പോർട്ട് ഫോളിയോ നിക്ഷേപം**

മറ്റൊരു രാജ്യത്തെ ബാങ്ക് നിക്ഷേപം ബോണ്ടുകൾ, ഓഹരികൾ തുടങ്ങിയവയിൽ നിക്ഷേപിക്കുന്നു.

### പ്രവർത്തനം – 8

വിദേശ നിക്ഷേപം ഓഹരി കമ്പോളത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വിലയിരുത്തുക.

### ഉത്തരസൂചിക

- ഓഹരി കമ്പോളത്തിൽ നിക്ഷേപം നടത്തുന്നു.
- ഓഹരികൾക്ക് കൃത്രിമമായി ആവശ്യം സൃഷ്ടിക്കപ്പെടുന്നു.
- ഓഹരിവില ഉയരുന്നു.
- ലാഭം.

### പ്രവർത്തനം – 9

ബഹുരാഷ്ട്രകമ്പനികളുടെ സവിശേഷതകൾ എന്തൊക്കെയാണ്?

### ഉത്തരസൂചിക

- ഒരു രാജ്യത്ത് രജിസ്റ്റർ ചെയ്ത് നിരവധി രാജ്യങ്ങളിൽ പ്രവർത്തിച്ചുവരുന്നു.
- മാതൃരാജ്യം വികസിത രാജ്യങ്ങൾ.
- കൊളോണിയൻ ചൂഷണത്തിന്റെ പുതിയ രൂപം.
- വികസ്വര രാജ്യങ്ങളുടെ ആഭ്യന്തര നയങ്ങളിലുള്ള ഇടപെടൽ.

### പ്രവർത്തനം – 10

പുതുകോളനി വാഴ്ച (Neo-Colonisation) എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്?

### ഉത്തരസൂചിക

- ബഹുരാഷ്ട്ര കമ്പനികൾ വികസ്വരരാജ്യങ്ങളുടെ ആഭ്യന്തരനയങ്ങൾ, നിയമങ്ങൾ എന്നിവ തങ്ങൾക്കനുസൃതമാക്കുന്നു.
- മൂലധനം വികസ്വരരാജ്യങ്ങളിൽ നിക്ഷേപിക്കുന്നു. അവിടെത്തെ തൊഴിലും കമ്പോളവും ചൂഷണംചെയ്യുന്നു.
- പരമാവധി ലാഭം ലക്ഷ്യം.

### പ്രവർത്തനം – 11

വികസിത രാജ്യങ്ങൾ, വികസ്വര രാജ്യങ്ങൾ എന്നിവയെ താരതമ്യംചെയ്ത് പട്ടിക തയ്യാറാക്കുക.

## ഉത്തരസൂചിക

| വികസിതരാജ്യങ്ങൾ | വികസ്വര രാജ്യങ്ങൾ |
|---|---|
| സാമ്പത്തിക വികസനം ഉയർന്നത് | സാമ്പത്തിക വികസനം പരിമിതം |
| സാങ്കേതികവിദ്യ വികസനം ഉയർന്നത് | സാങ്കേതികവിദ്യ - വേണ്ടത്രയില്ല |
| ജനസംഖ്യ കുറവ് | ജനസംഖ്യ കൂടുതൽ |

## പ്രവർത്തനം - 12

ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിനായി, വികസിത രാജ്യങ്ങൾ രൂപംകൊടുത്ത അന്താരാഷ്ട്ര സംഘടനകൾ ഏതൊക്കെയാണ് കണ്ടെത്തുക.

## ഉത്തരസൂചിക

- അന്താരാഷ്ട്ര നാണയ നിധി (IMF)
- ലോക ബാങ്ക് (World Bank)
- ലോക വ്യാപാര സംഘടന (WTO)

## പ്രവർത്തനം - 13

അന്താരാഷ്ട്ര നാണയനിധിയുടെ ആസ്ഥാനമേത്? നിലവിൽവന്ന വർഷമേത്?

## ഉത്തരസൂചിക

- 1945-ൽ വാഷിംഗ്ടൺ D.C.

## പ്രവർത്തനം - 14

ലോകബാങ്ക് നിലവിൽ വന്ന വർഷമേത്? ആസ്ഥാനമേത്?

## ഉത്തരസൂചിക

- 1945-ൽ വാഷിംഗ്ടൺ D.C.

## പ്രവർത്തനം - 15

അന്തരാഷ്ട്ര നാണയനിധി - ധർമ്മങ്ങൾ ഒരു പദസൂര്യനിലൂടെ ചിത്രീകരിക്കുക.

## ഉത്തരസൂചിക




## പ്രവർത്തനം – 16

ലോകബാങ്കിന്റെ ധർമ്മങ്ങൾ രേഖപ്പെടുത്തുക.

## ഉത്തരസൂചിക

- സാമ്പത്തികരംഗം പുനഃസ്ഥാപിക്കുവാൻ സഹായം നൽകുക.
- രണ്ടാം ലോകമഹായുദ്ധംമൂലം തകർന്ന അംഗരാജ്യങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.
- വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുക.

## പ്രവർത്തനം – 17

അന്താരാഷ്ട്ര സംഘടനകൾ ആഗോളവൽക്കരണത്തെ ശക്തിപ്പെടുത്തുന്നതെങ്ങനെ?

## ഉത്തരസൂചിക

- സാമ്പത്തിക പ്രതിസന്ധിയുള്ള രാജ്യങ്ങൾ വായ്പയെടുക്കുന്നു.
- സംഘടനകൾ നിർദ്ദേശിക്കുന്ന ഉപാദികൾ നടപ്പാക്കേണ്ടതായി വരുന്നു.
- ഈ ഉപാധികൾ ആഗോളീകരണത്തെ പുഷ്ടിപ്പെടുത്തുന്നവയായിരിക്കും.

## പ്രവർത്തനം – 18

ലോകവ്യാപാര സംഘടനയുടെ ആസ്ഥാനം ഏത്? നിലവിൽവന്ന വർഷമേത്?

## ഉത്തരസൂചിക

- ജനീവ 1995

## പ്രവർത്തനം – 19

GATT എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ത്? ഇതിന്റെ ലക്ഷ്യങ്ങളെന്തൊക്കെ?

**ഉത്തരസൂചിക**

- General Agreement on Trade and Tarriff - GATT
- ലോകവ്യാപാരം നിയന്ത്രിക്കാനായി രൂപീകരിച്ച ഒരു അന്താരാഷ്ട്ര സംഘടനയാണിത്.
- പിന്നീട് തീരുവയേയും വ്യാപാരത്തേയും സംബന്ധിച്ച ഒരു കരാറായി നിലവിൽവന്നു.
- ആഗോളവ്യാപാരത്തിൽ നിന്നുയരുന്ന നിയന്ത്രണങ്ങളെ രാജ്യങ്ങളുടെ കൂട്ടായ ചർച്ചയിലൂടെ നീക്കുക എന്നത് ലക്ഷ്യം.

**പ്രവർത്തനം - 20**

1986 ഉറുഗ്വേ വട്ട ചർച്ചകളുടെ (ജനീവ) പ്രാധാന്യം കണ്ടെത്തുക?

**ഉത്തരസൂചിക**

- ഗാട്ടിനുപകരം 1995-ൽ ലോക വ്യാപാരസംഘടന (WTO) നിലവിൽവന്നു.

**പ്രവർത്തനം - 21**

1 ലോകവ്യാപാര സംഘടന (WTO) യുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെ?

**ഉത്തരസൂചിക**

- ഇറക്കുമതി തീരുവ (സാധനങ്ങൾ, സേവനങ്ങൾ) എന്നിവയ്ക്കുള്ളത് ഘട്ടം ഘട്ടമായി കുറയ്ക്കുക.
- കയറ്റുമതി സബ്സിഡി കുറയ്ക്കുക.
- കൃഷിക്ക് നൽകുന്ന സബ്സിഡി കുറയ്ക്കുക.
- മാധ്യമങ്ങൾ, ടെലികോം, ബാങ്കിംഗ്, ഇൻഷൂറൻസ് മേഖലകളിൽ വിദേശനിക്ഷേപം അനുവദിക്കുക.
- വിദേശനിക്ഷേപങ്ങൾക്ക് നൽകുന്ന പരിഗണന കൊടുക്കുക.
- പേറ്റന്റ് നിയമം പരിഷ്കരിക്കുക.

**പ്രവർത്തനം - 22**

പേറ്റന്റ് നിയമം എന്നാലെന്ത്? ഇന്ത്യ സ്വീകരിച്ച പേറ്റന്റ് നയമേത്? കുറിപ്പ് തയ്യാറാക്കുക.

**ഉത്തരസൂചിക**

- പുതിയ സാങ്കേതികവിദ്യയോ ഉൽപ്പന്നമോ, പുതിയ ഉൽപ്പാദന രീതിയോ കണ്ടുപിടിക്കുന്നവർക്ക് നിശ്ചിത കാലത്തേക്ക് നൽകുന്ന സംരക്ഷണം.
- രണ്ടുതരം പേറ്റന്റുകളുണ്ട്. (പ്രക്രിയ പേറ്റന്റും, ഉൽപ്പന്ന പേറ്റന്റും).
- ഇന്ത്യയുടേത് പ്രക്രിയ പേറ്റന്റിൽനിന്നും ഉൽപ്പന്ന പേറ്റന്റിലേക്ക് മാറി.

**പ്രവർത്തനം - 23**

ആഗോളവൽക്കരണത്തിന്റെ ഫലമായി ഇന്ത്യ സ്വീകരിച്ച നടപടികൾ എന്തൊക്കെ?

## ഉത്തരസൂചിക

- പൊതുമേഖലയിൽ പ്രവർത്തിച്ചിരുന്ന പല വ്യവസായങ്ങളും സ്വകാര്യവൽക്കരിച്ചു.
- പൊതുമേഖലയ്ക്കു മാത്രമായി നീക്കിവെച്ചിരുന്ന പല മേഖലകളും സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുത്തു.
- വ്യവസായമേഖലകളിൽ സർക്കാരിന്റെ നിയന്ത്രണങ്ങൾ പരിമിതമാക്കി.
- വിദേശ സാങ്കേതിക കരാറുകൾ ഉദാരമാക്കി.
- വിദേശബ്രാന്റ് നെയിം ഉപയോഗിക്കുവാൻ അനുവാദം നൽകി.
- ഇറക്കുമതി തീരുവ ഘട്ടം ഘട്ടമായി കുറച്ചു.
- വ്യക്തികളുടെ വരുമാന നികുതി നിരക്കിൽ കുറവുവരുത്തി.
- കാർഷിക സബ്സിഡി കുറച്ചു.
- കമ്പനികളുടെ ആദായനികുതി നിരക്ക് കുറച്ചു.
- ചരക്ക് നികുതി കുറച്ചു.

## പ്രവർത്തനം – 24

രണ്ടു പതിറ്റാണ്ടുകളിലേറെയായി ഇന്ത്യയിൽ സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണല്ലോ. ഈ പരിഷ്ക്കാരങ്ങൾ നമ്മുടെ രാജ്യത്ത് എന്തെല്ലാം പ്രതിഫലനങ്ങൾ ഉണ്ടാക്കിയെന്ന് വിലയിരുത്തുക.

## ഉത്തരസൂചിക

- പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചു.
- കമ്പോള വ്യാപനം
- വിപണിയിൽവന്ന മാറ്റങ്ങൾ
- ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചാ നിരക്ക്
- വിദേശ നിക്ഷേപം
- വിദേശനാണയ കരുതൽ ശേഖരം
- സാമ്പത്തിക അസമത്വം
- ഇറക്കുമതിയുടെ ഉദാരവൽക്കരണം കാർഷികമേഖല തകർത്തു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം
- പേറ്റന്റ് നിയമ പരിഷ്ക്കരണം
- സേവന മേഖലകളിൽനിന്നും സർക്കാരിന്റെ പിന്മാറ്റം
- തൊഴിൽ സുരക്ഷിതത്വം ഇല്ലാതായി.
- ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ തകർന്നു.

## പ്രവർത്തനം – 25

ബ്രട്ടൻ വുഡ്സ് ഇരട്ടകളായ അന്താരാഷ്ട്ര നാണയനിധി, ലോകബാങ്ക് എന്നീ സ്ഥാപനങ്ങളുടെ ധർമ്മങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| IMF - അന്താരാഷ്ട്ര നാണയനിധി | IBRD - ലോകബാങ്ക് |
|---|---|
| • ഹ്രസ്വകാല സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാമ്പത്തിക സഹായം നൽകുന്നു.<br>•<br>•<br>• | • ദീർഘകാല സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായം നൽകുന്നു.<br>•<br>•<br>• |

## ഉത്തരസൂചിക

| IMF - അന്താരാഷ്ട്ര നാണയനിധി | IBRD - ലോകബാങ്ക് |
|---|---|
| • വിദേശ വിനിമയനിരക്ക് നിയന്ത്രണം | • വിദേശകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നു. |
| • മൂലധനം സ്വരൂപിക്കുന്നത് ഓഹരകളിലൂടെ. | • മൂലധനം ഓഹരികളിലൂടെയും വായ്പകളിലൂടെയും സ്വരൂപിക്കുന്നു. |
| • അംഗരാജ്യങ്ങൾക്ക് വായ്പ നൽകുക. | • രണ്ടാംലോക മഹായുദ്ധംമൂലം തകർന്ന സാമ്പത്തികരംഗം പുന:സ്ഥാപിക്കാൻ ധനസഹായം നൽകുക. |
| • അംഗരാജ്യങ്ങൾക്ക് ബജറ്റ്, ധനകാര്യം വിദേശവിനിമയം എന്നിവയ്ക്ക് ഉപദേശം. | • അംഗരാജ്യങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സമ്പത്തികസഹായം |

## പ്രവർത്തനം – 26

ആഗോളവൽക്കരണത്തിന്റെ ഗുണഫലങ്ങൾ കണ്ടെത്തുക.

## ഉത്തരസൂചിക

- ഉല്പാദനം വർദ്ധിക്കുന്നു.
- കയറ്റുമതി വർദ്ധിക്കുന്നു.
- അതിരുകളില്ലാത്ത ലോകം സൃഷ്ടിക്കുന്നു.
- ശാസ്ത്രസാങ്കേതിരംഗത്ത് വളർച്ച.
- വാർത്താവിനിമയരംഗത്തെ കുതിച്ചുചാട്ടം.
- മൂലധനനിക്ഷേപങ്ങളുടെ ഒഴുക്ക്.

- വിദേശ ഉൽപ്പന്നങ്ങൾ കമ്പോളത്തിൽ ലഭിക്കുന്നു.
- കുറഞ്ഞവിലക്ക് സാധനങ്ങൾ ലഭിക്കുന്നു.
- തൊഴിൽ സാധ്യതകൾ.
- സാംസ്കാരിക കൈമാറ്റം.
- മാനവവിഭവ കയറ്റുമതി

### പ്രവർത്തനം - 27

ആഗോളവൽക്കരണത്തിനെതിരെ പ്രവർത്തിക്കുന്ന ലോകസംഘടനകൾ ഏതൊക്കെ?

### ഉത്തരസൂചിക

- ലോക സോഷ്യൽ ഫോറം
- ഏഷ്യൻ സോഷ്യൽ ഫോറം
- യൂറോപ്യൻ ഫോറം

❖ ❖ ❖

# 12. സമ്പദ്‌വ്യവസ്ഥയും സർക്കാരും

**പ്രവർത്തനം – 1**

താഴെ കൊടുത്തിരിക്കുന്ന പത്രവാർത്തകൾ പരിശോധിച്ച് സാമ്പത്തികക്ഷേമ പ്രവർത്തനങ്ങളിൽ സർക്കാരിന്റെ ഇടപെടൽ വർദ്ധിച്ചതിന്റെ പ്രാധാന്യം വിലയിരുത്തുക.

തീവ്രവാദം നേരിടുന്നതിന് സർക്കാർ ശക്തമായ നടപടി കൈക്കൊള്ളും

തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ പ്രത്യേക തൊഴിൽദാന പദ്ധതികൾക്ക് രൂപംനൽകി.

വയനാട്ടിൽ ട്രൈബൽ മെഡി. കോളേജ് ആരംഭിക്കുന്നതിന് സർക്കാർതലത്തിൽ അംഗീകാരം നൽകി.

BPL കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി

## ഉത്തരസൂചിക

- വിദേശ ആക്രമങ്ങളെ പ്രതിരോധിക്കുക സർക്കാരിന്റെ പ്രധാന ചുമതലയാണ്.
- ജനങ്ങളുടെ അധ്വാനശേഷി പ്രയോജനപ്പെടുത്താതിരിക്കുന്ന അവസ്ഥയാണ് തൊഴിലില്ലായ്മ. ഇവ പരിഹരിക്കുന്നതിന് ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും തൊഴിൽദാന പദ്ധതികളും സർക്കാർ നടപ്പിലാക്കുന്നു.
- സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത് സർക്കാർ നിക്ഷേപം വഴിയാണ്.
- സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതികൾക്ക് സർക്കാർ രൂപംനൽകുന്നു.

  ഉദാ:- ആരോഗ്യ ഇൻഷൂറൻസ് പദ്ധതി

**പ്രവർത്തനം – 2**

ലോകത്തിൽ നിലനിൽക്കുന്ന വിവിധ സാമ്പത്തികവ്യവസ്ഥയുടെ സവിശേഷതകൾ താരതമ്യംചെയ്യുക.

## ഉത്തരസൂചിക

| മുതലാളിത്തം | സോഷ്യലിസം | മിശ്ര സമ്പദ് വ്യവസ്ഥ |
|---|---|---|
| • സ്വകാര്യ സ്വത്തവകാശം<br>• ഉപഭോക്താവിന്റെ പരമാധികാരം<br>• ആസൂത്രണത്തിന്റെ അഭാവം<br>• സ്വതന്ത്ര കമ്പോള വ്യവസ്ഥ<br>• ലാഭേച്ഛ<br>• സാമ്പത്തിക അസമത്വം | • സ്വകാര്യ സ്വത്തവകാശമില്ല.<br>• പൊതു ഉടമസ്ഥത<br>• കേന്ദ്രീകൃത ആസൂത്രണം<br>• സാമൂഹ്യക്ഷേമം ലക്ഷ്യം<br>• സാമൂഹിക സാമ്പത്തിക സമത്വം<br>• കുത്തകയുടെ അഭാവം | • സ്വകാര്യ, പൊതുമേഖലകളുടെ സ്വാധീനം.<br>• സാമ്പത്തിക ആസൂത്രണം.<br>• ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം<br>• മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും നല്ല വശങ്ങൾ. |

**പ്രവർത്തനം – 3**

ഗവൺമെന്റിന്റെ വരുമാനമാർഗ്ഗങ്ങൾ കാണിക്കുന്ന ഫ്ളോചാർട്ട് നിർമ്മിക്കുക.

## ഉത്തരസൂചിക



**പ്രവർത്തനം - 4**

നികുതി നൽകാതിരിക്കുന്നതിനുള്ള പ്രവണത സമൂഹത്തിൽ പലവിധത്തിൽ നിലനിൽക്കുന്നു. (വസ്തുക്കൾ വാങ്ങിക്കുമ്പോൾ ബില്ല് വാങ്ങാതിരിക്കുക, ബില്ല് യഥാർത്ഥമാണോ എന്ന് പരിശോധിക്കാതിരിക്കുക, നികുതിവെട്ടിപ്പ് തുടങ്ങിയവ) ഈ പ്രവണതകൾ സമൂഹത്തിലെ ക്ഷേമപ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് കണ്ടെത്തുക?

**ഉത്തരസൂചിക**

- സർക്കാരിന് ലഭിക്കുന്ന പ്രധാന വരുമാനമാർഗ്ഗമാണ് നികുതി.
- സമ്പദ്വ്യവസ്ഥയിൽ ഇടപെടുന്നതിനുള്ള സർക്കാരിന്റെ ഒരുപകരണമാണ് നികുതി.
- വസ്തുക്കൾ വാങ്ങുമ്പോൾ ബില്ല് വാങ്ങാതിരിക്കുക വഴി ഉപഭോക്താവ് വ്യാപാരിക്ക് ലാഭം ഉണ്ടാക്കുകയാണ് ചെയ്യുന്നത്.
- ബില്ല് തരാതിരിക്കുക വഴി വ്യാപാരിക്ക് ലഭിക്കുന്ന ലാഭത്തിന്റെ യഥാർത്ഥ വിഹിതമല്ല സർക്കാരിലേക്ക് അടയ്ക്കുന്നത്.
- വരുമാന നികുതി അടയ്ക്കുമ്പോൾ വരുമാനം കുറച്ച് കാണിക്കാനുള്ള ഒരു ത്വര നികുതിദായകർക്ക് ഉണ്ട്.
- വികസനപ്രവർത്തനങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കും സർക്കാരിന് ഫണ്ട് കുറയുന്നു.

**പ്രവർത്തനം - 5**

ഇന്ത്യയിൽ കേന്ദ്രസർക്കാർ ചുമത്തുന്ന പ്രധാന നികുതികളേതൊക്കെ?

**ഉത്തരസൂചിക**

- കമ്പനി ആദായ നികുതി
- വ്യക്തിഗത വരുമാന നികുതി
- യൂണിയൻ എക്സൈസ് ഡ്യൂട്ടി
- കസ്റ്റംസ് ഡ്യൂട്ടി

**പ്രവർത്തനം - 6**

ഇന്ത്യയിൽ സംസ്ഥാന സർക്കാർ ചുമത്തുന്ന പ്രധാന നികുതികളേതൊക്കെ?

**ഉത്തരസൂചിക**

- വിൽപ്പന നികുതി
- സ്റ്റാമ്പ് ഡ്യൂട്ടി
- സംസ്ഥാന എക്സൈസ് ഡ്യൂട്ടി

**പ്രവർത്തനം – 7**

ഇന്ത്യയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന പ്രധാന നികുതികളേതൊക്കെ?

**ഉത്തരസൂചിക**

- കെട്ടിട നികുതി
- തൊഴിൽ നികുതി
- വിനോദ നികുതി
- പരസ്യ നികുതി

**പ്രവർത്തനം – 8**

വിവിധതരം ബജറ്റുകളേതൊക്കെ?

**ഉത്തരസൂചിക**

- സന്തുലിത ബജറ്റ് - ചെലവ് = വരുമാനം
- കമ്മി ബജറ്റ് - ചെലവ് കൂടുതൽ വരുമാനം കുറവ്
- മിച്ച ബജറ്റ് - ചെലവ് കുറവ് വരുമാനം കൂടുതൽ

**പ്രവർത്തനം – 9**

ആധുനികകാലത്ത് പൊതുചിലവ് വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തുക.

**ഉത്തരസൂചിക**

- ആഭ്യന്തര സുരക്ഷ (ദേശരക്ഷ)
- ജനസംഖ്യാ വർദ്ധനവ്
- ജനക്ഷേമ പ്രവർത്തനങ്ങൾ (വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം....)
- ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
- നഗരവൽക്കരണം
- നാണ്യപ്പെരുപ്പം
- വികസന ചെലവ് വർദ്ധിക്കുന്നു. (റോഡ്, റെയിൽ, അടിസ്ഥാന സൗകര്യ വികസനം)

**പ്രവർത്തനം – 10**

സാമ്പത്തികമാന്ദ്യം ലോകരംഗത്ത് വൻ കുഴപ്പങ്ങൾക്കിടയാക്കി. ഇന്ത്യയും അതിന്റെ ഭീഷണി നേരിടുന്നു. സ്വകാര്യമേഖല തഴച്ചുവളരുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ പൊതുമേഖലയുടെ പ്രാധാന്യമെന്ത്?

**ഉത്തരസൂചിക**

- ഇന്ത്യയിലെ പൊതുമേഖല ശക്തമായതുകാരണമാണ് ആഗോള സാമ്പത്തിക മാന്ദ്യത്തിലും ഇന്ത്യയ്ക്ക് പിടിച്ചുനിൽക്കാനായത്.
- സ്വകാര്യമേഖല ലാഭാധിഷ്ഠിതമാണ്.
- പൊതുമേഖല, പൊതുജനക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

**പ്രവർത്തനം – 11**

ഒരു സമ്പദ്‌വ്യവസ്ഥയിൽ സർക്കാർ ഇടപെടൽ അനിവാര്യമായ സാമൂഹ്യപ്രശ്നങ്ങൾ എന്തൊക്കെ?

**ഉത്തരസൂചിക**

- അസമത്വം ലഘൂകരിക്കുക.
- അടിസ്ഥാന സൗകര്യവികസനം.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറയ്ക്കുക.
- പരിസ്ഥിതി സംരക്ഷണം
- സാമൂഹ്യസേവനം
- സ്ഥിരത കൈവരിക്കുക
- സാമൂഹ്യസുരക്ഷാ പ്രവർത്തനങ്ങൾ
- ക്രമസമാധാനവും പ്രതിരോധവും
- സാമ്പത്തിക പ്രവർത്തനങ്ങൾ

❖ ❖ ❖

# വിജയപഥം

## പത്താംതരം അധികപഠനസാമഗ്രി

# സാമൂഹ്യശാസ്ത്രം – I

# 1. ആധുനിക ലോകത്തിന്റെ ഉദയം

**പ്രധാന ആശയങ്ങൾ**

ഇന്ത്യാ സമുദ്രലോകം, മധ്യധരണ്യാഴി ലോകം, നവോത്ഥാനം ഇറ്റലിയിൽ, നവോത്ഥാന സാഹിത്യം, നവോത്ഥാന കല, മതനവീകരണം, പ്രതിമതനവീകരണം, ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ, അവയുടെ ഫലങ്ങൾ, ശാസ്ത്രപുരോഗതി, ജ്ഞാനോദയം.

**പ്രവർത്തനം - 1**

നവോത്ഥാനത്തിന്റെ പ്രത്യേകതകൾ കാണിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.




***Answer key :*** വിമർശനബുദ്ധി, അന്വേഷണത്വര പ്രാദേശിക ഭാഷകളുടെ വളർച്ച, മാനവികത.

**പ്രവർത്തനം - 2**

ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളുടെ ഒരു പ്രധാന ഫലമാണ് കൊളോണിയൽ സാമ്രാജ്യങ്ങളുടെ ഉദയം. മറ്റു ഫലങ്ങൾ ഏവ?

***Answer key :*** കാർഷികവിഭവങ്ങൾ പ്രചരിച്ചു (പപ്പായ, നേന്ത്രക്കായ, കടച്ചക്ക, ചായ, പുകയില) അടിമകച്ചവടം വ്യാപകമായി. കുടിയേറ്റം. പ്രാചീനസംസ്കാരങ്ങളുടെ തകർച്ച (ഇൻക, മായൻ, ടൊൾറ്റെക്, ആസ്റ്റെക്).

**പ്രവർത്തനം - 3**

താഴെ നൽകുന്ന സംഭവങ്ങൾ കാലഗണനാ ക്രമത്തിൽ എഴുതുക.

1. വാസ്കോഡഗാമ ഇന്ത്യയിലെത്തി.
2. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി.
3. കൊളംബസ് അമേരിക്കയുടെ കിഴക്കേതീരത്ത് എത്തി.
4. ബർത്തലോമിയോഡയസ് ആഫ്രിക്കയുടെ തെക്കേ അറ്റത്തുള്ള മുനമ്പിൽ എത്തി.
5. ഫെർഡിനാന്റ് മെഗല്ലന്റെ നേതൃത്വത്തിൽ ലോകം ചുറ്റാനുള്ള യാത്ര.

***Answer key :*** No. 2 (1453), 4 (1488), 3. (1492)
No. 1 (1498), 5. (1519)

**പ്രവർത്തനം – 4**

താഴെ നൽകിയിട്ടുള്ള A, B കോളങ്ങളിൽ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.

| A | B |
|---|---|
| 1. ഗലീലിയോ ഗലീലി | ____A____ |
| 2. ____B____ | പ്രിൻസിപ്പിയ മാത്തമറ്റിക്ക |
| 3. കോപ്പർ നിക്കസ് | ____C____ |
| 4. ____D____ | ജീവികളുടെ ശാസ്ത്രീയ വർഗ്ഗീകരണം |

***Answer key :*** A. സൗരയൂഥ സിദ്ധാന്തം
B. ഐസക്ന്യൂട്ടൻ
C. ദൂരദർശിനി
D. കാൾലിനയസ്

**പ്രവർത്തനം – 5**

ഇറ്റലിയിൽ നവോത്ഥാനം ആരംഭിക്കാനുള്ള കാരണങ്ങൾ പട്ടികപ്പെടുത്തുക.

***Answer key :*** ഭൂമിശാസ്ത്രപരമായ സ്ഥാനം കിഴക്കൻരാജ്യങ്ങളുമായുള്ള വാണിജ്യം - കച്ചവടനഗരങ്ങൾ - ഭരണാധികാരികളുടെ പ്രോത്സാഹനം.

**പ്രവർത്തനം – 6**

15, 16 നൂറ്റാണ്ടുകളിൽ യൂറോപ്യൻ ഭരണാധികാരികളെ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളിലേക്കും പര്യവേഷണങ്ങളിലേക്കും നയിച്ച സാഹചര്യങ്ങൾ ഏവ?

***Answer key :*** മാർക്കോപോളോയുടെ സഞ്ചാരകഥകൾ, കിഴക്കൻ രാജ്യങ്ങളിലെ സുഗന്ധദ്രവ്യങ്ങളുടെ ആവശ്യകത, നാവികരംഗത്തെ മുന്നേറ്റം, സുരക്ഷിതമായ കടൽമാർഗ്ഗം കണ്ടെത്തൽ.

**പ്രവർത്തനം – 7**

നവോത്ഥാനകാലത്ത് സാഹിത്യരംഗത്ത് സംഭാവനകൾ നൽകിയവർ അവരുടെ പ്രധാന കൃതികൾ/ സംഭാവനകൾ, ഭാഷ എന്നിവ കാണിക്കുന്ന പട്ടികയിൽ വിട്ടുപോയ ഭാഗങ്ങൾ പൂർത്തിയാക്കുക.

| A | B | C |
|---|---|---|
| 1 | മാനവികതയുടെ പിതാവ് | ഇറ്റാലിയൻ |
| ബൊക്കാച്ചിയോ | 2 | ഇറ്റാലിയൻ |
| ദാന്തെ | ഡിവൈൻ കോമഡി | 3 |
| 4 | ഡോൺകിഹോട്ടോ | സ്പാനിഷ് |
| ഇറാസ്മസ് | 5 | ഡച്ച് |
| ജെഫ്രിചോസർ | കാന്റർബറികഥ | 6 |
| 7 | ഉട്ടോപ്യ | ഇംഗ്ലീഷ് |
| നിക്കോളോമാക്യവെല്ലി | 8 | ഇറ്റാലിയൻ |

***Answer key :*** 1. പെട്രാർക്ക്, 2. ദക്കാമറൺ, 3. ഇറ്റാലിയൻ, 4. സെർവാന്തേ, 5. വിഡ്ഢിത്തത്തെ വാഴ്ത്തൽ, 6. ഇംഗ്ലീഷ്, 7. സർതോമസ്മൂർ, 8. രാജാവ്.

**പ്രവർത്തനം – 8**

16-ാം നൂറ്റാണ്ടിൽ കത്തോലിക്കാ സഭയിലുണ്ടായ നവീകരണ ശ്രമങ്ങളുടെ പ്രധാന കാരണങ്ങൾ എഴുതുക.

***Answer key :*** നവോത്ഥാനം - സഭയുടെ ധാർമ്മിക അധഃപതനം (പാപപരിഹാര വില്പന) സഭയിലെ അഴിമതി - വാണിജ്യത്തിലുണ്ടായ വളർച്ച - ദേശരാഷ്ട്രങ്ങളുടെ ഉദയം രാജാക്കൻമാരുടെ അധികാരം വർദ്ധിക്കൽ.

**പ്രവർത്തനം – 9**

യൂറോപ്പിൽ മതനവീകരണശ്രമങ്ങൾക്ക് നേതൃത്വം കൊടുത്തവരും അവരുടെ സംഭാവനകളും രാജ്യങ്ങളും കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക.

***Answer key :***

| | | |
|---|---|---|
| മാർട്ടിൻ ലൂഥർ | ജർമ്മനി | 95 സിദ്ധാന്തങ്ങൾ |
| ഉൾറിക്ക് സ്വിംഗ്ളി | സ്വിറ്റ്സർലാന്റ് | സ്വിംഗ്ളിയാനിസം |
| ജോൺകാൽവിൻ | ഫ്രാൻസ് | ഹ്യൂഗോനോട്ടുകൾ |
| ഹെൻറി എട്ടാമൻ | ഇംഗ്ലണ്ട് | ആഗ്ലിക്കൻ സഭ |

**പ്രവർത്തനം – 10**

നവോത്ഥാനകലയെ സമ്പന്നമാക്കിയ കലാകാരൻമാർ ആരെല്ലാം?

***Answer key :*** ലിയനാർഡോ ഡാവിഞ്ചി - മൈക്കേൽ ആഞ്ചലോ - ടിഷ്യാൻ - ഡൊണറ്റാലോ - ബ്രൂണലസ്കി.

**പ്രവർത്തനം – 11**

ഡാവിഞ്ചിയുടെ കലാസൃഷ്ടികൾ മാനവികതയുടെ പ്രതിരൂപങ്ങളായിരുന്നു. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

***Answer key :*** മോണോലിസ. അവസാനത്തെ അത്താഴം - കന്യാമറിയം - മാനവികത പ്രകടമാണ്.

**പ്രവർത്തനം – 12**

താഴെ നൽകുന്ന സൂചകങ്ങൾ ഏത് പ്രസ്താവനയുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക - സൂചകങ്ങൾ.

ഇൻക്വിസിഷൻ, “സൂചിക”, ഈശോസഭ

***Answer key :*** പ്രതിനവീകരണം - കത്തോലിക്കാ നവീകരണം - ഇഗ്നേഷ്യസ് ലയോള (ഈശോസഭ ജസ്യൂട്ട് പാതിരിസംഘം) “സൂചിക” (സഭ നിരോധിച്ച പുസ്തകങ്ങൾ) ഇൻക്വിസിഷൻ (വൈദിക കോടതി).

**പ്രവർത്തനം – 13**

പ്രാചീനകാലത്തും മധ്യകാലത്തും വാണിജ്യ സാംസ്കാരിക വിനിമയം നടന്നിരുന്ന രണ്ട് വാണിജ്യ മാർഗ്ഗങ്ങൾ എഴുതുക.

***Answer key :*** പട്ടുതുണിപ്പാത, സമുദ്രപഥം

**പ്രവർത്തനം – 14**

ജ്ഞാനോദയചിന്തയുടെ അടിസ്ഥാന ആശയങ്ങൾ ശാസ്ത്രപുരോഗതിക്ക് സഹായിച്ചത് എങ്ങനെ?

***Answer key :*** വസ്തുതകളിലും തെളിവുകളിലും ഊന്നിയ യുക്തിയിലൂടെ കാര്യങ്ങൾ അറിയുവാനും അപഗ്രഥിക്കാനും ജ്ഞാനോദയ ചിന്തകൻമാർ ശ്രമിച്ചു.

❖ ❖ ❖

# 2. വിപ്ലവങ്ങളുടെ കാലം

**പ്രധാന ആശയങ്ങൾ**

1. **ഇംഗ്ലണ്ടിലെ ആഭ്യന്തരസമരം:** കാരണങ്ങൾ – സ്റ്റുവർട്ട് രാജാക്കൻമാർ – പെറ്റീഷൻ ഓഫ് റൈറ്റ് – നീണ്ട പാർലമെന്റ് – കോമൺവെൽത്ത് കാലഘട്ടം. രക്തരഹിതവിപ്ലവം. അവകാശനിയമം.
2. **ഫ്രഞ്ച് വിപ്ലവം** : കാരണങ്ങൾ – ഫ്രാൻസിലെ ദേശീയ അസംബ്ലിയുടെ രൂപീകരണവും പ്രവർത്തനങ്ങളും. ലൂയി പതിനാറാമന്റെ വധം. നെപ്പോളിയൻ യുഗം.
3. **വ്യവസായ വിപ്ലവം** : മുതലാളിത്ത സിദ്ധാന്തങ്ങൾ, സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങൾ.
4. **കാർഷിക വിപ്ലവം** : തുറന്നവയൽ വ്യവസ്ഥ. ചതുർവർഷ കൃഷിപദ്ധതി – വളച്ചുകെട്ടൽ പ്രസ്ഥാനം.

**പ്രവർത്തനം – 1**

ഇംഗ്ലണ്ടിലെ ആഭ്യന്തരസമരത്തിന്റെ ഒരു പ്രധാനകാരണം മധ്യവർഗ്ഗത്തിന്റെ ഉയർച്ചയാണ്. മറ്റു കാരണങ്ങൾ കണ്ടെത്തുക.

***Answer key :*** സ്റ്റുവർട്ട് രാജാക്കൻമാരുടെ സ്വേച്ഛാധിപത്യം – മധ്യവർഗ്ഗതാൽപര്യങ്ങൾ സംരക്ഷിക്കുന്ന പാർലമെന്റ് – മതപരമായ കാരണങ്ങൾ (പ്യൂരിട്ടൻ സഭ, ആഗ്ലിക്കൻസഭ).

**പ്രവർത്തനം – 2**

ഇംഗ്ലണ്ടിന്റെ ചരിത്രത്തിൽ പെറ്റീഷൻ ഓഫ് റൈറ്റ് മുതൽ ബിൽഓഫ് റൈറ്റ് (അവകാശനിയമം) വരെയുള്ള സംഭവങ്ങൾ ഉൾപ്പെടുത്തി ഫ്ളോചാർട്ട് നിർമ്മിക്കുക.

***Answer key :***

പെറ്റീഷൻ ഓഫ് റൈറ്റ്

↓

നീണ്ട പാർലമെന്റ്

↓

ആഭ്യന്തരയുദ്ധം

↓

ഒലിവർക്രോംവെൽ അധികാരത്തിൽ

↓

റംപ് പാർലമെന്റ്

↓

ചാൾസ് ഒന്നാമന്റെ വധം

↓

കോമൺവെൽത്ത് കാലഘട്ടം

↓

രാജവാഴ്ചയുടെ പുന:സ്ഥാപനം

↓

രക്തരഹിതവിപ്ലവം

↓

അവകാശനിയമം (Bill of rights)

**പ്രവർത്തനം – 3**

രാജാക്കൻമാരുടെ സ്വേച്ഛാധിപത്യത്തിനും സാമൂഹ്യ അസമത്വത്തിനും എതിരായ വിപ്ലവമായിരുന്നു ഫ്രഞ്ച് വിപ്ലവം. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

***Answer key :*** ഫ്രഞ്ച് സമൂഹം മൂന്ന് എസ്റ്റേറ്റുകൾ. 1ഉം, 2ഉം എസ്റ്റേറ്റുകൾ, വിശേഷാധികാരങ്ങൾ, മൂന്നാം എസ്റ്റേറ്റിന് അവകാശ നിഷേധം – ഭരണാധികാരികളായിരുന്ന ലൂയി 14, ലൂയി 15, ലൂയി 16 എന്നിവരുടെ സ്വേച്ഛാധിപത്യ സമീപനങ്ങൾ.

**പ്രവർത്തനം – 4**

A കോളത്തിന് അനുയോജ്യമായത് B കോളത്തിൽനിന്ന് എടുത്തെഴുതുക.

***Answer key :***

| A | | B |
|---|---|---|
| 1. റൂസ്സോ | A | ശാസ്ത്രീയ സോഷ്യലിസം |
| 2. കാറൽമാക്സ് | B | സാമൂഹിക ഉടമ്പടി |
| 3. ടൗൺഷെൻഡ് പ്രഭു | C | വാട്ടർലൂ |
| 4. ആഡംസ്മിത്ത് | D | ചതുർവർഷ കൃഷിപദ്ധതി |
| 5. നെപ്പോളിയൻ | E | മുതലാളിത്ത സിദ്ധാന്തം |

***Answer key :*** 1B, 2A, 3D, 4E, 5C

**പ്രവർത്തനം – 5**

ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ട് താഴെ നൽകുന്ന സംഭവങ്ങൾ കാലഗണനാക്രമത്തിൽ എഴുതുക.

1. ഫ്രാൻസിനെ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നു.

2. ബാസ്തീയിന്റെ പതനം.
3. ബർലിൻ ശാസനങ്ങൾ
4. പൊതുരക്ഷാസമിതി നിലവിൽവന്നു.
5. ലൂയി പതിനാറാമനെ വധിക്കുന്നു.
6. ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്റായ എസ്റ്റേറ്റ്സ് ജനറൽ വിളിച്ചുചേർത്തു.
7. ടെന്നീസ് കോർട്ട് പ്രതിജ്ഞ.
8. വാട്ടർ ലൂ യദ്ധം.
9. നെപ്പോളിയൻ അധികാരത്തിൽ.
10. ഡയറക്ടറിയുടെ രൂപീകരണം.
11. പുതിയ നിയമനിർമ്മാണസഭക്ക് രൂപംകൊടുക്കുന്നു.
12. ദേശീയ അസംബ്ലി ഭരണഘടന തയ്യാറാക്കി.

***Answer key :*** No. 6, 7, 2, 12, 11, 1, 5, 4, 10, 9, 3, 8.

**പ്രവർത്തനം - 6**

ഫ്രാൻസിൽ നെപ്പോളിയൻ ഭരണക്രമത്തിൽ ഉണ്ടാക്കിയ പരിഷ്ക്കാരങ്ങൾ വിലയിരുത്തുക.

***Answer key :*** ദേശീയ ഐക്യം. മധ്യവർഗ്ഗത്തിന്റെ ഉയർച്ച. കർഷകന് കൃഷിഭൂമി. ബാങ്ക് ഓഫ് ഫ്രാൻസ്. പൊതുവിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കടമ. നിയമസംഹിത - ഫ്യൂഡലിസം അവസാനിച്ചു. റിപ്പബ്ലിക്കൽ ഭരണരീതി.

**പ്രവർത്തനം - 7**

വ്യവസായവിപ്ലവം സാമ്രാജ്യത്വത്തിനും തൊഴിലാളി പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിനും കാരണമായി. ഇവ കാണിക്കുന്ന രണ്ട് ഫ്ളോചാർട്ട് തയ്യാറാക്കുക.

***Answer key :***

| ചാർട്ട് - 1 | ചാർട്ട് - 2 |
|---|---|
| വ്യവസായ വിപ്ലവം<br>↓<br>അമിത ഉല്പാദനം<br>↓<br>മുതലാളിത്തം<br>↓<br>കോളനിവൽക്കരണം<br>↓<br>സാമ്രാജ്യത്വം<br>↓ | വ്യവസായ വിപ്ലവം<br>↓<br>അമിത ഉല്പാദനം<br>↓<br>മൂലധന നിക്ഷേപം<br>↓<br>മുതലാളിത്തം<br>↓<br>തൊഴിലാളി ചൂഷണം<br>↓<br>തൊഴിലാളി പ്രസ്ഥാനങ്ങൾ |

**പ്രവർത്തനം – 8**

മുതലാളിത്തത്തിന്റെ ചൂഷണങ്ങൾക്കെതിരെ ഉയർന്നുവന്ന ആശയം ഏത്? അതിന്റെ പ്രധാന ഇനങ്ങളും വക്താക്കളും ആരെല്ലാം?

***Answer key :*** സോഷ്യലിസം

| | | | |
|---|---|---|---|
| 1. | ഉട്ടോപ്പിയൻ | - | റോബർട്ട് ഓവൻ<br>ചാൾസ് ഫ്യൂറിയർ<br>സെന്റ് സൈമൺ |
| 2. | സ്റ്റേറ്റ് സോഷ്യലിസം | - | ലൂയി ബ്ലാങ്ക് |
| 3. | സിൻഡിക്കലിസം | - | പ്രൂധോൻ |
| 4. | ഫാബിയൻ | - | ബർണാഡ്ഷാ |
| 5. | ശാസ്ത്രീയ സോഷ്യലിസം | - | കാറൽമാക്സ് |

**പ്രവർത്തനം – 9**

വിയന്നസമ്മേളനത്തിന്റെ ലക്ഷ്യമെന്തായിരുന്നു?

***Answer key :*** ഫ്രഞ്ച് വിപ്ലവത്തിന്റെ മുമ്പുള്ള സാഹചര്യത്തിലേക്ക് യൂറോപ്പിനെ കൊണ്ടുപോവുക.

**പ്രവർത്തനം – 9**

ഉട്ടോപ്പിയൻ സോഷ്യലിസത്തിൽനിന്നും ശാസ്ത്രീയ സോഷ്യലിസം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

***Answer key :*** ഉട്ടോപ്പിയൻ = പ്രായോഗിക പരിപാടികളുടെ അഭാവം.
ശാസ്ത്രീയ സോഷ്യലിസം = പ്രായോഗിക പരിപാടികൾ ഉണ്ട്.

**പ്രവർത്തനം – 11**

കാർഷിക വിപ്ലവത്തിന്റെ ഫലമായി ഇംഗ്ലണ്ടിൽ നിലവിൽവന്ന വളച്ച് കെട്ടൽ പ്രസ്ഥാനത്തിന്റെ പ്രധാന ഫലമെന്തായിരുന്നു?

***Answer key :*** കർഷകർ കൃഷിഭൂമിയിൽനിന്ന് പുറത്താവുകയും സമ്പന്നരായ ഭൂവുടമവർഗ്ഗം രൂപംകൊള്ളുകയും ചെയ്തു.

**പ്രവർത്തനം – 12**

തുറന്നവയൽ വ്യവസ്ഥയിൽനിന്ന് ചതുർവർഷകൃഷിപദ്ധതിയിലേക്കുള്ള മാറ്റം കർഷകരെ സഹായിച്ചത് എങ്ങനെ?

***Answer key :*** ഭൂമിയുടെ ഫലപുഷ്ടി വർധിച്ചു.
ഭൂമി തരിശിടൽ ഒഴിവായി.
കന്നുകാലികൾക്ക് വേണ്ടത്ര ഭക്ഷണം.

**പ്രവർത്തനം - 13**

ഇംഗ്ലണ്ടിൽ തൊഴിലാളികൾക്ക് വോട്ടവകാശം ലഭിച്ചത് എങ്ങനെ?

***Answer key :*** ചാർട്ടിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി.

**പ്രവർത്തനം - 14**

പെറ്റീഷൻ ഓഫ് റൈറ്റ്, അവകാശനിയമം (Bill of rights) എന്നിവയുടെ പ്രധാന ലക്ഷ്യമെന്ത്?

***Answer key :*** ഇംഗ്ലണ്ടിലെ രാജാധിപത്യത്തെ നിയന്ത്രിക്കുക.

**പ്രവർത്തനം - 15**

ഫ്രാൻസിലെ ദേശീയ അസംബ്ലിയുടെ പ്രധാന പരിഷ്ക്കാരങ്ങൾ എഴുതുക.

***Answer key :*** ഫ്രാൻസിൽ ഏകരൂപമായ ഭരണവ്യവസ്ഥ
ഫ്യൂഡലിസം നിർമാർജനം ചെയ്തു.
എല്ലാ വിഭാഗങ്ങൾക്കും തുല്യ നികുതി.
ക്രൈസ്തവസഭ ഭരണകൂടനിയന്ത്രണത്തിൽ സഭയുടെ ഭൂസ്വത്ത് ദേശസാൽക്കരിച്ചു.

**പ്രവർത്തനം - 16**

താഴെ നൽകുന്ന വർഷങ്ങളും സംഭവങ്ങളും ഉൾപ്പെടുത്തി Time line നിർമ്മിക്കുക.

1628 - അവകാശനിയമം
1688 - പെറ്റീഷൻ ഓഫ് റൈറ്റ്
1689 - ഫ്രഞ്ച് വിപ്ലവം
1789 - രക്തരഹിത വിപ്ലവം
1815 - ഇംഗ്ലണ്ടിലെ പരിഷ്ക്കരണ നിയമം
1832 - വാട്ടർലൂ യുദ്ധം

***Answer key :***
1628 - പെറ്റീഷൻ ഓഫ് റൈറ്റ്
1688 - രക്തരഹിത വിപ്ലവം
1689 - അവകാശനിയമം (Bill of Rights)
1789 - ഫ്രഞ്ച് വിപ്ലവം
1815 - വാട്ടർലൂ യുദ്ധം
1832 - ഇംഗ്ലണ്ടിലെ പരിഷ്ക്കരണ നിയമം

# 3. സാമ്രാജ്യത്വത്തിന്റെ വളർച്ച

**പ്രധാന ആശയങ്ങൾ**

1. മുതലാളിത്തത്തിന്റെ വികസിതരൂപമാണ് സാമ്രാജ്യത്വം - മുതലാളിത്ത പ്രതിസന്ധികൾ.
2. സാമ്രാജ്യത്വത്തിന്റെ വ്യാപനം ഇന്ത്യ - ചൈന. വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ആഫ്രിക്ക.
3. തൊഴിലാളിവർഗ്ഗ മുന്നേറ്റം.
4. 18-ാം നൂറ്റാണ്ടിലെ കോളനികളിലെ അവസ്ഥ.
5. ബാൽക്കൺ പ്രതിസന്ധി.
6. യൂറോപ്പിലെ ദേശീയത.
7. കോളനിവിരുദ്ധ പ്രസ്ഥാനങ്ങൾ.

**പ്രവർത്തനം - 1**

സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തിന് 18-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെ സാഹചര്യം അനുകൂലമായിരുന്നു. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

***Answer key :*** മുഗൾഭരണത്തിന്റെ തകർച്ച.
അന്യോന്യം കലഹിച്ചിരുന്ന നാട്ടുരാജ്യങ്ങൾ.
സാമ്പത്തികവും സാമൂഹികവുമായ ജീർണ്ണത.

**പ്രവർത്തനം - 2**

ഇന്ത്യയിൽ ഇംഗ്ലീഷുകാർ നടത്തിയ കർണ്ണാട്ടിക് യുദ്ധങ്ങൾ, പ്ലാസിയുദ്ധം, ബക്സാർ യുദ്ധം എന്നിവയുടെ ഫലങ്ങൾ പരിശോധിക്കുക.

***Answer key :***

| | | | |
|---|---|---|---|
| 1. | കർണ്ണാട്ടിക് യുദ്ധങ്ങൾ | - | ഫ്രഞ്ചുകാരെ പരാജയപ്പെടുത്തി |
| 2. | പ്ലാസിയുദ്ധം | - | സാമ്രാജ്യത്തിന് അടിത്തറയിട്ടു. |
| 3. | ബക്സാർയുദ്ധം | - | ബംഗാൾ, ബീഹാർ, ഒറീസ്സ എന്നിവിടങ്ങളിൽ നിന്ന് നികുതി പിരിക്കാനുള്ള അധികാരം (ദിവാനി) ഇംഗ്ലീഷുകാർക്ക് ലഭിച്ചു. |

**പ്രവർത്തനം - 3**

ചൈന സാമ്രാജ്യത്വ അധിനിവേശത്തിന് വിധേയമായ സാഹചര്യം വിലയിരുത്തുക.

***Answer key :*** ചൈനയിലെ വ്യാപാരസാധ്യതകൾ. കറുപ്പ് കള്ളക്കടത്ത്, കറുപ്പ് യുദ്ധം - ചൈനയുടെ പരാജയം.

**പ്രവർത്തനം - 4**

മുതലാളിത്തം സാമ്രാജ്യത്വമായി വികസിച്ചതെങ്ങനെയെന്ന് കാണിക്കുന്ന ഫ്ളോ ചാർട്ട് തയ്യാറാക്കുക.

മുതലാളിത്തം
↓
തൊഴിലാളി ചൂഷണം
↓
തൊഴിലാളി പ്രസ്ഥാനങ്ങൾ
↓
മുതലാളിമാർക്ക് ലാഭം കുറഞ്ഞു
↓
മുതലാളിത്തത്തെ പ്രതിസന്ധിയിലാക്കി
↓
ഉല്പാദനം കോളനികളിലേക്ക് മാറ്റുന്നു
↓
സാമ്രാജ്യത്വത്തിന്റെ വ്യാപനം

**പ്രവർത്തനം - 5**

അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിന് ഇടയാക്കിയ സംഭവങ്ങൾ ഏതെല്ലാം?

***Answer key :*** അമേരിക്കൻ കോളനികളുടെ മേൽ ബ്രിട്ടീഷ് പാർലമെന്റ് നികുതിചുമത്തി - കോളനികളുടെ പ്രതിഷേധം - "പ്രാതിനിധ്യമില്ലാതെ നികുതി ഇല്ല" എന്ന കോളനിക്കാരുടെ മുദ്രാവാക്യം കോണ്ടിനന്റൽ കോൺഗ്രസ്സുകൾ - യുദ്ധം - കോളനികളുടെ വിജയം - 1783 പാരീസ് ഉടമ്പടി.

**പ്രവർത്തനം - 6**

ബാൽക്കൺ പ്രതിസന്ധി പൗരസ്ത്യ യൂറോപ്യൻ സമസ്യയിലേക്ക് നയിച്ചത് എങ്ങനെ?

***Answer key :*** ബാൽക്കൺ ഉപദ്വീപ് തുർക്കി സാമ്രാജ്യത്തിന്റെ ഭാഗം - തുർക്കിയുടെ തകർച്ച - ബാൽക്കൺ ഉപദ്വീപിന് അടുത്ത പ്രദേശങ്ങൾ കൈയ്യടക്കാനുള്ള റഷ്യൻശ്രമത്തെ മറ്റു യൂറോപ്യൻ ശക്തികൾ എതിർക്കുന്നു.

**പ്രവർത്തനം – 7**

19-ാംനൂറ്റാണ്ടിൽ ദേശീയത ശക്തിപ്പെട്ടതിന്റെ ഫലമായി ഏകീകരിക്കപ്പെട്ട രണ്ട് യൂറോപ്യൻ രാജ്യങ്ങൾ ഏവ? അവയുടെ ഏകീകരണത്തിൽ പങ്കുവഹിച്ച സംഘടനകളും നേതാക്കളും ഉൾപ്പെടുന്ന പട്ടിക തയ്യാറാക്കുക.

***Answer key :***

| 1. ഇറ്റലി | 2. ജർമ്മനി |
|---|---|
| കാർബൊണാരി<br>യങ്ങ് ഇറ്റലി (സംഘടനകൾ)<br>**നേതാക്കൾ**<br>ജോസഫ് മസ്സീനി<br>ഗാരി ബാൾഡി<br>വിക്ടർ ഇമ്മാനുവൽ II<br>കവൂർ പ്രഭു | സോൾവെറിൻ<br>(വ്യാപാരസഖ്യം)<br>**നേതാക്കൾ**<br>ഫ്രെഡറിക് വില്ല്യം IV<br>ഓത്തോഫോൺ<br>ബിസ്മാർക്ക് |

**പ്രവർത്തനം – 8**

സാമ്രാജ്യത്വശക്തികൾ ആഫ്രിക്കയെ വീതംവെച്ചതിന്റെ സവിശേഷതകൾ ഏവ?

***Answer key :***
1. യുദ്ധങ്ങൾ ഇല്ലാതെ സാധിച്ചു.
2. വളരെ വേഗത്തിൽ വീതംവെച്ചു.
3. സംഘർഷങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കണ്ടു.

**പ്രവർത്തനം – 9**

ഇറ്റലിയുടെയും ജർമ്മനിയുടെയും ഏകീകരണത്തിലും ഇന്ത്യയിലെ കോളനിവിരുദ്ധ സമരത്തിലും നാം കാണുന്നത് ദേശീയതയുടെ രണ്ട് രൂപങ്ങൾ ആണ്. അവ ഏതെന്ന് കണ്ടെത്തി ഓരോന്നിന്റെ പ്രത്യേകതകൾ എഴുതുക.

***Answer key :***
1. ആക്രമണാത്മക ദേശീയത (ഇറ്റലി, ജർമ്മനി) അതിരുകവിഞ്ഞ ദേശീയത സാമ്രാജ്യ വിപുലീകരണ ലക്ഷ്യം.
2. പ്രതിരോധാത്മക ദേശീയത (ഇന്ത്യയലെ കോളനിവിരുദ്ധ സമരം). രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ അടിമത്തത്തെ പ്രതിരോധിക്കുന്ന ദേശീയത.

**പ്രവർത്തനം – 10**

താഴെ നൽകുന്ന രാജ്യങ്ങൾ പങ്കാളികളായ രണ്ട് സൈനികസഖ്യങ്ങൾ ഒന്നാം

ലോകയുദ്ധത്തിന് മുമ്പായി യൂറോപ്പിൽ രൂപംകൊണ്ടു. അവ ഏതെന്ന് കണ്ടെത്തി രാജ്യങ്ങളെ പട്ടികപ്പെടുത്തുക.

റഷ്യ, ജർമ്മനി, ഫ്രാൻസ്, ആസ്ട്രിയ, ഇറ്റലി, ബ്രിട്ടൻ.

***Answer key :***

| ത്രിരാഷ്ട്ര ധാരണ | ത്രിരാഷ്ട്ര സഖ്യം |
|---|---|
| റഷ്യ | ജർമ്മനി |
| ഫ്രാൻസ് | ഇറ്റലി |
| ബ്രിട്ടൻ | ആസ്ട്രിയ |

**പ്രവർത്തനം - 11**

A കോളത്തിന് യോജിച്ചത് B കോളത്തിൽനിന്ന് എടുത്തെഴുതുക.

| A | | | B |
|---|---|---|---|
| 1. | ഡോസൺയാത്സെൻ | A | നാഷണൽ അസ്സോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ലേബർ |
| 2. | ഷോഗൺ ഭരണം | B | ചൈനയുടെ വിമോചകൻ |
| 3. | സൈമൺ ബൊളിവർ | C | ജപ്പാനിലെ ഫ്യൂഡൽ ഭരണം |
| 4. | ജോസെഡിസാൻ മാർട്ടിൻ | D | അമേരിക്കൻ പ്രസിഡന്റ് |
| 5. | ജോർജ് വാഷിംഗ്ടൺ | E | വെനിസുലയുടെ വിമോചകൻ |
| 6. | ജോൺദോഹർത്തി | F | അർജന്റീനയുടെ വിമോചകൻ |

***Answer key :*** 1. B, 2. C, 3. E, 4 F, 5. D, 6 A

**പ്രവർത്തനം - 12**

സാമ്രാജ്യത്വശക്തികൾ കോളനികളിൽ ഭരണം നടത്താൻ സ്വീകരിച്ച തന്ത്രങ്ങൾ ഏവ?

***Answer key :*** പൊതുഭരണം, സൈന്യം, പൊലീസ് എന്നിവയുടെ സഹായത്താൽ ക്രമസമാധാനം.

പാശ്ചാത്യ നീതിന്യായം, പാശ്ചാത്യ വിദ്യാഭ്യാസം

**പ്രവർത്തനം - 13**

താഴെ നൽകുന്ന വർഷങ്ങളും സംഭവങ്ങളും ഉൾപ്പെടുത്തി Time line നിർമ്മിക്കുക.

| വർഷങ്ങൾ | സംഭവങ്ങൾ |
|---|---|
| 1783 | ബക്സാർയുദ്ധം |
| 1868 | പ്ലാസി യുദ്ധം |
| 1882 | ജർമ്മൻ ഏകീകരണം |
| 1871 | യൂറോപ്പിൽ വിപ്ലവങ്ങൾ |
| 1870 | ത്രിരാഷ്ട്ര സഖ്യം |
| 1848 | ഇറ്റലിയുടെ ഏകീകരണം |
| 1757 | ജപ്പാനിൽ ഷോഗൺ ഭരണം അവസാനിച്ചു |
| 1764 | അമേരിക്കൻ കോളനികൾ സ്വാതന്ത്ര്യംനേടി |

***Answer key :***

| വർഷങ്ങൾ | സംഭവങ്ങൾ |
|---|---|
| 1757 | പ്ലാസി യുദ്ധം |
| 1764 | ബക്സാർയുദ്ധം |
| 1783 | അമേരിക്കൻ കോളനികൾ സ്വാതന്ത്ര്യംനേടി |
| 1848 | യൂറോപ്പിൽ വിപ്ലവങ്ങൾ |
| 1868 | ജപ്പാനിൽ ഷോഗൺ ഭരണം അവസാനിച്ചു |
| 1870 | ഇറ്റലിയുടെ ഏകീകരണം |
| 1871 | ജർമ്മനിയുടെ ഏകീകരണം |
| 1882 | ത്രിരാഷ്ട്രസഖ്യം രൂപംകൊണ്ടു |

❖ ❖ ❖

# 4. ലോകയുദ്ധവും തുടർച്ചയും

**പ്രധാന ആശയങ്ങൾ**

1. സാമ്രാജ്യത്വത്തിന്റെ വളർച്ച ലോകയുദ്ധത്തിന് കാരണമായി.
2. ഒന്നാം ലോകയുദ്ധം യൂറോപ്യൻ രാഷ്ട്രീയത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കുകയും ലോകത്തിൽ നിരവധി രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക മാറ്റങ്ങൾക്ക് ഇടയാക്കുകയും ചെയ്തു.
3. റഷ്യൻ വിപ്ലവം സോവിയറ്റുയൂണിയൻ എന്ന സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ ഉദയത്തിനും ലോകരാഷ്ട്രങ്ങളിലെ തൊഴിലാളിവർഗ്ഗത്തിന് പുത്തനുണർവ്വും നൽകി.
4. അമേരിക്ക ലോകരാഷ്ട്രീയത്തിൽ എത്തുകയും പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്തു. സാമ്പത്തികമാന്ദ്യം പ്രതിസന്ധികൾ സൃഷ്ടിച്ചു.
5. സാമ്രാജ്യത്വവിരുദ്ധസമരങ്ങൾ, കോളനിവിരുദ്ധ സമരത്തിന്റെ വ്യത്യസ്ത രൂപങ്ങൾ.
6. ഇറ്റലിയിൽ ഫാസിസം, ജർമ്മനിയിൽ നാസിസം, ജപ്പാനിലെ ഏകാധിപത്യം സ്പെയിനിലെ ആഭ്യന്തര പ്രശ്നങ്ങൾ.

**പ്രവർത്തനം - 1**

ഒന്നാംലോകയുദ്ധത്തെ സാമ്രാജ്യത്വയുദ്ധം എന്ന് വിളിക്കുന്നതെന്തുകൊണ്ട് - ചർച്ചചെയ്യാം.

***Answer key :***

- സാമ്രാജ്യത്വരാജ്യങ്ങൾ കോളണികൾക്കുവേണ്ടി മത്സരിക്കുകയും കോളണി രാജ്യങ്ങളെ കയ്യടക്കിവെച്ച് അവരുടെ സമ്പത്ത് കൊള്ളയടിക്കുകയും ചെയ്തു.
- ഇത് ലോകത്ത് പ്രതിസന്ധികൾ സൃഷ്ടിച്ചതാണ് ഒന്നാംലോക യുദ്ധത്തിനിടയാക്കിയത്.

**പ്രവർത്തനം - 2**

മൊറോക്കൻ പ്രതിസന്ധി, ബാൾക്കൻ പ്രതിസന്ധി, പൗരസ്ത്യ യൂറോപ്യൻ സമസ്യ എന്നിവ ഒന്നാംലോകയുദ്ധത്തിലേക്ക് നയിച്ച സംഭവങ്ങളാണ്. വിശദമാക്കുക.

***Answer key :***

**മൊറോക്കൻ പ്രതിസന്ധി**

- 1904-ൽ ബ്രിട്ടനും ഫ്രാൻസും ചേർന്ന രഹസ്യധാരണ പ്രകാരം ഈജിപ്തിൽ സ്വതന്ത്രമായി ഇടപെടാൻ ബ്രിട്ടനെ അനുവദിച്ചാൽ മൊറോക്കയുടെ മേൽ ഫ്രാൻസിനുള്ള ആധിപത്യം അംഗീകരിക്കാം എന്നായിരുന്നു. ഇത് ജർമ്മനി എതിർത്തു.
- ഫ്രാൻസിന്റെ ഭാഗമായ ബ്രാഞ്ച് കോംഗോയുടെ ഒരുഭാഗം ജർമ്മനിക്ക് നൽകാനും പകരം മൊറോക്കോ ഫ്രാൻസിന് നൽകാനും സമ്മതിച്ച് തർക്കം പരിഹരിച്ചു.

**ബാൾക്കൻ പ്രതിസന്ധി**

- ബാൾക്കൻ പ്രദേശങ്ങൾക്കുവേണ്ടി ജർമ്മനിയുടേയും റഷ്യയുടേയും താൽപര്യങ്ങൾ നേടുന്നതിനുവേണ്ടിയുള്ള സംഘർഷം.
- ജർമ്മൻഭാഷ സംസാരിക്കുന്ന പ്രദേശങ്ങളും ജനങ്ങളും ഒറ്റരാജ്യമാകണമെന്ന ആവശ്യം ജർമ്മനിക്കുണ്ടായിരുന്നതുകൊണ്ട് ബാൾക്കൻ പ്രദേശങ്ങൾക്കുവേണ്ടിയുള്ള ആസ്ട്രിയയുടെ അവകാശം ജർമ്മനി പിന്തുണച്ചു.
- എന്നാൽ വംശീയതയുടെ പേരിൽ സ്ലാവ് വംശജരെ ഒന്നിച്ചുചേർക്കണമെന്ന സെർബിയയുടെ വാദത്തെ റഷ്യയും പിന്തുണച്ചു.

**പൗരസ്ത്യ യൂറോപ്യൻ സമസ്യ**

- (തുർക്കി) ഓട്ടോമാൻ സാമ്രാജ്യത്തിന്റെ അധീനതയിലായിരുന്ന കിഴക്കൻ യൂറോപ്പിലെ പ്രദേശങ്ങൾ കൈയ്യടക്കുന്നതിനായി നടന്ന സംഘർഷമാണത്.
- സാമ്രാജ്യത്വശക്തികൾ ലോകം കീഴടക്കാനുള്ള മത്സരങ്ങളുടെ ഫലമാണ് സംഘർഷം വ്യാപകമാക്കിയത്. ഇതിന്റെ ഫലമായി രാജ്യങ്ങൾ തമ്മിൽ അവിശ്വാസത്തിന്റേയും പരസ്പര സ്പർദ്ധയുടേയും അന്തരീയമുണ്ടാക്കിയത്.
  ഇവയെല്ലാം ലോകയുദ്ധത്തിന് കാരണമായി.

**പ്രവർത്തനം – 3**

വിപ്ലവാനന്തരം തകർന്ന റഷ്യൻ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്താൻ റഷ്യൻ ഭരണാധികാരികൾ സ്വീകരിച്ച നടപടകൾ?

***Answer key :***

**(1) യുദ്ധകാല കമ്യൂണിസം**

- കൃഷിഭൂമി ഏറ്റെടുത്ത് ജനങ്ങൾക്ക് വിതരണംചെയ്തു.
- വ്യവസായശാലകളിലെ ഉത്പന്നങ്ങൾ തൊഴിലാളികൾക്ക് വേതനമായി നൽകി.

**(2) പുത്തൻ സാമ്പത്തിക നയം**

- യുദ്ധകാല കമ്യൂണിസം ഉണ്ടാക്കിയ പ്രശ്നങ്ങൾ പരിഹരിക്കാൻ പുത്തൻ സാമ്പത്തിനയം നടപ്പിലാക്കി.
- കൃഷിക്കാർക്ക് ഇഷ്ടമുള്ള കൃഷിചെയ്യാനും ഉത്പന്നങ്ങൾ പൊതുവിപണിയിൽ വിൽക്കാനും അനുവദിച്ചു.
- തൊഴിലാളികൾക്ക് വേതനം പണമായി നൽകി.
- സ്വകാര്യമേഖലയിലും വ്യവസായങ്ങൾ അനുവദിച്ചു.

**(3) പഞ്ചവത്സരപദ്ധതികൾ**

- ഉത്പാദന വിതരണ മേഖലകളിൽ സർക്കാർ നിയന്ത്രണം.
- തൊഴിലാളികൾക്കും സാധാരണക്കാർക്കും മികച്ച ജീവിതസൗകര്യങ്ങൾ ഉണ്ടാക്കി.
- വ്യവസായ –കാർഷികമേഖലകളിൽ പുരോഗതി.

**പ്രവർത്തനം – 4**

സോവിയറ്റുയൂണിയന്റെ വിദേശനയത്തിന്റെ പ്രത്യേകതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

***Answer key :***

- 1921 ഇറാൻ, അഫ്ഗാനിസ്ഥാൻ, തുർക്കി എന്നീ രാജ്യങ്ങളുടെ പരമാധികാരം ഉറപ്പുവരുത്താൻ കരാറിലൊപ്പുവച്ചു.
- അന്തർദ്ദേശീയരംഗത്ത് പുതിയ നിലപാടുകൾ സ്വീകരിച്ചു.
- ലീഗ് ഓഫ് നേഷൻസിൽ അംഗമായി.
- കോളനിവാഴ്ചയും സാമ്രാജ്യത്വവും എതിർത്തു.
- കോളനികളുടെ സ്വതന്ത്ര്യസമരത്തിൽ സഹായം നൽകി.
- ലോകത്തെമ്പാടും തൊഴിലാളി സംഘടനകളെ സഹായിച്ചു.
- ആസൂത്രണ–സാമ്പത്തികനയത്തിൽ പല രാജ്യങ്ങൾ.
- സഹായം നൽകി – പഞ്ചവത്സര പദ്ധതികൾ.

**പ്രവർത്തനം – 5**

ഒന്നാംലോകമഹായുദ്ധത്തിലെ സൈനിക സഖ്യങ്ങൾ ഏതെല്ലാം? അവയെ സഖ്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുക.

***Answer key :***

| സഖ്യകക്ഷികൾ | കേന്ദ്രശക്തികൾ |
|---|---|
| ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക<br>ബൽജിയം, ഇറ്റലി, ജപ്പാൻ,<br>പോർച്ചുഗൽ, റഷ്യ, റുമേനിയ,<br>ഗ്രീസ്, മോണ്ടിനിഗ്രോ, സെർബിയ | ജർമ്മനി, ഹംഗറി, ആസ്ട്രിയ<br>ബൾഗേറിയ, തുർക്കി |

**പ്രവർത്തനം – 6**

ഒന്നാംലോകമഹായുദ്ധത്തിന്റെ അനന്തരഫലങ്ങളെന്തെല്ലാം?

***Answer key :***

- ആധുനിക യുദ്ധോപകരണങ്ങളും യുദ്ധമുറകളും പരീക്ഷിക്കപ്പെട്ടു.
- ലോകരാജ്യങ്ങളിലെ വ്യവസായ തകർച്ച.
- രാഷ്ട്രങ്ങളുടെ സാമ്പത്തിക തകർച്ച.
- ഏഷ്യയിലും ആഫ്രിക്കയിലും കോളണികളുടെ ശക്തിപ്പെടൽ.
- റഷ്യ, ജർമ്മനി – ഹംഗറി, തുർക്കി എന്നിവിടങ്ങളിലെ രാജവംശങ്ങളുടെ തകർച്ച.
- പുതിയ രാജ്യങ്ങളുടെ രൂപീകരണം.
- ലോകരാജ്യങ്ങളിലെ പട്ടിണി, ആൾനാശം...

### പ്രവർത്തനം - 7

ഒന്നാംലോകമഹായുദ്ധാനന്തരം സോവിയറ്റുയൂണിയനും അമേരിക്കയും സ്വീകരിച്ച സാമ്പത്തിക പരിഷ്കാരങ്ങൾ താരതമ്യം ചെയ്യുക.

## *Answer key :*

| സോവിയററു യൂണിയൻ | അമേരിക്ക |
|---|---|
| • ന്യൂതന സാമ്പത്തികനയവും പഞ്ചവത്സര പദ്ധതികളും.<br>• ഉത്പാദന-വിതരണ മേഖലകളിൽ ഗവൺമെന്റ് നിയന്ത്രണം.<br>• തൊഴിലില്ലായ്മ പരിഹരിച്ച് തൊഴിലാളികളെ ഉല്പാദനത്തിൽ പങ്കാളികളാക്കി.<br>• കർഷകർ, തൊഴിലാളികൾ എന്നിവർക്ക് മികച്ച ജീവിത സൗകര്യം ഒരുക്കി.<br>• കാർഷിക-വ്യവസായമേഖലകളിൽ വൻ പുരോഗതിയുണ്ടാക്കി.<br>• സാമ്പത്തിക തുല്യത നടപ്പിലാക്കി. | • 1933-ലെ ന്യൂഡീൽ പരിഷ്കരണം.<br>• സ്വകാര്യമേഖലക്ക് പൂർണ നിയന്ത്രണം.<br>• സമ്പത്ത് കുറച്ചുപേർക്ക് മാത്രം.<br>• സാമൂഹ്യസുരക്ഷിതത്വം എല്ലാ വിഭാഗത്തിനും ഇല്ല.<br>• ജെ.എം.കെയ്ൻസിന്റെ മിശ്ര സമ്പദ്വ്യവസ്ഥ മുന്നോട്ടുവച്ചു.<br>• അമേരിക്കൻ ബാങ്കുകളുടെ നില സ്ഥിരപ്പെടുത്തി.<br>• വിദ്യാലയങ്ങൾ, റോഡുകൾ, വൈദ്യുത നിലയങ്ങൾ ആരംഭിച്ചു.<br>• ടെന്നസിപാലി അതോറിറ്റി പദ്ധതികൾ ജീവിതനിലവാരം ഉയർത്തി. |

### പ്രവർത്തനം - 8

ഫാഷിസത്തിന്റെ ജർമ്മൻ രൂപമാണ് നാസിസം. ഇവ രണ്ടിന്റേയും സ്വഭാവവും രീതികളും വിലയിരുത്തി പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

## *Answer key :*

- ഹിറ്റ്ലർ ജർമ്മനിയിലും മുസോലിനി ഇറ്റലിയിലും അധികാരത്തിൽവന്നു.
- കമ്യൂണിസ്റ്റ് പാർട്ടിയേയും തൊഴിലാളി സംഘടനകളേയും നിരോധിച്ചു.
- വ്യക്തിസ്വാതന്ത്ര്യത്തിന് നിയന്ത്രണം ഏർപ്പെടുത്തി.
- പത്രം, റേഡിയോ, സിനിമ എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തി.
- പ്രാദേശിക സർക്കാരുകളെ നിരോധിച്ചു.
- പിടിച്ചടക്കൽ നയം.
- തൊഴിലാളി നേതാക്കളെ വധിച്ചു.
- വൻ ആയുധശേഖരണവും സൈനികസഖ്യങ്ങളുടെ രൂപീകരണവും.
- മുസോലിനി ‘കറുത്ത കുപ്പായക്കാർ’ എന്നും ഹിറ്റ്ലർ ‘തവിട്ടുകുപ്പായക്കാർ’ എന്നു പേരായ സേന രൂപീകരിച്ചു.

- വീരാരാധന, വംശീയത, ഭൂതകാലമഹത്വവൽക്കരണം, യുദ്ധക്കൊതി എന്നിവയിലും സമാനത.

**പ്രവർത്തനം – 9**

ഒന്നാം ലോകമഹായുദ്ധാനന്തരം വിജയിച്ച രാജ്യങ്ങൾ തയ്യാറാക്കിയ സന്ധികളും ഉടമ്പടികളും മറ്റൊരു ലോകയുദ്ധത്തിന് വഴിതെളിച്ചു. ഏതെല്ലാം സന്ധികളും വ്യവസ്ഥകളുമാണെന്ന് പരിശോധിക്കുക.

***Answer key :***

| ഉടമ്പടി | വ്യവസ്ഥകൾ |
|---|---|
| 1. വേഴ്സായ് ഉടമ്പടി | • ജർമ്മനിയുടെ അൽസൈൻസ് - ലൊറൈൻ പ്രദേശം, സർപ്രദേശത്തെ കൽക്കരിഖനികൾ എന്നിവ ഫ്രാൻസിന് വിട്ടുകൊടുക്കുക.<br>• ജർമ്മനിയുടെ ചില ഭാഗങ്ങൾ ഡെൻമാർക്ക്, ബെൽജിയം, ഹോളണ്ട് എന്നിവർക്ക് വീതിച്ചു.<br>• ജർമ്മനിയുടെ കോളനികൾ പങ്കുവച്ചു.<br>• ജർമ്മനിയുടെ സൈനികശക്തി വെട്ടിക്കുറച്ച് കപ്പലുകൾ അടിയറവെച്ചു.<br>• ജർമ്മനിയെ യുദ്ധക്കുറ്റവാളിയാക്കി.<br>• നഷ്ടപരിഹാരത്തുക ജർമ്മനിയിൽനിന്നു ഈടാക്കി.<br>• യുദ്ധോപകരണങ്ങൾ നിർമ്മിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി. |
| 2. സെന്റ് ജർമെയ്ൻ ഉടമ്പടി | • ആസ്ട്രിയ, ഹംഗറി എന്നീ സ്വതന്ത്ര രാഷ്ട്രങ്ങളുടെ ഉണ്ടാക്കൽ. |
| 3. ട്രയാനൺ ഉടമ്പടി | |
| 4. നെയി ഉടമ്പടി | • ബാൾക്കൻ യുദ്ധത്തിൽ ബൾഗേറിയ നേടിയ സ്ഥലങ്ങൾ വിട്ടുകൊടുക്കൽ |
| 5. സെവ്റ ഉടമ്പടി | • ഏഷ്യാ മൈനറിന് പുറത്തുള്ള തുർക്കിയുടെ പ്രദേശങ്ങൾ വിട്ടുകൊടുക്കൽ. |

ഈ ഉടമ്പടികൾ തോറ്റവർക്ക് എങ്ങനെ ദോഷകരമാകുന്നു എന്ന് ചർച്ചചെയ്യുന്നു.

**പ്രവർത്തനം - 10**

എന്താണ് 'തനാക്ക' പദ്ധതി? ഇതിനെ ജപ്പാനിലെ ഫാഷിസം എന്നു വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

***Answer key :***

- ബാരൻതനാക്ക സാമ്രാജ്യത്വ വിപുലീകരണത്തിന് വാദിച്ചു.
- ആക്രമണനയം വേണമെന്ന് തനാക്ക വാദിച്ചു.
- ലോകം കീഴടക്കാൻ ചൈന കീഴടക്കണമെന്നും ചൈന കീഴടക്കാൻ മഞ്ചൂറിയ കീഴടക്കണമെന്നും അതിന് കൊറിയ കീഴടക്കണമെന്നും തനാക്ക പ്രഖ്യാപിച്ചു. ഇതാണ് തനാക്ക പദ്ധതി.
- ജപ്പാന്റെ സാമ്രാജ്യത്വ വിപുലീകരണത്തിന് തനാക്കാ മെമ്മോറിയം എന്ന പദ്ധതി ഫാഷിസം പ്രഖ്യാപിച്ചു.
- ടോജോയുടെ നേതൃത്വത്തിൽ ഫാഷിസം വ്യാപിപ്പിച്ചു.
- ജപ്പാൻ മാഞ്ചൂറിയ ആക്രമിച്ചു കീഴടക്കി.

**പ്രവർത്തനം - 11**

സ്പെയിനിൽ ജനറൽ ഫ്രാങ്കോ നടത്തിയ ആഭ്യന്തര കലാപംത്തിന്റെ പശ്ചാത്തലം എന്ത്? പര്യാവസാനം എങ്ങനെ?

***Answer key :***

- 1931-ൽ രാജവാഴ്ച അവസാനിപ്പിച്ച സ്പെയിൻ റിപ്പബ്ലിക് ആയി.
- റിപ്പബ്ലിക്കൻ കമ്യൂണിസ്റ്റ് ആശയങ്ങളെ പാർട്ടികളുടെ അനൈക്യം.
- ക്രമസമാധാനനില തകർന്ന് അഭ്യന്തര സംഘർഷം.
- 1936-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതു-വലതുപക്ഷങ്ങൾ തുല്യസീറ്റുനേടി.
- ഫ്രാങ്കോ ഫാഷിസ്റ്റ് നേതൃത്വം ഏറ്റെടുത്തു.
- ജർമ്മനിയും ഇറ്റലിയും ഫ്രാങ്കോയെ തുണച്ചു.

**പ്രവർത്തനം - 12**

ഉചിതമായി A, B, C കോളങ്ങൾ ചേർത്തെഴുതുക.

| A | B | C |
|---|---|---|
| ഇറ്റലി | ജനറൽ ഫ്രാങ്കോ | ബോൾഷേവിക് |
| ജർമ്മനി | മുസോളിനി | ബ്രൗൺ ഷർട്ട് |
| റഷ്യ | ഹിറ്റ്ലർ | ബ്ലാക് ഷർട്ട് |
| സ്പെയിൻ | ലെനിൻ | ഫലാഞ്ജിസം |

***Answer key :***

| A | B | C |
|---|---|---|
| ഇറ്റലി | മുസോളിനി | ബ്ലാക് ഷർട്ട് |
| ജർമ്മനി | ഹിറ്റ്ലർ | ബ്രൗൺ ഷർട്ട് |
| റഷ്യ | ലെനിൻ | ബോൾഷേവിക് |
| സ്പെയിൻ | ജനറൽ ഫ്രാങ്കോ | ഫലാഞ്ജിസം |

**പ്രവർത്തനം – 13**

പഞ്ചവത്സരപദ്ധതികൾ സോവിയറ്റു യൂണിയനിലുണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തുക.

***Answer key :***

- വ്യവസായ സൈനികശക്തിയായി മാറി.
- വ്യവസായ - വാണിജ്യമേഖലകളിൽ സ്വകാര്യ പങ്കാളിത്തം ഇല്ലാതാക്കി.
- 1929-ലെ ലോക സാമ്പത്തികമാന്ദ്യം ബാധിക്കാത്ത രാജ്യമായി മാറി.

❖ ❖ ❖

# 5. രണ്ടാം ലോകമഹായുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും

**പ്രധാന ആശയങ്ങൾ**

- രണ്ടാം ലോകയുദ്ധത്തിലേക്ക് നയിച്ച ലോകസാഹചര്യങ്ങൾ.
- രണ്ടാംലോകയുദ്ധം, ഉടമ്പടികൾ, യുദ്ധത്തിന്റെ ഗതിവിഗതികൾ.
- രണ്ടു ലോകമഹായുദ്ധങ്ങൾ തമ്മിലുള്ള തന്ത്രപരവും സാങ്കേതികവുമായ വ്യത്യാസങ്ങൾ.
- ആഫ്രോ-ഏഷ്യൻ പുനഃരുത്ഥാനം, കോളനികളിലെ വിമോചന പ്രസ്ഥാനങ്ങൾ.
- ചൈനീസ് വിപ്ലവം.
- സോഷ്യലിസ്റ്റ് വ്യാപനം ശീതയുദ്ധം.
- ഐക്യരാഷ്ട്രസംഘടനയും ലോകസമാധാനവും.
- നവ സാമ്രാജ്യത്വം - പിൽക്കാല മുതലാളിത്തം.
- സോവിയറ്റു യൂണിയന്റെ തകർച്ച.

**പ്രവർത്തനം - 1**

രണ്ടാംലോകയുദ്ധത്തിനിടയാക്കിയ ആഗോള സാഹചര്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

***Answer key :***

- കോളനികൾക്ക് വേണ്ടിയുള്ള മത്സരം.
- കമ്പോളങ്ങൾക്കുവേണ്ടിയുള്ള മത്സരം.
- യു.എസ്.എസ്.ആർ.ന്റെ വളർച്ച.
- തൊഴിലാളിവർഗ മുന്നേറ്റം.
- പ്രീണന നയം.
- ലീഗ് ഓഫ് നാഷൻസിന്റെ പരാജയം.
- 1-ാം ലോകമഹായുദ്ധത്തിന് ശേഷമുണ്ടായ ഉടമ്പടികൾ.
- യു.എസ്.എസ്.ആർ.നോട് മറ്റു രാജ്യങ്ങൾക്കുണ്ടായ ശത്രുതാപരമായ നിലപാട്.
- ഫാഷിസ്റ്റ് അധിനിവേശകൻ.

**പ്രവർത്തനം - 2**

ഹിറ്റലർ, മുസ്സോലിനി, ടോജോ എന്നിവരുടെ നിലപാടുകളാണ് രണ്ടാം ലോകയുദ്ധത്തിന് കാരണമായത്. ഈ അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണം വിശദീകരിക്കുക.

***Answer key :***

- ഈ അഭിപ്രായത്തോട് യോജിക്കുന്നു.

- വേഴ്സായ് ഉടമ്പടിയിലെ അപമാനകരമായ വ്യവസ്ഥകൾ.
- യുദ്ധാനന്തര രാജ്യങ്ങൾ കോളനികൾ കീഴടക്കുന്നതിനുവേണ്ടിയുള്ള മത്സരങ്ങളിൽ ഏർപ്പെട്ടത്.
- ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളിൽ വളർന്ന അക്രമാത്മക ദേശീയത.
- 1929-ലെ സാമ്പത്തികമാന്ദ്യം ഉണ്ടാക്കിയ അതൃപ്തി.
- ജർമ്മനി റൈൻ പ്രദേശം തിരിച്ചുപിടിച്ചത്.
- ഹിറ്റ്ലറുടെ പോളണ്ടാക്രമണം.
- ഇറ്റലി അബിസീനിയയെ ആക്രമിച്ചത്.

**പ്രവർത്തനം - 3**

ജർമ്മനിയുടെ റഷ്യൻ ആക്രമണമാണ് രണ്ടാംലോകമഹായുദ്ധത്തിന്റെ ഗതി മാറ്റിയത്. നിങ്ങൾ കരുതുന്നുണ്ടോ? വിലയിരുത്തുക.

## *Answer key :*

- യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ വിജയം ജർമ്മനിക്കായിരുന്നു.
- വിജയത്തിന്റെ പശ്ചാത്തലത്തിൽ ഹിറ്റ്ലർ 1939-ലെ അനാക്രമണസന്ധി അവഗണിച്ച് സോവിയറ്റ് യൂണിയനെ ആക്രമിച്ചു.
- എന്നാൽ സോവിയറ്റു യൂണിയന്റെ പ്രതിരോധം അതിജീവിക്കാൻ ഹിറ്റ്ലർക്കായില്ല.
- സോവിയറ്റു യൂണിയനിലെ പ്രതികൂല കാലാവസ്ഥ.
- സോവിയറ്റു യൂണിയൻ ശക്തമായി യുദ്ധത്തിൽ ഏർപ്പെടുകയും യുദ്ധഗതി സഖ്യകക്ഷികൾക്ക് അനുകൂലമാവുകയും ചെയ്തു.

**പ്രവർത്തനം - 4**

ജർമ്മനിയോട് പ്രീണനനയം സ്വീകരിക്കാൻ. ബ്രിട്ടനേയും ഫ്രാൻസിനേയും പ്രേരിപ്പിച്ച ഘടകങ്ങളെന്തെല്ലാം? ഇതിന്റെ പ്രത്യാഘാതമെന്തായിരുന്നു?

## *Answer key :*

- സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് ലഭിച്ച സ്വീകാര്യത.
- ഹിറ്റ്ലർ സോവിയറ്റുയൂണിയനേയും കമ്യൂണിസത്തേയും ഇല്ലായ്മ ചെയ്യുമെന്ന പ്രതീക്ഷ.
- ബ്രിട്ടനിലും ഫ്രാൻസിലും ഉണ്ടായ സാമ്പത്തിക പ്രതിസന്ധി.
- സോവിയറ്റ് യൂണിയനോടുള്ള ശത്രുത.
- ബ്രിട്ടന്റെ സൈനികശക്തി ജർമ്മനിയോട് എതിർക്കാൻ സജ്ജനമായിരുന്നില്ല.
- അമേരിക്കയുടെ സഹായം ബ്രിട്ടനും ഫ്രാൻസിനും ലഭിക്കില്ല എന്ന ചിന്താഗതി.
- വേഴ്സായ് ഉടമ്പടി ജർമ്മനിയോട് ചെയ്തത് അന്യായമാണെന്ന തോന്നൽ.

***ഇതിന്റെ ഫലമായി***

- ഹിറ്റ്ലർ കൂടുതൽ അപകടകാരിയായി.
- ജർമ്മനിയിൽ ഫാസിസ്റ്റ് വളർച്ചക്ക് വേദിയൊരുക്കി.
- ഹിറ്റ്ലറുടെ ലക്ഷ്യം റഷ്യയാണെന്ന ധാരണവന്നു.
- ഇത് രണ്ടാംലോകയുദ്ധത്തിലേക്ക് കാരണമായി.

**പ്രവർത്തനം – 5**

സോഷ്യലിസ്റ്റ് രാജ്യമായ സോവിയറ്റ് യൂണിയൻ നാസികളുടെ ജർമ്മനിയുമായി അനാക്രമണ സന്ധിയിലേർപ്പെട്ടതിന്റെ ലക്ഷ്യമെന്തായിരുന്നു?

## *Answer key :*

- ഉടൻ വരാൻപോകുന്ന നാസി ആക്രമണത്തെ തടയുവാനാവശ്യമായ സാവകാശം ലഭിക്കുവാനും ഒരുക്കങ്ങൾ പൂർത്തിയാക്കുവാനും ഉദ്ദേശിച്ചിരുന്നു.
- സാറിസ്റ്റ് ഭരണം മൂലം ഉണ്ടായ ഭരണമുരടിപ്പും അഭ്യന്തര പ്രശ്നങ്ങളും പരിഹരിക്കേണ്ടതായിരുന്നു.

**പ്രവർത്തനം – 6**

രണ്ടാം ലോകമഹായുദ്ധത്തിൽ വഴിയൊരുക്കിയ സംഭവങ്ങളും ഫലങ്ങളും ഉൾപ്പെടുത്തി പട്ടികപ്പെടുത്തുക. ചർച്ചയിലൂടെ ധാരണയിലെത്തുക.

## *Answer key :*

| കാരണങ്ങൾ | ഫലങ്ങൾ |
|---|---|
| 1. സാമ്രാജ്യത്വ മത്സരങ്ങൾ<br>2. അതിതീവ്രദേശീയത<br>3. വേഴ്സായ് ഉടമ്പടി<br>4. മ്യൂണിച്ച് ഉടമ്പടി<br>5. അച്ചുതണ്ട് ശക്തി<br>6. സഖ്യശക്തി<br>7. സോവിയറ്റു യൂണിയൻ – ജർമ്മൻ അനാക്രമണ സന്ധി<br>8. പ്രീണന നയം<br>9. ഫാഷിസം, നാസിസം<br>10. 1929-ലെ സാമ്പത്തികമാന്ദ്യം<br>11. സ്പെയിനിലെ അഭ്യന്തരയുദ്ധം<br>12. ജർമ്മനിയുടെ പോളണ്ടാക്രമണം<br>13. സർവ്വരാജ്യസഖ്യത്തിന്റെ പരാജയം<br>14. ജപ്പാന്റെ പേൾ ഹാർബർ ആക്രമണം | • സാമ്പത്തിക തകർച്ച<br>• കൃഷി, വ്യവസായ തകർച്ച<br>• UNOയുടെ രൂപീകരണം<br>• ശാസ്ത്ര-സാങ്കേതികവിദ്യകളുടെ ദുരുപയോഗം<br>• സർവ്വസംഹാരിയായ ആയുധങ്ങളുടെ പ്രയോഗം.<br>• യൂറോപ്യൻ ആധിപത്യത്തിന് അവസാനം<br>• ഏഷ്യൻ – ആഫ്രിക്കൻ കോളനികൾക്ക് സ്വാതന്ത്ര്യം<br>• ശീതസമരവും ശാക്തികചേരികളും<br>• അഭയാർത്ഥി പ്രവാഹം |

### പ്രവർത്തനം – 7

രണ്ടാംലോകയുദ്ധകാലത്തെ സൈനിക സഖ്യങ്ങളെ ബന്ധപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കി തലക്കെട്ട് നൽകുക.

***Answer key :***

| അച്ചുതണ്ട് ശക്തികൾ | സഖ്യകക്ഷികൾ |
|---|---|
| ഇറ്റലി | ബ്രിട്ടൻ |
| ജർമ്മനി | ഫ്രാൻസ് |
| ജപ്പാൻ | ചൈന |
| | അമേരിക്ക |
| | സോവിയറ്റുയൂണിയൻ |

### പ്രവർത്തനം – 8

രണ്ടാംലോകയുദ്ധവുമായി ബന്ധപ്പെട്ട കപടയുദ്ധം എന്നാണ്? ഇത് യുദ്ധത്തിന്റെ ഗതിയെ എങ്ങനെ സ്വാധീനിച്ചു?

***Answer key :***

- 1939 സെപ്തംബർ മാസം രണ്ടാംലോകയുദ്ധം ആരംഭിച്ചെങ്കിലും 1940 ഏപ്രിൽ വരെ ബ്രിട്ടനും ഫ്രാൻസും യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കാതെ പോളണ്ടിനെ സഹായിച്ചുകൊണ്ടിരുന്നു.
- ജർമ്മനി പോളണ്ടിനെ കീഴടക്കി യൂറോപ്പിലെ നോർവ്വെ ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളും കീഴടക്കി.
- ശക്തമായ യുദ്ധം നടക്കാത്ത കാലയളവാണ് കപടയുദ്ധം.

### പ്രവർത്തനം – 9

രണ്ടാംലോകയുദ്ധത്തിൽ അണുബോംബ് പ്രയോഗത്തിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാം? ആറ്റംബോംബ് പ്രയോഗിക്കാതെതന്നെ ജപ്പാനെ പരാജയപ്പെടുത്താൻ കഴിയുമായിരുന്നോ?

***Answer key :***

- സഖ്യകക്ഷികൾക്ക് ജർമ്മനിയേയും ഇറ്റലിയേയും കീഴടക്കിയതുപോലെ ജപ്പാനേയും കീഴടക്കാമായിരുന്നു.
- സോവിയറ്റുസൈന്യം ജപ്പാൻ കീഴടക്കുന്നതിനുമുൻപ് ജപ്പാനെ പരാജയപ്പെടുത്താൻ അമേരിക്ക ആഗ്രഹിച്ചു.
- പസഫിക് പ്രദേശം തങ്ങളുടെ നിയന്ത്രണത്തിലാക്കാൻ അമേരിക്ക ആഗ്രഹിച്ചു.

- ലോക സൈനിക മേധാവിത്വം അമേരിക്കക്ക് ബോധ്യപ്പെടുത്തണമായിരുന്നു.
- നൂതന ആയുധ പരീക്ഷണം.

**പ്രവർത്തനം – 10**

ഒന്നാംലോക യുദ്ധത്തിനുശേഷം വൻ സാമ്പത്തികശക്തിയായി വളർന്ന അമേരിക്ക 1929-സാമ്പത്തികമാന്ദ്യത്തിന് ഇരയായി. ഇതിലേക്കു നയിച്ച സാഹചര്യങ്ങൾ ഏതെല്ലാം?

- അമിതമായ സ്വകാര്യവൽക്കരണം.
- ഉത്പാദനരംഗത്തുനിന്നുള്ള ഗവൺമെന്റ് പിൻമാറ്റം.

**പ്രവർത്തനം – 11**

രണ്ടാംലോകയുദ്ധാനന്തരം രൂപീകരിക്കപ്പെട്ട സൈനിക സഖ്യങ്ങൾ അവ രൂപീകരിച്ച വർഷം അവയുടെ ആസ്ഥാനങ്ങൾ എന്നിവ A, B, C കോളങ്ങൾ പരിശോധിച്ച് കണ്ടെത്തുക.

| A | B | C |
|---|---|---|
| നാറ്റോ (NATO) | 1955 | ബ്രസ്സൽസ് |
| സിയാറ്റോ (SEATO) | 1959 | ബാങ്കോക്ക് |
| സെന്റോ (CENTO) | 1954 | അങ്കാറ |
| വാഴ്സാ (WARSAW) | 1949 | മോസ്കോ |

**പ്രവർത്തനം – 12**

വിയറ്റ്നാം സമരം, ദക്ഷിണാഫ്രിക്കയിലെ ദേശീയസമരം, ചൈനീസ് വിപ്ലവം എന്നിവ പരിശോധിച്ച് വ്യത്യസ്തത കണ്ടെത്തുക.

***Answer key :***

| വിയറ്റ്നാം സമരം | ദക്ഷിണാഫ്രിക്കയിലെ ദേശീയ സമരം | ചൈനീസ് വിപ്ലവം |
|---|---|---|
| രണ്ടാംലോകയുദ്ധാനന്തരം ശക്തിപ്രാപിച്ച അമേരിക്കയുടെ സാമ്രാജ്യത്വമുഖം വെളിപ്പെടുത്തുന്നതാണ് വിയറ്റ്നാം സമരം. | ദക്ഷിണാഫ്രിക്കയിൽ നിലനിന്നി രുന്ന വർണവിവേചനത്തിനെതിരെ യുണ്ടായ പോരാട്ടമാണ് ദക്ഷിണാഫ്രിക്കൻ സമരം. | ഫ്യൂഡൽ ഭരണക്രമത്തിനെതിരെ കർഷകർ, കമ്യൂണിസ്റ്റ് പാർട്ടി എന്നിവയുടെ നേതൃത്വ ത്തിൽ നടത്തിയ ജനകീയ സമരം. |

**പ്രവർത്തനം – 13**

രണ്ടാംലോകമഹായുദ്ധത്തിന് ശേഷം ഏഷ്യയിലും യൂറോപ്പിലും നിലവിൽവന്ന സോഷ്യലിസ്റ്റ് രാജ്യങ്ങൾ പട്ടികപ്പെടുത്തുക.

- പോളണ്ട്
- ചെക്കോസ്ലോവാക്കിയ
- ഹംഗറി
- റുമാനിയ
- ബൾഗേറിയ
- യുഗോസ്ലേവിയ

**പ്രവർത്തനം – 14**

ബ്രിട്ടീഷ് സാമ്രാജ്യം സൂര്യനസ്തമിക്കാത്ത സാമ്രാജ്യം എന്നു വിളിക്കുന്നതെന്തുകൊണ്ട്? ഈ വിശേഷണം തകരാനിടയാക്കിയ സാഹചര്യം പട്ടികയാക്കുക.

***Answer key :***

ഏഷ്യയിലേയും ആഫ്രിക്കയിലേയും കൂടുതൽ കോളനികൾ ബ്രിട്ടന്റേതായിരുന്നു. ഇങ്ങനെ വിശാലമായ സാമ്രാജ്യത്തിന്റെ ഒരുഭാഗത്ത് സൂര്യൻ അസ്തമിക്കുമ്പോൾ മറുഭാഗത്ത് സൂര്യൻ ഉദിച്ചുകഴിഞ്ഞിരിക്കും.

- കോളനികളിൽ നടന്ന കോളനിവിരുദ്ധ – സ്വാതന്ത്ര്യസമരങ്ങൾ ബ്രിട്ടന് അടിച്ചമർത്താൻ കഴിഞ്ഞില്ല.
- ബ്രിട്ടനിലും ഭരണമാറ്റം ഉണ്ടായി.
- സോവിയറ്റുയൂണിയന്റേയും അമേരിക്കയുടേയും ഇടപെടൽ.
- UNO യുടെ സമാധാന ശ്രമങ്ങൾ.
- അമേരിക്കയുടേയും യു.എസ്.എസ്. ആറിന്റേയും വളർച്ച.

**പ്രവർത്തനം – 15**

ശീതസമരം (Cold War) എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? ഇത് രൂപപ്പെടാനിടയാക്കിയ ലോകസാഹചര്യങ്ങൾ വിശദമാക്കുക.

***Answer key :***

- ആശയപരമായ വ്യത്യാസങ്ങളാണ് സോവിയറ്റ് യൂണിയന്റേയും അമേരിക്കയുടേയും നേതൃത്വത്തിൽ സോഷ്യലിസ്റ്റ് ചേരിയും അമേരിക്കയുടെ നേതൃത്വത്തിൽ രണ്ടു ചേരികൾ ലോകത്തുണ്ടായത്.
- പരസ്പരം ശത്രുതയിലാണെങ്കിലും തുറന്ന യുദ്ധങ്ങളൊന്നും ഉണ്ടായില്ല.
- കോളനിവിരുദ്ധസമരങ്ങളിൽ ഈ ചേരികളും ഓരോ പക്ഷത്തായിരുന്നു.

**പ്രവർത്തനം – 16**

സോവിയറ്റ് യൂണിയന്റെ തകർച്ച അന്തർദ്ദേശീയരംഗത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ വ്യക്തമാക്കുക.

***Answer key :***

- സോവിയറ്റുയൂണിയൻ തകർന്ന് '15' സ്വതന്ത്ര രാജ്യങ്ങൾ നിലവിൽവന്നു.
- സാമ്രാജ്യത്വത്തിന്റെ നാട്യങ്ങൾ ചോദ്യംചെയ്യപ്പെടാനാളില്ലാതായി.
- ഇരു ധ്രുവലോകം തുടർന്നു ഏകധ്രുവലോകം ഉയർന്നുവരുന്നു.
- UNO ക്കോ മറ്റു രാജ്യങ്ങൾക്കോ ഏകാധിപത്യത്തെ പ്രതിരോധിക്കാൻ കഴിയുന്നില്ല.

**പ്രവർത്തനം – 17**

ചേരിചേരാപ്രസ്ഥാനം രൂപപ്പെടുവാനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം? രൂപീകരണത്തിന് നേതൃത്വം നൽകിയവരാരെല്ലാം? ഇന്നത്തെ പ്രസക്തിയെന്ത്?

***Answer key :***

- പുതുതായി രൂപംകൊണ്ട ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെ പ്രസ്ഥാനമാണ്.
- ശീതസമരത്തെ ആശയഭിന്നതയിൽ ഒരുപക്ഷത്തോടും ചേരാതെ നിൽക്കാൻ ഇഷ്ടപ്പെട്ട രാജ്യങ്ങളായിരുന്നു ഇതിൽ.
- ശക്തമായ സാമ്രാജ്യത്വവിരുദ്ധ നിലപാട് സ്വീകരിച്ചു.
- ഇരുചേരിയും പെടാതെ രണ്ടു ചേരികളിൽനിന്നും പരമാവധി സഹായം നേടിയെടുക്കാൻ ശ്രമിച്ചു.
- അന്താരാഷ്ട്ര പ്രശ്നങ്ങളിൽ സജീവമായിരുന്നു.
- ജവഹർലാൽ നെഹ്റു, ടിറ്റോ, ഗമൽ അബ്ദുൾനാസർ, സുക്കാർണോ എന്നിവരാണ് പ്രസ്ഥാനത്തിന്റെ രൂപീകരണത്തന് നേതൃത്വംനൽകിയത്.
- ചേരിചേരാ പ്രസ്ഥാനത്തിന് ഇന്നും പ്രസക്തിയുണ്ട്.

**പ്രവർത്തനം – 18**

മാറിയ സാഹചര്യത്തിൽ UNO നേരിടുന്ന വെല്ലുവിളികൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

***Answer key :***

- UNO ഇപ്പോൾ വൻശക്തികളുടെ (അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ചൈന, റഷ്യ) നിയന്ത്രണത്തിലാണ്.
- ഈ സ്ഥിരാംഗങ്ങളുടെ 'വീറ്റോ' അധികാരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.
- USSR-ന്റെ പതനം നടന്നതിനാൽ UNO മുതലാളിത്ത രാഷ്ട്രങ്ങളുടെ പക്ഷം കാണിക്കുന്നു.
- മൂന്നാംലോകരാഷ്ട്രങ്ങളോട് അവഗണന.

**പ്രവർത്തനം – 19**

നവസാമ്രാജ്യത്വവും പിൽക്കാല മുതലാളിത്തവും വികസ്വര രാജ്യങ്ങളെ എങ്ങനെ ബാധിക്കുന്നു? കാലിക സാഹചര്യത്തിൽ വിലയിരുത്തുക.

## *Answer key :*

- വികസ്വരരാജ്യങ്ങളുടെ സമ്പദ്വ്യവസ്ഥയെ പ്രതിസന്ധിയിലാക്കുന്നു.
- IMF, ലോകബാങ്ക് പോലുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ വായ്പകൾ ലഭിക്കാൻ കടുത്ത നിബന്ധനകൾ പാലിക്കേണ്ടിവരുന്നു.
- സബ്സിഡികളും ഇളവുകളും ക്ഷേമപ്രവർത്തനങ്ങളും നിർത്തലാക്കുവാൻ നിർബന്ധിതരാവുന്നു.
- സ്വതന്ത്ര കമ്പോള വ്യവസ്ഥ നടപ്പിലാക്കേണ്ടിവരുന്നു.
- സ്വദേശി ഉൽപന്നങ്ങൾക്ക് വിലയിടിവും കയറ്റുമതി കുറവും.
- തൊഴിലില്ലായ്മ, വരുമാനക്കുറവ്.
- രാഷ്ട്രത്തിന്റെ നിലനിൽപിന് ഭീഷണിയാവുന്നു.

**പ്രവർത്തനം – 20**

***ടൈംലൈൻ നിർമ്മിക്കുക***

1. രണ്ടാംലോകമഹായുദ്ധം അവസാനിച്ചു.
2. മോസ്കോ സമ്മേളനം
3. ജപ്പാന്റെ പേൾ ഹാർബർ ആക്രമണം
4. ത്രികക്ഷിസഖ്യം
5. സോവിയറ്റ് ജർമ്മൻ അനാക്രമണസന്ധി

## *Answer key :*

- 1939 - സോവിയറ്റ് - ജർമ്മൻ അനാക്രമണസന്ധി
- 1940 - ത്രികക്ഷിസഖ്യം
- 1941 - ജപ്പാൻ പേൾഹാർബർ ആക്രമണം
- 1943 - മോസ്കോ സമ്മേളനം
- 1945 - രണ്ടാംലോകയുദ്ധം അവസാനിച്ചു

**പ്രവർത്തനം – 21**

***ടൈംലൈൻ ക്രമപ്പെടുത്തുക***

1. ആഫ്രോ ഏഷ്യൻ സമ്മേളനം
2. ചൈനയിൽ കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു
3. ജനകീയ ചൈന റിപ്പബ്ലിക്ക് രൂപീകരിച്ചു

4. USSR ശിഥിലമായി
5. UNO രൂപീകരണം

***Answer key :***

- 1921 - ചൈനയിൽ കമ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു.
  1945 - UNO രൂപീകരിച്ചു
  1949 - ജനകീയ ചൈന റിപ്പബ്ലിക് രൂപീകരച്ചു.
  1955 - ആഫ്രോ ഏഷ്യൻ സമ്മേളനം
  1991 - USSR ശിഥിലമായി

**പ്രവർത്തനം - 22**

സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ലോകസാഹചര്യത്തിൽവന്ന മാറ്റങ്ങൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

- ഏകധ്രുവലോകത്തിന് അമേരിക്കയുടെ നേതൃത്വം
- സോഷ്യലിസ്റ്റ് രാജ്യങ്ങളിലേക്ക് മുതലാളിത്ത വ്യാപനം
- വാഴ്സാ ഉടമ്പടിയുടെ പ്രസക്തി ഇല്ലാതായി.
- ധനകാര്യസ്ഥാപനങ്ങളിൽ അമേരിക്കൻ മേധാവിത്വം
- ആഗോളവൽക്കരണവും കുത്തകകളുടെ കടന്നുകയറ്റവും
- ജനാധിപത്യത്തിന്റെ വ്യാപനം
- നവസാമ്രാജ്യത്വത്തിന്റെ വ്യാപനം

❖ ❖ ❖

# 6. 19-ഉം 20-ഉം നൂറ്റാണ്ടുകളിലെ ധൈഷണിക പ്രവണതകൾ

**പഠനലക്ഷ്യങ്ങൾ :**

**ആശയങ്ങൾ**

- ജ്ഞാനോദയത്തോടുള്ള പ്രതികരണം - കാല്പനികത തത്ത്വചിന്തയിലും സാഹിത്യത്തിലും.
- ജർമ്മൻ ആശയവാദം - ഹെഗൽ - പോസിറ്റീവിസം, കാൾ മാർക്സ്.
- ഡാർവിന്റെ പരിണാമസിദ്ധാന്തം.
- ഇരുപതാംനൂറ്റാണ്ടിലെ പുതിയ ശാസ്ത്രചിന്തകൾ - ആപേക്ഷികത, ക്വാണ്ടം തിയറി.
- സാഹിത്യവിമർശനത്തിലും തത്ത്വചിന്തയിലും വന്ന പുതിയ പ്രവണതകൾ.
- ദൃശ്യ-ശ്രാവ്യകലകളും മാധ്യമങ്ങളും വിവരവിനിമയ സാങ്കേതികവിദ്യയും.
- വിവിധ തത്ത്വചിന്തകൻമാരും അവരുടെ ദർശനങ്ങളും.
- പരിണാമസിദ്ധാന്തവും ഡാർവിനും.

## പ്രവർത്തനം - 1

ജ്ഞാനോദയ സിദ്ധാന്തങ്ങളോടുള്ള അപ്രിയത്തിൽനിന്നുമാണ് കാല്പനികതയും ആശയവാദവും ഉടലെടുത്തത്. ഇതിനിടയാക്കിയ സാഹചര്യങ്ങൾ വിശകലനംചെയ്യുക.

***ഉത്തരസൂചിക***

- യുക്തിചിന്ത
- ശാസ്ത്രീവീക്ഷണം
- ദേശീയത
- വസ്തുനിഷ്ഠത

തുടങ്ങിയവയാണ് ജ്ഞാനോദയ ആശയങ്ങൾ. ഇവ മാനവരാശിക്ക് ഗുണംചെയ്യുന്നതല്ലെന്ന ദാർശനികരുടെ ചിന്തയാണ് കാല്പനികതയിലേക്കും ആശയവാദത്തിലേക്കും നയിച്ചത്.

- ശാസ്ത്രചിന്തക്കും യുക്തിക്കും പകരം ഭാവനക്കും വൈകാരികതക്കും പ്രാധാന്യം ലഭിച്ചു.
- ആത്മനിഷ്ഠത, നൈസർഗികത, പ്രപഞ്ചസൗന്ദര്യം, ചിന്താസ്വാതന്ത്ര്യം ഭാവുകത്വം എന്നിവക്ക് പ്രാധാന്യം ലഭിച്ചു.
- ശാസ്ത്രീയവീക്ഷണം, യുക്തിചിന്ത, ദേശീയത, വസ്തുനിഷ്ഠത, ബൗദ്ധികജ്ഞാനം, ഇന്ദ്രിയജ്ഞാനം, മാനവികത, വിമർശനബുദ്ധി, നിരീക്ഷണ മനോഭാവം എന്നിവയാണ് ജ്ഞാനോദയ സവിശേഷതകൾ.

- വൈകാരികത, നൈസർഗികത, ഭാവുകത്വം, ആത്മനിഷ്ഠത, ഭാവന, പ്രബഞ്ചസൗന്ദര്യം, ചിന്താസ്വാതന്ത്ര്യം, മനുഷ്യാവകാശങ്ങൾ എന്നിവയാണ് കാല്പനികതയുടെ സവിശേഷതകൾ.
- പ്രകൃതിയിൽ ഈശ്വരചൈതന്യം ദർശിക്കുന്നു.
- പ്രകൃതിദൃശ്യങ്ങൾ ഭാവനാത്മകമായി നിരീക്ഷിക്കുന്നതിന് പ്രാധാന്യം.

## പ്രവർത്തനം - 2

വ്യവസായവിപ്ലവത്തിന്റെ അനന്തരഫലം കാല്പനികതയെ സ്വാധീനിച്ചുവോ? വിമർശനാത്മകമായി പരിശോധിക്കുക.

### *ഉത്തരസൂചിക*

1. വ്യവസായവൽക്കരണത്തിന്റെ ഫലമായുണ്ടായ നഗരവൽക്കരണം.
2. മോശമായ തൊഴിലാളി - മുതലാളിബന്ധം.
3. തൊഴിലാളികളുടെ ദുരിതജീവിതം.
4. ഫാക്ടറി സമ്പ്രദായം ആരംഭിച്ചതോടെ മനുഷ്യൻ യാന്ത്രികജീവിയായി. ഇതിനെതിരെയുണ്ടായ മാനവികചിന്തയുടെ ഉണർവ്വാണ് കാല്പനികത.
5. ദുരിതജീവിതം കലാ-സാഹിത്യകാരൻമാരെ സ്വാധീനിക്കുകയും മാനവികത സാഹിത്യസൃഷ്ടികളിലും സ്വാധീനിച്ചു.
6. കലയും സാഹിത്യവും പ്രകൃതിയെ വാഴ്ത്തുകയും ദേശീയതയെ ഉത്തേജിപ്പിക്കുകയും ചെയ്തു.
7. കാല്പനികത മനുഷ്യാവകാശങ്ങൾക്കും രാഷ്ട്രങ്ങളുടെ പരമാധികാരത്തിനും പ്രാധാന്യം നൽകുകയും ചെയ്തതിലൂടെ പുതിയ ചിന്താധാരകൾ ഉണ്ടായി.

## പ്രവർത്തനം - 3

ജ്ഞാനോദയത്തിന്റേയും കാല്പനികതയുടേയും ആശയങ്ങൾ പാഠഭാഗം വായിച്ച് പദസൂര്യൻ തയ്യാറാക്കുക.

### *ഉത്തരസൂചിക*






**പ്രവർത്തനം - 4**

ജർമ്മൻ ആശയവാദം (Idealism)
പ്രത്യക്ഷാനുഭവവാദം (Positivism)
ഭൗതികവാദം (Meterialism)
ഇവ താരതമ്യംചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

***ഉത്തരസൂചിക***

| ആശയവാദം | പ്രത്യക്ഷാനുഭവവാദം | ഭൗതികവാദം |
|---|---|---|
| • ഇമ്മാനുവൽകാന്ത് | അഗസ്തെകോങ്ത് | കാൾമാർക്സ് |
| • മനുഷ്യമനസ് ആശയം രൂപപ്പെടുത്തുന്നു. | ഭൗതിക സാഹചര്യങ്ങൾ ആശയം രൂപപ്പെടുത്തുന്നു. | ഭൗതികവസ്തുക്കൾ - നിലനിൽക്കുന്ന യാഥാർത്ഥ്യം |
| • ആശയത്തിനാണ് പ്രാധാന്യം | ആശയത്തിന് രണ്ടാമതാണ് പരിഗണന | ആശയത്തിന് രണ്ടാം പരിഗണന |
| • ആത്മീയതക്ക് പ്രാധാന്യം | ആത്മീയതക്ക് പ്രാധാന്യമില്ല. | ആത്മീയതക്ക് പ്രാധാന്യമില്ല. |
| • ആശയങ്ങൾ സാമൂഹ്യ ജീവിതത്തെ മാറ്റിമറിക്കുന്നു. | ഭൗതികസാഹചര്യങ്ങളാണ് മാറ്റത്തിന് അടിസ്ഥാനം. | ഭൗതികശക്തികളാണ് മാറ്റത്തിനടിസ്ഥാനം. വസ്തുക്കൾ തമ്മിലുള്ള പരസ്പര പ്രവർത്തനത്തിലൂടെ ചിന്തയുണ്ടാകുന്നു. സകല പ്രതിഭാസങ്ങളും മാറുന്നു |

## പ്രവർത്തനം – 5

കാല്പനികതയോടുള്ള പ്രതിഷേധമാണ് യഥാർത്ഥ പ്രസ്ഥാനം. വിലയിരുത്തുക.

| കാല്പനികവാദം | യഥാർത്ഥ പ്രസ്ഥാനം |
|---|---|
| • ഭാവനയിൽ അവതരിപ്പിച്ചു. | വസ്തുക്കളെ അതേ രൂപത്തിൽ അവതരിപ്പിച്ചു. |
| • വൈകാരികതക്ക് പ്രാധാന്യം | വൈകാരികതക്ക് പ്രാധാന്യം നൽകിയില്ല. |
| • ആത്മനിഷ്ഠമായ സമീപനം | വസ്തുനിഷ്ഠമായ സമീപനം |
| • നൈസർഗികതക്ക് പ്രാധാന്യം | വസ്തുക്കളേയും വസ്തുതകളേയും വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നു. |
| • ഭൂതകാലം അറിയാനുള്ള ജിജ്ഞാസ | ആയിരുന്നില്ല |
| • ക്ലാസിക്കലിനെതിരായ കലാപമായിരുന്നു. | ആയിരുന്നില്ല |

## പ്രവർത്തനം – 6

പരിണാമസിദ്ധാന്തം വിവിധ മേഖലകളിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം? സോഷ്യൽ ഡാർവിനിസമെന്നാൽ എന്ത്? കുറിപ്പ് തയ്യാറാക്കുക.

### *ഉത്തരസൂചിക*

- ലോകം സൃഷ്ടിക്കപ്പെട്ടതാണെന്ന സിദ്ധാന്തത്തെ പരിണാമസിദ്ധാന്തം നിരാകരിക്കുന്നു.
- ലോകം പരിണമിച്ചുണ്ടായതാണെന്ന് തെളിയിക്കുന്നു.
- ചരിത്രം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം തുടങ്ങിയ മേഖലകളിൽ പരിണാമസിദ്ധാന്തം വലിയ മാറ്റങ്ങൾ ഉണ്ടാക്കി.
- സാമൂഹ്യശാസ്ത്ര വിഷയങ്ങളിലേക്കുള്ള പരിണാമസിദ്ധാന്തത്തിന്റെ പ്രയോഗമാണ് സോഷ്യൽ ഡാർവിനിസം.
- ഉത്തമമായതേ അതിജീവിക്കുകയുള്ളൂ എന്ന സിദ്ധാന്തം സാമ്രാജ്യത്വത്തേയും അധിനിവേശത്തിനുംവേണ്ടി ഉപയോഗപ്പെടുത്തി.
- ജർമ്മൻ നാസികൾ വംശമഹത്വം ഉയർത്തിപിടിക്കുന്നതിനും പരിണാമസിദ്ധാന്തം ഉപയോഗപ്പെടുത്തി.

## പ്രവർത്തനം – 7

ഉദാത്ത (Libaralism)ത്തിന്റെ സവിശേഷതകൾ കണ്ടെത്തി ബ്രിട്ടനിലെ മധ്യവർഗ ചിന്തകളായിരുന്നു ഉദാരതാവാദമെന്ന് സമർത്ഥിക്കുക.

### *ഉത്തരസൂചിക*

- മധ്യവർഗ രാഷ്ട്രീയ സങ്കൽപ്പമാണ് ഉദാരതാവാദം.

- പാർലമെന്ററി ഭരണത്തോട് താൽപര്യം പ്രകടിപ്പിക്കുന്നു.
- നിയമവാഴ്ചയും മനുഷ്യാവകാശ നിയമങ്ങളും മുന്നോട്ടുവക്കുന്നു.
- വ്യക്തിസ്വാതന്ത്ര്യത്തിന് പ്രാധാന്യംനൽകുകയും പ്രായപൂർത്തി വോട്ടവകാശം എന്ന ആശയം മുന്നോട്ടുവക്കുകയും ചെയ്യുന്നു.
- ദേശീയതയുമായി അടുത്ത ബന്ധം പുലർത്തുകയും പരമ്പരാഗത രാജഭരണത്തിന് എതിരാവുകയും ചെയ്തു.
- തുല്യ അവകാശത്തിന് പ്രാധാന്യം നൽകി ജനങ്ങളുടെ സ്വാതന്ത്ര്യവും അവകാശങ്ങൾക്കും സംരക്ഷണം ലക്ഷ്യമാകുന്നു

ഇങ്ങനെ വ്യവസായവിപ്ലവത്തെ തുടർന്നുണ്ടായ ഇംഗ്ലണ്ടിലെ സമ്പന്നവ്യവസായികൾ ഫാക്ടറികളിൽ അമിതചൂഷണം നടത്തി. അവർ പാർലമെന്റിനെ നിയന്ത്രിക്കുകയും പാർലമെന്ററി ഭരണവ്യവസ്ഥ സ്ഥാപിച്ചെടുക്കാനും ശ്രമിച്ച മധ്യവർഗചിന്താഗതിയായിരുന്നു ഉദാരതാവാദം.

## പ്രവർത്തനം - 8

ശാസ്ത്രരംഗത്തെ കണ്ടുപിടുത്തങ്ങൾ സാമൂഹിക-ചരിത്രമേഖലകളിൽ മാറ്റങ്ങൾ വിശദീകരിക്കാൻ സഹായകമായി. ജ്ഞാനോദയം, ആധുനികശാസ്ത്ര കണ്ടുപിടുത്തങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശകലനംചെയ്യുക.

### *ഉത്തരസൂചിക*

- ജ്ഞാനോദയം അന്ധവിശ്വാസത്തെ എതിർത്തു.
- യുക്തിരാഹിത്യത്തെ എതിർത്തു.
- അന്വേഷണബോധം വളർന്നു.
- ശാസ്ത്രബോധം വളർന്നു.
- സാമൂഹ്യ-രാഷ്ട്രീയ ചിന്തകൾ പ്രചാരത്തിൽ വന്നു.
- പരിണാമസിദ്ധാന്തം നിലവിലുള്ള വിശ്വാസ പ്രമാണത്തെ എതിർത്തു.
- പത്ര-രാഷ്ട്രീയ-മതസ്വാതന്ത്ര്യം വളർത്താൻ സഹായിച്ചു.
- 'അനുയോജ്യരുടെ അതിജീവിക്കൽ' എന്ന സിദ്ധാന്തം മുന്നോട്ടുവച്ച് ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലെ കോളനിവൽക്കരണത്തെ ന്യായീകരിച്ചു.
- വംശമഹിമ ഉയർത്തിപ്പിടിക്കാൻ നാസികൾ ഇവ ഉപയോഗപ്പെടുത്തി.

## പ്രവർത്തനം - 9

20-ാംനൂറ്റാണ്ടിലെ ശാസ്ത്രവളർച്ച സമൂഹത്തിൽ സൃഷ്ടിച്ച പ്രതിഫലനം എന്തെല്ലാം? ചർച്ചാകുറിപ്പ് തയ്യാറാക്കുക.

### *ഉത്തരസൂചിക*

- 20-ാംനൂറ്റാണ്ടിൽ ശാസ്ത്രം പുരോഗതി പ്രാപിച്ചു.

- ആറ്റം വിഭജിച്ചും സംയോജിപ്പിച്ചം ഊർജം ഉദ്പാദിപ്പിക്കാമെന്ന് കണ്ടെത്തി.
- സൈനിക ആവശ്യങ്ങൾക്കായി ഭൗതികശാസ്ത്ര കണ്ടുപിടുത്തങ്ങൾ ഉപയോഗപ്പെടുത്തി.
- ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റത്തിന്റെ വിനാശകരമായ ഉപയോഗം നടത്തി ദുരന്തങ്ങൾ വിതച്ചു.
- ശാസ്ത്രപ്രതിഭകളായ മാക്സ് പ്ലാങ്ക്, ഐസ്റ്റീൻ, ഏണസ്റ്റ് റുഥർഫോർഡ് എന്നിവരുടെ കണ്ടുപിടുത്തങ്ങൾ നന്മയും തിന്മയും ഉണ്ടാക്കി.
- ബഹിരാകാശവാഹനങ്ങൾ നിർമ്മിച്ച് കൃത്രിമ ഉപഗ്രഹങ്ങൾ വിക്ഷേപിച്ച് പ്രകൃതിവിഭവങ്ങളെയും കാലാവസ്ഥയേയുംപറ്റി പഠിക്കാൻ തുടങ്ങി.
- ജനിതക സാങ്കേതികവിദ്യയിലും ജനിതക സാങ്കേതികവിദ്യയും വളർന്നു വികസിച്ചു.
- ക്ലോണിംഗിലൂടെ ജീവൻ സൃഷ്ടിക്കാനാകുമെന്ന് തെളിയിച്ചു.
- വിവരവനിമയരംഗത്ത് പുരോഗതി വിജ്ഞാനം വിരൽതുമ്പിലെത്തിച്ചു.

## പ്രവർത്തനം – 10

ജ്ഞാനോദയ ആശയങ്ങളുടെ അപചയത്തിനിടയാക്കിയ സാഹചര്യങ്ങൾ വിശകലനംചെയ്യുക.

### *ഉത്തരസൂചിക*

- വ്യവസായവിപ്ലവത്തെ തുടർന്നുണ്ടായ നഗരവൽക്കരണം.
- യൂറോപ്പിലെ ഫാക്ടറി സമ്പ്രദായം.
- തൊഴിലാളികളുടെ ദുരിതജീവിതവും മോശമായ തൊഴിലാളി – മുതലാളി ബന്ധങ്ങളും.
- തൊഴിലാളികളുടെ ദുരിതങ്ങൾ കലാസാഹിത്യകാരന്മാരെ സ്വാധീനിക്കുകയും ചിന്തയേയും ഭാവനയേയും പ്രചോദിപ്പിക്കുകയും ചെയ്തു.
- പ്രകൃതി മാറ്റിമറിക്കപ്പെട്ടു.
- ജ്ഞാനോദയചിന്തകളിൽ ദാർശനികർ സംശയം പ്രകടിപ്പിക്കുകയും അപ്രിയം വളരുവാനും ഇടയാക്കി.

## പ്രവർത്തനം – 11

വ്യവസായവിപ്ലവത്തിന്റെ ദുരന്തഫലത്തിന്റെ സ്വാധീനത്താൽ തത്ത്വചിന്തയിലും സാഹിത്യവിമർശനത്തിലും 20–ാംനൂറ്റാണ്ടിലുണ്ടായ പ്രസ്ഥാനങ്ങളാണ് ആധുനികതയും (Modernism) ഉത്തരാധുനികതയും (Post Modernism) സമർത്ഥിക്കുക.

### *ഉത്തരസൂചിക*

- വ്യവസായവിപ്ലവം ധൈഷണികചിന്തയിൽ മാറ്റംവരുത്തിയതിന്റെ ഫലമായി സാഹിത്യത്തിൽ പുതുസമീപനങ്ങളും ശൈലികളും രൂപപ്പെട്ടു.
- പ്രപഞ്ചത്തേയും പ്രകൃതിയേയും കീഴടക്കാമെന്ന ചിന്താഗതി അഭ്യസ്തവിദ്യരിൽ ഉണ്ടായി.

- തൊഴിലാളികളുടെ ദുരിതജീവിതത്തിനെതിരെയുള്ള പ്രതിഷേധം കലയിലും സാഹിത്യത്തിലും പ്രതിഫലിച്ചതാണ് ആധുനികത.
- ക്ലാസ്സിക്കൽ സങ്കൽപ്പങ്ങളെ എതിർത്ത് ആധുനികവാദികൾ അമൂർത്തമായ രീതികളും ശൈലികളും ആവിഷ്കരിക്കുകയും ഒരു കൃതിക്ക് പല അർത്ഥതലങ്ങളുണ്ടെന്ന് വാദിക്കുകയും ചെയ്തു. ഇതാണ് ഉത്തരാധുനികത. ഇത് സിദ്ധാന്തങ്ങൾക്കതീതമായ ഒരു ജീവിതസാഹചര്യമാണ്.
- മിഷേൽ, ഫുക്കോ, ഴാക്ക്, ദെറീദ, ചോംസ്കി എന്നിവർ ഇവയുടെ വക്താക്കളാണ്.

## പ്രവർത്തനം – 12

19, 20 നൂറ്റാണ്ടുകളിൽ രൂപപ്പെട്ട ധൈഷണിക പ്രവണതകളും അതിന്റെ വക്താക്കളേയും പട്ടികയാക്കുക.

| ധൈഷണിക പ്രവണതകൾ | വക്താക്കൾ |
|---|---|
| കാല്പനിക പ്രസ്ഥാനം | ചാൾസ് ഡിക്കൻസ്<br>വേഡ്സ്വർത്ത്, വിക്ടർ ഹ്യൂഗോ<br>യുജിൻ ദേല ക്രോ<br>ജോൺ കോൺസ്റ്റബിൾ<br>ബെഥോവൻ<br>ഹെഗൽ |

| ധൈഷണിക പ്രവണതകൾ | വക്താക്കൾ |
|---|---|
| ലിബറിലിസം | ജോൺ ലോക് |
| യഥാ ഥൊ വാദം | ആൽഫ്രഡ് ലോഡ് ടെന്നിസൻ<br>മാത്യു ആർനോൾഡ്<br>റോബർട്ട് ബ്രൗണിംഗ് |
| ജർമ്മൻ ആശയവാദം | ഇമ്മാനുവൽകാന്ത്, ഹെഗൽ |
| പ്രത്യക്ഷാനുഭവവാദം | അഗസ്റ്റെ കോങ്ങ്ത് |
| ഭൗതികവാദം | കാൾ മാർക്സ് |

## പ്രവർത്തനം – 13

താഴെ കൊടുത്തിട്ടുള്ള കാല്പനിക കലാകാരൻമാരുടെ രാജ്യവും സാഹിത്യമേഖലകളും കണ്ടെത്തി പട്ടികപ്പെടുത്തുക.

***ഉത്തരസൂചിക***

| | | | | | |
|---|---|---|---|---|---|
| 1. | ചാൾസ് ഡിക്കൻസ് | - | ഇംഗ്ലീഷ് സാഹിത്യം | - | നോവൽ |
| 2. | വില്യം വേഡ്സ്വർത്ത് | - | ഇംഗ്ലീഷ് സാഹിത്യം | - | കവിത |
| 3. | വിക്ടർ ഹ്യൂഗോ | - | ഫ്രഞ്ച് സാഹിത്യം | - | നോവൽ |
| 4. | ജോൺ കോൺസ്റ്റബിൾ | - | ബ്രിട്ടീഷ് കലാകാരൻ | - | ചിത്രകല |
| 5. | ബഥോവൻ | - | ജർമ്മൻ സംഗീതം | - | സംഗീതം |
| 6. | ഹെഗൽ | - | ജർമ്മൻ ചിന്തകൻ | - | തത്വചിന്ത |
| 7. | യുജിൻ ദെലക്രോ | - | ഫ്രഞ്ച് കലാകാരൻ | - | ചിത്രകല |

❖ ❖ ❖

# 7. ഇന്നത്തെ ഇന്ത്യ

1. സ്വതന്ത്ര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികളിലൊന്നായിരുന്നു നാട്ടുരാജ്യങ്ങളുടെ സംയോജനം. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ചേർക്കുന്നതിനായി നടന്ന പ്രധാന പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുക.
2. നാട്ടുരാജ്യങ്ങളുടെ സംയോജനവുമായി ബന്ധപ്പെട്ട ഒന്നായിരുന്നു വി.പി.മേനോൻ പദ്ധതി. ഇതിലെ പ്രധാന വ്യവസ്ഥകൾ ലിസ്റ്റ് ചെയ്യുക.
3. ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ അവസാന നിമിഷം വരെ വിസമ്മതിച്ച നാട്ടുരാജ്യങ്ങളിലൊന്നാണ് ജൂനഗഡ്. മറ്റു രണ്ടു നാട്ടുരാജ്യങ്ങൾ ഏവ?
4. താഴെ തന്നിരിക്കുന്ന പ്രദേശങ്ങളിൽനിന്ന് 1947-ന് ശേഷവും പോർച്ചുഗീസ്, ഫ്രഞ്ച് അധീന പ്രദേശങ്ങളായി നിലനിന്നവയെ പട്ടികപ്പെടുത്തുക.

   പോണ്ടിച്ചേരി, ഗോവ, മാഹി, ദാദ്ര, നാഗർഹവേലി, യാനം.
5. A കോളത്തിന് അനുയോജ്യമായവ B, C കോളത്തിൽനിന്നും തെരഞ്ഞെടുത്തെഴുതുക

| A | B | C |
|---|---|---|
| ഇന്ത്യ വിഭജനം | പോറ്റി ശ്രീരാമലു | ബോംബെ പദ്ധതി |
| നാട്ടുരാജ്യങ്ങളുടെ സംയോജനം | വിനോബാഭാവെ | സിറിൽ റാഡിക്ലിഫ് |
| പഞ്ചവത്സര പദ്ധതികൾ | കറാച്ചി പ്രമേയം | ഭൂദാന പ്രസ്ഥാനം |
| ഭാഷാ സംസ്ഥാന രൂപീകരണം | വി.പി.മേനോൻ പദ്ധതി | ലയനകരാർ |
| ഭൂപരിഷ്കരണം | മൗണ്ട്ബാറ്റൺ പ്രഭു | ഫാസിൽ അലി |

6. 1956-ലെ സംസ്ഥാന പുനസംഘടനാ നിയമപ്രകാരം നിലവിൽ വന്ന ഏതെങ്കിലും 4 സംസ്ഥാനങ്ങളുടെ പേര് എഴുതുക.
7. ഭാഷാടിസ്ഥാനത്തിലല്ലാതെ പ്രാദേശിക വാദത്തിന്റെ സമ്മർദ്ദത്താൽ രൂപംകൊണ്ട സംസ്ഥാനമാണ് ഉത്തരാഞ്ചൽ. മറ്റു രണ്ടു സംസ്ഥാനങ്ങൾ ഏതെല്ലാം?
8. A കോളത്തിന് അനുയോജ്യമായവ B, C കോളത്തിൽനിന്നും തെരഞ്ഞെടുത്തെഴുതുക.

| A | B | C |
|---|---|---|
| ആണവനിലയം | ബഹിരാകാശ ഗവേഷണം | അയ്യൂബ്ഖാൻ |
| ഹോമി.ജെ.ഭാഭ | ചേരിചേരാപ്രസ്ഥാനം | ISRO |
| ജവഹർലാൽ നെഹ്റു | എ.ബി.വാജ്പേയ് | 1956 |
| ലാൽ ബഹദൂർ ശാസ്ത്രി | ട്രോംബെ | നവാസ് ഷെരീഫ് |
| ലാഹോർ പ്രഖ്യാപനം | താഷ്കെന്റ് കരാർ | വിദേശനയം |

9. ഹരിതവിപ്ലവത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും പട്ടികപ്പെടുത്തുക.

10. ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകളിൽ ഏതെങ്കിലും മൂന്നെണ്ണം ലിസ്റ്റ് ചെയ്യുക.

11. ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിലുണ്ടായ ചില പ്രധാന നേട്ടങ്ങളാണ് താഴെ തന്നിരിക്കുന്നത്. അവ കാലഗണനാക്രമത്തിലെഴുതുക.

    - വിദ്യാഭ്യാസ അവകാശനിയമനം
    - ഡോ. രാധാകൃഷ്ണൻ കമ്മീഷൻ
    - ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ
    - കോത്താരി കമ്മീഷൻ
    - സർജന്റ് കമ്മീഷൻ

12. പഞ്ചവത്സരപദ്ധതികളിലൂടെ ഇന്ത്യ കൈവരിച്ച പുരോഗതി സംബന്ധിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

## ഉത്തരസൂചിക

1.

- സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ രൂപീകരണം.
- നാട്ടുരാജ്യങ്ങളെ സംസ്ഥാനങ്ങളായി അംഗീകരിച്ചത്.
- നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാനുള്ള ജനകീയ സമരങ്ങൾ.
- സൈനിക നടപടികൾ

2.

- ഭൂമിശാസ്ത്രപരമായി സാമീപ്യമുള്ള നാട്ടുരാജ്യങ്ങളെ മുൻ ബ്രിട്ടീഷ് പ്രവശ്യകളോടു കൂട്ടിച്ചേർത്തു.
- വിസ്തൃതിയുള്ള നാട്ടുരാജ്യങ്ങളെ അങ്ങനെതന്നെ സംസ്ഥാനങ്ങളായി അംഗീകരിച്ചു.
- വലിപ്പം കുറഞ്ഞവയും ഒരേ ഭാഷ സംസാരിക്കുന്നവയുമായ നാട്ടുരാജ്യങ്ങളെ ഐക്യ സംസ്ഥാനങ്ങളാക്കി.
- തന്ത്രപ്രധാനമായ സംസ്ഥാനങ്ങളെ കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കി.

3.

- ഹൈദരാബാദ്
- കാശ്മീർ

4.

| പോർച്ചുഗീസ് പ്രദേശങ്ങൾ | ഫ്രഞ്ച് പ്രദേശങ്ങൾ |
|---|---|
| ഗോവ | മാഹി |
| ദാദ്ര, നാഗർഹവേലി | പോണ്ടിച്ചേരി, യാനം |

5.

| A | B | C |
|---|---|---|
| ഇന്ത്യ വിഭജനം | മൗണ്ട്ബാറ്റൺ പ്രഭു | സിറിൽ റാഡിക്ലിഫ് |
| നാട്ടുരാജ്യങ്ങളുടെ സംയോജനം | വി.പി.മേനോൻ പദ്ധതി | ലയനകരാർ |
| പഞ്ചവത്സര പദ്ധതികൾ | കറാച്ചി പ്രമേയം | ബോംബെ പദ്ധതി |
| ഭാഷാ സംസ്ഥാന രൂപീകരണം | പോറ്റി ശ്രീരാമലു | ഫാസിൽ അലി |
| ഭൂപരിഷ്കരണം | വിനോബാഭാവെ | ഭൂദാന പ്രസ്ഥാനം |

6. ആന്ധ്രപ്രദേശ്, കേരള, ബംഗാൾ, ബീഹാർ, ആസ്സാം, ബോംബെ, ജമ്മുകാശ്മീർ, മധ്യപ്രദേശ്....

7. ഉത്തരാഞ്ചൽ, ജാർഖണ്ഡ്, ഛത്തീസ്ഗഡ്.

8.

| A | B | C |
|---|---|---|
| ആണവനിലയം | ട്രോംബെ | 1956 |
| ഹോമി.ജെ.ഭാഭ | ബഹിരാകാശ ഗവേഷണം | ISRO |
| ജവഹർലാൽ നെഹ്റു | ചേരിചേരാപ്രസ്ഥാനം | വിദേശനയം |
| ലാൽ ബഹദൂർ ശാസ്ത്രി | താഷ്കെന്റ് കരാർ | അയ്യൂബ്ഖാൻ |
| ലാഹോർ പ്രഖ്യാപനം | എ.ബി.വാജ്പേയ് | നവാസ് ഷെരീഫ് |

9. **നേട്ടങ്ങൾ**

- ഉത്പാദന വർദ്ധനവ്
- ഭക്ഷ്യ ഇറക്കുമതി കുറഞ്ഞു.
- ഭക്ഷ്യ സ്വയംപര്യാപ്തതി നേടി.
- തൊഴിലവസരങ്ങൾ വർദ്ധിച്ചു.

**കോട്ടങ്ങൾ**

- അമിതമായ രാസവളം, കീടനാശിനി, പ്രയോഗങ്ങൾ
- പരമ്പരാഗത കാർഷിക രീതികൾ നഷ്ടപ്പെട്ടു.
- ജൈവവൈവിധ്യം, പരിസ്ഥിതി കോട്ടങ്ങൾ.

10. • നിയമത്തിനു മുമ്പിൽ എല്ലാവരും തുല്യർ.
- പ്രായപൂർത്തി വോട്ടവകാശം
- പിന്നാക്കാവസ്ഥയിലുള്ളവർക്കു പ്രത്യേക പരിഗണന.

11. **സൂചകങ്ങൾ**

- കാർഷികമേഖലയിലെ യന്ത്രവൽക്കരണം.
- കാർഷികമേഖലയിലെ ആസൂത്രണമികവ്.
- നൂതന കൃഷിരീതികൾ.
- ഭക്ഷ്യോല്പാദന വർദ്ധനവ്.
- വ്യവസായരംഗത്തെ പുരോഗതി.
- ഇരുമ്പുരുക്ക്, വസ്ത്രനിർമ്മാണം, കൽക്കരി ഖനനം എന്നിവയുടെ വളർച്ച.

12. • സർജന്റ് കമ്മീഷൻ
- ഡോ. രാധാകൃഷ്ണൻ കമ്മീഷൻ
- ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ
- കോത്താരി കമ്മീഷൻ
- വിദ്യാഭ്യാസ അവകാശനിയമം

❖ ❖ ❖

# 8. കേരളപ്പുതുമ

## പ്രവർത്തനം - 1

1. ബ്രിട്ടീഷുകാർ കേരളക്കരയാകെ തങ്ങളുടെ ഭരണത്തിൻ കീഴിലാക്കാൻ നടത്തിയ വിവിധ പ്രവർത്തനങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

## ഉത്തരസൂചിക

- പരസ്പരം കലഹിക്കുന്ന നാട്ടുരാജ്യങ്ങൾ.
- ബ്രിട്ടൻ സഹായിയായി വന്ന് അധികാരിയായി മാറി.
- 1723ൽ വേണാട് രാജാവ് ബ്രിട്ടീഷുകാരുമായി ഉണ്ടാക്കിയ സന്ധി.
- 1791ലെ കൊച്ചി-ബ്രിട്ടീഷ് സൗഹാർദ്ദ സന്ധി.
- 1792ൽ മൈസൂർ രാജാവ് ടിപ്പുവും ഇംഗ്ലീഷുകാരുമായി ഉണ്ടാക്കിയ ശ്രീരംഗപട്ടണം ഉടമ്പടി.
- ശ്രീരംഗപട്ടണ ഉടമ്പടിയിലൂടെ മലബാർ ബ്രിട്ടീഷ് അധീനതയിലായി.
- 1795ൽ ഇംഗ്ലീഷുകാരും, തിരുവിതാംകൂറുമായുണ്ടാക്കിയ സന്ധി.
- സൈനിക സഹായ വ്യവസ്ഥപ്രകാരം 1805ലെ ഇംഗ്ലീഷ് തിരുവിതാംകൂർ സന്ധി.
- 1805ലെ സന്ധിയിലൂടെ തിരുവിതാംകൂറിന്റെ ചെലവുകളുടെ നിയന്ത്രണം ഇംഗ്ലീഷുകാർക്കായി.
- 1805ലെ സന്ധിയിലൂടെ തിരുവിതാംകൂറിന്റെ ഭരണം ഏറ്റെടുക്കാനുള്ള അധികാരം ഇംഗ്ലീഷുകാർക്ക് ലഭിച്ചു.

## പ്രവർത്തനം 2

2. വേലുത്തമ്പി, കേരളവർമ്മ എന്നിവരുടെ ചെറുത്തുനിൽപ്പും, കുറിച്യർകലാപവും വിലയിരുത്തി കേരളത്തിൽ ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങൾക്ക് വഴിയൊരുക്കിയത് അവരുടെ നികുതി പിരിവിലെ ചൂഷണമാണോ എന്ന് പരിശോധിക്കുക.

## ഉത്തരസൂചിക

- രാജാക്കൻമാരും പ്രഭുക്കന്മാരും കമ്പനികളുടെ അധീനതയിലാവണമെന്ന പ്രഖ്യാപനം.
- മലബാറിൽ വൻതോതിൽ നികുതി ചുമത്തി.
- നികുതി നൽകാത്തവരെ നിർദാക്ഷണ്യം ശിക്ഷിച്ചു.
- നികുതി പിരിവ് ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിൽ തർക്കങ്ങൾ സാധാരണയായി.
- പഴശ്ശിയുടെ അധികാരം വെട്ടിക്കുറച്ചു.
- പഴശ്ശിയുടെ നികുതി പിരിക്കാനുള്ള അധികാരം ഇംഗ്ലീഷുകാർ എടുത്തകളഞ്ഞു.

## വേലുത്തമ്പി

- ദിവാൻ വേലുത്തമ്പി കമ്പനിക്കെതിരെ സ്വീകരിച്ച സ്വതന്ത്രനിലപാടുകൾ.

- ഭണ്ഡാരത്തിൽനിന്ന് വൻതുക കൈപ്പറ്റാനുള്ള ബ്രിട്ടീഷുകാരുടെ ശ്രമങ്ങളെ ദിവാൻ തടഞ്ഞു.
- സാമ്പത്തിക ചൂഷണം നടത്തുന്ന ബ്രിട്ടനെതിരെ കലാപം നടത്താൻ കുണ്ടറ വിളംബരത്തിലൂടെ ദിവാൻ ജനങ്ങളെ പ്രേരിപ്പിച്ചു.
- ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ പാലിയത്തച്ചന്റെ കലാപം.

## കുറിച്യ കലാപം

- ബ്രിട്ടീഷുകാരുടെ ഉയർന്ന നികുതി.
- നികുതി പണമായി നൽകണമെന്ന ഉത്തരവ്.
- നികുതി കുടിശ്ശിക വരുത്തിയവർക്കു നേരെ നടത്തിയ അക്രമങ്ങൾ.
- കൃഷിക്കാർക്ക് ഭൂമിയിലുള്ള അവകാശം നിഷേധിച്ചു.
- ഭൂവുടമ ജന്മിമാരായി.
- ജന്മിമാരുടെ ക്രൂരതകൾ.
- സാമ്പത്തിക ചൂഷണത്തിനെതിരെ ജനകീയ മുന്നേറ്റം.

## പ്രവർത്തനം 3, 4, 5

"സാധാരണക്കാരുടെയും കൃഷിക്കാരുടെയും ജീവിതത്തിനുമേൽ ദുരിതങ്ങൾ ഉണ്ടാക്കിയവർക്കെതിരെ നടന്ന പ്രതിഷേധങ്ങളാണ് കർഷക കലാപങ്ങൾ". ഈ പ്രസ്താവന വിശകലനം ചെയ്യുക.

***അല്ലെങ്കിൽ***

ബ്രിട്ടീഷ് ജന്മി കൂട്ടുകെട്ടിന്റെ ബലിയാടുകളായിരുന്നു കർഷക ജനത. ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

***അല്ലെങ്കിൽ***

നമ്മുടെ നാടിന്റെ പൈതൃക സ്വത്ത് കൊള്ളയടിക്കാൻ വേണ്ടി ഉണ്ടാക്കിയ ബ്രിട്ടീഷ് ജന്മി കൂട്ടുകെട്ടും അവരുടെ നയപരിപാടികളും ഗ്രാമീണ ജീവിതത്തിന് എന്തെല്ലാം പ്രയാസങ്ങൾ വരുത്തിവെച്ചു? അന്വേഷണക്കുറിപ്പ് തയ്യാറാക്കുക.

## ഉത്തരസൂചിക

- ഭൂനികുതി പണമായി ചുമത്താൻ തുടങ്ങി.
- ഭൂനികുതി ഏറിയ തോതിൽ വർദ്ധിപ്പിച്ചു.
- യഥാർത്ഥ കൃഷിക്കാർക്ക് ഭൂമിയിൽ സ്ഥിരാവകാശം ഇല്ലായിരുന്നു.
- ഭൂമിയുടെ അവകാശം ജന്മിമാർക്ക് മാത്രമായി.
- ജന്മിമാരുടെ ചൂഷണവും ക്രൂരതയും വർദ്ധിപ്പിച്ചു.
- വ്യാപകമായി കുടിയൊഴിപ്പിച്ചു.
- കടുത്ത ദാരിദ്ര്യം.

- ഭൂനിയമങ്ങൾ ജന്മിക്കനുകൂലമായിരുന്നു.
- സങ്കീർണ്ണമായ ജാതിവ്യവസ്ഥ ജന്മിത്വത്തിന് ശക്തിപകർന്നു.
- കർഷകരുടെയും പാട്ട കുടിയാന്മാരുടെയും സംരക്ഷണത്തിന് യാതൊരുവിധ നിയമങ്ങളും ഇല്ലായിരുന്നു.
- ദുരിതവും നിത്യദാരിദ്ര്യവും കർഷകരെ കലാപങ്ങളിലേക്ക് നയിച്ചു.
- ജന്മിമാരുടെയും ഉദ്യോഗസ്ഥരുടെയും ക്രൂരതകളും ചൂഷണവും.

## പ്രവർത്തനം - 6

പണ്ടാരപ്പട്ട വിളംബരവും ജന്മികുടിയാൻ വിളംബരവും ഭൂവുടമസ്ഥതയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്ക? കർഷകർക്ക് ഈ മാറ്റങ്ങൾ എത്രമാത്രം സഹായകരമായി? ചർച്ചചെയ്യുക.

## ഉത്തരസൂചിക

- തിരുവിതാംകൂറിൽ 19-ാം നൂറ്റാണ്ടിൽ സർക്കാർ ഭൂമി കൃഷിക്കാർക്ക് പാട്ടത്തിന് കൊടുത്തു.
- ഉല്പാദന വർദ്ധനവും തദ്ദേശ നികുതി വരുമാനത്തിലെ വർദ്ധനവുമാണ് ഇത് ലക്ഷ്യമിടുന്നത്.
- ബ്രിട്ടീഷുകാർക്ക് കപ്പം കൊടുക്കാനും പട്ടാളത്തെ തീറ്റിപ്പോറ്റുന്നതിനും ഇത് ആവശ്യമായിരുന്നു.
- ഭൂ ഉടമസ്ഥന്റെ അഥവാ ജന്മിയുടെ ഇഷ്ടാനിഷ്ടങ്ങളായിരുന്നു കുടിയാന്റെ വിധി നിശ്ചയിച്ചിരുന്നത്.
- പണ്ടാരപ്പാട്ട വിളംബരവും ജന്മികുടിയാൻ വിളംബരവും ഭൂമിയുടെ ക്രയവിക്രയത്തിന് കാരണമായി.
- ഭൂമി പാട്ടത്തിന് നൽകിയത് തിരുവിതാംകൂറിൽ കൃഷിയിലൂടെയും കച്ചവടത്തിലൂടെയും ഒരു മദ്ധ്യവർഗ്ഗം ഉയർന്നുവരുന്നതിന് കാരണമായി.
- പാട്ടഭൂമിയിൽ ഉടമസ്ഥാവകാശത്തിന് പ്രചോദനങ്ങൾ ഉണ്ടായി.
- പണ്ടാരപ്പാട്ട വിളംബരത്തിലൂടെ പാട്ടഭൂമിയിൽ പാട്ടക്കാരന് ഉടമസ്ഥാവകാശം ലഭിച്ചു.
- ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിച്ചത് യഥാർത്ഥ കൃഷിക്കാർക്കായിരുന്നില്ല.
- കുടിയാൻമാരുടെ സ്ഥിതി ദുരിതപൂർണ്ണമായിരുന്നു.
- നിയമ നിർമ്മാണങ്ങൾ സമ്പന്നരുടെ (ജന്മികളുടെ) താല്പര്യത്തിന് അനുകൂലമായിരുന്നു.

## പ്രവർത്തനം - 7

ഭൂവുടമസ്ഥതയിൽ വന്ന മാറ്റം കാർഷികരംഗത്ത് വരുത്തിയ മാറ്റങ്ങൾ ചർച്ചചെയ്ത് കാർഷിക പുരോഗതിക്ക് ഇത് സഹായകരമായിരുന്നോ എന്ന് കണ്ടെത്തുക.

### ഉത്തരസൂചിക

- നെൽകൃഷിയുടെ സ്ഥാനത്ത് നാണ്യവിളകളുടെ കൃഷി വ്യാപകമായി.
- വനമേഖലകൾ തോട്ടവിളകൾക്കും നാണ്യവിളകൾക്കും വഴിമാറി ഹൈറേഞ്ച് മലബാർ കുടിയേറ്റങ്ങൾ ഉണ്ടായി.
- കേരളത്തിന്റെ മലയോരം നാണ്യവിളകളുടെ കേന്ദ്രമായി.
- കാർഷികപുരോഗതിക്ക് നാണ്യവിളകളുടെ ഉത്പാദനം സഹായമായി.

### പ്രവർത്തനം - 8

ബ്രിട്ടീഷ് കമ്പനികൾ കേരളത്തിൽ നടത്തിയ മൂലധന നിക്ഷേപം കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ ഏതെല്ലാം തരത്തിൽ സ്വാധീനം ചെലുത്തി? വിശദമാക്കുക.

### ഉത്തരസൂചിക

- തോട്ടം മേഖലയിൽ ബ്രിട്ടീഷുകാർ മൂലധനമിറക്കി.
- കച്ചവടം ബാങ്കിംഗ് മേഖലകളിൽ മൂലധന നിക്ഷേപം നടത്തി.
- കേരളവും ലോക കമ്പോളവും തമ്മിൽ ബന്ധപ്പെടുത്തുന്നതിന് കൊച്ചിയിൽ ചേംബർ ഓഫ് കോമേഴ്സിന്റെ ആരംഭത്തിന് വഴി തെളിച്ചു.
- ബ്രിട്ടീഷ് മൂലധനം ഇന്ത്യയിലേക്ക് പ്രവഹിച്ചു.
- കേരളത്തിൽ വ്യവസായങ്ങൾ ആരംഭിച്ചു.
- സേവനമേഖലയിൽ തൊഴിലവസരങ്ങൾ ഉണ്ടായി.
- സാമൂഹികബന്ധങ്ങളിൽ മാറ്റങ്ങൾ ഉണ്ടായി.
- വിദ്യാഭ്യാസ വ്യാപനത്തിന് കാരണമായി.
- സാമ്പത്തികരംഗത്ത് ഉണർവ്വ് പ്രകടമായി.

### പ്രവർത്തനം - 9

സാമ്രാജ്യത്വവികസനത്തിന്റെ ഭാഗമായുണ്ടായ പുതിയ തൊഴിൽ മേഖലകളും സാമ്പത്തികരംഗത്തുണ്ടായ വളർച്ചയും ആധുനിക വിദ്യാഭ്യാസ വ്യാപനത്തിന് പ്രേരകമായി. കേരളത്തിന്റെ വിദ്യാഭ്യാസ വളർച്ചയുടെ ചരിത്രം വിശകലനംചെയ്ത് ഈ പ്രസ്താവന വിലയിരുത്തുക.

### ഉത്തരസൂചിക

- സ്ത്രീ-പുരുഷ വ്യത്യാസമോ സാമുദായിക ഭിന്നതകളോ ഇല്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം.
- വിദ്യാഭ്യാസ മണ്ഡലത്തിൽ അപചയം.
- ശൂദ്രർക്ക് വിദ്യാഭ്യാസ നിഷേധം.
- സ്ത്രീ വിദ്യാഭ്യാസത്തിന് തിരിച്ചടി.

***മിഷനറിമാരുടെ പ്രവർത്തനഫലമായി കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ ഉണ്ടായ മാറ്റങ്ങൾ.***

- ചർച്ച് മിഷൻ സൊസൈറ്റി
- ലണ്ടൻ മിഷ് സൊസൈറ്റി

- ബാസൽ ഇവാഞ്ചലിക്കൽ മിഷൻ
- വിദ്യാഭ്യാസം ആധുനികവൽക്കരിക്കപ്പെട്ടു.
- കേരള ജനതയുടെ വിദ്യാഭ്യാസത്തോടുള്ള കാഴ്ചപ്പാട് മാരി.
- പാശ്ചാത്യ വിദ്യാഭ്യാസം സാമൂഹ്യ പരിവർത്തനത്തെ വേഗത്തിലാക്കി.
- സ്വാതന്ത്രചിന്താഗതിയുടെ വളർച്ച
- അച്ചടിവിദ്യയുടെ ആരംഭം.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാവർക്കും പ്രവേശനം.
- ആധുനിക ആശയങ്ങളുടെ പ്രചരണം.
- സർക്കാർ നടപ്പിലാക്കിയ മതേതരവും പുരോഗമനപരവുമായ വിദ്യാഭ്യാസം.
- ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം ലഭിച്ചു.
- ബ്രിട്ടീഷ് ഭാഷയ്ക്ക് പ്രാധാന്യം ലഭിച്ചു.
- ബ്രിട്ടീഷ് ഭരണ സംവിധാനവും വകുപ്പുകളും സൃഷ്ടിച്ച തൊഴിലവസരങ്ങൾ വിദ്യാഭ്യാസ സമ്പാദനത്തിന് മുഖ്യ പ്രേരക ശക്തിയായി.
- ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വ വികസനത്തിന്റെ ഫലമായി നടത്തിയ പ്രവർത്തനം പരോക്ഷമായി പുരോഗമന സമൂഹത്തിന്റെ സൃഷ്ടിക്ക് കാരണമായി.
- സ്കൂളുകൾ, കോളേജുകൾ എന്നിവ സ്ഥാപിതമായി.
- തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിതമായി.
- പെൺകുട്ടികൾക്ക് പ്രത്യേക വിദ്യാലയങ്ങൾ സ്ഥാപിച്ചു.

## പ്രവർത്തനം - 10

ബ്രിട്ടീഷ് ഭരണകാലത്ത് മലബാറിൽനിന്ന് വ്യത്യസ്തമായി തിരുവിതാംകൂർ രാജ്യത്ത് ആരോഗ്യമേഖല ഉയർന്ന നിലവാരം പുലർത്തി എന്നു പറയുന്നു. എന്തായിരിക്കും ഇതിന് ഇടയാക്കിയത്? ചർച്ചാകുറിപ്പ് തയ്യാറാക്കുക.

## ഉത്തരസൂചിക

- മലബാർ നേരിട്ട് ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ.
- ബ്രിട്ടീഷുകാർക്ക് അവരുടെ ക്ഷേമമായിരുന്നു ലക്ഷ്യം. ജനക്ഷേമമായിരുന്നില്ല.
- മാർത്താണ്ഡവർമ്മ, ധർമ്മരാജ എന്നീ നാട്ടുരാജാക്കന്മാരുടെ പ്രബുദ്ധ ഭരണം തിരുവിതാംകൂറിൽ.
- പുരോഗമനപരവും ജനക്ഷേമകരവുമായ പരിഷ്ക്കാരങ്ങൾ.

- ആയില്യം തിരുനാളിന്റെ കാലത്ത് തിരുവനന്തപുരം നഗരത്തിന്റെ സദ്ഭരണത്തിനും ശുചീകരണ പ്രവർത്തനത്തിനും ചട്ടങ്ങൾ നിർമ്മിച്ചു.
- ആശുപത്രികളുടെ സ്ഥാപനം.
- പാരമ്പര്യ ചികിത്സയുടെ സ്ഥാനത്ത് ഇംഗ്ലീഷ് ചികിത്സ.
- വസൂരി മലമ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങളുടെ വ്യാപനം.
- ഗോവസൂരവി പ്രയോഗം ഏർപ്പെടുത്തി.
- ശ്രീമൂലം തിരുനാളിന്റെ കാലത്തെ ചികിത്സാ വകുപ്പിന്റെ വികസനം.
- സർക്കാർ ആശുപത്രികളിൽ പരീക്ഷായോഗ്യതയുള്ള ദിഷഗ്വരന്മാരുടെയും ശസ്ത്രക്രിയ വിദഗ്ദ്ധരുടെയും നിയമനം.
- സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ആശുപത്രി.
- ആയുർവേദ കോളേജിന്റെ സ്ഥാപനം.
- വൈദ്യശാലകൾക്ക് സർക്കാരിന്റെ ധനസഹായം.
- ആയുർവേദ ചികിത്സക്ക് പ്രോത്സാഹനം.
- സ്വാതി തിരുന്നാൾ തിരുവനന്തപുരത്ത് ധർമ്മാശുപത്രി സ്ഥാപിച്ചു.
- തിരുവിതാംകൂറിൽ വസൂരിവാക്സിൻ നിർമ്മാണശാല ആരംഭിച്ചു.
- തിരുവിതാംകൂറിന് പുറത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിന് പോകുന്ന പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്.
- ടൈഫോയ്ഡ് പേവിഷബാധ എന്നിവയ്ക്കെതിരെ വാക്സിനുകൾ തിരുവിതാംകൂറിൽ ലഭ്യമാക്കി.
- ആരോഗ്യമേഖലയിൽ തിരുവിതാംകൂർ മോഡൽ.

## പ്രവർത്തനം - 11

നവോത്ഥാന നായകരുടെ നേതൃത്വത്തിൽ നടന്ന സാമുദായിക നവീകരണ പ്രവർത്തനങ്ങളും ജാതി വിവേചനങ്ങൾക്ക് എതിരായ സമരങ്ങളും സാമ്രാജ്യത്വ വിരുദ്ധസമരങ്ങൾക്ക് അടിത്തറ പാകി. ചർച്ചാകുറിപ്പ് തയ്യാറാക്കുക.

## ഉത്തരസൂചിക

### അയ്യൻകാളി (1863-1942)

- ആധുനികകാലത്തെ സാമൂഹ്യ പരിഷ്കർത്താവ്.
- ജനനം - തിരുവനന്തപുരത്തിനടുത്തുള്ള വെങ്ങാനൂരിലെ പുലയ സമൂഹത്തിൽ.
- അധഃകൃതരുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു.
- 1907ൽ സാധുജന പരിപാലന യോഗം ആരംഭിച്ചു.
- ഹരിജനോദ്ധാരണ പ്രവർത്തനത്തിന്റെ ഫലമായി തിരുവനന്തപുരം ജില്ലയിലെ പൊതുനിരത്തുകളിൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം പുലയർക്ക് നേടിയെടുത്തു.

- 1941ൽ നിര്യാതനായി.

## വക്കം അബ്ദുൾ ഖാദർ മൗലവി

- മുസ്ലീം സാമൂഹ്യ പരിഷ്കർത്താവ്.
- ഭാഷാ പണ്ഡിതൻ (അറബി, പേർഷ്യൻ, ഉർദ്ദു, മലയാളം).
- മുസ്ലീം സമുദായത്തിന്റെ സാമൂഹ്യ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചു.
- ഇസ്ലാമിക അനാചാരങ്ങൾക്കെതിരെയും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയെടുക്കാനുമുള്ള പ്രവർത്തനം.
- മുസ്ലീം ദീപിക എന്നീ പത്രങ്ങൾ സ്വന്തം പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തി.
- മുസ്ലീം - മഹാജന സഭയ്ക്ക് രൂപംകൊടുത്തു.

## വി.ടി.ഭട്ടതിരിപ്പാട്

- നമ്പൂതിരി സമുദായത്തിലെ സാമൂഹ്യ പരിഷ്കർത്താവ്.
- സമുദായത്തിലെ അനീതികൾക്കെതിരെ പ്രതികരിച്ചു.
- സമൂഹത്തിൽ ഉണ്ടാകേണ്ട സമൂല പരിവർത്തനമായിരുന്നു ലക്ഷ്യം.
- പ്രശസ്ത നാടകമായ "അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്" വി.ടി.യുടെ സാഹിത്യവൈഭവത്തിനും ദീർഘവീക്ഷണത്തിനും ഉത്തമ ഉദാഹരണം.
- സാമുദായിക ഭിന്നതകൾ മറന്ന് പരസ്പരം സ്നേഹിക്കുക ഇതായിരുന്നു അദ്ദേഹം സമൂഹത്തോട് ചെയ്ത ആഹ്വാനം.

## ശ്രീനാരായണഗുരു

- നവോത്ഥാന നായകരിൽ പ്രധാനി.
- ജാതിവ്യവസ്ഥയ്ക്കെതിരെ പ്രചരണം നടത്തി.
- ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നതായിരുന്നു ഗുരുവിന്റെ ആപ്തവാക്യം.
- സംഘടിച്ചു ശക്തരാകാനും വിദ്യകൊണ്ട് പ്രബുദ്ധരാകാനും ആഹ്വാനംചെയ്തു.
- ഇംഗ്ലീഷ് വിദ്യാഭ്യാസം നേടാനും വാണിജ്യവ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുകയും ചെയ്യണമെന്ന് ഈഴവരെയും പിന്നാക്ക വിഭാഗക്കാരെയും ഗുരു ഉദ്ബോധിപ്പിച്ചു.

## ചട്ടമ്പിസ്വാമികൾ

- അബ്രാഹ്മണരുടെ ഉയർത്തെഴുന്നേൽപ്പിന് ശ്രമിച്ചു.
- വേദപഠനത്തിനും ഈശ്വരാരാധനയ്ക്കും അബ്രാഹ്മണർക്കും അവകാശമുണ്ടെന്ന് പ്രചരിപ്പിച്ചു.
- നായർ സമുദായത്തന്റെ സാമൂഹ്യ ആദ്ധ്യാത്മിക വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ച ഹിന്ദു സന്യാസി.
- സാമൂഹ്യ സാമ്പത്തിക പുരോഗതി ലക്ഷ്യം.

## സാമൂഹ്യപരിഷ്കർത്താക്കളുടെ പ്രവർത്തന ഫലമായി സമൂഹത്തിൽ വന്ന മാറ്റങ്ങൾ

- മതങ്ങളിലും ജാതികളിലും ഉണ്ടായിരുന്ന കാലഹരണപ്പെട്ട ആചാരങ്ങൾ ക്രമേണ അപ്രത്യക്ഷമായി.
- നൂതനവും പുരോഗമനപരവുമായ സാമൂഹ്യവീക്ഷണം കൈവന്നു.
- കൂട്ടുകുടുംബം, പിന്തുടർച്ചാവകാശം, വിവാഹവ്യവസ്ഥ, ശൈശവ വിവാഹം, ബഹുഭാര്യാത്വം ബഹു ഭർത്തൃത്വം മുതലായവയിലെല്ലാം മാറ്റങ്ങൾ ഉണ്ടായി.
- സമൂഹത്തിന്റെ അടിത്തട്ടിലുള്ള വർഗ്ഗങ്ങളുടെ ശക്തിയെന്തന്നറിഞ്ഞു.
- അവകാശബോധം ഉണ്ടായി.
- രാഷ്ട്രീയ അവബോധം കൈവന്നു.
- ഇത് സ്വാതന്ത്ര്യ പ്രസ്ഥാനത്തിലേക്ക് ജനങ്ങളെ കൊണ്ടുചെന്നെത്തിച്ചു.

## പ്രവർത്തനം – 12

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരക്കപ്പെടുന്നതിന്റെ ഫലമായി ഒരു പ്രദേശത്ത് എന്തുമാറ്റമാണ് ഉണ്ടാകുക? കേരള സംസ്ഥാന രൂപീകരണത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

## ഉത്തരസൂചിക

- കേരളപ്പിറവിക്ക് ശേഷം നടപ്പാക്കിയ ഭൂപരിഷ്ക്കരണ നിയമങ്ങൾ മാറ്റങ്ങൾക്ക് കാരണമായി.
- കാർഷികരംഗത്ത് ചൂഷണം കുറഞ്ഞു.
- കാർഷിക ഉത്പാദനം വർദ്ധിച്ചു.
- കേരളപ്പിറവിക്ക് ശേഷം നടന്ന വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കരണ പരിപാടികൾ.
- കേരളത്തെ വിദ്യാഭ്യാസരംഗത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ മുന്നിൽ എത്തിച്ചു.
- ആരോഗ്യമേഖലയിൽ വളർച്ച.
- കേരള ആരോഗ്യമാതൃക ലോക ശ്രദ്ധ നേടി.
- ഇന്ത്യയിലെ സമ്പൂർണ്ണ സാക്ഷരതയുള്ള സംസ്ഥാനം.
- തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ പ്രവർത്തനം.
- കേരളം ലോകത്തിന് മാതൃക.

## പ്രവർത്തനം – 13

ആധുനിക കേരളം രൂപപ്പെടുന്നതിനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കുക.

*അല്ലെങ്കിൽ*

കേരള സംസ്ഥാന രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശദമാക്കുക.

## ഉത്തരസൂചിക

- ഭൂമിശാസ്ത്രപരമായ ഏകീകരണം.
- സാമ്പത്തിക പുരോഗതി.
- ഭാഷയുടെയും, സംസ്ക്കാരത്തിന്റെയും വളർച്ച.
- ഭരണപരമായ ഏകീകരണം.
- സാധാരണക്കാർക്ക് ഭരണത്തിന്റെയും നീതിന്യായത്തിന്റെയും ഗുണഫലങ്ങൾ ലഭ്യമാക്കൽ.
- പ്രാദേശിക വികസനം.
- ഭാഷാപരമായ ഏകീകരണം.
- സാംസ്ക്കാരിക ഏകീകരണം.
- കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി കൊച്ചി, രാജ്യപ്രഭാ മണ്ഡലം, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് എന്നിവയുടെ സംയുക്ത യോഗം, ഐക്യ കേരള പിറവിക്കായി ആരംഭിച്ച പ്രവർത്തന പരിപാടികൾ.
- 1947–48 വർഷങ്ങളിലെ ഐക്യകേരള കൺവെൻഷനുകൾ.
- 1948ലെ ഭാഷാ സംസ്ഥാന കമ്മീഷൻ തെളിവെടുപ്പ് (എസ്.കെ.ധാർ കമ്മീഷൻ)
- 1948ലെ പാലക്കാട്ടെ ഐക്യ കേരള കൺവെൻഷൻ.
- കൊച്ചി-തിരുവിതാംകൂർ നാട്ടുരാജ്യ സംയേജനം.
- ശ്രീ രാമലുവിന്റെ നിരാഹാരവും ജീവത്യാഗവും.
- 1955ലെ ഭാഷാ - സംസ്ഥാന പുന:സംഘടനാ കമ്മീഷൻ റിപ്പോർട്ട്.
- 1956ലെ സംസ്ഥാന പുന:സംഘടനാ നിയമം.
- 1957ൽ അധികാരത്തിൽ വന്ന ഇ.എം.എസ്.മന്ത്രിസഭയുടെ മികച്ച പ്രവർത്തനം.
- ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസം തുടങ്ങിയ ഒട്ടേറെ മേഖലകളിലെ നിയമനിർമ്മാണങ്ങൾ (കാർഷികബന്ധ ബിൽ, വിദ്യാഭ്യാസ ബിൽ).
- 1958ൽ കാർഷിക ബന്ധ ബില്ല്, വിദ്യാഭ്യാസ ബില്ല് പിന്നീട് അധികാരത്തിൽ വന്ന മന്ത്രിസഭകളുടെ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ.
- ആധുനിക കേരളം രൂപപ്പെടാൻ കാരണമായി.

## പ്രവർത്തനം - 15

ബ്രിട്ടീഷ് ഭരണം കേരളത്തിലെ ഗ്രാമീണ മേഖലകളിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തൊക്കെ? വിലയിരുത്തുക.

## ഉത്തരസൂചിക

- ബ്രിട്ടീഷ് ഭരണം വരുന്നതിനുമുമ്പ് ഗ്രാമങ്ങൾ ഏതാണ്ട് സ്വയം പര്യാപ്തമായിരുന്നു.
- ബ്രിട്ടീഷ് ഭരണം വന്നതോടെ ഗ്രാമങ്ങളിൽ ചരക്കുകളുടെ ഉത്പാദനം കുറഞ്ഞു.
- ഇംഗ്ലണ്ടിലെ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യപ്പെട്ടു.
- അസംസ്കൃത വസ്തുക്കൾ ഇംഗ്ലീഷുകാർ കടത്തിക്കൊണ്ടുപോയി.
- ഗ്രാമീണ തൊഴിൽമേഖല തകർന്നു.
- കുടുംബങ്ങൾ പട്ടിണിയിലായി.
- ബ്രിട്ടീഷുകാർ വൻ ലാഭം ഉണ്ടാക്കി.

❖ ❖ ❖

# 9. ജനാധിപത്യം

**പ്രധാന ആശയങ്ങൾ**

- ജനാധിപത്യത്തിന്റെ ആവിർഭാവം
- മൂല്യങ്ങൾ
- പ്രത്യക്ഷ ജനാധിപത്യം, പ്രാതിനിധ്യ ജനാധിപത്യം
- ജനാധിപത്യം ഒരു ജീവിതരീതിയാണ്
- തെരഞ്ഞെടുപ്പ്
- ജനാധിപത്യത്തിന്റെ മേൻമകൾ, പോരായ്മകൾ
- ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

**പ്രവർത്തനം - 1**

'ജനാധിപത്യമെന്നാൽ ജനങ്ങളുടെ അധികാരമാണ്' ഈ പ്രസ്ഥാന സാധൂകരിക്കുന്ന തരത്തിൽ താഴെ നൽകിയിരിക്കുന്ന ഫ്ളോ ചാർട്ട് പൂർത്തീകരിക്കുക.




*ഉത്തരസൂചിക :*




ജനങ്ങൾ → അധികാരം → ജനാധിപത്യം

**പ്രവർത്തനം - 2**

ചുവടെ നൽകിയിരിക്കുന്ന വിവരങ്ങളെ പ്രത്യക്ഷജനാധിപത്യം, പരോക്ഷ ജനാധിപത്യം എന്ന രീതിയിൽ പട്ടികപ്പെടുത്തുക.

- പുരാതന ഗ്രീസിൽ നിലനിന്നിരുന്നു.
- ഇന്ത്യയിൽ നിലവിലുള്ളത്.
- നീതിയും ന്യായവും അവർതന്നെ നടപ്പാക്കുന്നു.
- ജനസംഖ്യയിലുണ്ടായ വർദ്ധനവ്.
- ഭരണകർത്താക്കളെ നറുക്കിട്ട് കണ്ടെത്തുന്നു.

- ജനങ്ങൾ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു.
- പൗരൻമാർ നേരിട്ട് ഭരണത്തിൽ പങ്കാളികളാകുന്നു.
- പ്രതിനിധികളിലൂടെ ഭരണത്തിൽ പങ്കാളികളാകുന്നു.

| പ്രത്യക്ഷ ജനാധിപത്യം | പരോക്ഷ ജനാധിപത്യം |
|---|---|
| • | • |
| • | • |
| • | • |

***ഉത്തരസൂചിക :***

| പ്രത്യക്ഷ ജനാധിപത്യം | പരോക്ഷ ജനാധിപത്യം |
|---|---|
| • പുരാതന ഗരീസിൽ നിലനിന്നിരുന്നു. | • ഇന്ത്യയിൽ നിലവിലുള്ളത്. |
| • നീതിയും ന്യായവും അവർതന്നെ നടപ്പിലാക്കുന്നു | • ജനസംഖ്യയിലുണ്ടായ വർദ്ധനവ് |
| • ഭരണകർത്താക്കളെ നറുക്കിട്ട് കണ്ടെത്തുന്നു | • ജനങ്ങൾ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. |
| • പൗരൻമാർ നേരിട്ട് ഭരണത്തിൽ പങ്കാളികളാകുന്നു. | • പ്രതിനിധികളിലൂടെ ഭരണത്തിൽ പങ്കാളികളാകുന്നു. |

**പ്രവർത്തനം - 3**

പരോക്ഷജനാധിപത്യത്തിന്റെ ചില സവിശേഷതകൾ താഴെ നൽകിയിരിക്കുന്നു. ഏതെങ്കിലും മൂന്ന് സവിശേഷതകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുക.

- പ്രായപൂർത്തി വോട്ടവകാശം.
- സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.

***ഉത്തരസൂചിക :***

- നിയമവാഴ്ച
- ഭരണഘടനയെ അംഗീകരിക്കുന്നു
- സ്വതന്ത്ര്യമായി പ്രവർത്തിക്കുന്ന രാഷ്ട്രീയപാർട്ടികൾ
- ജനങ്ങൾക്ക് അവകാശങ്ങൾ ഉണ്ടായിരിക്കും.
- കൃത്യമായ കാലയളവിലുള്ള തെരഞ്ഞെടുപ്പ്

**പ്രവർത്തനം – 4**

സാമൂഹിക സാമ്പത്തിക അസമത്വം കുറക്കുന്നതിനുവേണ്ടി നമ്മുടെ ഗവൺമെന്റ് വിവിധ നയങ്ങളും പദ്ധതിളും ആസൂത്രണം ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ഏതെങ്കിലും രണ്ട് പദ്ധതികളുടെ പേര് എഴുതുക. അസമത്വം കുറക്കുന്നതിൽ ഇവയുടെ പങ്ക് വിശദീകരിക്കുക.

(a)

(b)

***ഉത്തരസൂചിക :***

(a) വാർദ്ധക്യകാല പെൻഷൻ
(b) വിധവാ പെൻഷൻ
(c) സമ്പൂർണ്ണ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി
(d) പൊതുവിതരണ സമ്പ്രദായം

**പ്രവർത്തനം – 5**

ജനാധിപത്യത്തിന്റെ അവചയത്തെ പ്രതിരോധിക്കാൻ ചില പ്രത്യക്ഷ ജനാധിപത്യ മാർഗ്ഗങ്ങൾ നിലവിലുണ്ട്. ഏതെല്ലാമാണ് ആ മാർഗ്ഗങ്ങൾ?

- ഹിതപരിശോധന
- 

***ഉത്തരസൂചിക :***

- ഹിതപരിശോധന (Referendem)
- തിരിച്ചുവിളിക്കൽ (Recall)
- ജനഹിത പരിശോധന (Plebisite)
- അഭിക്രമം (Initiative)

**പ്രവർത്തനം – 6**

'ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ടവയാണ് ദാരിദ്ര്യവും നിരക്ഷരതയും' – എങ്ങനെയാണ് നിരക്ഷരത ജനാധിപത്യത്തിന്റെ വിജയത്തിന് വിലങ്ങുതടിയായി നിൽക്കുന്നത് സമർത്ഥിക്കുക.

***ഉത്തരസൂചിക :***

- അടിസ്ഥാന വിദ്യാഭ്യാസം ജനാധിപത്യത്തിന്റെ ശക്തിയാണ്.
- ഭരണത്തിൽ ക്രിയാത്മകമായി പങ്കുചേരാൻ സാധിക്കാതെ വരുന്നു.
- സാമൂഹ്യ രാഷ്ട്രീയ അസമത്വത്തന് കാരണമാകും.
- നിലവിലുള്ള നിയമങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാവുന്നു.

**പ്രവർത്തനം – 7**

ജനാധിപത്യത്തെ ജീവിതരീതിയാക്കി മാറ്റുവാൻ ഒരു വ്യക്തിയിൽ ഉണ്ടായിരിക്കേണ്ട ഏതെങ്കിലും നാല് ഗുണങ്ങൾ എഴുതുക.

- 
- 
- 

***ഉത്തരസൂചിക :***

- മറ്റുള്ളവരുടെ വിശ്വാസങ്ങളോടും ആചാരങ്ങളോടും സഹിഷ്ണുത പുലർത്തുക.
- ആഗ്രഹനിവർത്തിക്കായി ജനാധിപത്യമാർഗ്ഗങ്ങൾ മാത്രം സ്വീകരിക്കുക.
- രാഷ്ട്രീയ പ്രവർത്തനത്തിലും ജീവിതത്തിലും മറ്റുള്ളവരോട് ബഹുമാനം പുലർത്തുക.
- താൻ ഉൾപ്പെടെ എല്ലാവരും വിമർശന വിധേയരാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുക.
- മറ്റുള്ളവരുടെ അഭിപ്രായത്തെ ബഹുമാനിക്കുക.
- നിയമവാഴ്ച അംഗീകരിക്കുക.
- എല്ലാവരുടെയും അഭിപ്രായത്തേയും രാഷ്ട്രീയ സ്വാതന്ത്ര്യത്തേയും അംഗീകരിച്ച് പ്രവർത്തിക്കുക.
- എല്ലാ വ്യക്തികളേയും തുല്യരായി കാണുക.

**പ്രവർത്തനം – 8**

'ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ' – എന്ന പേരിൽ ഒരു സെമിനാർ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. എന്തെല്ലാം വിഷയങ്ങൾ ഉൾപ്പെടുത്തി വേണം ഇതിനാവശ്യമായ പ്രബന്ധം തയ്യാറാക്കുവാൻ ശ്രമിച്ചുനോക്കുക.

***ഉത്തരസൂചിക :***

- സാമൂഹ്യ സാമ്പത്തിക അസമത്വം.
- നിരക്ഷരത
- ജനസംഖ്യാ വർദ്ധനവ്
- പ്രാദേശിക അസമത്വം
- ഭാഷാവാദം
- വർഗ്ഗീയത
- ജാതീയത
- തീവ്രവാദം
- വിഘടനവാദം

ഈ സൂചകങ്ങൾ ഉപയോഗിച്ച് പ്രബന്ധം തയ്യാറാക്കുക.

**പ്രവർത്തനം – 9**

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങളിൽ പ്രധാനപ്പെട്ടതാണ് സ്വതന്ത്രമാധ്യമങ്ങൾ – ഇന്നത്തെ മാധ്യമങ്ങൾ ജനാധിപത്യത്തിൽ അവരുടെ ചുമതലകൾ സ്വതന്ത്രവും നിഷ്പക്ഷവുമായി നിറവേറ്റുന്നുണ്ടോ? വിമർശനാത്മകമായി വിശകലനം ചെയ്യുക.

***ഉത്തരസൂചിക :***

- ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും ജനാധിപത്യ ആശയങ്ങളും ജനങ്ങളിൽ എത്തിക്കുന്നു.
- അഴിമതി, സ്വജനപക്ഷപാതം, തീവ്രവാദം തുടങ്ങിയ ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങൾ തുറന്നുകാട്ടുന്നു.
- അഭിപ്രായ പ്രകടനത്തേയും, അഭിപ്രായ രൂപീകരണത്തേയും സഹായിക്കുന്നു.

**പ്രവർത്തനം – 10**

ജനാധിപത്യം സംരക്ഷിക്കാനും നിലനിർത്താനും രാഷ്ട്രീയപാർട്ടികൾ അനിവാര്യമാണോ? എന്തുകൊണ്ട്?

***ഉത്തരസൂചിക :***

- രാഷ്ട്രീയപാർട്ടികൾ അനിവാര്യമാണ് (അതെ).
- ജനങ്ങളെ സംഘടിപ്പിക്കുന്നു.
- ജനപങ്കാളിത്തം ഉറപ്പാക്കുന്നു.
- ജനാധിപത്യം സ്വയം അനുഷ്ഠിക്കുന്നു.
- രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നു.
- അഭിപ്രായ രൂപീകരണ നടത്തുന്നു.

**പ്രവർത്തനം – 11**

'ഔപചാരികമായി നമ്മൾ ഇന്ത്യയിൽ ജനാധിപത്യം നടപ്പാക്കിയെങ്കിലും പല കാരണങ്ങളാലും പൂർണ്ണമായി അനുഭവവേദ്യമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല' – താഴെ തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാവന സാധൂകരിക്കുക.

- ദാരിദ്ര്യം
- നിരക്ഷരത
- സാമ്പത്തിക അസമത്വം
- അഴിമതി
- അധികാര കേന്ദ്രീകരണം

***ഉത്തരസൂചിക :***

- ഈ സൂചകങ്ങളെ വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കണം.

❖ ❖ ❖

# 10. ദേശീയോദ്ഗ്രഥനം

1. ദേശീയോദ്ഗ്രഥനം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
2. ഇന്ത്യയിൽ ദേശീയോദ്ഗ്രഥനം നേരിടുന്ന പ്രധാന വെല്ലുവിളികൾ ലിസ്റ്റ് ചെയ്യുക.
3. മനുഷ്യൻ ഉൾപ്പെട്ടിട്ടുള്ള കൂട്ടായ്മകൾ ഏതെല്ലാം?
4. ദേശരാഷ്ട്രത്തിന്റെ സവിശേഷതകളിൽ ഒന്നാണ് താഴെ തന്നിരിക്കുന്നത്. അവശേഷിക്കുന്നവ എഴുതുക.
   - നിശ്ചിത അതിർത്തി
   -
   -
5. താഴെ തന്നിരിക്കുന്ന ഭാഷകളെ ഇന്തോ ആര്യൻ ഭാഷകൾ, ദ്രാവിഡ ഭാഷകൾ എന്നിങ്ങനെ തരംതിരിക്കുക.

   സംസ്കൃതം, തമിഴ്, മലയാളം, ഹിന്ദി
6. മതനിരപേക്ഷത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

## ഉത്തരസൂചിക

1. ദേശിയോദ്ഗ്രഥനം എന്നത് ഒരു സമ്മിശ്ര സങ്കല്പമാണ്. സാമൂഹികവും രാഷ്ട്രീയവും മതപരവും പ്രാദേശികവും സാമ്പത്തികവുമായ പല മാനങ്ങളുമുണ്ട്. വൈവിധ്യങ്ങൾ നിറഞ്ഞ ഇന്ത്യൻസമൂഹത്തെ ചില വൈകാരിക ശക്തികൾ ഏകീകരിച്ച് ഏകസമൂഹമായി നിലനിർത്തുന്നു. ഇതിനെ ദേശീയോദ്ഗ്രഥന പ്രക്രിയയായി കണക്കാക്കാം. നമ്മുടെ രാജ്യത്തെ ശിഥിലമാക്കുന്ന എല്ലാ ശക്തികലെയും പ്രതിരോധിക്കുക എന്നതാണ് ദേശീയോദ്ഗ്രഥനത്തിന്റെ ധർമ്മം.
2. - ഭീകരവാദം
   - ജാതീയത
   - രാഷ്ട്രീയ അസ്ഥിരത
   - വിഭാഗീയ പ്രവണത
   - പ്രാദേശിക വാദം
   - വർഗ്ഗീയത
3. - കുടുംബം
   - സമപ്രായക്കാർ
   - സമൂഹം
   - സമുദായം
   - ഗ്രാമം
   - നഗരം
   - ദേശം

4. 
- അംഗത്വം
- നിയമാവലി
- പൗരത്വം

5.

| **ഇന്തോ ആര്യൻ ഭാഷകൾ** | **ദ്രാവിഡ ഭാഷകൾ** |
|---|---|
| ഹിന്ദി, സംസ്കൃതം | തമിഴ്, മലയാളം |

6. ഒരു ദേശീയ മതമില്ലാതെ ഏതൊരു മതത്തിനും അവരവരുടെ ആചാരാനുഷ്ഠാനങ്ങൾ അനുവർത്തിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അവകാശമുള്ളതും എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അവസ്ഥയെയാണ് മതനിരപേക്ഷത എന്നതുകൊണ്ടു അർത്ഥമാക്കുന്നത്.

❖ ❖ ❖

# 11. മനുഷ്യാവകാശങ്ങൾ

## പ്രധാന ആശയങ്ങൾ

- മനുഷ്യാവകാശങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
- മനുഷ്യാവകാശങ്ങൾ രൂപപ്പെട്ട സാഹചര്യം മനസ്സിലാക്കുന്നതിന്.
- ധാർമ്മദേശീയ മനുഷ്യാവകാശ പ്രഖ്യാപനം അതിന്റെ പ്രാധാന്യം വിശകലനം ചെയ്യുന്നതിന്.
- സ്ത്രീകളുടെയും കുട്ടികളുടേയും അവകാശങ്ങൾ തിരിച്ചറിയുന്നതിന്.
- മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
- ദേശീയ - സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന മനുഷ്യാവകാശ കമ്മീഷനുകളുടെ പ്രവർത്തനത്തെക്കുറിച്ച് ധാരണ നേടുന്നതിന്.
- ദേശീയ - അന്തർദേശീയതലത്തിൽ പ്രവർത്തിക്കുന്ന മനുഷ്യാവകാശ പ്രസ്ഥാനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്.
- ഉപഭോക്താവിന്റെ അവകാശങ്ങൾ - അവയെക്കുറിച്ച് ധാരണ നേടുന്നതിന്.

## പ്രവർത്തനം – 1

എല്ലാ ജീവജാലങ്ങൾക്കും ഭൂമുഖത്ത് ജീവിക്കാനുള്ള അവകാശമുണ്ട്. ഇതിൽനിന്നും വ്യത്യസ്തമായി മനുഷ്യാവകാശത്തിനുള്ള പ്രത്യേകത എന്ത്? വിശദമാക്കുക.

***ഉത്തരസൂചിക :***

- സ്വന്തം സാഹചര്യത്തിൽ അന്തസ്സുറ്റ ജീവിതം നയിക്കാൻ.
- അത് തടസ്സപ്പെടുത്താൻ ആർക്കും അധികാരമില്ല.
- ഇത് ജന്മസിദ്ധമാണ്.
- ഭരണകൂടം ഉറപ്പുവരുത്തുന്നതാണ്.

തുടങ്ങിയവ എഴുതുന്നതിന്.

## പ്രവർത്തനം – 2

ഒരു പ്രഖ്യാപനംകൊണ്ടോ ഭരണാധികാരിയുടെ ഉത്തരവിലൂടെ ഉണ്ടായവയല്ല ലോകത്തെ മനുഷ്യാവകാശങ്ങൾ. ഫ്രഞ്ച് വിപ്ലവും, അമേരിക്കൻ സ്വാതന്ത്ര്യസമരം. മറ്റ് ലോക സംഭവവികാസങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തെളിവുകൾ നൽകുക.

***ഉത്തരസൂചിക :***

- സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ഫ്രഞ്ച് വിപ്ലവാശയങ്ങൾ - മനുഷ്യാവകാശ പ്രഖ്യാപനം.
- അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം.

- റൂസ്സോ, വോൾട്ടയർ എന്നീ ചിന്തകൻമാരുടെ സ്വാധീനം.
- പൗരാവകാശം - മറ്റ് സ്വാതന്ത്ര്യസമരങ്ങൾ, ഭരണഘടന അവകാശം ഉറപ്പാക്കിയത്.

## പ്രവർത്തനം - 3

ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണം മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടി എന്ന് പറയുന്നത് എന്തുകൊണ്ട്?

***ഉത്തരസൂചിക :***

- യുദ്ധം തടയാൻ - മനുഷ്യാവകാശ ധ്വംസനം ചെറുക്കാൻ.
- ലോകസമാധാനവും സുരക്ഷയും ഉറപ്പാക്കി.
- യു.എൻ.ന്റെ ലക്ഷ്യംതന്നെ സമാധാനപരമായ മനുഷ്യ ജീവിതസാഹചര്യം ഒരുക്കുക എന്നതാണ്.

  ഇതിൽ ഏതെങ്കിലും രണ്ട് ആശയങ്ങൾ എഴുതുന്നതിന്.

## പ്രവർത്തനം - 4

സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്ന അവകാശങ്ങളിൽ ഏറ്റവും മികച്ച മൂന്നെണ്ണം എഴുതുക.

***ഉത്തരസൂചിക :***

- സ്വാതന്ത്ര്യത്തോടെ ജീവിക്കാനും വ്യക്തി സുരക്ഷിതത്വം അനുഭവിക്കുവാനുമുള്ള അവകാശം.
- അടിമത്തത്തിൽനിന്നുള്ള മോചനം.
- നിയമത്തിന് മുന്നിൽ തുല്യതയും തുല്യ നിയമപരിരക്ഷയും.
- രാജ്യത്തെവിടേയും സഞ്ചരിക്കാനും താമസിക്കാനുമുള്ള അവകാശം.
- സ്വേച്ഛാപരമായ അറസ്റ്റിനോ തടങ്കലിനോ നാടുകടത്തലിനോ ആരേയും വിധേയരാക്കരുത്.

## പ്രവർത്തനം - 5

കേരളീയ സമൂഹത്തിൽ വൃദ്ധസദനങ്ങൾ വർദ്ധിക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. വാർദ്ധക്യകാലത്തെ സംരക്ഷണം എന്തുകൊണ്ടാണ് പ്രായമായവരുടെ അവകാശമായി കണക്കാക്കുന്നത്?

***ഉത്തരസൂചിക :***

- മനുഷ്യാവകാശമായ അന്തസുറ്റ ജീവിതവും സുരക്ഷയും പ്രായമായവർക്കും അവകാശപ്പെട്ടതാണ്.
- പ്രായമായവർ കൂടുതൽ സഹായവും പരിഗണനയും അർഹിക്കുന്നു.
- അവരുടെ യൗവ്വനം, അദ്ധ്വാനം എന്നിവ സമൂഹത്തിനായി ചെലവഴിച്ചു.

- വാർദ്ധക്യാകാല പെൻഷൻ.
- വയോജനകേന്ദ്രം.

## പ്രവർത്തനം – 6

ട്രെയിൻ യാത്രക്കിടെ സ്ത്രീകൾക്കെതിരെയുണ്ടാവുന്ന ആക്രമണങ്ങളെക്കുറിച്ച് നിരവധി പത്രവാർത്തകൽ നാം വായിക്കാറുണ്ടല്ലോ - ഇത്തരം സാഹചര്യങ്ങളിൽ സ്ത്രീകളുടെ ഏതൊക്കെ അവകാശങ്ങളാണ് നിഷേധിക്കപ്പെടുന്നത്?

***ഉത്തരസൂചിക :***

- സ്വതന്ത്രമായും നിർഭയമായും യാത്രചെയ്യാനുള്ള അവകാശം.
- വ്യക്തികളുടെ ജീവിക്കാനുള്ള അവകാശം.
- വാർത്തകളെ വിശകലനം നടത്തുന്നതിന്.

## പ്രവർത്തനം – 7

മനുഷ്യാവകാശ സംരക്ഷണത്തിന് ഔദ്യോഗിക സംവിധാനങ്ങൾ നിലവിലുണ്ട്. ഏതെല്ലാമാണവ? ഇവയുടെ ഇടപെടലിന് ഒരു ഉദാഹരണം എഴുതുക.

***ഉത്തരസൂചിക :***

- ദേശീയ മനുഷ്യാവകാശ കമ്മീഷൻ.
- സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.
- സമകാലീക മനുഷ്യാവകാശ പ്രശ്നങ്ങളിൽ ഏതെങ്കിലും ഒന്ന് ഉദാഹരിക്കുന്നതിന്.
  ***Eg.*** എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നം.

## പ്രവർത്തനം – 8

വ്യവസായ - നഗരവികസനത്തിന്റെ ഭാഗമായി നടക്കുന്ന കുടിയൊഴിപ്പിക്കലുകൾ ഒരു മനുഷ്യാവകാശ പ്രശ്നമായി കണക്കാക്കാൻ കഴിയുമോ? ഏതെല്ലാം അവകാശങ്ങളാണ് ഇവിടെ നിഷേധിക്കപ്പെടുന്നത്. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

***ഉത്തരസൂചിക :***

- മനുഷ്യാവകാശ ലംഘനമാണ്.
- ജീവിക്കുവാനുള്ള അവകാശം.
- തൊഴിലെടുക്കുവാനുള്ള അവകാശം എന്നിങ്ങനെ കണ്ടെത്തുന്നതിനും അഭിപ്രായപ്പെടുന്നതിനും.

## പ്രവർത്തനം – 9

മനുഷ്യാവകാശ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു അന്താരാഷ്ട്ര സംഘടനയുടെ പേരെഴുതുക. ഇത്തരം സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഒരു ഉദാഹരണം എഴുതുക.

*ഉത്തരസൂചിക :*

- PUCL
- ആംനസ്റ്റി ഇന്റർനാഷണൽ
- സിറ്റിസൺ ഫോർ ഡെമോക്രസി.
- മനുഷ്യാവകാശ സംഘടനകൾ ഇടപെട്ട ഏതെങ്കിലും ഒരു പ്രശ്നം വിശദീകരിക്കുന്നതിന്.

### പ്രവർത്തനം - 10

മനുഷ്യാവകാശ സംരക്ഷണത്തിന് സന്നദ്ധ സംഘടനകൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും. ഇത്തരത്തിലുള്ള സംഘടനകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. അവയെ ദേശീയതലത്തിൽ പ്രവർത്തിക്കുന്നവ, അന്തർദ്ദേശീയതലത്തിൽ പ്രവർത്തിക്കുന്നവ എന്ന് തരംതിരിക്കുക.

- PUCL
- പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റീസ്
- ഹ്യൂമൻറൈറ്റ്സ് വാച്ച്
- ഗ്ലോബൽ വാച്ച്
- സിറ്റിസൺ ഫോർ ഡെമോക്രസി
- പീപ്പിൾസ് യൂണിയൻ ഫോർ ഡെമോക്രാറ്റിക് റൈറ്റ്സ്
- ആംനസ്റ്റി ഇന്റർനാഷണൽ
- ഏഷ്യാവാച്ച്

*ഉത്തരസൂചിക :*

| ദേശീയ സംഘടനകൾ | അന്തർദ്ദേശീയ സംഘടനകൾ |
|---|---|
| • PUCL | • Human Rights Watch |
| • സിറ്റിസൺ ഫോർ ഡെമോക്രസി | • Amnesty International |
| • പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റീസ് | • Global watch |
| • പീപ്പിൾസ് യൂണിയൻ ഫോർ ഡമോക്രാറ്റിക് റൈറ്റ്സ് | • Asia watch |

കൃത്യമായി തരംതിരിച്ച് എഴുതുന്നതിന് 1 സ്കോർ വീതം.

### പ്രവർത്തനം - 11

ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിലൂടെ പരിഹരിക്കാവുന്ന ഏതെങ്കിലും ഒരു പ്രശ്നം ചൂണ്ടിക്കാണിക്കുക.

*ഉത്തരസൂചിക :*

- ഉപഭോക്താവ് വിലകൊടുത്ത് വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണം, അളവ്, തൂക്കം എന്നിവ ശരിയായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ -

  – പ്രസക്തമായ ഒരു പ്രശ്നത്തിന്റെ അവതരണം (2 സ്കോർ)

## പ്രവർത്തനം – 12

ക്ലാസ്സിൽ നടന്ന ചർച്ചയിൽ കുട്ടികളാണ് മനുഷ്യാവകാശ ലംഘനങ്ങൾക്ക് കൂടുതൽ വിധേയരാകുന്നത് എന്ന അഭിപ്രായം ഉയർന്നുവന്നു - ഈ രണ്ടഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കുട്ടികളുമായി ബന്ധപ്പെട്ട ഏതെങ്കിലും മൂന്ന് അവകാശങ്ങൾ സൂചിപ്പിക്കുക.

*ഉത്തരസൂചിക :*

- യോജിക്കുന്നു.
- മാതാപിതാക്കളിൽനിന്നും വേർപെടാതിരിക്കാനുള്ള അവകാശം.
- ആരോഗ്യത്തിനുള്ള അവകാശം.
- വിദ്യാഭ്യാസത്തിനുള്ള അവകാശം.
- വിവേചനങ്ങളിൽനിന്നുള്ള സംരക്ഷണം.
- മയക്കുമരുന്നുപോലുള്ള ഹാനികരമായ വസ്തുക്കളിൽനിന്നുള്ള സംരക്ഷണം.

  ഏതെങ്കിലും മൂന്നെണ്ണം സൂചിപ്പിക്കുന്നതിന് (3 സ്കോർ).

## പ്രവർത്തനം – 13

ഇപ്പോഴത്തെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ആരാണ്? കമ്മീഷൻ ഇടപെട്ട ഒരു പ്രശ്നം കണ്ടെത്തി വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

*ഉത്തരസൂചിക :*

- ചെയർമാൻ – ജസ്റ്റിസ് ശ്രീ. ജെ.ബി.കോശി.
- ഒരു പ്രശ്നം കണ്ടെത്തി വിശദീകരിക്കുന്നതിന്.

## പ്രവർത്തനം – 14

വിദ്യാഭ്യാസ അവകാശ നിയമം ഇന്ന് മൗലികാവകാശമായിരിക്കുന്നു. ഇതിലൂടെ സംരക്ഷിക്കുന്ന പ്രധാന അവകാശമേത്? ഇന്ന് ഈ നിയമത്തിനുള്ള പ്രസക്തി എന്ത്?

*ഉത്തരസൂചിക :*

- കുട്ടിയുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം.
- 6നും 14നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം രക്ഷിതാവിന്റെ കടമ / മറ്റേതെങ്കിലും പ്രസക്തി എഴുതുന്നതിന്.

❖ ❖ ❖

# 12. സമാധാനവും സുരക്ഷിതത്വവും അന്തർദ്ദേശീയ സംഘടനകളിലൂടെ

### പ്രധാന ആശയങ്ങൾ

- സർവ്വരാഷ്ട്രസഖ്യം രൂപംകൊണ്ട സാഹചര്യം മനസ്സിലാക്കുന്നതിനും അതിന്റെ പരാജയത്തെക്കുറിച്ച് വിശകലനം നടത്തുന്നതിനും.
- ഐക്യരാഷ്ട്രസംഘടന (UN)യുടെ രൂപീകരണം.
- UN ലക്ഷ്യങ്ങൾ, ഘടന, വിവിധ ഏജൻസികൾ എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്.
- NAM - ചേരിചേരാ പ്രസ്ഥാനം രൂപീകരണം.

### പ്രവർത്തനം – 1

ഐക്യരാഷ്ട്രസംഘടനയുടെ ഒരു ഘടകമാണ് രക്ഷാസമിതി. മറ്റ് നാല് ഘടകങ്ങളുടെ പേരെഴുതുക.




***ഉത്തരസൂചിക :***

- പൊതുസഭ
- സെക്രട്ടേറിയറ്റ്
- അന്താരാഷ്ട്ര നീതിന്യായ കോടതി
- സാമ്പത്തിക സാമൂഹ്യ കൗൺസിൽ
- ട്രസ്റ്റിഷിപ്പ് കൗൺസിൽ

### പ്രവർത്തനം – 2

ഐക്യരാഷ്ട്രസംഘടനയുടെ പിറവിയുമായി ബന്ധപ്പെട്ട സംഭവങ്ങളും വർഷങ്ങളും കാലഗണനാക്രമത്തിൽ എഴുതുക.

| സംഭവങ്ങൾ | വർഷം |
|---|---|
| - ഐക്യരാഷ്ട്രസംഘടന നിലവിൽവന്നു. | 1943 |
| - സമാധാനത്തിനായി ഒരു സംഘടന എന്ന ലക്ഷ്യവുമായി മോസ്കോ കോൺഫറൻസ് | 1945 |
| - ഡെംബാർട്ടൻ ഓക്സ് സമ്മേളനം | 1942 |
| - അറ്റ്ലാന്റിക് ചാർട്ടർ | 1944 |
| - വാഷിംഗ്ടൺ സമ്മേളനം | 1941 |

***ഉത്തരസൂചിക :***

| സംഭവങ്ങൾ | വർഷം |
|---|---|
| - ഐക്യരാഷ്ട്രസംഘടന നിലവിൽവന്നു. | 1945 |
| - ഡെംബാർട്ടൻ ഓക്സ് സമ്മേളനം | 1944 |
| - സമാധാനത്തിനായി ഒരു സംഘടന എന്ന ലക്ഷ്യവുമായി മോസ്കോ കോൺഫറൻസ് | 1943 |
| - വാഷിംഗ്ടൺ സമ്മേളനം | 1942 |
| - അറ്റ്ലാന്റിക് ചാർട്ടർ | 1941 |

## പ്രവർത്തനം - 3

'സമാധാനം എന്നത് യുദ്ധമില്ലാത്ത അവസ്ഥ മാത്രമല്ല, മനുഷ്യരാശിയുടെ സ്വാസ്ഥ്യതയും പുരോഗതിയും കൂടിയാണ്'. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? വിശദീകരണകുറിപ്പ് തയ്യാറാക്കുക.

***ഉത്തരസൂചിക :***

- യോജിക്കുന്നു
- കാലാവസ്ഥാ വ്യതിയാനം
- ഭീകരപ്രവർത്തനങ്ങൾ
- പകർച്ചവ്യാധികൾ
- ദാരിദ്ര്യം - തുടങ്ങിയ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തണം.

## പ്രവർത്തനം - 4

കൂട്ടായ്മയിലൂടെ ലോകസമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്നതാണ് ഐക്യരാഷ്ട്ര സംഘടന ലക്ഷ്യംവയ്ക്കുന്നത്. UNന് മുമ്പ് ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ച ലോക സംഘടന ഏതാണ്? അതിന് ആ ദൗത്യം പൂർത്തീകരിക്കാനായോ? വിലയിരുത്തുക.

***ഉത്തരസൂചിക :***

- സർവ്വരാഷ്ട്രസഖ്യം
- ഇല്ല എന്ന ആശയം
- യുദ്ധം തടയാനായില്ല - രണ്ടാം ലോകമഹായുദ്ധ സാഹചര്യം
- യുദ്ധാനന്തരം 1946ൽ പിരിച്ചുവിടേണ്ടിവന്നു.

### പ്രവർത്തനം – 5

ഐക്യരാഷ്ട്രസംഘടനയുടെ ഘടനയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് സുരക്ഷാസമിതിയാണ് എന്ന് പറയാൻ കാരണമെന്ത്?

***ഉത്തരസൂചിക :***

- സ്ഥിരാംഗങ്ങൾ - ചൈന, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, അമേരിക്ക.
- വീറ്റോ അധികാരം
- സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നു
- അനുകൂല തീരുമാനങ്ങൾ

### പ്രവർത്തനം – 6

ലോകക്ഷേമവും സുരക്ഷിതത്വവും മുൻനിർത്തി പ്രവർത്തിക്കുന്ന പ്രത്യേക ഏജൻസികൾ UNന് ഉണ്ട്. ഏതെങ്കിലും മൂന്നെണ്ണത്തിന്റെ പേരുകൾ എഴുതുക.

***ഉത്തരസൂചിക :***

- WHO
- UNESCO
- FAO
- IMF
- World Bank

### പ്രവർത്തനം – 7

AB കോളങ്ങൾ അനുയോജ്യമായത് എഴുതുക.

| A | B |
|---|---|
| ഗ്രീൻപീസ് | വാങ്കാരി മത്തായ് |
| ചിപ്കോ പ്രസ്ഥാനം | മനുഷ്യാവകാശ ലംഘനം |
| ലോബയാൻ | പരിസ്ഥിതി കമാന്റോസ് |
| ഗ്രീൻ ബൽറ്റ് പ്രസ്ഥാനം | സുന്ദർലാൽ ബഹുഗുണ |
| ആംനസ്റ്റ് ഇന്റർനാഷണൽ | ഇന്ത്യയിലും യൂറോപ്പിലും പ്രവർത്തിക്കുന്നു |

***ഉത്തരസൂചിക :***

| A | B |
|---|---|
| ഗ്രീൻപീസ് | പരിസ്ഥിതി കമാന്റോസ് |
| ചിപ്കോ പ്രസ്ഥാനം | സുന്ദർലാൽ ബഹുഗുണ |
| ലോബയാൻ | ഇന്ത്യയിലും യൂറോപ്പിലും പ്രവർത്തിക്കുന്നു |
| ഗ്രീൻ ബൽറ്റ് പ്രസ്ഥാനം | വാങ്കാരി മത്തായ് |
| ആംനസ്റ്റ് ഇന്റർനാഷണൽ | മനുഷ്യാവകാശ ലംഘനം |

## പ്രവർത്തനം – 8

ശീതസമരം അവസാനിക്കുകയും ഇരു ചേരികൾ ഇല്ലാതാവുകയും ചെയ്ത പുതിയ ലോകസാഹചര്യത്തിൽ ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തിയെന്ത്?

***ഉത്തരസൂചിക :***

- രണ്ടാംലോകമഹായുദ്ധാനന്തരം നവസ്വാതന്ത്ര രാജ്യങ്ങളുടെ കൂട്ടായ്മ.
- അന്തർദ്ദേശീയ ബന്ധങ്ങളിൽ സ്വതന്ത്രമായ നിലപാട്.
- സമാധാനത്തിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ വിദേശനയം.
- വർണ്ണ-വംശ വിവേചനങ്ങളെ എതിർക്കുന്നു.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളുടെ താൽപര്യത്തിന് ഊന്നൽ നൽകുന്നു.

❖ ❖ ❖

# സോഷ്യൽ സയൻസ് - വർക്ക്ഷീറ്റ്

**നിർദ്ദേശങ്ങൾ : –** എല്ലാ പ്രവർത്തനങ്ങളും ചെയ്തു പൂർത്തിയാക്കണം.

### പ്രവർത്തനം – 1 : കുറിപ്പു തയ്യാറാക്കുക

ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തത്തിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ ഏതൊക്കെ?

### പ്രവർത്തനം – 2

നവോത്ഥാനം ആരംഭിച്ചത് ഇറ്റലിയിലാണ്. അതിനിടയാക്കിയ കാരണങ്ങളിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു. കൂടുതൽ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

മധ്യവർഗത്തിന്റെ വളർച്ച

സുസ്ഥിരമായ ഗവൺമെന്റ്

..........................................................

..........................................................

..........................................................

### പ്രവർത്തനം – 3

നവോത്ഥാന കാലത്ത് സാഹിത്യം - ശാസ്ത്രം - കല എന്നീ മേഖലകളിൽ പ്രമുഖ സ്ഥാനം വഹിച്ചവർ ആരൊക്കെയെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.




.................................... .................................... ....................................

.................................... .................................... ....................................

## പ്രവർത്തനം - 4

മാനവികത, തത്വശാസ്ത്രം, യുക്തിചിന്ത, വിമർശനബുദ്ധി എന്നിവയ്ക്ക് പ്രാധാന്യം നൽകി രചിക്കപ്പെട്ട ചില പ്രധാന കൃതികളുടെയും അവയുടെ രചയിതാക്കളുടെയും പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| ഭാഷ | സാഹിത്യകാരൻ | ഗ്രന്ഥം | പ്രതിപാദ്യം |
|---|---|---|---|
| സ്പാനിഷ് | ...................... | ഡോൺക്വിക്സോട്ട് | .......................... |
| .................. | ചോസർ | ................................ | സാമൂഹിക വിമർശനം |
| ജർമ്മൻ | ........................ | ബൈബിൾ വിവർത്തനം | ........................... |
| ഡച്ച് | എറാസ്മസ് | ................................ | പുരോഹിത ദുഷ്ചെയ്തികൾ |
| .................. | ഡാന്റെ | ................................ | ............................ |
| ഇറ്റാലിയൻ | ........................ | പ്രിൻസ് | ............................ |

## പ്രവർത്തനം - 5

'ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ', അതിന്റെ ഫലങ്ങൾ എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുക.

| കണ്ടുപിടുത്തങ്ങൾ | ഫലങ്ങൾ |
|---|---|
| .......................................................... | .......................................................... |
| .......................................................... | .......................................................... |
| .......................................................... | .......................................................... |
| .......................................................... | .......................................................... |
| .......................................................... | .......................................................... |

## പ്രവർത്തനം - 6

1. നവോത്ഥാനം ഇറ്റലിയിൽ ആരംഭിക്കാനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു?
2. നവോത്ഥാന കാലഘട്ടത്തിൽ സാഹിത്യം, ശാസ്ത്രം, കല എന്നീ മേഖലകളിലെ പ്രധാനപ്പെട്ട നേട്ടങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
3. നവോത്ഥാന കാലത്തെ പ്രത്യേകതകളിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു. കൂടുതൽ കണ്ടെത്തി പദസൂര്യൻ പൂർത്തിയാക്കുക.



## പ്രവർത്തനം – 7

വ്യാപാരരംഗത്തുണ്ടായ പുരോഗതി ഇംഗ്ലണ്ടിൽ മധ്യവർഗ്ഗത്തിന്റെ വളർച്ചയെ സഹായിച്ച ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക.




## പ്രവർത്തനം – 8

ഇംഗ്ലണ്ടിലെ ഭരണപരമായ സംഘർഷത്തിലേക്ക് നയിച്ച സംഭവങ്ങളുമായി ബന്ധപ്പെട്ട ഒരു ടൈം ലൈൻ നിർമ്മിക്കുക.

| | |
|---|---|
| 1689 | പെറ്റീഷൻസ് ഓഫ് റൈറ്റ്സ് |
| 1688 | ലോംഗ് പാർലിമെന്റ് |
| 1649 | ബിൽ ഓഫ് റൈറ്റ്സ് |
| 1640 | കോമൺവെൽത്ത് കാലഘട്ടത്തിന്റെ ആരംഭം |
| 1628 | രക്തരഹിത വിപ്ലവം |

## പ്രവർത്തനം – 9

1. ബാസ്തിയൻ കോട്ട രാജവാഴ്ചയുടെയും പ്രഭുത്വത്തിന്റെയും പ്രതീകമായതെങ്ങനെ?
2. ബാസ്തിയൻ കോട്ട തകർന്നത് ഫ്രഞ്ച് വിപ്ലവത്തിന് തുടക്കംകുറിച്ചു എന്നു പറയുന്നത് ശരിയാണോ?
3. ബാസ്തിയൻ കോട്ടയുടെ പതനം (ജൂലൈ 14) ഫ്രാൻസിൽ ദേശീയ ദിനമായി ഇന്നും ആചരിക്കുന്നതിനുള്ള കാരണമെന്ത്?

## പ്രവർത്തനം – 10

ഫ്രഞ്ചുവിപ്ലവത്തിന്റെ ആരംഭം മുതൽ നെപ്പോളിയന്റെ പരാജയം വരെയുള്ള സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു ടൈം ലൈൻ നിർമ്മിക്കാമോ?

| | | |
|---|---|---|
| 1. | ബർലിൻ ശാസനം | 1815 |
| 2. | ബാസ്തിയന്റെ പതനം | 1792 |
| 3. | വാട്ടർലൂ യുദ്ധം | 1799 |
| 4. | ദേശീയ കൺവെൻഷൻ | 1806 |
| 5. | നെപ്പോളിയൻ അധികാരം പിടിച്ചെടുത്തു | 1789 |

### പ്രവർത്തനം - 11

A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

| A | B | C |
|---|---|---|
| ലൂയി XVI | ബൂർഷ്വാസി | ഗില്ലറ്റിൻ |
| റോബസ്പിയർ | ട്യൂർഗോ | നഗരവാസി |
| മധ്യവർഗം | മെറ്റേണിക് | ദേശീയ അസംബ്ലി |
| വിയന്നാ സമ്മേളനം | കോമൺസ് | സാമ്പത്തിക പരിഷ്കാരം |
| ടെന്നീസ് കോർട്ട് പ്രതിജ്ഞ | ഭീകര വാഴ്ച | ആസ്ത്രിയ |

### പ്രവർത്തനം - 12

A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

| A | B | C |
|---|---|---|
| ലൂയി ബ്ലാങ്ക് | ഫാബിയൻ സോഷ്യലിസ്റ്റ് | സ്റ്റേറ്റ് സോഷ്യലിസം |
| പ്രൂഗോൺ | കൂട്ട് ഉല്പാദം പങ്കിടൽ | ഉട്ടോപ്യൻ സോഷ്യലിസം |
| കാറൽമാർക്സ് | കൂട്ടുടമ സമ്പ്രദായം | സോഷ്യലിസത്തിന്റെ മറ്റൊരു രൂപം |
| റോബർട്ട് ഓവൻ | മൂലധനം | ജനാധിപത്യം |
| ബർണാഡ് ഷാ | സിൻഡിക്കലിസം | ശാസ്ത്രീയ സോഷ്യലിസം |

## പ്രവർത്തനം – 13

തലക്കെട്ടുമായി യോജിപ്പിക്കുക.

| | | |
|---|---|---|
| 1 | മനുഷ്യാദ്ധ്വാനത്തിന്റെ സ്ഥാനത്ത് യന്ത്രോപകരണങ്ങൾ സ്ഥാനം നേടി. | ഫാക്ടറി നിയമം |
| 2 | മുതലാളിമാരുടെ താല്പര്യമനുസരിച്ച് വ്യവസായങ്ങളിൽ സർക്കാർ ഇടപെടാതിരിക്കൽ നയം | ചാർട്ടിസ്റ്റ് പ്രസ്ഥാനം |
| 3 | പ്രഭുക്കന്മാരേയും രാജാവിനേയും അവഗണിച്ചുകൊണ്ട് ബ്രിട്ടീഷ് പാർലിമെന്റ് പാസ്സാക്കിയ നിയമം | വ്യവസായ വിപ്ലവം |
| 4 | തൊഴിലാളികൾക്ക് വോട്ടവകാശം നേടിയെടുക്കാനായി ഇംഗ്ലണ്ടിൽ നിലവിൽ വന്ന പ്രസ്ഥാനം | പരിഷ്കരണ നിയമം |
| 5 | മുതലാളിമാരുടെ വിവിധ ചൂഷണത്തിനും സ്വന്തം ജീവിതദുരിതങ്ങൾക്കും എതിരായ പ്രതിഷേധം | ലസ്സേഫെയർ സിദ്ധാന്തം |
| 6 | ഫാക്ടറി പരിശോധിക്കുന്നതിനും സ്ത്രീ തൊഴിലാളികളുടെ പ്രവൃത്തി സമയം 10 മണിക്കൂർ ആക്കുന്നതിനും 9 വയസ്സിനു താഴെയുള്ള കുട്ടികളുടെ ബാലവേല തടയുന്നതിനും. | തൊഴിലാളികളുടെ ഐക്യം |

## പ്രവർത്തനം – 14

വിപ്ലവങ്ങളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

രക്തരഹിത വിപ്ലവം
ബിൽ ഓഫ് റൈറ്റ്
................................................
................................................

ഫ്രഞ്ച് വിപ്ലവം
................................................
................................................
മനുഷ്യാവകാശ പ്രഖ്യാപനം

വിപ്ലവങ്ങൾ

വ്യാവസായിക വിപ്ലവം
................................................
ഫാക്ടറി സമ്പ്രദായം
................................................

കാർഷിക വിപ്ലവം
................................................
................................................
കാർഷിക യന്ത്രങ്ങൾ

## പ്രവർത്തനം – 15

പദസൂര്യൻ പൂർത്തിയാക്കുക.




## പ്രവർത്തനം – 16

അനുയോജ്യമായവ പാഠപുസ്തകത്തിൽനിന്ന് കണ്ടെത്തി ഒഴിഞ്ഞ കളങ്ങൾ നിറയ്ക്കൂ.



## പ്രവർത്തനം – 17

ചൈനയെ ധാർമ്മികമായും, വാണിജ്യപരമായും തകർക്കുവാൻ ബ്രിട്ടൻ നടത്തിയ ശ്രമത്തിന്റെ ഫലമായിരുന്നു **"കറുപ്പുയുദ്ധം"** ഈ പ്രസ്താവന പരിശോധിച്ച് അഭിപ്രായ ക്കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം – 18

കോളനി വിരുദ്ധ സമരങ്ങൾ ദേശീയതയ്ക്ക് ഉദാഹരണമാണ്. ഇതിന്റെ അടിസ്ഥാന ത്തിൽ ഇന്ത്യ-ചൈന-ജപ്പാൻ എന്നീ രാജ്യങ്ങളിലെ കോളനി വിരുദ്ധ സമരങ്ങൾ താരതമ്യം ചെയ്യുക.

| ഇന്ത്യ | ചൈന | ജപ്പാൻ |
|---|---|---|
| | | |

## പ്രവർത്തനം – 19

ലോകയുദ്ധത്തിനിടയാക്കിയ അന്താരാഷ്ട്ര പ്രതിസന്ധികളുമായി ബന്ധപ്പെട്ട പട്ടിക താഴെ കൊടുത്തിരിക്കുന്നു. കൂടുതൽ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| പ്രതിസന്ധികൾ | ബന്ധപ്പെട്ട രാജ്യങ്ങൾ | കാരണങ്ങൾ |
|---|---|---|
| പൗരസ്ത്യ യൂറോപ്യൻ സമസ്യ | റഷ്യ, ബ്രിട്ടൻ, പ്രഷ്യ, ഹോളണ്ട് | ........................................... ........................................... |
| ബാൾക്കൻ പ്രതിസന്ധി | ........................................... ........................................... | ........................................... ........................................... |
| മൊറോക്കൻ പ്രതിസന്ധി | ........................................... ........................................... | ........................................... ........................................... |
| ബാഗ്ദാദ് റെയിൽ | ........................................... ........................................... | ........................................... ........................................... |
| ബോസ്നിയൻ പ്രതിസന്ധി | ........................................... ........................................... | ........................................... ........................................... |

## പ്രവർത്തനം – 20

പദസൂര്യൻ പൂർത്തിയാക്കുക.




## പ്രവർത്തനം – 21

ഫ്ളോ ചാർട്ട് പൂർത്തിയാക്കുക.




## പ്രവർത്തനം – 22

അന്താരാഷ്ട്ര സംഘടനയുടെ അഭാവം ഒന്നാം ലോകയുദ്ധത്തിനുള്ള കാരണമായിരുന്നു. എന്നാൽ ലോകയുദ്ധത്തിനു ശേഷം ലീഗ് ഓഫ് നേഷൻസ് (സർവ്വരാജ്യ സഖ്യം) എന്ന സംഘടന രൂപീകരിക്കപ്പെട്ടു. ഈ സംഘടനയുടെ ലക്ഷ്യങ്ങൾ, ഘടകങ്ങൾ, പ്രവർത്തനങ്ങൾ, പരാജയങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| ലക്ഷ്യങ്ങൾ | |
| ഘടകങ്ങൾ | |
| പ്രവർത്തനങ്ങൾ | |
| പരാജയ കാരണങ്ങൾ | |

### പ്രവർത്തനം – 23

റഷ്യൻ വിപ്ലവത്തിനിടയാക്കിയ കാരണങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.




### പ്രവർത്തനം – 24

യുദ്ധാന്തര റഷ്യയ്ക്ക് സാമ്പത്തികരംഗത്ത് നിരവധി പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. സാമ്പത്തിക പുരോഗതി കൈവരിയ്ക്കാൻ ചില സത്വരനടപടികൾ സ്വീകരിച്ചു. അവയിൽ പ്രധാനപ്പെട്ടതാണ് യുദ്ധകാല കമ്മ്യൂണിസവും പുത്തൻ സാമ്പത്തികനയവും. ഇതിന്റെ പ്രത്യേകതകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.



## പ്രവർത്തനം – 25

ജനാധിപത്യ ഭരണക്രമവും ഫാഷിസ്റ്റ് ഭരണക്രമവും താരതമ്യം ചെയ്യുക.

| സ്വാതന്ത്ര്യം / അവകാശങ്ങൾ | ഫാഷിസം | ജനാധിപത്യം |
|---|---|---|
| അഭിപ്രായ സ്വാതന്ത്ര്യം | ........................ | ........................ |
| പൗരാവകാശം | ........................ | ........................ |
| മതവിശ്വാസം | ........................ | ........................ |
| ഭരണക്രമം | ........................ | ........................ |
| ക്രമസമാധാനം | ........................ | ........................ |
| വോട്ടവകാശം | ........................ | ........................ |
| സാംസ്കാരിക പ്രവർത്തനം | ........................ | ........................ |
| മാധ്യമ സ്വാതന്ത്ര്യം | ........................ | ........................ |
| രാഷ്ട്രീയ പാർട്ടികളുടെ സ്വാതന്ത്ര്യം | ........................ | ........................ |
| വിദേശ നയം | ........................ | ........................ |

## പ്രവർത്തനം – 26

താഴെ കൊടുത്ത സൂചനകളുടെ സഹായത്തോടെ രണ്ടാം ലോകയുദ്ധമുണ്ടാവാനിടയായ സാഹചര്യങ്ങളെ വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

| 1929-30 | 1931-33 | 1934-36 |
|---|---|---|
| സാമ്പത്തിക മാന്ദ്യം | മഞ്ചൂറിയൻ പ്രതിസന്ധി | അബിസീനയൻ പ്രതിസന്ധി |
| ↓ | ↓ | ↓ |
| തൊഴിലില്ലായ്മ പട്ടിണി, ദാരിദ്ര്യം | വ്യാപാരാവശ്യാർത്ഥം ജപ്പാൻ മഞ്ചൂറിയ ആക്രമിച്ചു | മുസലീനി അബിസീനിയ ആക്രമിച്ചു. ലീഗ് ഓഫ് നേഷൻസ് നിഷ്ക്രിയം |

| 1936-38 | 1938 | 1939 |
|---|---|---|
| ഹിറ്റ്ലർ വേഴ്സായി ഉടമ്പടി നിരാകരിക്കുന്നു. | മ്യൂണിക് ഉടമ്പടി | ഹിറ്റ്ലർ ചെക്കോസ്ലാവാക്യ കീഴടക്കുന്നു |
| ↓ | ↓ | ↓ |
| ആസ്ട്രിയ ജർമ്മനിയോട് കൂട്ടിച്ചേർക്കുന്നു. | ഹിറ്റ്ലർ സുഡറ്റൻലാന്റ് കീഴടക്കുന്നു. ബ്രിട്ടൻ–ഫ്രാൻസ് അംഗീകരിക്കുന്നു. | മ്യൂണിക്ക് കരാറിനെ നിരാകരിച്ചുകൊണ്ട് ചെക്കോസ്ലാവാക്യ മുഴുവൻ പിടിച്ചെടുക്കുന്നു. |

## പ്രവർത്തനം – 27

രണ്ടാം ലോകയുദ്ധത്തിൽ ലോകം രണ്ടു ശാക്തിക ചേരികളായി മാറി. ഇതിലുൾപ്പെട്ട രാജ്യങ്ങളെ കണ്ടെത്തി താഴെ കൊടുത്തിരിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.




## പ്രവർത്തനം – 28

ഏഷ്യയിലേയും ആഫ്രിക്കയിലേയും കോളനി വാഴ്ചക്ക് അന്ത്യംകുറിച്ചത് രണ്ടാം ലോകയുദ്ധത്തിനു ശേഷമായിരുന്നു. ബ്രിട്ടനിൽനിന്നും സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ പട്ടിക തയ്യാറാക്കുക. ലോകഭൂപടത്തിന്റെ സഹായത്തോടെ സ്വതന്ത്രരാജ്യങ്ങളുടെ സ്ഥാനം കണ്ടെത്തുക.

| വർഷം | ഏഷ്യ | ആഫ്രിക്ക |
|---|---|---|
| | | |

## പ്രവർത്തനം – 29

ഒരു സമാധാനപാലന ഏജൻസി എന്ന നിലയിൽ യു.എൻ. നിരവധി പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. എന്നാൽ മാറിയ ലോക സാഹചര്യത്തിൽ ഐക്യരാഷ്ട്ര സംഘടന നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെ?

## പ്രവർത്തനം – 30

ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ, ഘടകങ്ങൾ, പ്രവർത്തനങ്ങൾ, വൈകല്യങ്ങൾ/വെല്ലുവിളികൾ എന്നിവ കണ്ടെത്തുക.

| | |
|---|---|
| ലക്ഷ്യങ്ങൾ | |
| ഘടകങ്ങൾ | |
| പ്രവർത്തനങ്ങൾ | |
| വൈകല്യങ്ങൾ (പരിമിതികൾ) | |

## പ്രവർത്തനം – 31

ടൈംലൈൻ തയ്യാറാക്കുക

13. 1945, 1942, 1938, 1940, 1939

(ത്രികക്ഷി സഖ്യം, ജപ്പാന്റെ പേൾ ഹാർബർ ആക്രമണം, ഇറ്റലി കീഴടക്കി മ്യൂണിക്ക് ഉടമ്പടി, ജർമ്മൻ - സോവ്യറ്റ് ഉടമ്പടി).

14. 1949, 1945, 1980, 1950, 1952

(മൗമൗ ലഹള, ചൈന ജനകീയ റിപ്പബ്ലിക്ക്, സിംബാബ്‌വെ സ്വതന്ത്രയായി. വിയറ്റ്നാം റിപ്പബ്ലിക്ക്, കൊറിയൻ യുദ്ധം)

15. 1962, 1912, 1994, 1957, 1976

(ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ്, നെൽസൺ മണ്ടേല ആഫ്രിക്കൻ പ്രസിഡണ്ട്, കെനിയ സ്വതന്ത്രയായി, വിയറ്റ്നാം ഏകീകരണം, ഘാന സ്വതന്ത്രയായി)

16. 1945, 1949, 1991, 1971, 1955

(ബാന്ദൂക്ക് സമ്മേളനം, സോവിയറ്റ് യൂണിയന്റെ തകർച്ച ചൈനക്ക് UNOവിൽ അംഗത്വം, ഐക്യരാഷ്ട്ര സംഘടന രൂപീകരണം, നാറ്റോ സഖ്യ രൂപീകരണം)

## പ്രവർത്തനം – 32

ചേരുംപടി ചേർക്കുക. (A കോളത്തിന് തുല്യമായത് B, C യിൽനിന്നും ചേർക്കുക)

| A | B | C |
|---|---|---|
| പേൾ ഹാർബർ | ഘാന | പെരിസ്ട്രോയിക്ക |
| ഹോചിമിൻ | ബാന്ദൂക്ക് | ഗോൾഡ്കോസ്റ്റ് |
| ക്വാമി എൻക്രുമ | സോവിയറ്റ് യൂണിയൻ | 1955 |
| ചേരിചേരാ പ്രസ്ഥാനം | വിയറ്റ്നാം | ജപ്പാൻ |
| ഗോർബച്ചേവ് | അമേരിക്ക | ഇന്തോ–ചൈന |

## പ്രവർത്തനം – 33

1. ഇന്ത്യൻ ദേശീയതയെ നിർവ്വചിക്കുന്നതിലുള്ള അഭിപ്രായ വ്യത്യാസം എന്തായിരുന്നു?
2. ബ്രിട്ടീഷുകാരുടെ 'ഭിന്നിപ്പിച്ചു ഭരിക്കൽ' തന്ത്രം ഇന്ത്യ വിഭജനത്തിന് കാരണമായോ?
3. ദ്വിരാഷ്ട്രവാദത്തോട് Indial National Congress ന്റെ സമീപനം എന്തായിരുന്നു?
4. മുഹമ്മദലി ജിന്നയുടെ ആവശ്യം എന്തായിരുന്നു?
5. ഇന്ത്യാ വിഭജനത്തെക്കുറിച്ച് മഹാത്മഗാന്ധിയുടെ അഭിപ്രായം ഒറ്റപ്പെട്ട ശബ്ദമായിരുന്നു എന്ന് പറഞ്ഞത് എന്തുകൊണ്ട്?
6. എന്താണ് Mount Batten പദ്ധതി?
7. അഹിംസാത്മ മാർഗ്ഗത്തിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യം ഹിംസയിലും അക്രമത്തിലും കലാശിച്ചതെങ്ങനെ?

**പ്രവർത്തനം – 34**

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ സംയോജനവുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പട്ടിക പൂർത്തിയാക്കുക.

| പ്രദേശം | വർഷം | ഭരണാധികാരിയുടെ നിലപാട് | ഇന്ത്യയിൽ ചേർക്കപ്പെട്ട രീതി | പിന്നീട് വന്ന മാറ്റം സംസ്ഥാനം/ കേന്ദ്രഭരണം |
|---|---|---|---|---|
| ജുനഗഡ് | .......... | പാക്കിസ്ഥാനിൽ ലയിക്കാൻ ആഗ്രഹം | ............................... | ഗുജറാത്ത് സംസ്ഥാന ത്തിന്റെ ഭാഗമായി |
| കാശ്മീർ | 1947 Oct 26 | ............................... | രാജാവിന്റെ പ്രഖ്യാപന ത്തിലൂടെ | ............................. |
| ഹൈദരബാദ് | ........... | സ്വതന്ത്രപദ്ധതി | .............................. | ആന്ധ്ര സംസ്ഥാന ത്തിന്റെ ഭാഗം |
| പോണ്ടിച്ചേരി | 1954 | ............................... | ഇന്ത്യയുടെ അഭ്യർത്ഥന | ............................. |
| ഗോവ | .......... | സ്വാതന്ത്രനിലപാട് | സൈനിക നടപടി | ............................. |

**പ്രവർത്തനം – 35**

ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പദസൂര്യൻ പൂർത്തിയാക്കുക.



## പ്രവർത്തനം – 36

സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഇന്ത്യയിലെ സംഭവങ്ങളെ അടിസ്ഥാനമാക്കി ഒരു ടൈംലൈൻ നിർമ്മിക്കുക.

| | | |
|---|---|---|
| 1. | ഇന്ത്യ റിപ്പബ്ലിക്കായി | **1954** |
| 2. | ബോംബെ സംസ്ഥാന വിഭജനം | **1950** |
| 3. | ഫ്രഞ്ചുകാർ ഇന്ത്യ വിട്ടു | **1952** |
| 4. | സംസ്ഥാന പുന:സംഘടന കമ്മീഷൻ | **1953** |
| 5. | ഇന്ത്യയിലെ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് | **1961** |

## പ്രവർത്തനം – 37

A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽനിന്ന് തിരഞ്ഞെടുത്തെഴുതുക.

| A | B | C |
|---|---|---|
| നാട്ടുരാജ്യങ്ങൾ | ജവഹർലാൽ നെഹ്രു | നാട്ടുരാജ്യങ്ങളുടെ സംയോജനം |
| വി.പി.മേനോൻ | ഇന്ത്യൻ യൂണിയൻ | ആന്ധ്ര സംസ്ഥാനം |
| ജനകീയ സമരം | ജസ്റ്റീസ് ഫൈസൽ അലി | സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് |
| ആദ്യ പൊതുതെരഞ്ഞെടുപ്പ് | സർദാർ വല്ലഭായ് പട്ടേൽ | ഇന്ത്യൻ യൂണിയൻ |
| പോട്ടി രാമലു | തിരുവിതാംകൂർ | എ.കെ.ഗോപാലൻ |

## പ്രവർത്തനം – 38

ആധുനിക ഇന്ത്യയുടെ ശാസ്ത്രപുരോഗതിയുമായി ബന്ധപ്പെട്ട പട്ടിക ക്രമീകരിക്കുക. A കോളത്തിന് അനുയോജ്യമായി B, C കോളങ്ങൾ - ക്രമീകരിക്കുക.

| A | B | C |
|---|---|---|
| 1. ഹോമി.ജെ.ഭാഭ | ISRO | ആണവ പരീക്ഷണം |
| 2. അടിസ്ഥാന ശാസ്ത്ര ഗവേഷണം | തുമ്പ | ശാസ്ത്രമാർഗ്ഗദർശനം |
| 3. പ്രധാനമന്ത്രി | Automic Energy Commission | 1945 |
| 4. റോക്കറ്റ് വിക്ഷേപണ കേന്ദ്രം | Council of scientific & Industrial Research | ചാന്ദ്രയാൻ |
| 5. ബഹിരാകാശ ഗവേഷണം | പൊക്രാൻ | തിരുവനന്തപുരം |
| 6. രാജസ്ഥാൻ | Tata Institute of Fundamental Research | ചന്ദ്രയാൻ |

## പ്രവർത്തനം – 39

ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ ഏതൊക്കെ? ഇവ ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ സർദാർ വല്ലഭായ് പട്ടേൽ സ്വീകരിച്ച നടപടി എന്തായിരുന്നു?

ഇന്ത്യക്ക് വീണ്ടും ഒരു സ്വാതന്ത്ര്യസമരം വേണ്ടിവന്നതിന്റെ കാരണം എന്താണ്?

ഫ്രഞ്ച്, പോർച്ചുഗീസ് കോളണികൾ ഇന്ത്യൻ യൂണിയന്റെ ഭാഗമായി മാറിയില്ലെങ്കിൽ എന്തൊക്കെ പ്രയാസങ്ങളാണുണ്ടാവുക?

## പ്രവർത്തനം – 40

കൊളോണിയൻ ഭരണകാലത്തുനിന്ന് സ്വതന്ത്ര ഇന്ത്യക്ക് താഴെ കൊടുത്തിരിക്കുന്ന മേഖലകളിൽ ഉണ്ടായ വ്യത്യാസം എന്താണ്?

| | |
|---|---|
| പരമാധികാരം | ഇന്ത്യൻ ജനങ്ങൾക്ക് ലഭിച്ചു |
| വോട്ടവകാശം | .............................................. |
| സാമ്പത്തിക നയം | തുല്യ വിതരണം |
| വിദേശനയം | .............................................. |

## പ്രവർത്തനം – 41

ഒന്നാം പഞ്ചവത്സരപദ്ധതി മുതൽ 11-ാം പഞ്ചവത്സര പദ്ധതി (2007-2011)കളുടെ ഊന്നൽ മേഖലയെ അടിസ്ഥാനമാക്കി തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

1. കാർഷിക മേഖലയുടെ വളർച്ചക്ക് പഞ്ചവത്സര പദ്ധതികൾ വഹിച്ച പങ്ക് എന്തായിരുന്നു? അതിന്റെ ഫലത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
2. ഇന്ത്യയുടെ വ്യാവസായിക വളർച്ചയ്ക്ക് പഞ്ചവത്സര പദ്ധതികളുടെ സംഭാവന എന്താണ്?
3. "സ്വയം പര്യാപ്ത ഗ്രാമം" എന്ന ഗാന്ധിജിയുടെ സ്വപ്നം സാക്ഷാൽക്കരിക്കാൻ പഞ്ചവത്സരപദ്ധതികളിൽ എന്ത് കർമ്മ പരിപാടികളാണ് നിർദ്ദേശിച്ചിട്ടുള്ളത്?
4. 'സ്വതന്ത്ര ഇന്ത്യയുടെ' സാമ്പത്തിക അടിത്തറ പാകുന്നതിൽ പഞ്ചവത്സര പദ്ധതികൾ വഹിച്ച പങ്ക് വിലയിരുത്തുക.

## പഞ്ചവത്സര പദ്ധതികൾ

| പദ്ധതി | വർഷം | ഊന്നൽ മേഖല |
|---|---|---|
| 1. | 1951–56 | കാർഷിക പുരോഗതി |
| 2. | 1956–61 | വ്യവസായവൽക്കരണം, പ്രത്യേകിച്ചും വൻകിട അടിസ്ഥാന വ്യവസായങ്ങൾ. |
| 3. | 1961–66 | വ്യവസായ വികസനം, കാർഷിക വികസനം എന്നിവയിലൂടെ ദേശീയ വരുമാന വർദ്ധനവ്. |
| 4. | 1969–74 | വളർച്ചാവസ്ഥ ഉറപ്പിക്കൽ, ജീവിതഗുണത വർദ്ധിപ്പിക്കൽ, മൂലധന നിക്ഷേപം വർദ്ധിപ്പിക്കൽ, കാർഷിക വികസനം, തുല്യതയും സാമൂഹ്യനീതിയും ഉറപ്പാക്കൽ. |
| 5. | 1974–79 | ജീവിതനിലവാരം ഉയർത്തൽ, വളർച്ചാ നിരക്ക് വർദ്ധിപ്പിക്കൽ. |
| 6. | 1980–85 | ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലില്ലായ്മ പരിഹരിക്കൽ. |
| 7. | 1985–90 | ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കൽ, തൊഴിലവസരം വർദ്ധിപ്പിക്കൽ. |
| 8. | 1992–97 | സാമ്പത്തിക പരിഷ്കരണ നടപടികളിലൂടെ ജീവിത ഗുണമേന്മ വർദ്ധിക്കുകയും സാമ്പത്തിക വികസനം നേടലും. |
| 9. | 1997–2002 | സാമൂഹ്യനീതിയും തുല്യതയും ഉറപ്പാക്കൽ, ഗ്രാമീണ മേഖലയുടെ വികസനവും കാർഷിക വികസനവും, ഉല്പാദനക്ഷമമായ തൊഴിലവസരം സൃഷ്ടിക്കലും ദാരിദ്ര്യ നിർമ്മാർജ്ജനവും. |
| 10. | 2002–2007 | വളർച്ചാ നിരക്ക് വർദ്ധിപ്പിക്കൽ, സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കൽ. |
| 11. | 2007–2011 | വളർച്ചാ നിരക്ക് വർദ്ധിപ്പിക്കൽ. |

### പ്രവർത്തനം – 42

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വിഭജിയ്ക്കപ്പെട്ടു കിടന്ന കേരളം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കീഴിലായതെങ്ങനെ എന്ന് വ്യക്തമാക്കൂ.

### പ്രവർത്തനം – 43

"കേരളത്തിൽ ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങൾക്ക് ഇടയാക്കിയ കാരണങ്ങൾ" എന്ന വിഷയത്തിൽ ചർച്ച നടത്തി കുറിപ്പുതയ്യാറാക്കുക.

### പ്രവർത്തനം – 44

കേരളത്തിലെ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിൽ നടന്ന ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങളും അവയുടെ സാഹചര്യങ്ങളും പരിശോധിച്ചുകൊണ്ട് തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കൂ.

| കലാപങ്ങൾ | നേതൃത്വം | സാഹചര്യങ്ങൾ | ഫലങ്ങൾ | സമാനതകൾ |
|---|---|---|---|---|
| പഴശ്ശി കലാപം | | | | |
| വേലുത്തമ്പി ദളവയുടെ കലാപം | | | | |
| പാലിയത്തച്ചന്റെ കലാപം | | | | |
| മപ്പിള ലഹള | | | | |
| കുറിച്യർ ലഹള | | | | |

## പ്രവർത്തനം - 45

കേരള സംസ്ഥാന രൂപീകരണത്തിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് അന്വേഷണ ക്കുറിപ്പ് തയ്യാറാക്കുക.

**സൂചന:**

1. ഐക്യകേരള സംയുക്ത യോഗങ്ങൾ
2. കൊച്ചി - തിരുവിതാംകൂർ സംയോജനം
3. സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ റിപ്പോർട്ട്
4. ഭാഷാ സംസ്ഥാന കമ്മീഷൻ
5. ശ്രീരാമലുവിന്റെ ജീവത്യാഗം
6. സംസ്ഥാന പുനഃസംഘടനാ നിയമം

## പ്രവർത്തനം - 46

ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിനു സഹായിച്ച ഘടകങ്ങളെക്കുറിച്ച് കുറിപ്പു തയ്യാറാക്കൂ.

- ചരിത്രപരമായ ഘടകങ്ങൾ
-
-
-

## പ്രവർത്തനം - 47

ഇന്ത്യൻ ദേശീയോദ്ഗ്രഥനത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ ഏവ?

**സൂചന:**

- വർഗ്ഗീയത
-
-

**പ്രവർത്തനം – 48**

പ്രത്യക്ഷ ജനാധിപത്യത്തിന്റെ മാർഗ്ഗങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**സൂചന:**

- പൗരൻമാർ നേരിട്ട് പങ്കാളികളാകുന്നു.
- 
- 
- 

**പ്രവർത്തനം – 49**

"ആധുനിക കാലത്ത് പ്രത്യക്ഷ ജനാധിപത്യം അപ്രായോഗികമാണ്." ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

**പ്രവർത്തനം – 50**

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം – 51**

അന്താരാഷ്ട്രതലത്തിൽ പ്രവർത്തിയ്ക്കുന്ന മനുഷ്യാവകാശ സംഘടനകൾ ഏതൊക്കെ?

**സൂചന:**

- PUCL
- 
- 
- 

**പ്രവർത്തനം – 52**

അനുയോജ്യമായി പൂർത്തിയാക്കുക.

| ........................................... | കാലാവസ്ഥ |
|---|---|
| ഒരു പ്രദേശത്തു ഹ്രസ്വകാലയളവിൽ അനുഭവപ്പെടുന്ന അന്തരീക്ഷത്തിന്റെ അവസ്ഥ | ........................................... |

## പ്രവർത്തനം – 53

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്ളോചാർട്ട് പൂർത്തിയാക്കുക.




## പ്രവർത്തനം – 54

ആകൃതിയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ മേഘങ്ങളെ അനുയോജ്യ മായി തരംതിരിക്കുക.

| | |
|---|---|
| സ്ട്രാറ്റസ് മേഘങ്ങൾ | ചാരനിറത്തിലോ കറുപ്പുനിറത്തിലോ കാണുന്ന മഴമേഘങ്ങൾ |
| സിറസ് മേഘങ്ങൾ | തിരശ്ചീനതലത്തിൽ പാളികളായി കാണപ്പെടുന്നു. |
| ക്യുമുലസ് മേഘങ്ങൾ | തൂവൽക്കെട്ടുകൾ പോലെ കാണുന്നു |
| നിംബസ് മേഘങ്ങൾ | ചാരനിറത്തിൽ കൂനകൾപോലെ കാണപ്പെടുന്നു. |

## പ്രവർത്തനം – 55

വർഷണത്തിന്റെ വിവിധ രൂപങ്ങൾ?

- മഞ്ഞ്
- 
- 

## പ്രവർത്തനം – 56

പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ തരംതിരിക്കുക.

- ഭൂതല ഛായാഗ്രഹണം
- 
- 

**പ്രവർത്തനം – 57**

സ്റ്റീരിയോപെയർ, സ്റ്റീരിയോസ്കോപ്പ് സ്റ്റീരിയോസ്കോപ്പിക് വിഷൻ ഇവ അനുയോജ്യമായി ചേർത്തെഴുതുക.

| | |
|---|---|
| സ്റ്റീരിയോസ്കോപ്പ് | തൊട്ടടുത്തുള്ള പ്രദേശങ്ങളുടെ ആവർത്തിച്ചുള്ള രണ്ട് ചിത്രങ്ങളാണ്. |
| സ്റ്റീരിയോപെയർ | സ്റ്റീരിയോസ്കോപ്പിലൂടെ കാണുന്ന ത്രിമാന ദൃശ്യങ്ങൾ |
| സ്റ്റീരിയോസ്കോപ്പിക് വിഷൻ | ആകാശീയ ചിത്രങ്ങളെ ത്രിമാന രൂപത്തിൽ കാണുവാൻ ഉപയോഗിക്കുന്നു |

**പ്രവർത്തനം – 58**

വിദൂര സംവേദന സാങ്കേതികവിദ്യകൊണ്ടുള്ള ഉപയോഗം?

**സൂചന:**

- കാട്ടുതീയും മറ്റും കണ്ടെത്തുന്നതിന്.
- 
- 

**പ്രവർത്തനം – 59**

ഭൂവിവരവ്യവസ്ഥയുടെ പ്രയോഗസാധ്യതകൾ?

**സൂചന:**

- വിവരങ്ങളുടെ ആവർത്തനത കുറയുന്നു.
- 

**പ്രവർത്തനം – 60**

പട്ടികയിലെ സൂചനകൾ പരിശോധിച്ച് A, B, C ഇവ പൂർത്തിയാക്കുക.

| വൻകരയുടെ പേര് | പ്രത്യേകതകൾ |
|---|---|
| .............A............ | പൂർണ്ണമായും ഉത്തരാർദ്ധഗോളത്തിൽ സ്ഥിതിചെയ്യുന്നു. |
| | ഉഷ്ണമരുഭൂമികളില്ല |
| .............B............ | ഏറ്റവും വലിപ്പമേറിയ രാജ്യം ഈ വൻകരയിലാണ് |
| | സൂയസ് കനാൽ ഈ വൻകരയുടെ തെക്കുപടിഞ്ഞാറു ഭാഗത്താണ്. |
| .............C............ | ലോകത്തിലെ ഏറ്റവും നീളംകൂടിയ നദി ഈ വൻകരയിലാണ്. |
| | ഏറ്റവും കൂടുതൽ വജ്രം ഖനനം ചെയ്യുന്നത് ഈ വൻകരയിൽനിന്നാണ്. |

## പ്രവർത്തനം – 61

അന്റാർട്ടിക്കയിലേക്ക് മനുഷ്യശ്രദ്ധ തിരിയാനുള്ള കാരണങ്ങൾ എന്തെല്ലാം?

**സൂചന:**

- തൂകൽ
- 
- 
- 
- 
- 

## പ്രവർത്തനം – 62

അന്റാർട്ടിക്കയിലുള്ള ഇന്ത്യയുടെ ഗവേഷണ കേന്ദ്രങ്ങൾ?

**സൂചന:**

- മൈത്രി
- 
- 
- 
- 
- 

## പ്രവർത്തനം – 63

ഉത്തരായനരേഖ ($23\frac{1}{2}^0$ N) കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ കണ്ടെത്തുക.

**സൂചന:**

- ഗുജറാത്ത്
- 
- 
- 
- 

## പ്രവർത്തനം – 64

ഭൗമോപരിതല സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയെ ഭൂപ്രകൃതി തിരിച്ച് താഴെ കൊടുത്ത ഭൂപടത്തിൽ രേഖപ്പെടുത്തൂ.

**സൂചന:**

- തീരപ്രദേശങ്ങൾ
- 
- 
- 
- 



**പ്രവർത്തനം – 65**

ഇന്ത്യയുടെ സംസ്ക്കാരവും ജനജീവിതവും രൂപപ്പെടുത്തുന്നതിൽ ഉത്തരപർവ്വതമേഖലയുടെ പ്രാധാന്യം എത്രമാത്രമുണ്ടെന്ന് പരിശോധിച്ച് കുറിപ്പ് തയ്യാറാക്കൂ.

**സൂചന:**

- വിദേശീയാക്രമണത്തിൽ നിന്ന് ഒട്ടൊക്കെ സംരക്ഷിച്ചുപോരുന്നു.
-
-
-
-
-

**പ്രവർത്തനം – 66**

ഫ്ളോചാർട്ടിൽ വിട്ടുപോയവ എഴുതി പൂർത്തിയാക്കുക.



**പ്രവർത്തനം – 67**

തന്നിട്ടുള്ള ഭൂപടത്തിൽ ഇന്ത്യയിലെ പ്രധാനപ്പെട്ട നദികൾ അടയാളപ്പെടുത്തുക.



## പ്രവർത്തനം – 68

ഇന്ത്യയിലെ പ്രധാന മണ്ണിനങ്ങളുടെ വിതരണം കാണിക്കുന്ന ഭൂപടമാണ് ചുവടെ തന്നിരിക്കുന്നത്. ഇവ ഓരോന്നും കണ്ടെത്തി രേഖപ്പെടുത്തുക.



## പ്രവർത്തനം – 69

താഴെ തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കിക.

**സൂചന:** വേനലിന്റെ ആരംഭം, ജൂൺ, റാബി, ഗോതമ്പ്, പച്ചക്കറികൾ, സൈദ്, ...............

| വിള | വിളവിറക്കുന്ന കാലം | വിളവെടുക്കുന്ന കാലം | പ്രധാന വിള |
|---|---|---|---|
| ഖാരിഫ് | .............................. | മൺസൂണിന്റെ ആദ്യവാരം | നെല്ല് |
| ........................... | നവംബർ മധ്യം | ................................. | ................................. |
| ........................... | ................................. | ................................. | ................................. |

## പ്രവർത്തനം – 70

താഴെ തന്നിട്ടുള്ളവ പട്ടികപ്പെടുത്തുക.

**സൂചന:** റബർ, കാപ്പി, തേയില, ചണം, കരിമ്പ്, നെല്ല്, ഗോതമ്പ്................, .........................

| ഭക്ഷ്യവിള | നാണ്യവിള | തോട്ടവിള |
|---|---|---|
| | | |

## പ്രവർത്തനം – 71

താഴെ കൊടുത്ത ഭൂപടത്തിൽ A, B, C എന്നീ പ്രദേശങ്ങളിൽ റോഡ് ഗതാഗതം മെച്ചപ്പെട്ടതാണ്. എന്തുകൊണ്ട്?



## പ്രവർത്തനം – 72

കുടിയേറ്റത്തിന്റെ ഗുണങ്ങളും ദോഷങ്ങളും എഴുതുക. (3 എണ്ണം വീതം)

**സൂചിക:**

| ഗുണം | ദോഷം |
|---|---|
| സാംസ്കാരിക വിനിമയം സാധ്യമാകുന്നു | ചേരിനിവാസികളുടെ എണ്ണം വർദ്ധിക്കുന്നു |
| ....................................... | ............................................ |
| ....................................... | അമിത വിഭവചൂഷണം |
| ....................................... | ....................................... |
| ....................................... | ....................................... |

## പ്രവർത്തനം – 73

എന്നോർ, ഹാൽഡിയ, കണ്ട്ല, കൊച്ചി തുടങ്ങിയ തുറമുഖങ്ങൾ ഭൂപടത്തിൽ അടയാളപ്പെടുത്തുക.



## പ്രവർത്തനം – 74

ജലസംഭരണികളുടെ നിർമ്മാണം മനുഷ്യജീവിതത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കണ്ടെത്തി എഴുതാമോ?

**സൂചന:**

- മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുന്നു.
-
-
-

## പ്രവർത്തനം – 75

സമുദ്രത്തിലുണ്ടാകുന്ന അമ്ലവൽക്കരണം പവിഴദ്വീപുകളെ നശിപ്പിയ്ക്കുന്നു. വിലയിരുത്തുക.

## പ്രവർത്തനം – 76

സുസ്ഥിരവികസനത്തിന്റെ സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ലക്ഷ്യങ്ങൾ വിശകലനംചെയ്ത് പട്ടിക പൂർത്തിയാക്കുക.

| സാമ്പത്തികം | സാമൂഹികം | പാരിസ്ഥിതികം |
|---|---|---|
| വളർച്ച | തുല്യത | ആരോഗ്യകരമായ പരിസ്ഥിതി |
| ........................... | ........................... | ........................... |
| ........................... | ........................... | ........................... |
| ........................... | ........................... | ........................... |

## പ്രവർത്തനം – 77

ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ സാമ്പത്തിക വികസനം, സാമ്പത്തിക വളർച്ച എന്നിങ്ങനെ തരംതിരിച്ചെഴുതുക.

- കാർഷികമേഖലയിലെ ഉല്പാദന വർദ്ധനവ്.
- ഗ്രാമീണമേഖലയിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിച്ചു.
- പ്രതിശീർഷ വരുമാനം കൂടി
- ആയുർദൈർഘ്യം കൂടി
- ഗോതമ്പിന്റെ ഉല്പാദനം കൂടി
- ശിശുമരണനിരക്ക് കുറഞ്ഞു.

### പ്രവർത്തനം – 78

ഭൗതികഗുണനിലവാര സൂചികയിൽ ഏതെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്? ഇതിന്റെ പ്രധാന പരിമിതി എന്ത്?

**സൂചന:**

- അടിസ്ഥാന സാക്ഷരത
-
-

### പ്രവർത്തനം – 79

എന്താണ് സുസ്ഥിരവികസനംകൊണ്ട് അർത്ഥമാക്കുന്നത്? സുസ്ഥിരവികസനത്തിന് വിഘാതം സൃഷ്ടിയ്ക്കുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തുക.

**സൂചന:**

- കുന്നിടിയ്ക്കൽ
-
-
-

### പ്രവർത്തനം – 80

ആഗോളവൽക്കരണത്തിന്റെ മുഖ്യ സവിശേഷതകൾ.

**സൂചന:**

- ലോകത്തെ മുഴുവൻ ഒറ്റ കമ്പോളമായിക്കാണുന്നു.
-
-
-

### പ്രവർത്തനം – 81

ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ?

**സൂചന:**

- ബഹുരാഷ്ട്ര കമ്പനികളുടെ ചൂഷണം
-
-
-
-
-

## പ്രവർത്തനം – 82

പദസൂര്യൻ പൂർത്തിയാക്കുക.




## പ്രവർത്തനം – 83

ബാങ്കുകളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചന :**

- പണത്തിന്റെ ആവിർഭാവം സാമ്പത്തിക പ്രവർത്തനങ്ങൾ സുഗമമാക്കി
-
-
-
-
-
-

## പ്രവർത്തനം – 84

“ബാങ്കുകൾ ധനകാര്യ ഇടനിലക്കാരായി പ്രവർത്തിയ്ക്കുന്നു” കുറിപ്പ് തയ്യാറാക്കുക.

**സൂചന :**

- ബാങ്കുകൾ നിക്ഷേപം സ്വീകരിയ്ക്കുന്നു, വായ്പ നൽകുന്നു.
-
-
-
-
-

**പ്രവർത്തനം – 85**

പട്ടിക പൂർത്തിയാക്കുക

| | | |
|---|---|---|
| വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ | നിക്ഷേപം സ്വീകരിയ്ക്കൽ | കറന്റ് ഡപ്പോസിറ്റ് ............................................. |
| | വായ്പ നൽകൽ | പണവായ്പ ............................................. |
| | മറ്റുള്ളവ | ലോക്കർ സൗകര്യം ............................................. |

**പ്രവർത്തനം – 86**

പദസൂര്യൻ പൂർത്തിയാക്കുക.




**പ്രവർത്തനം – 87**

പുത്തൻ തലമുറ ബാങ്കുകളുടെ സവിശേഷതകൾ വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം – 88**

ബാങ്കുകളുടേയും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ താരതമ്യംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചന:**

- കനറാ ബാങ്ക്
- LIC

## പ്രവർത്തനം – 89

ലോകത്തിലെ പ്രധാന രാഷ്ട്രങ്ങളെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പട്ടികയായി തയ്യാറാക്കൂ.

| സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ | മിശ്ര സമ്പദ് വ്യവസ്ഥ | മുതലാളിത്ത സമ്പദ് വ്യവസ്ഥ |
|---|---|---|
| റഷ്യ | ഇന്ത്യ | അമേരിക്ക |
| ............................ | ............................ | ............................ |
| ............................ | ............................ | ............................ |
| ............................ | ............................ | ............................ |

## പ്രവർത്തനം – 90

സർക്കാർ ഇടപെടൽ അനിവാര്യമാക്കുന്ന മേഖലകൾ തിരിച്ചറിഞ്ഞ് താഴെ രേഖപ്പെടുത്തൂ.

**സൂചന:**

അടിസ്ഥാന സൗകര്യ വികസനം

.........................................................................

.........................................................................

.........................................................................

.........................................................................

## പ്രവർത്തനം – 91

മുതലാളിത്ത – സോഷ്യലിസ്റ്റ് – മിശ്ര സമ്പദ്‌വ്യവസ്ഥകളുടെ പ്രത്യേകതകൾ കണ്ടെത്തി രേഖപ്പെടുത്തുക.